ജനകീയാസൂത്രണം



കടന്നപ്പള്ളി-പാണപ്പുഴ


ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

96

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

വാർഡുകൾ



19—11—96നു ചേർന്ന കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച റിപ്പോർട്ട്.



ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

കടന്നപ്പള്ളി-പാണപ്പുഴ
ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

പഞ്ചായത്ത് ഭരണ സമിതി

1. കെ. പത്മനാഭൻ(പ്രസിഡണ്ട്)
2. കെ. മീനാക്ഷി അമ്മ(വൈ. പ്രസിഡണ്ട്)
3. പി.കെ. നാരായണി(സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺ)
4. കെ. കാർത്ത്യായനി അമ്മ
5. കെ.കെ. ആലിക്കുഞ്ഞി ഹാജി.
6. വി.പി. ദാമോദരൻ
7. കെ.പി. രവീന്ദ്രൻ
8. എ. രാജലക്ഷ്മി
9. എം.പി. ദാമോദരൻ
10. പി.പി. ദാമോദരൻ



കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡ് ഗ്രാമസഭ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എൻ. കാർത്ത്യായണി ഉദ്ഘാടനം ചെയ്യുന്നു.

ഉള്ളടക്കം

ആമുഖം 9

പഞ്ചായത്ത് പൊതു വിതരണം 11

ഭൂപ്രകൃതി 13

സാമൂഹ്യ സാംസ്കാരിക ചരിത്രം 15

കൃഷി, ജലസേചനം 20

മൃഗ സംരക്ഷണം, മത്സ്യ ബന്ധനം 38

വിദ്യാഭ്യാസം 42

വ്യവസായം 63

കുടിവെള്ളം, പൊതുജനാരോഗ്യം 67

പാർപ്പിടം സാമൂഹ്യ ക്ഷേമം, പരിസര ശുചിത്വം 77

ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 84

സഹകരണം 90

വനിതാ ക്ഷേമം 97

പട്ടിക ജാതി-പട്ടികവർഗ്ഗ ക്ഷേമം 100

സംസ്കാരം 103

വിഭവ സമാഹരണം 109

കോർ ഗ്രൂപ്പിൽ പ്രവർത്തിച്ചവർ

1. എൻ.വി.രവീന്ദ്രൻ
(കൺവീനർ, പഞ്ചായത്ത് ആസൂത്രണ സമിതി)
2. കെ.സോമൻ
3. കെ.പി.രാജൻ
4. മല്ലപ്പള്ളി നാരായണൻ
5. ഡോ. കെ.മുരളീധരൻ
6. ചന്ദ്രശേഖരൻ
7. പി.വി. നാരായണൻമാസ്റ്റർ
8. കെ.സി. പത്മനാഭൻമാസ്റ്റർ
9. പി.കെ. ഹരികൃഷ്ണൻ
10. പി.യു.രമേശൻ
11. കെ.പി. മധുസൂദനൻമാസ്റ്റർ
12. കെ. രാഘവൻ
13. കെ.ജി. വത്സലകുമാരി
14. എം. ലക്ഷ്മണൻ
15. ടി.വി. സാജു
16. ടി.വി. ഗംഗാധരൻ
17. ശോഭന
18. ലീലാമ്മ
19. ബാലൻ
20. എം.വി.ശശിധരൻ
21. ടി.വി.രമേശൻ
22. ബി.കുഞ്ഞമ്പു മാസ്റ്റർ
23. ടി.മനോഹരൻ
24. എൻ.വി. വിനോദൻ
25. കെ.രഘു
26. ടി.വി.മോഹനൻ
27. ഇ.ടി. പ്രവീൺ
28. ഇ. പവിത്രൻ
29. കെ.രമേശൻ
30. കെ.രമണി
31. എം.സുമതി
32. പി.കാർത്തിക
33. പി.ടി. ബാലകൃഷ്ണൻ മാസ്റ്റർ
34. എൻ.കെ. ദാമോദരൻ മാസ്റ്റർ
35. ബി. അബ്ദുള്ള
36. പി.കൃഷ്ണൻമാസ്റ്റർ
37. പി.വി. ദാമോദരൻ
38. പി.നാരായണൻ
39. കെ.പി. ഗംഗാധരൻ
40. വി. നാരായണൻ മാസ്റ്റർ

ആമുഖം

നമ്മുടെ രാഷ്ട്രപിതാവിന് ഒരു സ്വപ്നമുണ്ടായിരുന്നു, ഗ്രാമ സ്വരാജ്. പതിറ്റാണ്ടുകളായി നാം ചവച്ചരച്ചു കൊണ്ടിരുന്ന ആ വാക്കിൽ ഇന്ന് ജീവന്റെ തുടിപ്പുകൾ പ്രകടമാകാൻ തുടങ്ങിയിരിക്കുന്നു. ഇത് ഒരു നല്ല തുടക്കമാണ്.

കഴിഞ്ഞ എട്ട് പഞ്ചവത്സരങ്ങളും ആസൂത്രിതവികസനത്തിന്റെ മുഴക്കോലുകൊണ്ട് അളന്ന് തിട്ടപ്പെടുത്തി നീങ്ങിയതാണെങ്കിലും നാട്ടു കുട്ടായ്മയുടെ അഭാവവുംഋജുവായ ഒരു ലക്ഷ്യബോധത്തിന്റെ അപര്യാപ്തതയും മൂലം അത് ആസൂത്രണത്തിന്റെ കേവലാർത്ഥത്തിൽ മാത്രം ഒതുങ്ങിപോയി. അത്യാവശ്യങ്ങളും ആവശ്യങ്ങളും തിരിച്ചറിയാനാകാതെ മുൻഗണനാക്രമം നിശ്ചയിച്ചതിലുള്ള അപാകത നമ്മുടെ പുരോഗതിക്ക് ഭംഗം വരുത്തിയിട്ടുണ്ട്. സാധാരണക്കാരന്റെ ആത്മ പ്രതീക്ഷകൾക്കും ഹൃദയാഭിലാഷങ്ങൾക്കുമപ്പുറം ഡിപ്പാർട്ടുമെന്റലിസത്തിന്റെ തട്ടുകളിൽ കുരുങ്ങി, അധികാരത്തിന്റെ അമിത കേന്ദ്രീകരണത്തിൽ തളർന്ന്, ബ്യൂറോക്രസിയുടെ തലോടലുകളിൽ തകർന്ന് ഓരോ പദ്ധതികളും അധ:പതിക്കുകയാണ് ഉണ്ടായത്.

എന്നാൽ നമ്മുടെ ഭൂതകാല സമരചരിത്രങ്ങളിലൂടെ നാം നേടിയെടുത്ത അവകാശങ്ങളിൽ ലഭ്യമാകാതിരുന്ന ഒന്ന് ഭരണ ഘടനയുടെ 73,74 ഭേദഗതിയിലൂടെ നമുക്കിന്ന് കൈവന്നിരിക്കുന്നു. കേവലം മാർഗ്ഗ നിർദ്ദേശകരെന്നതിൽ നിന്നും ഇന്ത്യൻ ഭരണ ക്രമത്തിന്റെ അനിവാര്യവും അഭിവാജ്യവുമായ ഘടകങ്ങളായി പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ ഇതിലൂടെ മാറിയിരിക്കുന്നു. കേരളത്തിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലുമൊക്കെ വലിയ മാറ്റങ്ങളാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. കാലാകാലങ്ങളിൽ കൃത്യസമയത്ത് തെരഞ്ഞെടുക്കുന്ന പഞ്ചായത്ത് മുനിസിപ്പൽ ഭരണ സമിതികൾ, വോട്ടർമാർക്ക് പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമ സഭകൾ, സ്ത്രീകൾക്ക് മുന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവുമൊക്കെ ഈ ഭേദഗതിയിലൂടെ കൈവന്നതാണ്. ഈ ഗുണപരമായ മാറ്റങ്ങളുടെ ചുവടുപിടിച്ചാണ് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുക്കാൻ നമ്മുടെ സർക്കാർ തീരുമാനിച്ചത്. അതെ, ഇത് ജനാധിപത്യത്തിന്റെ മേലുള്ള ഒരു പുതിയ പരീക്ഷണമാണ്. ഇതുവരെ നമ്മുടെ നെഞ്ചകങ്ങളിൽ ഉറങ്ങിക്കൊണ്ടിരുന്ന നാടിനെക്കുറിച്ചുള്ള ആഗ്രഹങ്ങൾ ഇനി നമ്മുടെ ആവശ്യങ്ങളായി മാറാൻ പോകുന്നു. ഇവിടെ എന്തുവേണമെന്നും അത് എങ്ങനെ ആയിരിക്കണമെന്നും ഇനി നമ്മൾ തീരുമാനിക്കും, വോട്ടവകാശമുള്ള ഓരോ പൗരനും. നാടിന്റെ വികസനം നമ്മളിലൂടെ നമ്മുടെ വികസനം നാടിന്റെ വികസനത്തിലൂടെ എന്ന തിരിച്ചറിവിൽ നമ്മുടെ ആകാശവും നമ്മുടെ ഭൂമിയും നമ്മുടെ പ്രതീക്ഷകൾ ക്കനുസൃതമാകാൻ പോകുന്നു.

നിക്ഷിപ്ത താല്പര്യങ്ങളെയും ഭൂതകാല ജഡഭാരങ്ങളെയും തകർക്കുന്നതിനുള്ള ആയുധം ഇനി നമ്മുടെ കൈകളിലാണ്. നമുക്കിടയിലുള്ള നിരാശയും ഒന്നും ശരിയാവില്ല എന്ന മനോഭാവവും മാറ്റി പുതിയ ദിശാബോധത്തിലൂടെ പൂർണതയിലേക്കുള്ള കാൽവെപ്പാണിത്.

പ്രശ്നങ്ങൾ കണ്ടെറിഞ്ഞ്, അപഗ്രഥിച്ച്, മുൻഗണനാക്രമമനുസരിച്ച്, ദീർഘകാലാടിസ്ഥാനത്തിൽ പ്രതിവിധികൾ നിശ്ചിയിക്കുമ്പോൾ നാം ചെയ്യുന്നത് ഭയ സങ്കീർണ്ണ മാണെന്ന് കരുതിയ നമ്മുടെ ഭാവി തിരുത്തിയെഴുതുകയാണ്. ഇത്രയും കാലം ഏതോ കനിവിന്റെ ഉറവയും തേടി നാം നമ്മുടെ രക്ഷകനേയും കാത്തിരിക്കുകയായി

രുന്നു. ബ്യൂറോക്രാറ്റുകളുടെ സ്വാർത്ഥ ചിന്തകളിൽ പൊലിപ്പിച്ചെടുത്ത തലതിരിഞ്ഞ ആസൂത്രണത്തിന്റെ തകർച്ചകൾ കണ്ട് മടുത്തവരാണ് നാം. നമ്മുടെ രക്ഷകൻ നാം തന്നെയാണ്. നമ്മുടെ കൃഷിയിടങ്ങളെയും ജല സമ്പത്തുകളെയും വിഭവങ്ങളെയും ഈ മണ്ണിന്റെ ചൂരും ചൂടുമൊക്കെ അറിയുന്നവർ നമ്മളാണ്. ആ നമ്മൾ തന്നെ നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മുഖ്യ പങ്കാളികളാകും. ഈ പുതിയ ബോധത്തിൽ നമ്മുടെ സ്വപ്നങ്ങളിൽ എന്നും ജ്വലിച്ചു നിൽക്കാറുള്ള നമ്മുടെ ഗ്രാമത്തിന്റെ പുതിയ മുഖം അർത്ഥവത്താക്കാൻ ബഹുജന പ്രവർത്തകരെയും, വിദഗ്ദ്ധരെയും, ഉദ്യോഗസ്ഥരെയും പ്രാദേശികമായി കോർത്തിണക്കിക്കൊണ്ട് ഒരു പുതിയ വികസന സംസ്കാരത്തിന് നാം ഇപ്പോൾ നാന്ദി കുറിക്കുന്നു.

ഇത് ഒരു പുതുയുഗപ്പിറവിയാണ്. പഴയ മാമൂൽ രീതികളിൽ നിന്നുമാറി ഒരു പുതിയ പ്രവർത്തനശൈലിയുടെ വെളിച്ചത്തിൽ ഒമ്പതാം പദ്ധതിയെ നാം സമീപിക്കുകയാണ്. പദ്ധതിയുടെ 35-40 ശതമാനം പഞ്ചായത്തുകളിലൂടെ ആസൂത്രണം ചെയ്യാൻ പോകുന്നത് വർദ്ധിച്ച തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടാണ്. ഈ സംഘ ശക്തിയുടെ കൂട്ടായ്മക്കു മുന്നിൽ തടസ്സമെന്നൊന്നില്ല. അർപ്പിത മനോഭാവവും സേവന തൽപ്പരതയും കൈകോർത്തു പിടിച്ച് കാല ചക്രത്തിന്റെ ഗതി വിഗതികൾക്കൊത്ത മാറ്റങ്ങൾ ഉൾക്കൊണ്ടു ആത്മാർത്ഥതയുടെ നറുവെളിച്ചത്തിൽ ഈ പുതിയ ജനകീയ പ്രസ്ഥാനത്തിന്റെ പ്രവർത്തന പാന്ഥാവിൽ നിറഞ്ഞു നിൽക്കുന്ന ഐശ്വര്യങ്ങളെ നെഞ്ചേറ്റാൻ അഷ്ടമംഗല്യക്കോപ്പുനിരത്തി നമുക്ക് കാത്തിരിക്കാം. നമ്മുടെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട്, നാം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിഞ്ഞുകൊണ്ട് സമ ഭാവനയോടെ സമഗ്രതയിലേക്ക് മുന്നേറാനുള്ള ഈ തൃഷ്ണ മാനവീകതയുടെ സ്നേഹഗോപുരത്തിന്റെ ഉച്ചിയിൽ ജ്വലിച്ചു നിൽക്കുന്ന സൂര്യന്റെ വിശപ്പാണ്, പുതിയ കർമ്മകാണ്ഡത്തിന്റെ ആദ്യക്ഷരങ്ങളാണ്.

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ ആവേശോജ്ജ്വലങ്ങളാണ്. ജനകീയകൂട്ടായ്മയുടെ സംഗമവേദികളായിരുന്നു ഗ്രാമസഭകൾ. പന്ത്രണ്ട് വിഷയങ്ങളിലായി നടന്ന വിശദമായ ചർച്ചകൾ അനുഭവത്തിന്റെയും അറിവിന്റെയും കൊടുക്കൽ വാങ്ങലുകളായി മാറി. പരിഭവങ്ങളും, പരിദേവനങ്ങളും, പ്രതീക്ഷകളും, പ്രതിവിധികളും ഒക്കെ ഇടകലർന്ന് നിഷ്കളങ്കതമുറ്റിയ വാക്കുകളിൽ മണ്ണിന്റെ മക്കൾ മനസ്സു തുറന്നപ്പോൾ ഉയർന്നു കേട്ടത് ഈ കൊച്ചു ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ തന്നെയായിരുന്നു. ഐക്യകേരളത്തിന്റെ നാല്പതാം പിറന്നാൾ ദിനമായ നവമ്പർ-1 പുനരർപ്പണദിനമായി ആചരിക്കുകയുണ്ടായല്ലോ. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ കണ്ടോന്താർ-ചെങ്ങളം നടപ്പാത നിർമ്മിക്കാൻ മുന്നോട്ടു വന്നവർ ഏറെയായിരുന്നു. ഒരു പ്രദേശത്തുകാരുടെ നീണ്ടകാലത്തെ സ്വപ്നമാണ് ഈ സന്നദ്ധ പ്രവർത്തനത്തിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടത്. ജാതി മത രാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായ ഒരു കൂട്ടായ്മ ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞു എന്നതാണ് ഈ നിർമ്മാണ പ്രവർത്തനത്തിന്റെ മറ്റൊരു ഫലം. തുടർന്നു നടന്ന സാമൂഹ്യ സാമ്പത്തിക സർവ്വേ. എല്ലാ വാർഡുകളിലും സന്നദ്ധ പ്രവർത്തകരുടെ ആത്മാർത്ഥ സഹകരണത്തോടെ നടപ്പാക്കിയ ഈ ശ്രമകരമായ പ്രവർത്തനം ചുരുക്കം ദിവസങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നത് ഈ പ്രസ്ഥാനത്തിന്റെ ജനകീയാടിത്തറ തന്നെയാണ് സൂചിപ്പിക്കുന്നത്.

നമ്മുടെ വീക്ഷണങ്ങളിലെ വികസന രീതികളിൽ കാതലായ മാറ്റം വരേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്, അത് പൂർണ്ണമായും ശാസ്ത്രീയ കാഴ്ചപ്പാടിൽ തന്നെ വേണംതാനും. തീർത്തും കാർഷിക പ്രധാനമായ ഒരു ചുറ്റുപാടിൽ കഴിയുന്ന നാം ഇതിന്റെ ശാശ്വതവും സമഗ്രവുമായ വളർച്ചയ്ക്ക് ഏറെ പ്രാധാന്യം നൽകുകയും ഒപ്പം വ്യാവസായിക മേഖലകളിലെ പുത്തൻ സാധ്യതകളിൽ നമ്മുടെ കർമ്മ പദ്ധതികൾ വ്യാപരിക്കുകയും ചെയ്യണം. ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിച്ചാലേ നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടു. ഈ ബോധം ജനങ്ങളിലുണ്ടാക്കുകയും, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, മുൻഗണനാ ക്രമം നിശ്ചയിച്ച്, പൂർണ്ണമായും ജന പങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള പ്രതിബദ്ധത പഞ്ചായത്തിന് ഉണ്ടായേ തീരു. ഇതിലൂടെ ജനകീയാസൂത്രണമെന്ന മഹത്തായ പ്രക്രിയ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഗ്രാമസഭാ റിപ്പോർട്ടും അതോടൊപ്പം ശേഖരിച്ച ദ്വിതീയ വിവരങ്ങളും ഉൾക്കൊള്ളിച്ച ഈ വികസന റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കും പരിശോധനയ്ക്കുമായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കട്ടെ.

പഞ്ചായത്ത് പൊതു വിവരണം

1.	പഞ്ചായത്തിന്റെ പേര്	:	കടന്നപ്പള്ളി-പാണപ്പുഴ
2.	ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	കടന്നപ്പള്ളി, പാണപ്പുഴ
3.	ജില്ലാ പഞ്ചായത്ത് മണ്ഡലം	:	കുഞ്ഞിമംഗലം
4.	ബ്ലോക്ക് പഞ്ചായത്ത്	:	പയ്യന്നൂർ
5.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കടന്നപ്പള്ളി
6.	താലൂക്ക്	:	കണ്ണൂർ
7.	ജില്ല	:	കണ്ണൂർ
8.	അസംബ്ലി മണ്ഡലം	:	പയ്യന്നൂർ
9.	ലോകസഭാ മണ്ഡലം	:	കാസർഗോഡ്
10.	വിസ്തീർണ്ണം	:	53.75 ച.കി.മീ.
11.	ജനസംഖ്യ	:	23514
12.	വാർഡുകളുടെ എണ്ണം	:	10

ഭരണപരമായ ചരിത്രം

1954ൽ 2 വില്ലേജ് പഞ്ചായത്തുകൾ

1. കടന്നപ്പള്ളി:

പ്രസിഡണ്ട് : കെ.രയരുനമ്പ്യാർ

വൈ.പ്രസിഡണ്ട് : കെ.ചിണ്ടൻകുട്ടി

ഭരണസമിതി : വി.വി. കുഞ്ഞിരാമൻ
പുണ്ണുക്കൻ കണ്ണൻ
ചിരക്കരചന്തുനമ്പ്യാർ
കോട്ടക്കീൽ കുഞ്ഞിക്കണ്ണൻ
ഇ.കെ. കൃഷ്ണൻനമ്പ്യാർ
വടക്കേടത്ത് നാരായണൻ നായർ

2. പാണപ്പുഴ:

പ്രസിഡണ്ട് : വേലായുധൻ നായനാർ

വൈ: പ്രസിഡണ്ട് : അസിനാർ വൈദ്യർ

ഭരണസമിതി : മാട്ടുമ്മൽ കുഞ്ഞിരാമൻ
സി.കെ. കുഞ്ഞിരാമൻ
മഞ്ഞിയാറിക്കുഞ്ഞിക്കണ്ണൻ
കിഴക്കേപുതിയിൽ ചിരുകണ്ഠൻ
പെരിങ്ങോട്ടില്ലത്ത് ദാമോദരൻ നമ്പൂതിരി

1-1-62ൽ 2 പഞ്ചായത്തുകളും പിരിച്ചുവിട്ടു.

1963ലെ തെരഞ്ഞെടുപ്പിൽ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് നിലവിൽ വന്നു.

1963 മുതൽ 79 വരെ

പ്രസിഡണ്ട് : കെ.പി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ

വൈ: പ്രസിഡണ്ട് : അപ്പണം കാരക്കാട്ട് കൃഷ്ണൻ നമ്പൂതിരി/പി.എ.ശംഭു നമ്പൂതിരി

ഭരണസമിതി : കെ.പി. കണ്ണൻ നായർ
നീലമ്പ്രത്ത് കുഞ്ഞമ്പു
വി.വി. ചന്തൻ
പുണ്ണുക്കൻ കുഞ്ഞിരാമൻ
കെ.കുമാരൻ
പി.സി.ലക്ഷ്മി
(17-1-64ൽ നോമിനേറ്റ്ചെയ്തു)

1979 മുതൽ 84 വരെ

പ്രസിഡണ്ട് : കെ.പി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ

വൈ: പ്രസിഡണ്ട് : ടി.കെ.വിഷ്ണു നമ്പൂതിരി

ഭരണസമിതി : വളപ്പൻനാരായണൻ
പി.പി. ദാമോദരൻ
കെ.വി. കുമ്മാരൻ മാസ്റ്റർ
കെ.പി. കണ്ണൻ
ക്ലാരമ്മതോമസ്
കെ.മീനാക്ഷി അമ്മ

1984 മുതൽ 88 വരെ ഉദ്യോഗസ്ഥ ഭരണം.

1988 മുതൽ 95 വരെ

പ്രസിഡണ്ട് : പി.പി.ദാമോദരൻ

വൈ.പ്രസിഡണ്ട് : സി.എ മത്തായി

ഭരണസമിതി : പരത്തിബാലൻ
പി.വി. ഭാസ്കരൻ
എം.പി. ദാമോദരൻ
കെ.പി. രവീന്ദ്രൻ
കെ.കെ. ആലികുഞ്ഞിഹാജി
എൻ.കാർത്ത്യായണി
പി.കെ. നാരായണി

1995 മുതൽ

പ്രസിഡണ്ട് : കെ.പത്മനാഭൻ

വൈ:പ്രസിഡണ്ട് : കെ.മീനാക്ഷി അമ്മ

സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ : പി.കെ. നാരായണി

പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ ഓഫീസുകൾ:

സബ്രജിസ്ട്രാഫീസ്, കൃഷിഭവൻ, പഞ്ചായത്ത്ഓഫീസ്, വില്ലേജ് ഓഫീസുകൾ, പ്രൈമറി ഹെൽത്ത് സെൻററുകൾ, മൃഗാശുപത്രി, ഗ്രാമ വികസന ഓഫീസ്, കുടുംബക്ഷേമ കേന്ദ്രങ്ങൾ, മൈനർ-ഇറിഗേഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസ്, പോസ്റ്റ് ഓഫീസുകൾ.

ഭൂപ്രകൃതി

കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചെരിഞ്ഞ് കിടക്കുന്ന കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് വൈവിധ്യമാർന്ന ഭൂപ്രകൃതി ഉൾകൊള്ളുന്ന നാടാണ്. ഒട്ടനവധി കുന്നുകളും, കുന്നുകളോട് ചേർന്ന് തുടങ്ങുന്ന തോടുകളും വയലുകളും, പുഴയോര സമതലപ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിന് ഹരിതാഭ പകരുന്നു. കിഴക്ക് ചപ്പാരപ്പടവ്, പരിയാരം പഞ്ചായത്തുകളും പടിഞ്ഞാറ് ചെറുതാഴം പഞ്ചായത്തും, പയ്യന്നൂർ മുനിസിപ്പാലിറ്റിയും, വടക്ക് എരമം-കുറ്റൂർ പഞ്ചായത്തും തെക്ക് ചെറുതാഴം പഞ്ചായത്തും അതിർത്തി പ്രദേശങ്ങളായി വർത്തിക്കുന്നു. കിഴക്ക് വെള്ളക്കാട് മുതൽ പടിഞ്ഞാറ് മീൻകുഴി ഡാം വരെ ഇരുപതു കിലോമീറ്ററോളം ദൈർഘ്യത്തിൽ ഒഴുകുന്ന പുഴയും ഒട്ടനവധി ചെറുതോടുകളും നാടിന്റെ ഐശ്വര്യവും അനുഗ്രഹവുമാണ്.

13257-38 ഏക്കർ ഭൂവിസ്തൃതിയുള്ള കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് നാലായി തരം തിരിക്കാവുന്നതാണ്.

1. ഉയർന്ന പാറ പ്രദേശങ്ങൾ
2. കുന്നിൻ ചെരിവുകൾ
3. എക്കൽ മണ്ണുള്ള വയൽ പ്രദേശങ്ങൾ
4. പുഴയോര സമതലങ്ങൾ

മൊത്തം വിസ്തൃതിയുടെഎഴുപതു ശതമാനത്തോളം ഉയർന്ന പാറപ്രദേശങ്ങളും കുന്നിൻ ചെരിവുകളുമാണ്. 40 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയർന്ന് നിൽക്കുന്ന ചെറുതും വലുതുമായ മുപ്പതോളം കുന്നിൻ പ്രദേശങ്ങളിൽ ഏടക്കോം കുന്ന് തലയുയർത്തി നിൽക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്ന കുന്നിൽ ചെരിവുകൾ ഒരുകാലത്ത് തഴച്ചു വളരുന്ന കാടുകളാലും വന്യജീവികളാലും സമൃദ്ധമായിരുന്നു. എഴുപത്തിയഞ്ചുകളിൽ പോലും പുലി, ചെന്നായ, കാട്ടുപന്നി, അള്ളാൻ, മെരു, കാട്ടുകുരങ്ങ് തുടങ്ങിയ ജീവികളും മയിലടക്കമുള്ള പക്ഷികളും ഇവിടങ്ങളിൽ സർവ്വ സാധാരണമായിരുന്നു. വനനശീകരണത്തെ തുടർന്ന് ഈ വന്യജീവി സമ്പത്ത് അപ്രത്യക്ഷമായെങ്കിലും ആറാം വാർഡിലെ കൊളംബ പ്രദേശത്തെ ആറേക്കറോളം വിസ്തൃതിയിൽ കിടക്കുന്ന കക്കര കാവും, രണ്ടര ഏക്കറോളം വിസ്തൃതിയുള്ള മുണ്ടപ്രം കാവും ജൈവ വൈവിധ്യം നിലനിർത്തുന്ന അപൂർവ്വം കേന്ദ്രങ്ങളാണ് ഇവിടങ്ങളിൽ കുരങ്ങ്, മയിൽ തുടങ്ങിയ ജീവകൾ ഇപ്പോഴും കാണപ്പെടുന്നുണ്ട്.

പൊതുവെ നാണ്യ വിളകൾക്ക് അനുയോജ്യമായ കുന്നിൻ ചെരിവുകളിൽ റബ്ബർ, കശുമാവ്, മരച്ചീനി, കുരുമുളക് തുടങ്ങിയവ പ്രധാനമായും കൃഷിചെയ്തു വരുന്നു. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ഇവിടെ സാധാരണമാണ്.

പ്രധാന കുന്നുകൾ

1. എടക്കോം കുന്ന്
2. തേനം കുന്ന്
3. ചീത്ത കുന്ന് (ബക്കളം)
4. മാണിക്യമംഗലം കുന്ന്
5. ചൊവ്വേരി കുന്ന്
6. വള്ളന കുന്ന്
7. ആത്യങ്ങോട്ട് കുന്ന്
8. മോന്തി കുന്ന്
9. കവിയാനം കുന്ന്
10. ഏച്ചികുന്ന്
11. വെള്ളരിയാനം കുന്ന്

12. മുണ്ടപ്രം കുന്ന്
13. കരിപ്പാൽ പൊയിൽ കുന്ന്
14. ഏണ്ടികുന്ന്
15. കക്കോടിചാൽ കുന്ന്
16. കള്ളച്ചാൽ കുന്ന്
17. പുങ്ങോട്ട് കുന്ന്
18. വള്ളിക്കാനം കുന്ന്
19. ഏച്ചിക്കാനം കുന്ന്
20 കുളിക്കുന്ന്
21. തൃക്കുറ്റേരി കുന്ന്
22. പൊള്ളാളം കുന്ന്
23. പുത്തൂർ കുന്ന്
24. പൊന്നുരുക്കി കുന്ന്
25. കോരച്ചാൽ കുന്ന്
26. കൊളംബകുന്ന്
27. പടിക്കപ്പാറ കുന്ന്
28. പടിഞ്ഞാറെ മൊട്ട (കുളിക്കുന്ന്)

എക്കൽ മണ്ണുള്ള വയൽ പ്രദേശങ്ങളിലും പുഴയോര സമതല പ്രദേശങ്ങളിലും നെല്ല്, തെങ്ങ്, കവുങ്ങ് മുതലായവ കൃഷിചെയ്യുന്നു.

കാലാവസ്ഥ

കേരളത്തിലെ പതിമൂന്ന് കാർഷിക കാലാവസ്ഥാ പ്രദേശങ്ങളിൽ അഞ്ചാമത്തെ വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥ പ്രദേശത്താണ് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത്.

ജൂൺ, ജൂലായ് മാസങ്ങളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നതു. മറ്റു മാസങ്ങളിൽ മഴ താരതമ്യേന കുറവാണ്. കഴിഞ്ഞവർഷത്തെ കണക്കു പ്രകാരം ജനുവരി, ഫെബ്രുവരി, മാർച്ച്. ഡിസംബർ, മാസങ്ങളിൽ മഴ തീരെ ലഭിച്ചതായി കാണുന്നില്ല.പഞ്ചായത്തിൽ സംസ്ഥാന ശരാശരിയെക്കാൾ മഴലഭിക്കുന്നു വെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മിക്ക ജലസ്രോതസ്സുകളും വറ്റിപ്പോകുന്ന അവസ്ഥയാണ്.

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിലും. തണുപ്പനുഭവപ്പെടുന്നത് ഡിസംബർ, ജനുവരി, ഫെബ്രുവരി, മാസങ്ങളിലുമാണ്.

1995 ലെ താപനിലയും വർഷപാതവും

മാസം	വർഷപാതം	കൂടിയ താപനില	കുറഞ്ഞ താപനില	ബാഷ്പീകരണം	തെളിഞ്ഞ പകൽ	ആർദ്രത രാവിലെ	ആർദ്രത വൈകിട്ട്
ജനുവരി	0.0	31.4	19.8	145.7	9.8	92.0	54.9
ഫെബ്രുവരി	0.0	32.0	22.3	141.0	10.5	88.3	60.6
മാർച്ച്	0.0	32.5	23.4	161.4	10.3	81.6	51.1
ഏപ്രിൽ	32.2	33.4	25.6	185.6	10.1	87.5	60.0
മെയ്	150	32.8	25.4	171.3	8.2	94.5	67.9
ജൂൺ	907.2	30.1	26.9	96.9	3.8	99.2	80.7
ജൂലൈ	1172.8	27.8	23.5	77.8	1.5	98.5	91.4
ആഗസ്റ്റ്	543.9	28.9	24.8	84.3	3.9	97.1	85.3
സെപ്തംബർ	202.91	29.5	24.5	90.6	7.0	97.9	70.2
ഒക്ടോബർ	174.8	30.7	73.8	11.5	7.6	97.9	70.2
നവംബർ	68.7	31.0	22.8	11.0	8.7	93.3	71.0
ഡിസംബർ	0.0	31.3	18.7	133.3	10.3	90.7	49.7

മനുഷ്യ വിഭാഗം

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 23514 ആണ്.അതിൽ 9897 പുരുഷന്മാരും. 10154 സ്ത്രീകളും 3464 കുട്ടികളുമാണ്. പുരുഷന്മാരെക്കാൾ സ്ത്രീകൾ കൂടുതലാണ്.

സാമൂഹ്യ സാംസ്കാരിക ചരിത്രം

ചരിത്രത്തിന്റെ ഇടനാഴികളിൽ കൈവിട്ടുപോയ സത്യങ്ങളെ ചിതറിപ്പോയ സ്മരണകളിൽ നിന്നും കൂട്ടിയിണക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് ഈ കുറിപ്പ്. ഗുഹാ മുഖങ്ങൾക്കും ശിലാലിഖിതങ്ങൾക്കുമപ്പുറം കയ്പേറിയ എന്നാൽ അതിനേക്കാളേറെ മധുരമൂറുന്ന അനുഭവങ്ങളുടെ കേട്ടറിവിന്റെ സങ്കലനം. ഇനിയും മഷിപുരളാൻ കൊതിച്ചു നിൽക്കുന്ന മണ്മറഞ്ഞ സത്യങ്ങളുടെ പൊള്ളിക്കുന്ന വാമൊഴികളാണിത്. ഭൂതത്തിന്റെ ചാട്ടവാറടികളിൽ ഒരു പക്ഷേ ഓർമ്മകളുടെ തോലുരിഞ്ഞു പോയിരിക്കാം. എങ്കിലും ഗതകാലത്തിന്റെ വാതിൽപ്പടിയിൽ ചാരിനിന്നു മുലയിൽ തേങ്ങുന്ന സത്യങ്ങളെ അതിന്റെ പ്രതിധ്വനികളിലൂടെ പകർന്നു തന്നവരുടെ നല്ല മനസ്സിനെ നമിച്ചുകൊണ്ട് എഴുതാപ്പുറം വായിച്ചറിയുവാൻ വെമ്പൽ കൊള്ളുന്ന നമുക്കിത് ഹൃദയം തുറന്ന് സ്വീകരിക്കാം.

പഴയ മദിരാശി സംസ്ഥാനത്തിലെ ചിറക്കൽ താലൂക്കിന് ചരിത്ര മഹൂർത്തങ്ങൾ ഏറെയൊന്നും സാക്ഷിയാകാത്ത ചേതനയറ്റൊരു കുഗ്രാമത്തെ കുറിച്ച് പറയാനുണ്ടാകും, കടന്നപ്പള്ളിയും പാണപ്പുഴയും. എന്നാൽ കനകം വിളഞ്ഞിരുന്ന കടന്നപ്പള്ളിക്കും പാണ്ഡവ സ്പർശത്താൽ പുളകിതയായ പണപ്പുഴയ്ക്കും കണ്ണീരൊഴിയാത്ത ഒരു കഥയുണ്ട്. വിധേയത്വത്തിന്റെ, പീഢനത്തിന്റെ, പ്രതിഷേധത്തിന്റെ, ത്യാഗ ത്തിന്റെ കഥ.

1992 ൽ കൊളോണിയൽ നുകത്തിനു കീഴെ ആത്മാഭിമാനവും ആത്മവീര്യവും ആസ്തിവകകളും അടിയറ വെച്ചതിൽ നമ്മുടെ പ്രദേശവും ഉൾപ്പെടുന്നു. വഞ്ചനയെന്തന്നറിയാത്ത സ്നേഹം മാത്രം കൈമുതലായുള്ള സാധാരണക്കാരന്റെ ചുമലിൽ വെച്ച ഈ നുകം കൊണ്ട് പതിറ്റാണ്ടുകളോളം അവരീ മണ്ണിന്റെ ചോരയൂറ്റിയെടുത്തു. ചാതുർ വർണ്ണ്യത്തിലൂടെ ദാനം കിട്ടിയ മേൽക്കോയ്മകൊണ്ട് സവർണ്ണർ വെള്ളക്കാരന്റെ സിൽബന്ധികളായി, നാടിന്റെ അധികാരികളായി. അതുവരെ വിവിധ ദേവസ്വത്തിന്റെ കീഴിലായിരുന്ന ഭൂമിയിലേറിയ ഭാഗവും അവർ അവരുടെ വരുതിയിലാക്കി. ഉത്സവങ്ങളുടെ നടത്തിപ്പുകളിൽ പ്രധാനികളായി നഷ്ടത്തിന്റെ ഇല്ലാക്കഥകൾ ചമച്ച് പൊന്നുവിളയുന്ന മണ്ണ് മുഴുവൻ തങ്ങളുടേതാണെന്ന് അവർ ചെണ്ടകൊട്ടിപ്പാടി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലം ഏറെദൂരം മാറി നില്ക്കേണ്ടിവന്ന പാവങ്ങൾ, അവർണ്ണർ ഇതിനൊക്കെ മൂകസാക്ഷികളായി 'റാൻ' മൂളി. ഈ സവർണ്ണമേധാവിത്വത്തിന് ബ്രിട്ടീഷ് സർക്കാർ പരി രക്ഷ നല്കി പരിപാലിച്ചു.

	നായർ	ദേവസ്വം	നമ്പൂതിരി	മുസ്ലിം	മറ്റുള്ളവർ
ഭൂമി ഏക്കറിൽ	7294.93	1192.28	1619.27	462.39	722.1
ശതമാനം	55.02	9.0	12.2	3.5	5.4

വിധേയ ഭൃത്യന്റെ അഴുകിയ വേഷമണിഞ്ഞ് ഋതുഭേദങ്ങളുടെ നേരം പോക്കുകളിൽ ആണ്ടുകളോളം സാധാരണക്കാരന്റെചുടുനെടുവീർപ്പുകൾ വായുവിലലിഞ്ഞു ചേർന്നു. പാറയിടുക്കിൽ ഓളങ്ങൾ ചമച്ച ഉടുക്കിന്റെ താളത്തോടെ തൊണ്ടവിർത്ത പാണന്റെ പാടിതീരാത്ത പാട്ടുപോലെ ഇതിനെല്ലാം സാക്ഷ്യം വഹിച്ച പാണപ്പുഴ പലപ്പോഴായ് കുലം കുത്തി യൊഴുകി.

വേങ്ങയിൽ നായനാക്കൻമാർ; ഒരു വലിയ സമൂഹത്തിന്റെ പ്രാക്കലുകൾ മുഴുവൻ കോർത്ത് കിരീടമായണിഞ്ഞ നാട്ടു പ്രമാണികൾ, ഓരോ നിലവിളികളെയും നിലയില്ലാക്കയത്തിലേക്ക് ആഴ്ത്തിയ നാട്ടുരാജാക്കൾ. സാമ്രാജ്യത്വത്തിന്റെ അടുക്കളത്തിണ്ണ നിരങ്ങിക്കിട്ടിയ അധികാരപ്പട്ടം കൊണ്ട് കടുത്ത മാംസ പേശികളെ,

കരുത്തും മയവുമുള്ള മനസ്സുകളെ തന്റെകാല്ക്കീഴിലാക്കി തട്ടിക്കളിച്ചു. ശിങ്കിടികളായ കാര്യസ്ഥന്മാർ ഇതൊക്കെ കണ്ട് പൊട്ടിച്ചിരിച്ചു. ഈ ചിരിയുടെ പ്രതിധ്വനി പട്ടിണിപ്പാവങ്ങളുടെ ചങ്കിടിപ്പായി.

പൊന്നംകൊത്തി വിത്തെറിഞ്ഞ് രാവ് പകലാക്കി മണ്ണുമായി ഏറ്റുമുട്ടി നൂറുമേനി വിളയിച്ച കർഷകന്റെ കണ്ണിൽ നിഴലിക്കുന്ന ഒരു പേടിയുണ്ടായിരുന്നു.. 'ഒടികുത്തിയ' വയലേല പുത്തു വിളഞ്ഞു നിൽക്കുന്ന നെൽക്കതിരുകൾക്കുമീതെ നാട്ടിയ ഒരു നിളൻ വടി, കൊയ്തെടുക്കാനുള്ള കൃഷിക്കാരന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നു. വാരം, പാട്ടം എന്നി ഓമനപ്പേരുകളിൽ കർഷകന്റെ ഈ വേർപ്പു ഫലത്തിൽ സിംഹഭാഗവും അധികാരിയുടെ പത്തായം നിറച്ചു. ഈ നിർബന്ധ പിരിവ് അളക്കാൻ നിന്ന് നടുവൊടിഞ്ഞ ആളുകൾ അന്ന് ഏറെയുണ്ടായിരുന്നു.

സ്ത്രീകളുടെ മാനം വേങ്ങയിൽ തമ്പുരാന് ഒരു നിർവൃതി വിനോദം മാത്രമായിരുന്നു. മാറു മറക്കാൻ കച്ച കെട്ടിയ സ്ത്രീകളും, വഴി നടക്കാൻ 'മരമീടൻ' കെട്ടേണ്ടിവന്ന പെൺകുട്ടികളും തമ്പുരാന്റെ കണ്ണിൽ പെടാതെ മിക്കവാറും തങ്ങളുടെ കുടിലുകളിൽ തന്നെ ഒതുങ്ങിക്കഴിഞ്ഞു. കോവിലകത്തെ വിശേഷങ്ങൾക്ക് സാധാരണക്കാരന്റെ അദ്ധ്വാനഫലങ്ങൾ കാണിക്കയായി നല്കണമെന്നൊരു ചടങ്ങുണ്ട്. ഈ ലാഘവത്തോടെ മംഗല്യവതികളായ സ്ത്രീകളെ ആദ്യ ദിവസം തമ്പുരാന് കാണിക്കയായി നല്കണമെന്ന അലിഖിത നിയമത്തിന് പുല്ലു വിലകണക്കാക്കി ധീരയായി ചെറുത്തു നിന്ന സ്ത്രീ ഇന്നും ജീവിച്ചിരിപ്പുണ്ട്. സ്വന്തം കുടിലുകൾക്ക് ഓടിടാൻ പോലും അധികാരിയുടെ സമ്മതം വേണമായിരുന്നു. കാക്കേനാട്ടിയ പാമ്പിനും, കയ്യോലിനെ വരച്ച പറമ്പിനും, തലകുടഞ്ഞു കെട്ടിയ പറമ്പിനും പറയാനുള്ളതും ഈ നാട്ടു ന്യായാധിപന്റെ ക്രൂര വിനോദങ്ങൾ തന്നെയാണ്.

തീണ്ടലും തൊടിലും അതിന്റെ പൂർണ്ണതയിൽ നിലനിന്നിരുന്ന ഇവിടത്തുകാർക്ക് അനുഭവിക്കേണ്ടിവന്നയാതനകൾ ഏറെയാണ്. പാണപ്പുഴ വില്ലേജിലെ ആലക്കാട്, കണ്ണങ്ങാട്ട് തീണ്ടിയാൽ വെളിച്ചെണ്ണ എടുത്തു കൊടുക്കുക എന്നൊരു ചടങ്ങുണ്ടായിരുന്നു. അതിനു വേണ്ടി കൊണ്ടുവന്ന വരാണ് ഇവുടത്തെ മുസ്ലീങ്ങൾ എന്നു പറയപ്പെടുന്നു.

1930 കളിൽ ഉയർന്നു വന്ന ദേശിയ പ്രസ്ഥാനം സമരച്ചൂളയിൽ നീറിയുണർന്നകാലം. ഭാവഭേദങ്ങളില്ലാതെഇവിടത്തുകാർ അപ്പോഴും വിധേയത്വത്തിന്റെ നെല്ലിപ്പടിയിൽ ചടഞ്ഞു കൂടി കിടക്കുകയായിരുന്നു. പ്രതികരിക്കാനറിയാതെ പ്രതിഷേധത്തിന്റെ സ്വര മെന്തെന്നറിയാതെ കെടുതികളിൽ വെന്തു നീറി മാറ്റങ്ങളില്ലാത്ത ദിനസരികളുടെ സഹചാരികളായി അവർ തങ്ങളിലേക്കു തന്നെ കൂടുതൽ കൂടുതൽ ചുരുങ്ങിക്കൂടി. മൂലകളില്ലാത്ത ആകാശത്തിന്റെ കിഴക്കൻ ചരിവിൽ എടക്കോം തട്ടിനുമുകളിൽ സൂര്യൻ മാറിമാറി പൊട്ടുകുത്തി. ഒരുകെട്ട കാലത്തിന്റെ കുതിരുട്ടിനെ വകഞ്ഞുമാറ്റേണ്ടത്, അതയും കാലം ഇവിടുത്തുകാരുടെ മനസ്സിന്റെ ഏതോ കോണിലേക്ക് സാഹചര്യങ്ങളാൽ നിക്കിവെയ്ക്കപ്പെട്ട ഒരു പുതിയ വികാരത്തെ ജീവസ്സുറ്റതാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ കണ്ടോന്താറിലെ ഒരു കൂട്ടം ചെറുപ്പക്കാർ ദേശിയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുവാൻ തന്നെ തിരുമാനിച്ചു. കെ.പി.കുഞ്ഞിരാമൻ പൊതുവാൾ, കോട്ടക്കിൽ കുഞ്ഞിരാമൻ, മുണ്ടവളപ്പിൽ കണ്ണൻ, കോട്ടക്കിൽ ഗോവിന്ദൻ, കെ.സി. ചന്തുനായർ എന്നിവർ അങ്ങനെ ഇവിടം പുതിയൊരു അങ്കക്കളരിയാക്കി. സത്യാസത്യങ്ങളുടെ, നന്മതിന്മകളുടെ, നിലനിൽപിന്നായുള്ള അങ്കം.

സംഘടിത പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കു മുമ്പേ തന്നെ ഇവിടുത്തെ കർഷകർ തങ്ങളുടെ നിലനിൽപ്പിന്നായുള്ള സമരം ആരംഭിച്ചു കഴിഞ്ഞിരുന്നു. നാൽക്കാലിക ളെപ്പോലെ പണിയെടുക്കുകയും ഫലങ്ങളെല്ലാം ജന്മിയുടെ അകത്തളങ്ങളിൽ കുന്നുകൂടുകയും ചെയ്തപ്പോൾ സഹനത്തിന്റെ വലിയ മലകൾ ഏറെ താണ്ടിക്കടന്ന് കർഷകർ ഒടുവിൽ നെഞ്ചുവിരിച്ചു പ്രതികരിക്കാൻ തന്നെ തയ്യാറായി. ഇതിന്റെ പ്രതിഫലനമായി സംഘടിതമായി നടത്തിയ പ്രതിഷേധജാഥ ജന്മിയുടെ അധികാര കൊത്തളങ്ങൾക്കേറ്റ ആദ്യ പ്രഹരം തന്നെയായിരുന്നു. വാഗ്ദി,നിറി, മുക്കാൽ വിട്ടുകിട്ടണം, കൂറ്റിക്കാണം, കങ്കാണം കൊടുക്കുല, കള്ളപ്പറ അവസാനിപ്പിക്കുക, പത്തിൽ രണ്ട് പന്ത്രണ്ടിൽ രണ്ട് ആക്കുക തുടങ്ങിയ മുദ്രവാക്യങ്ങളിലൂടെ നിശ്ചയ ദാർഢ്യത്തിന്റെ സംഘ ശബ്ദമാണ് ഉയർന്നുവന്നത്. സമീപപ്രദേശങ്ങളിൽ നടന്ന ഐതിഹാസിക സമരങ്ങളിൽ ആവേശം പുണ്ട് കർഷകർ ഒന്നായി ജന്മിക്കെതിരെ അടരാടി. അധികാരത്തിന്റെ കാവൽ മൃഗങ്ങളെ രംഗത്തിറക്കി ജന്മി ഈ ജനകീയ സമരങ്ങളെ നേരിട്ടു. പോലീസെന്താണെന്നറിയാത്ത സാധാരണക്കാരൻ കോട്ടും ബൂട്ടും ധരിച്ച് നിറതോക്കുകളുമായി വരുന്നവരെ കണ്ടപ്പോൾ തിരിഞ്ഞോടി. പക്ഷേ ആതിരിഞ്ഞോട്ടം മറ്റൊരു തിരിച്ചുവരവിന്റെ തുടക്കമായിരുന്നു.

പുരപ്പുല്ലു നിറഞ്ഞു നില്ക്കുന്ന പാറ കാര്യസ്ഥന്മാർ പാട്ടം കൊടുക്കാനായി വന്നപ്പോൾ ഈ സംഘ ശക്തി

നാലുപാടും നിന്നും കുതിച്ചെത്തി തടഞ്ഞു. ഗത്യന്തരമില്ലാതെ മടങ്ങിപ്പോകേണ്ടി വന്ന കാര്യസ്ഥന്മാരുടെ പോക്കും നോക്കി കർഷകർ തങ്ങളുടെ കൂരകൾ മേയാനുള്ള പുല്ലുപറിച്ച് ആദ്യ വിജയം ആഘോഷിച്ചു. ഏതധികാര വർഗ്ഗത്തേയും തകർക്കാനുള്ള ആയുധമാണ് ഈ സംഘബലമെന്ന പുതിയ പാഠം അവർ ഹൃദ്യസ്ഥമാക്കി. തുടർന്നുള്ള ഓരോ കാൽവെയ്പും കർഷകരുടെ വിജയസോപാനത്തിലേക്കുള്ള പടികളായിരുന്നു.

പരിഹാസത്തിന്റെയും അവഹേളനത്തിന്റെയും തുപ്പൽ കറയേറ്റ് പുഴുക്കളെപ്പോലെ ഇഴഞ്ഞു നീങ്ങുന്ന ജനങ്ങളെ നോക്കി അധികാരത്തിന്റെ തുംഗഗോപുരത്തിനു മുകളിൽ ആർത്തട്ടഹസിക്കുന്ന ജന്മി ഒരു ദിവസം കണ്ടത് അന്നോളം തന്റെ നേരെ നോക്കാത്ത കുടിയാന്റെ ധിക്കാരമായിരുന്നു. അതെ, പാണപ്പുഴ വയലിൽ തുവിയർപ്പിന്റെ ഉപ്പുനേദിച്ച് അന്നോളമുള്ള കനവുകളെല്ലാം പുതു മണ്ണിലർപ്പിച്ച് വിളഞ്ഞു നില്ക്കുന്ന നെൽക്കതിരുകൾ തന്റേതാണെന്ന് ഗാഢം പിടിക്കുന്ന പുവട്ടരാമൻ എന്ന സാധാരണ കർഷകൻ ജന്മിയുടെ കണ്ണിൽ ധിക്കാരിയായി. പാട്ടം നിഷേധിച്ച രാമനെ ഒഴിപ്പിക്കാൻ പിന്നെ ഏറെ നേരം വേണ്ടിവന്നില്ല. എന്നാൽ അപ്രതീക്ഷിതമായി കർഷക സംഘത്തിന്റെ ആദ്യകാലപ്രവർത്തകർ മത്തിയാരി കണ്ണന്റെ നേതൃത്തത്തിലുള്ള സംഘം കണ്ടം കയ്യേറി നെല്ലു മൂർന്ന് കാവൽ നിന്നപ്പോൾ ഉതിർന്നു വീണത് ജന്മിയുടെ കിരീടത്തിൽ ചാർത്തിയ അഹംഭാവത്തിന്റെ പൊൻതൂവലുകളായിരുന്നു പോലീസിനെക്കൊണ്ട് കേസ് ചാർജ്ജ് ചെയ്തിച്ച് ജന മുന്നേറ്റത്തെ അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും തളരാത്ത ആത്മ വീര്യം അവർക്കു കൂട്ടായുണ്ടായിരുന്നു.

നിസ്സഹരണ പ്രസ്ഥാനത്തിന്റെ ഭാഗമായി നാട്ടിലുടനീളം നടന്ന സമരങ്ങളിൽ സമരവളണ്ടിയർമാരുടെ ഒരു കേമ്പ് കണ്ടോന്തറിലുമുണ്ടായിരുന്നു. ചുറ്റുപാടുമുള്ള കള്ളുഷാപ്പുകൾ പിക്കറ്റുചെയ്യാൻ ഒത്തുകൂടിയ വിവിധ പ്രദേശത്തുകാരായ സമരനേതാക്കന്മാരെ അത്ഭുതമൂറുന്ന കണ്ണുകളുമായാണ് നമ്മുടെ പ്രദേശത്തുകാർ നോക്കിക്കണ്ടത്. അവരുടെ ചിന്തകളിൽ പോലും നിഴൽ വീശാത്ത സംഭവങ്ങൾക്ക് കണ്ടോന്താർ സാക്ഷ്യം വഹിച്ചപ്പോൾ ആവേശഭരിതരായവർ നിരവധിയാണ്.

അയിത്തോച്ചാടനത്തിന്റെ ഭാഗമായി കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തേറണ്ടിവയലിൽ വെച്ച് നടന്ന സമപന്തി ഭോജനം അതുവരെ നിലവിലിരുന്ന തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും നിഷേധത്തിന്റെ അന്തഃസാരമായിരുന്നു. നാനാജാതി മതങ്ങളിൽപ്പെട്ട ജന വിഭാഗത്തിന്റെ വേദനയും വിശപ്പും വികാരവും ഒന്നാണെന്ന തിരിച്ചറിവിൽ നടത്തിയ ഈ ഊട്ടുത്സവം പുതിയ സഹവർത്തിത്വത്തിന്റെ, സാഹോദര്യത്തിന്റെ മറ്റൊരധ്യായമായിരുന്നു. ഓരോ കർഷക സമ്മേളനത്തിലും ഈ സമപന്തി ഭോജനം ഒരു പ്രധാന അജണ്ടയായിത്തന്നെ ഏറെക്കാലം സ്ഥാനം പിടിച്ചിരുന്നു എന്നത് ഇതിന്റെ വിജയമാണ് സൂചിപ്പിക്കുന്നത്.

ബ്രിട്ടീഷ് ഭരണ സംവിധാനത്തിന്റെ ആജ്ഞാനുവർത്തികളായ നായനാക്കന്മാർ തന്നെയായിരുന്നു ആദ്യകാല കോൺഗ്രസ്സ് നേതാക്കൾ. അവരുടേത് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പാതയല്ലെന്നും നിലനില്പിനായുള്ള ആയുധമായാണ് കോൺഗ്രസ്സിന്റെ നേതൃസ്ഥാനങ്ങളിൽ കയറിപ്പറ്റിയത് എന്നുമുള്ള സത്യമറിഞ്ഞപ്പോൾ സോഷ്യലിസ്റ്റു കോൺഗ്രസ്സുമായി, കർഷകസംഘവുമായി ഭൂരിഭാഗം പേരും കൂട്ടു ചേർന്നു. ജന്മിയുടെ അക്രമതേർവാഴ്ച തന്നെയാണ് കർഷക സംഘവുമായി ജനങ്ങളെ ബന്ധപ്പെടാൻ പ്രേരിപ്പിച്ച പ്രധാന ഘടകം.

1935ൽ കൊളച്ചേരി വച്ച് കർഷക സംഘം രൂപീകരിച്ചതുമുതൽ ഇവിടെയും അതിന്റെ പ്രചരണം നടന്നിട്ടുണ്ട്. ഏ.കെ.ജി, കെ.പി.ആർ, കെ.പി ഗോപാലൻ, കെ.വി.നാരായണൻ നമ്പ്യാർ, സി.എൻ. കെ.നമ്പിശൻ, എം.പി.നാരായണൻ നമ്പ്യാർ തുടങ്ങിയ പ്രമുഖർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി കർഷകരെ സംഘടിപ്പിക്കാൻ ഇവിടെ വന്നിട്ടുണ്ട്.

കർഷക പ്രസ്ഥാനത്തിന്റെ വളർച്ചയോടെ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനത്തിൽ നിന്ന് സോഷ്യലിസ്റ്റു കോൺഗ്രസ്സിലേക്കുള്ള മാറ്റം ദൃശ്യമായി. മലബാറിലെ കോൺഗ്രസ്സ് ഇടതു വലതു ചേരിയായി പിരിഞ്ഞ ഘട്ടത്തിൽ 1939 ഏപ്രിൽ മാസത്തിൽ ബക്കളത്ത് കെ.പി.സി.സി.യുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ കാഴ്ചക്കാരായി പങ്കെടുത്ത് അതിൽ ആവേശം കൊണ്ട് കർഷക സംഘത്തിന്റെ സന്തത സഹചാരികളാകാൻ ഇറങ്ങിപുറപ്പെട്ടവരാണ് കെ.പി. രാമൻ പണിക്കർ, പറമ്പത്ത് അപ്പുക്കുട്ടി, ഇ.കൃഷ്ണൻ തുടങ്ങിയവർ. ബക്കളത്ത് അവർ കേവലം കാഴ്ചക്കാരായിരുന്നുവെങ്കിലും തിരിച്ചുവന്നത് ഇവിടത്തുകാരെ ഉണർത്താനുള്ള ഉണർത്തുപാട്ടുമായിട്ടായിരുന്നു. അതുവരെ സ്വന്തം വേർപ്പുവീണു നനഞ്ഞ മണ്ണിലെ ഒരു നുള്ളിനു പോലും അവകാശിയാകാതിരുന്നവരെ ബോധവൽക്കരണത്തിന്റെ പുത്തൻ ഇതിഹാസവുമായി ഇവർ സമീപിച്ചപ്പോൾ നിഷ്കളങ്കതയിൽ വിട്ടു മാറാത്ത ഇവരുടെ കണ്ണുകളിൽ മുനിഞ്ഞു കത്തിയ മൺചിരാതുകൾ ആളുന്ന തീപ്പന്തങ്ങളാകാൻ ഏറെ നേരം വേണ്ടി വന്നില്ല.

1936 ൽ ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരുന്നത് അഞ്ചു രൂപയ്ക്കു മുകളിൽ നികുതി വയ്ക്കുന്നവർക്ക് മാത്രമായിരുന്നു. പ്രചരണത്തിന്റെ ഭാഗമായി കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കുവേണ്ടി പത്തുപേർ നയിച്ച ഒരു ജാഥ നടന്നു. മഞ്ഞപ്പെട്ടിയും (കോൺഗ്രസ്സ്) നീലപ്പെട്ടിയും (ബ്രിട്ടീഷ്) തമ്മിലുള്ള ഈ പോരാട്ടത്തിൽ വിജയം കോൺഗ്രസ്സിനു തന്നെയായിരുന്നു. വിജയിയായ പോത്തേരി മാധവനെയും ആനയിച്ചുകൊണ്ടുള്ള ഘോഷയാത്രയിൽ പങ്കെടുത്ത നൂറു കണക്കിനാളുകൾ ആദ്യ വിജയം ആഹ്ലാദാരവങ്ങൾ കൊണ്ട് ആകാശത്തിന്റെ മാറു കീറിയ മുദ്രാവാക്യങ്ങൾകൊണ്ട് ആഘോഷിച്ചു.

കർഷക സംഘം കണ്ടോന്താർ കുടുക്കുവളപ്പിൽ സംഘടിപ്പിച്ച സമ്മേളനം നമ്മുടെ പഞ്ചായത്തിലെ കർഷക ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ നിർണ്ണായക സ്ഥാനം പിടിച്ചിട്ടുണ്ട്. ആലംബമറ്റവരുടെ കൂടപ്പിറപ്പുകളായ എ.കെ.ജി.യുടേയും കെ.പി.ആറിന്റെയും സാമീപ്യം ഇവിടത്തുകാർക്ക് പുതമയേക്കാളേറെ വീറും ഊർജ്ജസ്വലതയും പകർന്നതായിരുന്നു. തുടർന്നു നടന്ന സമപന്തി ഭോജനത്തിലും തുടർന്ന് ഈ നേതാക്കന്മാർ തന്നെ വേഷമിട്ട പാട്ടബാക്കി എന്ന നാടകത്തിന്റെ ദൃശ്യാവിഷ്കാരത്തിലും പങ്കാളികളായ സാധാരണ കർഷകർ സ്വന്തം കാലിന്നടിയിലെ മണ്ണിന്റെ യഥാർത്ഥ അവകാശികൾ തങ്ങളാണെന്ന തിരച്ചറിവോടെയാണ് പിരിഞ്ഞു പോയത്.

1940 ൽ ജനശക്തിയുടെ പ്രതിഷേധക്കൊടുങ്കാറ്റുകളിൽ ആടിയുലഞ്ഞു ബ്രിട്ടീഷ് മേധാവിത്വം. മൊറാഴ സംഭവത്തിന്റെ പേരിൽ തൂക്കിലേറ്റാൻ വിധിക്കപ്പെട്ട സമരനായകൻ കെ.പി.ആർ. കഴുമരച്ചോട്ടിൽ നിന്നും മുടി നാരിഴക്ക് രക്ഷപ്പെട്ടത് ഈ സംഘ ശക്തിയുടെ നിശ്ചയദാർഢ്യത്തിന്റെ ഫലമായിരുന്നു. ജയിലിൽ നിന്നിറങ്ങിയ കെ.പി.ആർ. കർഷക സംഘത്തിന്റെ നേതൃത്വത്തിൽ കുവേരിയിൽ നിന്നും കാനായി ചിറ്റാരിയിലേക്ക് ഒരു ജാഥ നടത്തി. ഈ ജാഥ പാണപ്പുഴ വെച്ച് തടയപ്പെട്ടു. കാളേൻ വളപ്പിൽ കുഞ്ഞിരാമൻ ആജാഥയിൽ പങ്കെടുത്ത ഇവിടുത്തുകാരുടെ പ്രതിനിധിയാണ്. അദ്ദേഹത്തിന്റെ ആ പങ്കാളിത്തത്തിലൂടെ നാം നേടിയെടുത്തത് ഒരു വലിയ ജനതയുടെ മനോഭാവത്തിലെ ഗുണപരമായ മാറ്റമാണ് പിന്തുണമേറ്റുവാങ്ങാൻ മാത്രം വിധിക്കപ്പെട്ടവരാണെന്ന ചിന്തമാറി തങ്ങളുടെ നിലനില്പിന്നായുള്ള പോരാട്ടത്തിൽ മുന്നണിപോരാളികളാകാൻ നിരവധി പേർ മുന്നോട്ടു വന്നത് ഈ ജാഥയുടെ ഏറ്റവും വലിയ നേട്ടമാണ്.

1942 ലെ ക്വിറ്റിന്ത്യാ സമരത്തിൽ ഭാരതമാകെ ഇളകിമറിയുന്ന കാലം. ഇതിന്റെ ഭാഗമായി കണ്ടോന്താർ റജിസ്ട്രാഫീസ് പിക്കറ്റുചെയ്യാൻ അഞ്ചു ധീരന്മാർ മുന്നോട്ടു വന്നു. ഇവരിൽ കെ. കുമാരൻ ഇവിടെ നിന്നുള്ള ഏകാംഗമായിരുന്നു. സമാധാനപരമായി പിക്കറ്റു ചെയ്ത ഇവരെ അറസ്റ്റു ചെയ്തു കണ്ടോന്താറിൽ പണികഴിപ്പിച്ച ബംഗ്ലാവ്. എന്നപേരിലറിയപ്പെടുന്ന താല്ക്കാലിക ജയിലിലടച്ചു.

ക്രൂര മർദ്ദനങ്ങളും പീഢനങ്ങളും ഏറെ ഏൽക്കേണ്ടിവന്നെങ്കിലും തലച്ചോറിനെ ഇളക്കിമറിച്ച സ്വാതന്ത്ര്യദാഹം ഇവയ്ക്കൊക്കെയുമെത്രയോ മുന്നിൽ തന്നെയായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് പട്ടിണികൊണ്ട് വലഞ്ഞ സാധാരണക്കാരന്റെ കണ്ണീരൊപ്പാൻ മുണ്ടു മുറുക്കിയുടുത്ത് സന്നദ്ധത കാട്ടിയത് കർഷക സംഘത്തിന്റെ നേതാക്കന്മാർ തന്നെയാണ്. ആനപ്പല്ല് ചോളവും പുഴുനിറഞ്ഞ അരിയും കൊണ്ട് അരവയർ നിറക്കാൻ പാടുപെടുന്നവന്റെ ദൈന്യത നിറഞ്ഞ കുടിലുകൾക്കു മുമ്പിൽ സാന്ത്വനത്തിന്റെ കൈത്തിരികളുമായി അവർ നിരന്തരം കയറിയിറങ്ങി. അക്കാലത്ത് വ്യാപകമായി പടർന്നുപിടിച്ച കോളറയിൽ നിന്നും നമ്മുടെ പ്രദേശത്തുകാർ രക്ഷപ്പെട്ടത് ഇവിടുത്തെ പരിസ്ഥിതി ഗുണം ഒന്നു കൊണ്ട് മാത്രമാണ്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഇവിടം ശാന്തമായല്ല കടന്നുപോയത്. പ്രസിദ്ധമായ കൽക്കത്താ തീസിസിനെ തുടർന്ന് 1948 ൽ കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടാൻ തുനിഞ്ഞ ഭരണ കൂടത്തിന്റെ ചെയ്തികൾ ചെറുത്തു നില്പിന്റെ മറ്റൊരദ്ധ്യയം എഴുതിച്ചേർത്തു. 48 ലെ നെല്ലെടുപ്പ് സമരത്തെ തകർക്കാൻ അവിടുത്തെ ജന്മിയെ സഹായിക്കാനായി വേങ്ങയിൽ നായനാർ 50 തോക്കുകളുമായി ചിറ്റാരി സംരക്ഷിക്കാൻ ഒരു ജാഥ നടത്തിയിരുന്നു. പ്രക്ഷോഭകരെ ഭയപ്പെടുത്താനുള്ള ശ്രമവുമായി മുന്നോട്ടു നീങ്ങിയ ജാഥകൊണ്ടൊന്നും ഇവിടുത്തുകാർ കുലുങ്ങിയതേയില്ല അവരുടെ വീറും വാശിയും കൂടിയതേയുള്ളു.

1962ൽ നിയമസാധുതയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ക്രൂര മർദ്ദനത്തിനും 41 ദിവസത്തെ ജയിൽ ജീവിതവും അനുഭവിക്കേണ്ടി വന്നവരാണ് കെ.പി.രാമൻ പണിക്കരും പറമ്പത്ത് അപ്പുകുട്ടിയും.

80 ദിവസം തുടർച്ചയായി നടന്ന വള്ളിക്കാനത്തെ മിച്ച ഭൂമി സമരം സ്വാതന്ത്ര്യത്തിനു ശേഷം നമ്മുടെ പഞ്ചായത്തിൽ നടന്ന ഏറ്റവും വിലയ ജന മുന്നേറ്റമാണ്. എം.പി.നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിലുള്ള ഈ സമരം കർഷക-കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ

മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതായിരുന്നു.

അസിനാർ വൈദ്യർ, മത്തിയാരി കണ്ണൻ, ഏര്യംകാരൻ കണ്ണൻ, കെ.പി. കണ്ണൻ നായർ, വളപ്പൻ നാരായണൻ, ചെന്തല കണ്ണൻ, നിലമ്പ്രത്ത് കുഞ്ഞമ്പു തുടങ്ങിയവർ പാണപ്പുഴയിലും കെ.പി.രാമൻ പണിക്കർ, പാനക്കാരൻ അപ്പക്കുട്ടി, പറമ്പത്ത് അപ്പക്കുട്ടി, ഇ. കൃഷ്ണൻ തുടങ്ങിയവർ കടന്നപ്പള്ളിയിലും കർഷക സംഘം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങളിൽ മുഖ്യസ്ഥാനത്തു നിന്നവരാണ്.

1948 ൽ പരിയാരം സാനറ്റോറിയത്തിന്റെ ആലോചനായോഗം ആതുര ശുശ്രൂഷാ രംഗത്തെ കുതിപ്പുകൾക്കു വേണ്ടിയുള്ള ആദ്യകിതപ്പായിരുന്നു. സൗജന്യമായി കിട്ടിയ 310 ഏക്ര ഭൂമിയിൽ 372 പേരെ കിടത്തി ചികിത്സിക്കാവുന്ന 9 ജനറൽ വാർഡുകളോടെ തുടങ്ങിയ ഈ ആശുപത്രി നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്ഷയരോഗികൾക്ക് ഏക ആശ്രയമായിരുന്നു. പ്രതിദിനം 16 ഔൺസ് പോഷക മൂല്യങ്ങളടങ്ങിയ ഭക്ഷണവും വിദഗ്ദരുടെ പരിചരണവും സൗജന്യമായി ലഭിച്ച രോഗ മൂർച്ഛയിൽ നിന്ന് രക്ഷപ്പെട്ടു വരുന്നവർ നിരവധിയാണ്. ഇന്ന് ഈ സ്ഥാപനത്തിന്റെ ഇല്ലായ്മയിലൂടെ നമുക്ക് നഷ്ടപ്പെട്ടത് ഒരു വലിയ വിഭാഗത്തിന്റെ പ്രതീക്ഷകളാണ്, നമ്മുടെ ഇന്നലെകളിലെ വലിയ നേട്ടങ്ങളിലൊന്നാണ്.

നമ്മുടെ പഞ്ചായത്തിൽ വിദ്യാലയങ്ങളുണ്ടാകുന്നതിന് വളരെ മുമ്പുതന്നെ നാട്ടെഴുത്താശാന്മാർ കുടിപള്ളിക്കൂടങ്ങൾ നടത്തിയിരുന്നു. അക്ഷരത്തിന്റെ മാഹാത്മ്യമറിഞ്ഞ് അതിന്റെ രുചിയറിയാൻ താല്പര്യ പൂർവ്വം മുന്നോട്ടുവന്ന സ്ത്രീകളടക്കമുള്ള ആളുകൾക്ക് വിദ്യ ആഭ്യസിപ്പിച്ചു കൊടുത്തവരിൽ പ്രധാനികളാണ് ഏര്യം പടഞ്ഞാറെ വീട്ടിൽ പലേരി എഴുത്തച്ഛനും, ചന്തുഗുരിക്കളും, പനയന്തട്ട രയരോത്ത് എഴുത്തച്ഛനും, പടിഞ്ഞാറെക്കരയിൽ എഴുത്തുട്ട് നടത്തിയ രാറ് ഗുരിക്കളും. ഇങ്ങനെ സംസ്കൃതം പഠിച്ച സ്ത്രീകളിൽ ചിലർ ഇന്നു ജീവിച്ചിരിപ്പുണ്ട്. ഇവർക്കു പുറമേ ധാരാളം നിലത്തെഴുത്താശാന്മാരും ഇവിടെയുണ്ടായിരുന്നതായി പറയപ്പെടുന്നു.

സാംസ്ക്കാരിക സാമൂഹിക രംഗങ്ങളിൽ വളരെ മുമ്പുതന്നെ പുതിയ പുതിയ മാറ്റങ്ങൾ ദൃശ്യമായിരുന്നു. അടുത്ത പ്രദേശങ്ങളിലൊന്നും ഇല്ലാതിരുന്ന കാലത്ത് ചന്തപ്പുരയിലുണ്ടായിരുന്ന സിനിമാക്കൊട്ടക ഈ പ്രദേശത്തുകാരുടെ സാംസ്കാരിക ജീവിതത്തിലുണ്ടായ മുന്നേറ്റങ്ങളുടെ ആദ്യചുവടാണ്.


കൃസ്ത്യൻ മത വിഭാഗം നമ്മുടെ പഞ്ചായത്തിലെത്തിയത് പാണപ്പുഴയിൽ കുടിയേറ്റക്കാരായും കടന്നപ്പള്ളിയിൽ ഫാദർ സുക്കോളോവിന്റെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ടുമായിരുന്നു. കാർഷിക മേഖലയിൽ അവർ നടത്തിയ പുത്തൻ പരീക്ഷണങ്ങൾ നമ്മുടെ കാർഷിക ചരിത്രത്തിലെ മറക്കാനാകാത്ത ഒരധ്യായമാണ്.

കൊല്ലും കൊലയ്ക്കുമധികാരമുള്ള പടിക്കൽ തറവാട്ടിൽ ജേഷ്ടാനുജന്മാരായി രണ്ട് ഭിഷഗ്വരന്മാരുണ്ടായിരുന്നതായി പറയപ്പെടുന്നു.പ്രതിഫലമില്ലാതെയുള്ള ഇവരുടെ ചികിത്സ മൂലം വിഷമിറങ്ങി രക്ഷപ്പെട്ടർ ഏറെയാണ്.

ഏഴോം വില്ലേജിൽ നിന്നെടുത്ത കടന്നപ്പള്ളിയും കുറ്റൂർ വില്ലേജിൽ നിന്നെടുത്ത 'സ്വരൂപശ്രീ' എന്ന ചെറുവിച്ചേരിയും ചേർന്ന് കടന്നപ്പള്ളി പഞ്ചായത്തും കുറ്റൂർ വില്ലേജിൽ നിന്നെടുത്ത പാണപ്പുഴ പ്രദേശം പാണപ്പുഴ പഞ്ചായത്തുമായി 1954ൽ രൂപം കൊണ്ടു. തുടർന്ന് 20-12-1963 ലാണ് ഇന്നത്തെകടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് നിലവിൽ വന്നത്.

പരമ്പരാഗത വ്യവസായങ്ങൾ ഏറെയുണ്ടായിട്ടുണ്ടെങ്കിലും വ്യാവസായിക-കാർഷിക മേഖലകളിൽ സമുലമായ ഒരു മാറ്റമോ പുരോഗതിയോ സൃഷ്ടിക്കാൻ കഴിയാതെ ഈ രംഗത്ത് നാമിന്നും ഇഴഞ്ഞു നീങ്ങുകയാണ്. മണ്ണും പ്രകൃതിയുമായി ഇഴുകി ച്ചേർന്നുകൊണ്ടുള്ള നമ്മുടെ ഭൂതകാല സാമൂഹ്യജീവിത ചിത്രം ഇന്ന് ഓർമ്മകളിൽപ്പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തമായ നമ്മുടെ മുൻതലമുറയിൽ നിന്നും ഇനിയും നാം എന്തൊക്കെയോ പഠിക്കേണ്ടിയിരിക്കുന്നു.

ഇന്നലെകളുടെ താളുകളിൽ നാം വായിക്കാതെ വിട്ടുകളഞ്ഞ വറ്റാത്ത ആവേശവും നിശ്ചയ ദാർഢ്യവും ഇന്നു നമുക്ക് കരുത്തു പകരുന്നവയാണ്. തെളിഞ്ഞ സ്മരണകളിലെ ആദ്യ പാഠങ്ങളിൽ നിന്ന്, കൊഴിഞ്ഞ പത്രങ്ങളിലെ അന്നജങ്ങളിൽ നിന്ന് അറിവിന്റെ പച്ചമരുന്ന് നല്കിയവർ, ഭൂതത്തിന്റെ കോട്ട കൊത്തളങ്ങളിൽ ത്യാഗത്തിന്റെ കയ്പുകുടിച്ച് പ്രാണൻ നിലനിർത്തിയ ഇവർ നാളത്തെ വഴിവക്കുകളിൽ നിന്ന് സ്നേഹത്തോടെ നമ്മോട് മുത്തു തേടാൻ പറയുമ്പോൾ വർത്തമാനത്തിന്റെ നേരുകൾ പേടിച്ച് നാം ശങ്കിച്ച് നില്ക്കരുത്. ഇനിയുള്ള ദിനങ്ങൾ നമ്മളുടേതാണ്. സാമ്രാജ്യത്വത്തിന്റെ കൊടിയടയാളങ്ങൾ പിഴുതെറിഞ്ഞ, കൊളോണിയൽ ഭരണാധികാരികളുടെ മുട്ടു വിറപ്പിച്ച ജനമുന്നേറ്റത്തിന്റെ ചരിത്രത്തണലിൽ നിന്ന് പുതിയ കൂട്ടായ്മയിലൂടെ തിരിച്ചറിവിന്റെ ഇണ ചേരലുകളിൽ ഈ പകൽക്കിനാവിന്റെ ഫലഭൂയിഷ്ടമായ മണ്ണിൽ നിന്നും നമുക്ക് നമ്മുടെ അന്നം തെരഞ്ഞെടുക്കാം.



കൃഷിയും ജലസേചനവും

കൃഷി

ഭൂപ്രകൃതിയനുസരിച്ച് കുന്നും ചരിവുകളും നീർചാലുകളും കുറച്ചു മാത്രം സമതലങ്ങളും അടങ്ങിയ കടന്നപ്പള്ളി. പാണപ്പുഴ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം കൃഷി തന്നെയാണ്. പഞ്ചായത്തിൽ 80%ൽ കൂടുതൽ ആളുകളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ കുന്നിൻ പ്രദേശങ്ങൾ ചെറിയ തോതിൽ മാത്രമേ കൃഷിക്കു വേണ്ടി ഉപയോഗിച്ചിരുന്നുള്ളു. ബാക്കി പ്രദേശങ്ങൾ കാടുകളാലും വൻ വൃക്ഷങ്ങളാലും ആവൃതമായിരുന്നു. ആയതുകൊണ്ട് മുൻ വർഷങ്ങളിൽ പഞ്ചായത്ത് പ്രദേശത്ത് മണ്ണൊലിപ്പ് ഒരു പ്രശ്നമുണ്ടായിരുന്നില്ല. കുന്നിൻ ചരിവുകളിൽ പഴയ കാലത്ത് പുനം കൃഷി ചെറിയ തോതിൽ ചെയ്തു വന്നിരുന്നു. കാടുകൾ വെട്ടിത്തെളിച്ച് അവിടെത്തന്നെ കത്തിച്ചാണ് പുനം കൃഷിക്ക് നിലം ഒരുക്കുന്നത്. നെല്ല്, തോര, മുത്താറി, ചാമ, വെള്ളരി മുതലായവയുടെ വിത്തുകൾ പ്രത്യേക അനുപാതത്തിൽ കൂട്ടിക്കലർത്തിയാണ് പുനം കൃഷി ചെയ്തു വന്നിരുന്നത്. ഫലപുഷ്ടിയുള്ള മണ്ണായതിനാൽ നല്ല രീതിയിലുള്ള ഉൽപാദനം മേൽ വിവരിച്ച ഇനങ്ങളിൽ നിന്നെല്ലാം വ്യത്യസ്ത സമയങ്ങളിലായി ലഭിച്ചിരുന്നു. കാട്ടു പ്രദേശങ്ങൾ നെല്ല്, തെങ്ങ്, കമുക് മുതലായ കൃഷികൾക്ക് ചേർക്കുന്നതിനാവശ്യമായ പച്ചിലവളം സുലഭമായി ലഭിക്കാൻ ഉപകരിച്ചിരുന്നു. കൂടാതെ പല തരത്തിലുള്ള ഔഷധ സസ്യങ്ങളുടെ ശേഖരം തന്നെ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. ശതാവരി, അടപതിയൻ, സർപ്പ ഗന്ധഗന്ധി, ഉറുതൂക്കി, ആടലോടകം, നന്നാറി, കാട്ടു പടവലം മുതലായവ സുലഭമായിരുന്നു. കൂടാതെ കന്നുകാലികളെ മേയ്ക്കുന്നതിന്നുംപ്രധാനമായും ഈ കുന്നിൻ പ്രദേശങ്ങളെയാണ് ആശ്രയിച്ചിരുന്നത്. വിവിധയിനം വന്യ മൃഗങ്ങളുടെ ആവാസ കേന്ദ്രങ്ങളായിരുന്നു ഈ കാട്ടു പ്രദേശങ്ങൾ.

സമുദ്ര നിരപ്പിൽ നിന്നും 8 മുതൽ 75 മീറ്റർ ഉയരത്തിലാണ് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം എടക്കോംതട്ട്, ആണ്. ഏറ്റവും താഴ്ന്ന പ്രദേശം കൊക്കോട്ടു വയലും.

മുൻകാലങ്ങളിൽ പഞ്ചായത്തിലെ പുഴകളിലും തോടുകളിലും എല്ലാ സമയത്തും ആവശ്യത്തിന് വെള്ളം ഉണ്ടായിരുന്നു. 1960-ന് ശേഷം തെക്കൻ കേരളത്തിൽ നിന്നും വൻ തോതിൽ കർഷകർ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലേക്ക് കുടിയേറിപ്പാർക്കുകയും , തുച്ഛമായ വിലക്ക് ലഭിച്ച കുന്നിൻ പ്രദേശങ്ങളിൽ കുരകൾ നിർമ്മിച്ച് താമസിക്കുകയും വനനിബിഡമായ കുന്നിൻ പ്രദേശങ്ങൾ വെട്ടിതെളിച്ച് വ്യാപകമായ രീതിയിൽ മരച്ചീനി കൃഷി ആരംഭിക്കുകയും ചെയ്തു. വന നശീകരണവും തുടർച്ചയായ മരച്ചീനി കൃഷിയും മണ്ണിന്റെ ഫലപുഷ്ടിക്കും കുറയ്ക്കുന്നതിനും വർഷകാലങ്ങളിൽ മണ്ണൊലിപ്പിന്റെ വേഗത കൂട്ടുന്നതിനും കാരണമായി. തന്മൂലം പല തോടുകളിലും മണ്ണടിയുകയും തോടിന്റെ ജല സംഭരണ ശേഷി ഗണ്യമായി കുറയുകയും പിൽക്കാലത്ത് ജലദൗർലഭ്യ മേഖലകളായി മാറുകയും ചെയ്തു. അശാസ്ത്രീയമായ കൃഷി മുറകളും വന നശീകരണവും വന്യജീവി സമ്പത്തിന്റെയും ഔഷധ സസ്യങ്ങളുടെയും നാശത്തിന് കാരണമായി. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ചരൽ കലർന്ന മണ്ണാണ് ഉള്ളത്.

പഞ്ചായത്തിലെ മുഖ്യ വിളവുകൾ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, റബ്ബർ എന്നിവയാണ്. കൂടാതെ വാഴ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, പച്ചക്കറികൾ എന്നിവയും ചെറിയ തോതിൽ കൃഷി ചെയ്തു വരുന്നു.

പട്ടിക.1

മൺതരങ്ങൾ

ഇനം	വിസ്തീർണ്ണം
1. ലാറ്ററൈറ് മണ്ണ്	12453 ഏക്കർ
2. കളിമണ്ണ്	802

പട്ടിക.2.

കൈവശ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

1-10 സെൻറർ	10-25 സെൻറ്	25-50 സെൻറ്	50-1ഏ	1മുതൽ 2ഏക്കർ	2മുതൽ 5ഏക്കർ	5ഏമുതൽ മുകളിൽ
457	824	965	1339	1250	885	364

ആളോഹരി കൈവശ ഭൂമി.0.56 ഏക്കർ

പട്ടിക.3

	ആകെ വിസ്തീർണ്ണം ഇനം തിരിച്ച്
നെല്ല്	175ഹെക്ടർ
പച്ചക്കറി	25 ,,
തെങ്ങ്	610 ,,
വാഴ	40 ,,
കുരുമുളക്	200ഹെ
പ്ലാവ്, മാവ്	40 ,,
കശുവണ്ടി	1252 ,,
റബ്ബർ	1400 ,,
കമുക്	575 ,,
	4317ഹെക്ടർ
പുറംപോക്ക്	296 ,,
പാറ	480 ,,
• കൃഷിയോഗ്യമായ തരിശ്	169 ,,
കെട്ടിടം	40 ,,
ആകെ	5302ഹെക്ടർ ==========

നെൽകൃഷി

പഞ്ചായത്തിൽ മൊത്തം 1985-ലെ കണക്കുകളനുസരിച്ച് 25- ഹെക്ടർ നെൽ കൃഷിയാണ് ഉണ്ടായിരുന്നത്. കാലാവസ്ഥയെ മാത്രം ആശ്രയിച്ചാണ് നെൽ കൃഷി ചെയ്തു വരുന്നത്. മുൻകാലങ്ങളിൽ നാടൻ ഇനങ്ങളായ അല്ലിക്കണ്ണൻ, മാലക്കാരൻ, തയ്യൻ മുതലായ ഇനങ്ങൾ ഒന്നാം വിളക്കും ചിറ്റേനി, അരിക്കിരായി, തവളക്കണ്ണൻ, കുഞ്ഞിനെല്ല്, രാജകയ്മ, നവര മുതലായ ഇനങ്ങൾ രണ്ടാം വിളക്കും കൃഷി ചെയ്തു പോന്നിരുന്നു. മൂന്നാം വിളയും കൃഷി ചെയ്തിരുന്നുവെങ്കിലും കാലക്രമേണ അനുഭവപ്പെട്ട ജല ദൗർലഭ്യം മൂലം മൂന്നാം വിള നെൽകൃഷി പഞ്ചായത്തിൽ നിശ്ശേഷം ഇല്ലാതായി. മേൽ വിവരിച്ച ഇനങ്ങൾക്ക് ഉൽപാദനം പൊതുവെ കുറവായിരുന്നു. വിത്ത് വിതയ്ക്കുന്ന രീതിയാണ് പഴയ കാലങ്ങളിൽ അവലംബിച്ചിരുന്നത്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവത്തോടുകൂടി കർഷകർ ശാസ്ത്രീയമായ കൃഷി രീതി അവലംബിക്കുവാൻ തുടങ്ങി. ഐ.ആർ.8, ജയ, ജ്യോതി, ത്രിവേണി മുതലായ മധ്യകാല മൂപ്പുള്ള ഇനങ്ങളും ഹ്രസ്വകാല ഇനങ്ങളുമാണ് കൃഷി ചെയ്തു വന്നത്. ഈ ഇനങ്ങൾ ഞാറ്റടി തയ്യാറാക്കി പറിച്ചു നടുന്ന രീതി കൃഷിക്കാർ അനുവർത്തിക്കാൻ തുടങ്ങി. രാസ വള പ്രയോഗവും, കീടനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കൃഷിക്കാർ ബോധവാന്മാരായതോടുകൂടിയും ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചു. ആവശ്യാനുസരണം ജലസേചന, ജല നിർഗ്ഗമന സൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ടും കാർഷിക വൃത്തിക്കാവശ്യമായ തൊഴിലാളികളുടെ കുറവും, രാസവളത്തിന്റെയും കീടനാശിനികളുടെ ആവശ്യാനുസരണമുള്ള ലഭ്യതക്കുറവും മറ്റ് നാണ്യവിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽ കൃഷിയിൽ നിന്നും പിൻതിരിയാനും നെൽ വയലുകൾ നികത്തി കമുക്, തെങ്ങ് മുതലായ നാണ്യ വിളകൾ കൃഷി ചെയ്യാൻ പ്രേരണ നൽകുകയും ചെയ്തു. ഇതു കാരണം 1995-96 വർഷത്തിലേക്ക് പഞ്ചായത്തിൽ നെൽ കൃഷിയുടെ വ്യാപ്തി 175 ഹെക്ടറായി കുറയാൻ കാരണമായി. അതുപോലെ നെൽ വയലുകളുടെ തുണ്ട വൽക്കരണം മൂലം നെൽ കർഷകരുടെ കൈവശ ഭൂമിയുടെ വ്യാപ്തി വളരെ കുറഞ്ഞിട്ടുള്ള രീതിയിലേക്ക് എത്തപ്പെട്ടതും കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം നെൽ കൃഷിയോട് വൈമുഖ്യത്തിന് കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ ശരാശരി ഉൽപാദനം ഹെക്ടറിൽ 3400 കി.ഗ്രാമാണ്.

നിർദ്ദേശങ്ങൾ

1. എല്ലാ പാടശേഖരങ്ങളിലും ആവശ്യാനുസരണം ജലസേചനം ജല നിർഗ്ഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. പാടശേഖര അടിസ്ഥാനത്തിൽ യന്ത്രവൽ

ക്കരണം നടപ്പിലാക്കുക.

3. കൂട്ടു കൃഷി സമ്പ്രദായം അനുവർത്തിക്കുക. കൂട്ടായ നിലമൊരുക്കൽ, ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കൂട്ടായ വളപ്രയോഗം, കൂട്ടായ കീട നിയന്ത്രണം എന്നിവ നടപ്പിലാക്കുക, അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ആവശ്യാനുസരണം കൃത്യസമയത്ത് ലഭ്യമാക്കുക.

4. രാവസളം കീടനാശിനി എന്നിവ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

5. ജൈവ വളപ്രയോഗം മെച്ചപ്പെടുത്തുന്നതിലേക്കായി, പച്ചില വളച്ചെടി വിത്തുകൾ കർഷകന് സൗജന്യമായി ലഭ്യമാക്കുക.

6. വിപണന സൗകര്യം പഞ്ചായത്ത് തലത്തിൽ ഉറപ്പു വരുത്തുക. യൂണിറ്റ് ഏരിയായിൽ നിന്നും ഉൽപാദനം കൂട്ടുന്നതിലേക്കായി രണ്ടാം വിളക്ക് ശേഷം പാടശേഖരങ്ങളിൽ പച്ചക്കറി ഉൽപാദനം നടത്തുന്നതിനാവശ്യമായ ഉപാധികൾ കർഷകർക്ക് ലഭ്യമാക്കുക.

7. കർഷക തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.

1985 മുതൽ 95 വരെയുള്ള വർഷങ്ങളിൽ നെൽ വയലുകൾ നികത്തപ്പെട്ടത് സംബന്ധിച്ച വിവരങ്ങൾ

വിള	വിസ്തീർണ്ണം	വർഷം	നികത്തപ്പെട്ട തിന്റെ വിസ്തീർണം
	1985-86	1995-96	
ഒന്നാം വിള	250 ഹെ	175 ഹെ	75 ഹെ
രണ്ടാം വിള	200 ഹെ	160 ഹെ	40 ഹെ
മൂന്നാം വിള	ഇല്ല		

തെങ്ങ്

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ മൊത്തം 610 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നിലവിലുണ്ട്. നാടൻ ഇനമായ TxD, DxT ഇനങ്ങളും ചെറിയ തോതിൽ കൃഷി ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിലെ ശരാശരി ഉൽപാദനം തെങ്ങൊന്നിന് 32 നാളികേരമാണ്. അശാസ്ത്രീയമായ നടീൽ രീതികളാണ് പല കർഷകരും അവലംബിച്ചു വന്നിട്ടുള്ളത്. ശാസ്ത്രീയാടിസ്ഥാനത്തിൽ ഹെക്ടർ ഒന്നിൽ 175 തെങ്ങു കൃഷി ചെയ്യേണ്ടിടത്ത് മിക്കവാറും തോട്ടങ്ങളിൽ ഹെക്ടർ ഒന്നിന് 250-ന് മേലെ കൃഷി ചെയ്തതായി കണ്ടു വരുന്നു. ഇത് ചെടികൾ തമ്മിൽ സൂര്യപ്രകാശത്തിനും പോഷകമൂലകത്തിനും ഉള്ള മത്സരത്തിനിടയാക്കുകയും ഉൽപാദനക്കുറവിന് കാരണമാകുകയും ചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ ഏതാണ്ട് 50% ജലസേചനം നടത്തി വരുന്നു. ഇതിൽ ഭൂരിഭാഗവും പുഴയിൽ നിന്നാണ് ജലസേചനം നടത്തുന്നത്. പഞ്ചായത്തിൽതെങ്ങ് കൃഷിയെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം രോഗകീടബാധയാണ്. രോഗങ്ങളിൽ പ്രധാനമായും കുമ്പു ചീയൽ, ചെന്നീരൊലിപ്പ് എന്നിവയാണ്. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയുടെ ആക്രമണവും ചില കാലങ്ങളിൽ തെങ്ങിൻതോപ്പുകളിൽ കണ്ടു വരുന്നു. പഞ്ചായത്തിലെ ചെറിയ ശതമാനം തെങ്ങുകൾ കള്ള് ചെത്ത് വ്യവസായത്തിന് വേണ്ടി ഉപയോഗിക്കുന്നു.

നിർദ്ദേശങ്ങൾ

1. ഉൽപാദന ശേഷി കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചു മാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തെങ്ങുകൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകുക.

2. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയത്ത് കൃഷിക്കാർക്ക് ലഭ്യമാക്കുക.

3. തെങ്ങിൻ തോപ്പിൽ ജൈവവള കൃഷി പ്രോത്സാഹിപ്പിക്കുക, ശാസ്ത്രീയാടിസ്ഥാനത്തിൽ രാസവള പ്രയോഗം, കീട നിയന്ത്രണം എന്നിവ ഉറപ്പു വരുത്തുക.

4. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി കിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് സാമ്പത്തിക സഹായവും നൂതന ജലസേചനോപാധികളായ സ്പ്രിംക്ലർ, ഡ്രിപ്പ് എന്നിവക്ക് സാമ്പത്തീക സഹായങ്ങളും നൽകുക.

5. തെങ്ങിൻതോപ്പിൽ വാഴ, കൈതച്ചക്ക, ചേന, ചേമ്പ്, കുരുമുളക്, ജാതി, ഗ്രാമ്പു മുതലായ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.

6. പഞ്ചായത്ത് തലത്തിൽ കൊപ്ര സംഭരണം ഉറപ്പു വരുത്തുകയും കർഷകന് ന്യായമായ വില ലഭ്യമാക്കുകയും ചെയ്യുക.

7 വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം കൊടുക്കുക.

കമുക്:

പഞ്ചായത്തിൽ കമുക് കൃഷിയുടെ വിസ്തൃതി 575 ഹെക്ടറാണ്. ഇത് പ്രധാനമായും കൃഷിചെയ്തു വരുന്നത് വയൽക്കരകളിലും അരുവിയോരങ്ങളിലുമാണ്. നാടൻ ഇനങ്ങളാണ് പൊതുവെ കൃഷി ചെയ്തു വരുന്നത്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ പൊതുവെ ഗുണമേന്മയുള്ള ഉൽപന്നമാണ് ഇവിടെ നിന്നും ലഭിക്കുന്നത്. അടുത്ത കാലത്തായി അത്യുൽപാദന ശേഷിയുള്ള ഇനങ്ങളായ മംഗള, സുമംഗള, ശ്രീ മംഗള, മോഹിത് നഗർ മുതലായവ കൃഷി ചെയ്യുവാനാണ് കർഷകർ താൽപര്യം കാണിക്കുന്നത്. മിക്കവാറും കമുകിൻ തോപ്പുകളെല്ലാം ജലസേചന സൗകര്യങ്ങളുള്ളവയാണ്. സാമാന്യം നല്ല ഉൽപാദനവും വിലയും ലഭിക്കുന്നതിനാൽ കർഷകർ പാടങ്ങൾ നികത്തി വ്യാപകമായി കമുക് കൃഷി ചെയ്തു വരുന്ന ഒരു പ്രവണത കണ്ടു വരുന്നു. കമുക് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മഹാളി രോഗം ഒരു പേടി സ്വപ്നമായി അവശേഷിക്കുന്നു. മഴ കൂടുതലുള്ള വർഷങ്ങളിലാണ് മഹാളി രോഗം ഏറ്റവും കൂടുതൽ കണ്ടു വരുന്നത്. രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ പല കർഷകരും സ്വീകരിച്ചു വരുന്നു.

നിർദ്ദേശങ്ങൾ

1. അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുക.
2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പ്സെറ്റ്, സ്പ്രിംഗ്ലർ, ഡ്രിപ്പ് എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
3. ശാസ്ത്രീയാടിസ്ഥാനത്തിൽ രാസവളങ്ങളും ജൈവവളങ്ങളും ചേർക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക, ഇടവിളയായി പൈനാപ്പിൾ, കുരുമുളക്, വാഴ, വെറ്റില എന്നിവ പ്രോത്സാഹിപ്പിച്ച് യൂനിറ്റ് ഏരിയയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുക.
4. മഹാളി രോഗത്തിനെതിരെ കുമിൾ നാശിനി പ്രയോഗം കൂട്ടായി ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ സ്പ്രെയിംഗ് സ്കാഡ് രൂപീകരിക്കുക.
5. ഉൽപന്നത്തിന്റെ ന്യായ വില ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ 'കാംകോ' സംഭരണ ഡിപ്പോ സ്ഥാപിക്കുക.

കുരുമുളക്:

ഒരു കാലത്ത് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ കർഷകരുടെ പ്രധാന വരുമാന മാർഗ്ഗമായ കുരുമുളക് കൃഷി ദൈനംദിനം നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിലാണിന്നുള്ളത്. ഇതിന് കാരണം കുരുമുളക് ചെടിയെ ബാധിക്കുന്ന മാരകമായ ദ്രുതവാട്ടരോഗമാണ്. മൊത്തം കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ 200 ഹെക്ടർ സ്ഥലത്താണ് കുരുമുളക് കൃഷിയുള്ളത്. പ്രധാനമായും കല്ലുവള്ളി, കരിമുണ്ട, ഉതിരൻകാട്ട, അരക്കളവൻമുണ്ട മുതലായ നാടൻ ഇനങ്ങളും, പന്നിയൂർ.1 പന്നിയൂർ.2 മുതലായ അത്യുല്പാദനശേഷിയുള്ള ഇനങ്ങളും കൃഷി ചെയ്തു വരുന്നു. ശാസ്ത്രീയാടിസ്ഥാനത്തിൽ ദ്രുതവാട്ടരോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ കർഷകർ അനുവർത്തിച്ചു വരുന്നുണ്ടെങ്കിലും വേണ്ടത്ര ഫലം ലഭിക്കുന്നില്ല എന്നതാണ് കർഷകരുടെ പക്ഷം. ആയതു കൊണ്ടു തന്നെ കുരുമുളക് കൃഷി പുതുതായി ചെയ്യാൻ കർഷകർക്ക് താല്പര്യമില്ലാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. താങ്ങ് കാലുകളുടെ ലഭ്യതക്കുറവും, കുരുമുളക് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. കുരുമുളക് തളിരിടുന്ന സമയത്ത് ആവശ്യാനുസരണം മഴ ഇല്ലായ്മ പരാഗണത്തെസാരമായി ബാധിക്കുകയും തൽഫലമായി ഉൽപ്പാദനത്തിൽ ഗണ്യമായ കുറവിന്നിടയാക്കുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. രോഗപ്രതിരോധ ശേഷിയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ശാസ്ത്രീയാടിസ്ഥാനത്തിൽ വളപ്രയോഗവും കീടനാശിനി പ്രയോഗവും, ജൈവ വളപ്രയോഗവും പുതയിടൽ മുതലായ കാർഷിക മുറകൾ അനുവർത്തിക്കുക.
3. ദ്രുതവാട്ട രോഗ നിയന്ത്രണത്തിനായി കുരുമുളക് സമിതികൾ സ്കാഡ് രൂപീകരിച്ച് രോഗം ബാധിച്ച വള്ളികൾ തോട്ടത്തിൽ നിന്നും നീക്കം ചെയ്യുകയും കുമിൾ നാശിനിപ്രയോഗം യഥാസമയത്ത് എല്ലാ കർഷകരെകൊണ്ടും ചെയ്യുന്നതിന് നേതൃത്വം നൽകുകയും ചെയ്യുക.
4. കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് സംഭരണം, വിപണനം എന്നിവ ഉറപ്പു വരുത്തുക.

കശുമാവ്:

മറ്റു കൃഷികൾക്കൊന്നും യോഗ്യമല്ലാത്ത കുന്നിൻ പ്രദേശങ്ങളിലാണ് കശുമാവ് കൃഷി ചെയ്തു വരുന്നത്. മുൻകാലങ്ങളിൽ ഫലഭൂയിഷ്ടമായ പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്ന കശുമാവുകളെല്ലാം തന്നെ വെട്ടിമാറ്റി പകരം റബ്ബർ കൃഷി വ്യാപകമാക്കുന്നതിനുള്ള ഒരു പ്രവണത ജനങ്ങളിൽ കണ്ടു വരുന്നു. ഇതിന് പ്രധാന കാരണം റബ്ബർ കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനകൂടുതൽ ഒന്നുമാത്രമാണ്.

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ മൊത്തം 1252 ഹെക്ടറിൽ കശുമാവ് കൃഷി വ്യാപിച്ചു കിടക്കുന്നു. ഇതിൽ ചെറിയൊരു ശതമാനം ഒഴിച്ചു ബാക്കിയെല്ലാം തന്നെ വിത്തിൽ നിന്നും മുളപ്പിച്ചെടുക്കുന്ന തൈകൾ ഉപയോഗിച്ചു കൃഷി ചെയ്തവയാണ്. ആയതുകൊണ്ട് തന്നെ ഇവ ഉല്പാദനത്തിന്റെറ കാര്യത്തിൽ അത്യുല്പാദനശേഷിയുള്ള ഇനങ്ങളെക്കാൾ വളരെ പിറകിലാണ്. കർഷകർ വേണ്ടത്ര പരിരക്ഷയൊന്നും ഈ കൃഷിക്ക് നൽകാറില്ല. അടുത്ത കാലത്തായി കശുമാവ് കൃഷി പരിപോഷിപ്പിക്കുന്നതിന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പല പദ്ധതികളും കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

നിർദ്ദേശങ്ങൾ

1. പ്രായാധിക്യം കൊണ്ടും രോഗകീടബാധകൊണ്ടും ഉല്പാദനശേഷികുറഞ്ഞ മരങ്ങൾ മുറിച്ച് നീക്കം ചെയ്ത്, ഉല്പാദനശേഷിയുള്ളവ(ഗ്രാഫ്റ്റ്) കൃഷി ചെയ്യുക.
2. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ (ഒട്ടു തൈകൾ)കർഷകർക്ക് യഥാസമയം ലഭ്യമാക്കുക.
3. ശാസ്ത്രീയാടിസ്ഥാനത്തിൽ വളപ്രയോഗം കീടനാശിനി പ്രയോഗം എന്നിവ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരുത്തുന്നു എന്നതുകൊണ്ട് തന്നെ രാസവള കീടനാശിനി പ്രയോഗത്തിൽ കർഷകരെ ബോധവൽകരിക്കുകയും സാമ്പത്തികാനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.

റബ്ബർ:

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യുന്ന ഒരു നാണ്യവിളയാണ് റബ്ബർ, മൊത്തം 1400 ഹെക്ടറിൽ റബ്ബർ കൃഷി ചെയ്തു വരുന്നു. റബ്ബർ കൃഷിയിൽ നിന്നു ലഭിക്കുന്ന ഉയർന്ന വരുമാനവും, റബ്ബർ കൃഷി ചെയ്യുന്നതിനു റബ്ബർ ബോർഡിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും കർഷകർക്ക് നല്ലരീതിയിലുള്ള പ്രചോദനം നൽകുന്നുണ്ട്. ഈ പ്രചോദനം ഒരു പരിധി വരെ കശുമാവിൻ തോപ്പുകളുടെ നാശത്തിനു വഴിതെളിയിച്ചിട്ടുണ്ട്. കുടിയേറ്റ കർഷകരുടെ ആഗമനത്തോടുകൂടി റബ്ബർ കൃഷി കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ ആരംഭിച്ചത്. 35 വർഷത്തെ കാലയളവിനുള്ളിൽ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗമായി തീരാൻ റബ്ബർ കൃഷിക്ക് സാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വിത്തിൽ നിന്നും മുളപ്പിച്ചെടുക്കുന്ന നടീൽ വസ്തുക്കൾ ആണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ഇത് പൊതുവെ ഉല്പാദനശേഷികുറഞ്ഞവയായിരുന്നു. എന്നാൽ അത്യുല്പാദനശേഷിയുള്ള ഇനങ്ങളായ RR II 105, RRII 300, RR II 203, RRIM 600, RRIM 605 മുതലായ ഇനങ്ങളുടെ ബഡ് തൈകളാണ് കൃഷി ചെയ്തു വരുന്നത്. റബ്ബർ കൃഷിക്ക് വളരെ അനുകൂലമായ കാലാവസ്ഥയാണ് പൊതുവെ കണ്ണൂർ ജില്ലയിലേത്. 200 സെ.മീ.കൂടുതൽ മഴയും 25^0 മുതൽ 35^0 സെൻറീഗ്രേഡിലുള്ള താപനിലയും ചെരിഞ്ഞു കിടക്കുന്ന ഭൂപ്രകൃതിയും റബ്ബർ ഉല്പാദനത്തിന് വളരെ അനുകൂലമായ ഘടങ്ങളാണ്. ഒരു പരിധിവരെ മണ്ണൊലിപ്പ് തടയുന്നതിന് റബ്ബർ കൃഷി സഹായകരമായി തീർന്നിട്ടുണ്ട്. മറ്റ് കൃഷികളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രശ്നങ്ങൾ കുറഞ്ഞ ഒരു കൃഷിയാണിത്. ഇത് കൂടി ജനങ്ങളെ റബ്ബർ കൃഷിയിലേക്ക് ആകൃഷ്ടരാക്കാൻ സ്വാധീനിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ അംഗീകൃത ഏജൻസികൾ വഴിതന്നെ ലഭ്യമാക്കുകയും വിതരണം നടത്തുന്ന നടീൽ വസ്തുക്കൾ ഗുണ നിലവാരം പുലർത്തുന്നതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. പഞ്ചായത്ത് തലത്തിൽ സംഭരണവും വിതരണവും ന്യായ വിലയും ഉറപ്പു വരുത്തുക. പഞ്ചായത്ത് തലത്തിൽ ചെറുതും വലുതുമായ റബ്ബർ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കയാണെങ്കിൽ അത് കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കാൻ സഹായകരമായിരിക്കും.
3. രോഗ നിയ്രന്തണത്തിനുള്ള കുമിൾ നാശിനി പ്രയോഗം കൂട്ടായി ചെയ്യുന്നത് ഈ രംഗത്തെ ചെലവ് കുറക്കുന്നതിന് സാധിക്കും.

വാഴ:

പഞ്ചായത്തിൽ മൊത്തം 40 ഹെക്ടറിലാണ് വാഴ കൃഷി ചെയ്തു വരുന്നത്. പ്രധാനമായും നേന്ത്രൻ, ഞാലി പൂവ്വൻ, പാളയങ്കോടൻ എന്നിവയാണ് കൃഷി ചെയ്തു വരുന്നത്. ഇതിൽ നേന്ത്രൻ ഒഴിച്ച് മറ്റിനങ്ങൾ തെങ്ങിൻ തോപ്പിലും കമുകിൻ തോപ്പിലും ഇടവിളയായി കൃഷി ചെയ്തു വരുന്നു. ജലസേചനം ആവശ്യമുള്ളതിനാൽ നേന്ത്രവാഴ കൃഷി ചെയ്യുന്നത് വയലിനോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലാണ്. മിക്കവാറും വർഷങ്ങളിലുണ്ടാകുന്ന പ്രകൃതി ക്ഷോഭം നേന്ത്രവാഴ കൃഷിക്ക് വ്യാപകമായ തോതിൽ നാശം സൃഷ്ടിക്കാറുണ്ട്. ഈ രീതിയിലുള്ള നഷ്ടം കർഷകർക്ക് താങ്ങാനാവത്തതു കാരണം പല കർഷകരും ഈ കൃഷിയിൽ നിന്നും പിന്തിരിയുന്ന ഒരു കാഴ്ചയാണ് ഈ പ്രദേശത്ത് കാണാൻ സാധിക്കുന്നത്. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കർഷകരെ നേന്ത്രവാഴ കൃഷിയിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിച്ച വസ്തുതകളാണ്. വാഴ കൃഷിയെ സംബന്ധിച്ചിടത്തോളം ഉൽപാദനത്തിന് ന്യായ വില ലഭിക്കുന്നില്ല എന്നതും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമാണ്. പ്രധാനമായും വിൽപനക്കായി ആശ്രയിക്കുന്നത് ആഴ്ച ചന്തകളെയാണ്. ചന്തകളിൽ ഉൽപന്നം ധാരാളമായി കർഷകർ കൊണ്ടു വരുന്ന അവസരങ്ങളിൽ കച്ചവടക്കാർ വിലപേശുകയും വളരെ താഴ്ന്ന നിരക്കിൽ ഉൽപന്നം വിൽക്കാൻ കർഷകർ നിർബന്ധിതനാവുകയും ചെയ്യുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. ഇതും വാഴ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ കുടുംബങ്ങളിലും ചുരുങ്ങിയത് 10 വാഴകൾ വീതം കൃഷി ചെയ്ത് സ്വന്തം ആവശ്യത്തിനുള്ളകായ ഉൽപാദനം ഉറപ്പു വരുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
2. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
3. ഉൽപന്നത്തിന് ന്യായമായ വില ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നേന്ത്രക്കായ സംഭരണം വിതരണം എന്നിവ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
4. പഞ്ചായത്ത് തലത്തിൽ നേന്ത്രക്കായ ഉപയോഗിച്ച് ചിപ്പ്സ് മുതലായ വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

പച്ചക്കറി:

പഞ്ചായത്തിൽ വളരെ ചെറിയ അളവിൽ മാത്രമേ പച്ചക്കറി കൃഷി ചെയ്തു വരുന്നുള്ളൂ. ഇവയിൽ മിക്കതും സ്വന്തം കുടുംബാവശ്യത്തിന് വേണ്ടി മാത്രമുള്ളതാണ്. ഏതാനും ചില കർഷകർ മാത്രമാണ് വ്യാപകമായ തോതിൽ പച്ചക്കറി കൃഷി ചെയ്യുന്നത്. പ്രധാനമായും ഒറ്റിള നെൽപാടങ്ങളാണ് ഈ കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത്. കൃഷി ചെയ്യുന്ന പ്രധാന ഇനങ്ങൾ പാവൽ, പയർ, വെള്ളരി, ചീര എന്നിവയാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്ക്(വേനൽക്കാല പച്ചക്കറി) വളരെയധികം സാദ്ധ്യതയുള്ളതാണ്. ഇതിന് പ്രധാന കാരണം ഒറ്റ വിള നെൽപാടങ്ങൾ ധാരാളമുണ്ട് എന്നതു തന്നെയാണ്. ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഏറ്റവും കൂടുതൽ ലാഭത്തിനുതകുന്ന ഒരു കൃഷിയാണ് പച്ചക്കറി കൃഷി. ആയതുകൊണ്ട് തന്നെ ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ട് തരിശിടുന്നതും ഒറ്റ വിളയെടുക്കുന്നതുമായ പാടശേഖരങ്ങളിലെല്ലാം തന്നെ പച്ചക്കറി കൃഷി ചെയ്യുന്നതിനു കൂട്ടായ സമീപനം ഉണ്ടാവേണ്ടത് പഞ്ചായത്തിലെ കർഷകരുടെ സാമ്പത്തിക പുരോഗതിക്ക് അത്യാവശ്യമാണ്. ഇന്നത്തെ സ്ഥിതിയിൽ പച്ചക്കറി ഉപഭോഗം കാര്യമായി നടക്കുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കയറ്റി വരുന്ന പച്ചക്കറിയെ ആശ്രയിച്ചാണ്. അതു പോലെ തന്നെ ലഭിക്കുന്ന പച്ചക്കറിയുടെ വില നിലവാരത്തിനെക്കുറിച്ചോ രോഗ കീട നിയന്ത്രണത്തിനായി അതിനുപയോഗിച്ചിരിക്കുന്ന വിഷാംശത്തെക്കുറിച്ചോ, ഗുണ ഭോക്താക്കളായിരിക്കുന്ന ആരും ശ്രദ്ധിക്കാറില്ല.

നിർദ്ദേശങ്ങൾ

1. പച്ചക്കറി ഉൽപാദനത്തെയും ഉപഭോഗത്തിനെയും കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക. രാസവള പ്രയോഗം, ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് കർഷകരെ ബോധവന്മാരാക്കുക.
2. ആവശ്യമായ വിത്തിനങ്ങൾ യഥാ സമയം കർഷകർക്ക് ലഭ്യമാക്കുക.
3. ജലസേചനോപാധികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുക.
4. ഉൽപാദകന് ന്യായ വില ലഭ്യമാക്കുന്നതിന് സംഭരണം, വിതരണം എന്നിവ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

പയർ വർഗ്ഗം:

പഞ്ചായത്ത് തലപ്രദേശത്ത് പ്രധാനമായും കൃഷി ചെയ്യുന്ന പയർ വർഗ്ഗത്തിൽപ്പെട്ട ഇനങ്ങളാണ് ഉഴുന്ന്, വൻപയർ എന്നിവ. സാധാരണയായി ഒന്നാം വിള കൊയ്തു കഴിഞ്ഞ ശേഷമാണ് ഒറ്റവിള നെൽപാടങ്ങളിൽ ഈ കൃഷി ചെയ്തു വരുന്നത്. ജൈവവളത്തിന്റെ ലഭ്യതക്കുറവ് മൂലം പ്രത്യേകിച്ചും, കർഷകർ നെൽ കൃഷിക്ക് ജൈവവളം ഉപയോഗിക്കാത്ത അവസ്ഥ നിലനിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പയർ വർഗ്ഗത്തിൽ പെട്ട ചെടികൾ പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നത് മണ്ണിന്റെ ജൈവാംശം കൂട്ടുന്നതിനും സൂക്ഷ്മാണു പ്രവർത്തനം മൂലം അന്തരീക്ഷത്തിൽ നിന്നും പാട്യജനകം വലിച്ചെടുത്ത് മണ്ണിൽ നിക്ഷേപിക്കുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ടത വർദ്ധിപ്പിക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വളരെ പ്രയോജനകരമാണ്.

നിർദ്ദേശങ്ങൾ

1. ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ വിത്തുകൾ യഥാ സമയം കർഷകർക്ക് ലഭ്യമാക്കണം.
2. പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതു കൊണ്ടുള്ള ഗുണങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം.
3. കുട്ടായ കീട രോഗനിയന്ത്രണോപാധികൾ അവലംബിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
4. ശാസ്ത്രീയ വള പ്രയോഗരീതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം.

മാവ്, പ്ലാവ്:

പഞ്ചായത്തിൽ മാവും പ്ലാവും ഒന്നെങ്കിലുമില്ലാത്ത പുരയിടങ്ങൾ ഇല്ലെന്നു തന്നെ പറയാം. നാടൻ ഇനങ്ങളായ പുളിയൻ, ഒളമാവ് എന്നീ മാവിനങ്ങളും, പഴം, വരിക്ക എന്നീ പ്ലാവിനങ്ങളുമാണ്. ഇവയിൽ മിക്കവാറും ഈ ഇനങ്ങൾക്ക് ഇന്ന് നാശം നേരിട്ടുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണുള്ളത്. പ്രധാനമായും പ്ലാവ് കെട്ടിട നിർമ്മാണത്തിനും, മാവ് വ്യവസായ ആവശ്യങ്ങൾക്കും വേണ്ടി കൂടിയ തോതിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും മുറിച്ചു മാറ്റപ്പെടുന്നു. അതുകൊണ്ടു തന്നെ പഴയ കാലങ്ങളിൽ ഉണ്ടായിരുന്ന പലയിനം മാവുകളും ഇന്ന് നമുക്ക് അന്യം വന്നു പോയിട്ടുണ്ട്. അടുത്ത കാലത്തായി കൃഷി വകുപ്പിൽ നിന്ന് ചെറിയ തോതിൽ അത്യുൽപാദന ശേഷിയുള്ള നീലം, കാലപ്പാടി, മുണ്ടപ്പ, ബെന്നിഷൻ, സുവർണരേട്, അൽഫോൻസ മുതലായ മാവ് ഇനങ്ങളുടെ കൂട്ടു തൈകൾ വിതരണം ചെയ്തു വരുന്നു. മാങ്ങ, ചക്ക, എന്നിവ ധാരാളമായി ഈ പ്രദേശത്തു ലഭിക്കുന്നുവെങ്കിലും അതുവേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് സംസ്കരിച്ച് ജാം, സ്കാഷ്, ചിപ്സ് എന്നിവ ഉണ്ടാക്കി വിപണനം നടത്തുന്നതിന് കാര്യമായ സംവിധാനങ്ങളൊന്നും തന്നെ നമ്മുടെ പ്രദേശത്ത് ഇന്ന് നിലവിലില്ല.

നിർദ്ദേശങ്ങൾ

1. മാങ്ങ, ചക്ക എന്നിവ സംഭരിക്കുന്നതിനും, സംസ്കരിച്ച് വിപണനം നടത്തുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.
2. അന്യം വന്നുപോകുന്ന നാടൻ മാവിനങ്ങൾ മുറിച്ച് മാറ്റുന്നത് നിരുത്സാഹപ്പെടുത്തുക.

ഇഞ്ചി:

മുൻകാലങ്ങളിൽ ധാരാളമായി ഇഞ്ചി കൃഷി ഉണ്ടായിരുന്ന പ്രദേശമായിരുന്നു കടന്നപ്പള്ളി-പാണപ്പുഴ. ചുക്കിന്റെ വിലയിലുണ്ടായ വൻ തകർച്ചയും ഇഞ്ചി കൃഷിക്ക് വ്യാപകമായി ബാധിക്കുന്ന അടുക്കൽ രോഗവും കാരണം പല കർഷകരും ഈ കൃഷിയിൽ നിന്നും പിറകോട്ടു പോന്നു. ഫലപുഷ്ടമായ മണ്ണാണ് ഇഞ്ചി കൃഷിക്കാവശ്യം. ഇത്തരത്തിലുള്ള സ്ഥല ലഭ്യതകുറവും ഇഞ്ചി കൃഷി കുറയുവാനുള്ള കാരണമായി ഭവിച്ചിട്ടുണ്ട്. ഇഞ്ചി കൃഷി വികസിപ്പിക്കുന്നതിനായി സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്ത് കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ഏകദേശം 10 ഹെക്ടർ സ്ഥലത്ത് ഇടവിളയായി ഇഞ്ചി കൃഷി ചെയ്തു വരുന്നുണ്ട്. പ്രധാനമായും റബ്ബർ പുതുതായി കൃഷി ചെയ്ത തോട്ടങ്ങളിൽ ഇടവിളയായാണ് ഇഞ്ചി കൃഷി നടത്തി വരുന്നത് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം വളരെ സാധ്യതയുള്ള ഒരു കൃഷി യാണ് ഇഞ്ചിക്കൃഷി.

നിർദ്ദേശങ്ങൾ

1. ഗുണമേൻമയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ ഇഞ്ചി വിത്ത് ലഭ്യമാക്കുക.
2. ഇടവിള കൃഷിയെക്കുറിച്ച് ബോധവൽക്കരണവും സാമ്പത്തിക പ്രോത്സാഹനവും നൽകുക.
3. കൂട്ടായ കീട രോഗനിയന്ത്രണമാർഗ്ഗങ്ങൾ അവംലബിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുക.

4. സംഭരണം, വിപണനം എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ ഉറപ്പു വരുത്തുക.

5. ഉൽപാദകന് ന്യായമായ വില ഉറപ്പു വരുത്തുക.

മഞ്ഞൾ:

ഇഞ്ചി കൃഷി പോലെ തന്നെ മഞ്ഞൾ കൃഷിയും മുൻ കാലങ്ങളെ അപേക്ഷിച്ച് ചെറിയ തോതിൽ മാത്രമേ ഈ പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്നുള്ളു. മിക്കവാറും കർഷകർ സ്വന്തം ആവശ്യാർത്ഥമാണ് ഈ കൃഷി നടത്തുന്നത്. പഞ്ചായത്തിൽ മൊത്തം 5 ഹെക്ടർ സ്ഥലത്ത് മഞ്ഞൾ കൃഷി ഉണ്ട്.

കൃഷിഭവൻ പദ്ധതികൾ:

1. നെൽ കൃഷി: നെൽ കൃഷിക്ക് രണ്ടു പദ്ധതികളാണ് കൃഷി ഭവൻ നടപ്പിലാക്കി വരുന്നത്.

(1) ഉൽപാദന പ്രോത്സാഹന സഹായ വിതരണം:

അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്ത് ഉൽപാദനം മെച്ചപ്പെടുത്തുന്ന കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് ഓരോ വിളക്കും 250 രൂപ പ്രകാരം ധന സഹായം പാടശേഖരാടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു.

വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ

വർഷം	വിള	വിതരണം ചെയ്ത തുക
1994-95	1	38328.00
	2	36672.00
1995-96	1	375.00
	2	-

(2) പാടശേഖരങ്ങളുടെ യന്ത്രവൽക്കരണം:

നെൽ കൃഷി ചെലവ് കുറച്ച് ലാഭകരമാക്കുന്നതിലേക്കായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന് ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, പവർ സ്പ്രേയർ മുതലായവ വാങ്ങിക്കുട്ടുന്നതിനായി പാടശേഖരങ്ങൾക്ക് 50% സബ്സിഡി അനുവദിച്ചു വരുന്നു.

വർഷം	സബ്സിഡി അനുവദിച്ച ഉപകരണത്തിന്റെ പേര്	പാടശേഖരത്തിന്റെ പേര്	അനുവദിച്ച തുക
1994-95	പവർ ട്രില്ലർ	ചിറ്റന്നൂർ പാടശേഖരം	35250
1994-95	,,	പാണപ്പുഴ ചാൽ	35250
1995-96	,,	കുറ്റ്യാട്ടുംതാഴെ പാടശേഖരം	42000
1995-96	,,	കൊക്കോട്ടു വയൽപാടശേഖരം	42000

സംയോജിത സുഗന്ധവിള വികസന പദ്ധതി

1. നിലവിലുള്ള കുരുമുളക് തോട്ടങ്ങളിൽ പ്രായാധിക്യം കൊണ്ടും, രോഗം കൊണ്ടും ഉൽപാദന ശേഷി കുറഞ്ഞ കുരുമുളക്. വള്ളികൾ നീക്കം ചെയ്ത് അത്യുൽപാദന ശേഷിയുള്ള കുരുമുളക് വള്ളികൾ ശാസ്ത്രീയമായി വെച്ച് പിടിപ്പിക്കുന്നതാണ് ഈ പദ്ധതി. 3 വർഷമാണ് പദ്ധതിയുടെ കാലപരിധി. ആദ്യവർഷം മൊത്തം ചെലവിന്റെ 50%വും രണ്ടും മൂന്നും വർഷങ്ങളിൽ ചെലവിന്റെ 25% വീതവും രാസവളം, ജൈവവളം കീടനാശിനി, കൃഷി ചെലവ് എന്നിവയ്ക്ക് ധനസഹായമായി സർക്കാർ നൽകി വരുന്നു.

വർഷം	പദ്ധതി നടപ്പിലാക്കിയ സ്ഥല വിസ്തീർണ്ണം	സഹായ ധനമായി അനുവദിച്ച തുക
1994-95	35 ഹെ	90,250
1995-96	85 ഹെ	2,23,110
1996-97	80 ഹെ	1,32,000

കുരുമുളക് പുതു കൃഷി: പദ്ധതി പ്രകാരം കുരുമുളക് പുതുതായി കൃഷി ചെയ്യുന്നതിന് 3 വർഷത്തേക്ക് ആനുകൂല്യം നൽകി വരുന്നു. ആദ്യ വർഷം 50%വും 2-ാം വർഷം 40%വും 3-ാം വർഷം 25%വും നടീൽ വസ്തുക്കൾ, രാവസവളം, കീടനാശിനി മുതലായവയ്ക്ക് ധനസഹായമായി നൽകി വരുന്നു.

വർഷം	പദ്ധതി നടപ്പിലാക്കിയ സ്ഥല വിസ്തീർണ്ണം	സഹായധനമായി അനുവദിച്ച തുക
1994-95	3 ഹെ	12,879
1995-96	13 ഹെ	49,250
1996-97	13 ഹെ	39,000

കുരുമുളക് പ്രദർശനത്തോട്ടം:

പദ്ധതി പ്രകാരം കുരുമുളക് പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് രാസവളം, കീടനാശിനി മുതലായവയ്ക്ക് മൂന്നു വർഷങ്ങളിലായി ചെലവിന്റെ 50% സബ്സിഡിയായി അനുവദിച്ചു വരുന്നു.

വർഷം	പദ്ധതി നടപ്പിലാക്കിയ ഫ്ളോട്ടുകളുടെ എണ്ണം	സഹായധനം
94-95	2 ഫ്ളോട്ടുകൾ	450
95-96	7 ഫ്ളോട്ടുകൾ	1405
96-97	7 ഫ്ളോട്ടുകൾ	1200

കുരുമുളക് തോട്ടത്തിൽ ഭൂ വികസന പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച്:

പദ്ധതി പ്രകാരം കുരുമുളക് തോട്ടങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി മൊത്തം ചെലവിന്റെ 25% സബ്സിഡിയായി അനുവദിക്കുന്നു.

വർഷം	വിസ്തീർണ്ണം	സഹായ ധനം
94	2 ഹെ	6000

സസ്യ സംരക്ഷണ ഉപകരണങ്ങളുടെ വിതരണം

പദ്ധതി പ്രകാരം സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് 50% സബ്സിഡി പരമാവധി 750 രൂപ സഹായധനമായി അനുവദിക്കുന്നു.

വർഷം	വിതരണം ചെയ്ത ഷെയറുകളുടെ എണ്ണം	അനുവദിച്ച സബ്സിഡി തുക
1994-95	5 എണ്ണം	3750
1995-96	5 എണ്ണം	3750
1996-967	2 എണ്ണം	1500

കുരുമുളക് ദ്രുതവാട്ട നിയന്ത്രണ പരിപാടി:

കുരുമുളകിന്റെ ദ്രുതവാട്ട നിയന്ത്രണത്തിനായി കർഷകർക്ക് കോപ്പർ സൾഫേറ്റ്, കോപ്പർ ഓക്സി ക്ലോറൈഡ്, നീറ്റു കക്ക എന്നിവ കുരുമുളക് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സൗജന്യമായി വിതരണം ചെയ്തു വരുന്നു.

വർഷം	വിതരണം കുമിൾ നാശിനി തുരിശ്	കോപ്പർ ഓക്സി ക്ലോറൈഡ്	നീറ്റു കക്ക
1994-95	5600 കി.ഗ്രാം	2800 കി.ഗ്രാം	5600 കി.ഗ്രാം.
1995-96	4480 കി.ഗ്രാം	2240 കി.ഗ്രാം	4480 കി.ഗ്രാം
1996-97	4480 കി.ഗ്രാം	2240 കി.ഗ്രാം	4480 കി.ഗ്രാം

കുരുമുളക് ഇടവിള കൃഷി:

ഇടവിളയായി കുരുമുളക് കൃഷി ചെയ്യുന്നതിന് സൗജന്യമായി കുരുമുളക് ചെടികൾ വിതരണം ചെയ്തു വരുന്നു. പദ്ധതി പ്രകാരം

94-95	14500 വേര് പിടിപ്പിച്ച കുരുമുളക് ചെടികൾ
95-96	25000 വേര് പിടിപ്പിച്ച കുരുമുളക് ചെടികൾ
96-97	5000 വേര് പിടിപ്പിച്ച കുരുമുളക് ചെടികൾ

ഇഞ്ചി കൃഷി വികസനം:

ഇഞ്ചി കൃഷി പ്രദർശനത്തോട്ടങ്ങൾ:

പദ്ധതി പ്രകാരം ഇഞ്ചി കൃഷി വ്യാപിപ്പിക്കുന്നതിലേക്ക് ശാസ്ത്രീയമായി 25 സെൻറിൽ ഇഞ്ചി കൃഷി പ്രദർശനത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി ഫ്ളോട്ട് ഒന്നിന് വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് മൊത്തം ചെലവിന്റെ 50% പരമാവധി 1200 രൂപ സബ്സിഡിയായി നൽകി വരുന്നു.

വർഷം	വിതരണം ചെയ്ത ഫ്ലോട്ട്	സഹായ ധനം
1994-95	5 എണ്ണം	6000
1995-96	10 എണ്ണം	12000
1996-97	-	-

ഇഞ്ചി പുതുകൃഷി:

ഇഞ്ചി പുതുതായി കൃഷി ചെയ്യാനുള്ള പ്രോത്സാഹനമായി കർഷകർക്ക് ഹെക്ടർ ഒന്നിന് വിത്ത് വളം, കീടനാശിനി എന്നിവയ്ക്ക് സബ് സിഡിയായി 25% പരമാവധി 500 രൂപ അനുവദിക്കുന്നു.

വർഷം	വിസ്തീർണ്ണം	സഹായ ധനം അനുവദിച്ച തുക
1994-95	1 ഹെ	5000
1995-96	2 ഹെ	10,000
1996-97	1 ഹെ	5,000

മഞ്ഞൾ കൃഷി:

മഞ്ഞൾ കൃഷി പ്രദർശന തോട്ടം:

ശാസ്ത്രീയമായി മഞ്ഞൾ കൃഷി ചെയ്യുന്നതിലേക്കായി പ്രദർശന തോട്ടങ്ങളുണ്ടാക്കുന്നതിന് വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് 50% സബ്സിഡി നൽകി വരുന്നു.

വർഷം	അനുവദിച്ച ഫ്ളോട്ട്	സഹായ തുക
1994-95	-	-
1995-96	2 ഫ്ളോട്ട്	1000
1996-97	-	-

മഞ്ഞൾ പുതുകൃഷി:

മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി പുതു കൃഷി നടത്തുന്ന കർഷകർക്ക് വിത്ത്, വളം, കീടനാശിനിക്ക് ഹെക്ടർ ഒന്നിന് 4000 രൂപ നിരക്കിൽ സബ് സിഡി അനുവദിക്കുന്നു.

വർഷം	വിസ്തീർണ്ണം	തുക
1994-95	-	-
1995-96	3 ഹെ	11997.00

സുഗന്ധ വൃക്ഷ വിള വികസനം: പദ്ധതി പ്രകാരം ജാതി, ഗ്രാമ്പൂ എന്നിവയുടെ പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് സഹായ ധനം നൽകി വരുന്നു.

വർഷം	അനുവദിച്ച ഫ്ളോട്ട്	സഹായ ധന തുക
1994-95	2 ഫ്ളോട്ട്	800 രൂപ
1995-96	2 ഫ്ളോട്ട്	340 രൂപ
1996-97	3 ഫ്ളോട്ട്	700 രൂപ

കശുമാവ് കൃഷി വികസനം

കശുമാവ് പുതു കൃഷി:

തരിശു ഭൂമിയിൽ കശുമാവ് പുതുതായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള കശുമാവ് ഒട്ടു തൈകളും, കശുമാവിൻ തൈകൾ നട്ട് പിടിപ്പിക്കുന്നതിന് ഗ്രാഫ്റ്റ് ഒന്നിന് 3 രൂപ നിരക്കിലും സഹായ ധനം അനുവദിച്ചു വരുന്നു.

വർഷം	വിതരണം ചെയ്ത ഗ്രാഫ്റ്റ് എണ്ണം	വിസ്തീർണ്ണം	നൽകിയ സഹായ ധനം
1994-95	1700 എണ്ണം	10.62 ഹെ	5100 രൂപ
95-96	3280 ,,	20.5 ഹെ	9840 രൂപ
96-97	4800 ,,	30 ഹെ	14400 രൂ

ശാസ്ത്രീയാടിസ്ഥാനത്തിൽ കശുമാവിന്റെ ഉൽപാദന വർദ്ധനവിനുള്ള രാസവിള കീടനാശിനി പ്രയോഗ പദ്ധതി.

പദ്ധതി പ്രകാരം 3 വർഷ കാലത്തേക്ക് ഹെക്ടർ ഒന്നിന് രാസവളം കീടനാശിനി, ജൈവ വളം, എന്നിവയ്ക്കായി 1500 രൂപ നിരക്കിൽ സബ് സിഡി അനുവദിക്കുന്നു.

വർഷം	വിസ്തീർണ്ണം	സഹായധന തുക
1994-95	10 ഹെ	15,000
1995-96	20	30,000
1996-97	20 ഹെ	30,000

കശുമാവ് കീട നിയന്ത്രണത്തിനായി വേപ്പെണ്ണ വിതരണം

കശുമാവിൻ തടി തുരപ്പൻ കീടത്തെ നിയന്ത്രിക്കുന്നതിനായി ഹെക്ടർ ഒന്നിന് 1 5.250 ലിറ്റർ നിരക്കിൽ വേപ്പെണ്ണ സൗജന്യമായി വിതരണം ചെയ്തു വരുന്നു.

വർഷം	അനുവദിച്ച വേപ്പെണ്ണ
1994-95	1275 ലി.
1995-96	2800 ലി.

കശുമാവ് രജ്യൂവിനേഷൻ:

ഉൽപാദനം കുറഞ്ഞതും പ്രായാധിക്യം ബാധിച്ചതുമായ കശുമാവ് വെട്ടിമാറ്റി പകരം അത്യുൽപാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വെച്ച് പിടിക്കുന്നതിന് ശാസ്ത്രീയാടിസ്ഥാനത്തിൽ രാസവള പ്രയോഗം, കീട നിയന്ത്രണം എന്നിവ നടത്തുന്നതിനുള്ള 5 വർഷത്തേക്കുള്ള ഒരു പദ്ധതിയാണിത്.

95-96	1 ഹെ	2500 രൂപ
96-97	1 ഹെ	1100 രൂപ

കശുമാവിന്റെ പൂകരിച്ചിലിനെതിരെ മരുന്നു തെളിക്കുന്നതിനുള്ള പദ്ധതി:

കശുവണ്ടി ഉൽപാദനത്തെ സാരമായി ബാധിക്കുന്ന തേയില കൊതുകിനെ നിയന്ത്രിക്കുന്നതിലേക്കായി കീടനാശിനി തളിക്കുന്നതിന് ഹെക്ടർ ഒന്നിന് 300 രൂപ നി

രക്കിൽ കീടനാശിനിക്ക് സബ്സിഡി നൽകി വരുന്നു.

	കീടനാശിനി	സഹായ ധന തുക
1994-95	75ഹെ	22500 രൂപ
1995-96	100 ഹെ	30,000
1996-97	-	-

കശുമാവ് രാസവളക്കിറ്റ് വിതരണം

കശുമാവിന് രാസവള പ്രയോഗം മൂലം ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്കായി സൗജന്യനിരക്കിൽ രാസവളക്കിറ്റുകൾ വിതരണം ചെയ്തു വരുന്നു.

വർഷം	അനുവദിച്ച കിറ്റ്	സബ്സിഡി
94-95	480 കിറ്റ്	20544 രൂപ
95-96	480 കിറ്റ്	20544 രൂപ

കശുമാവ് വികസനം (കേന്ദ്രസർക്കാർ സാമ്പത്തിക സഹായം)

പദ്ധതി പ്രകാരം ഒട്ടു കശുമാവിൻതൈകളും രാസവളം, കീടനാശിനി എന്നിവയും സൗജന്യമായി നൽകി വരുന്നു. അഞ്ചു വർഷമാണ് കാലാവധി 0.625 ഹെക്ടറിന് ആനുകൂല്യം നൽകി വരുന്നു.

സമഗ്ര നാളികേര വികസന പദ്ധതി: പദ്ധതി പ്രകാരം തെങ്ങിൻതോപ്പുകളിൽ ജലസേചനം മെച്ചപ്പെടുത്തുന്നതിനും കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും മൊത്തം ചെലവിന്റെ മുന്നിലൊന്ന് പരമാവധി 2500 രൂപ സബ്സിഡിയായി അനുവദിക്കുന്നു. കൂടാതെ സസ്യ സംരക്ഷണത്തിനുള്ള സ്പ്രെയർ, തെങ്ങ് കയറ്റ യന്ത്രം എന്നിവയ്ക്ക് യഥാ ക്രമം 1000 രൂപ, 500 രൂപ എന്നീ നിരക്കിൽ സബ്സിഡി അനുവദിക്കുന്നു.

വർഷം	അനുവദിച്ച തെങ്ങ്		കയറ്റു യന്ത്രം	അനുവദിച്ച സ്പ്രെയർ	SC/ST 10000 രൂപ സബ് സിഡിയിൽ അനുവദിച്ച കിണർ	ആകെ അനുവദിച്ച തുക
	പമ്പ് സെറ്റ്	കിണർ				
94-95	40	29	-	-	1	1,84,703
95-96	50	34	2	1	-	2,11,872
96-97	50	30	2	3	-	3,54,000

കമ്മ്യൂണിറ്റി ഇറിഗേഷൻ 1,50,000 രൂപയടക്കം

കമുക് കൃഷി

മഹാളിക്കെതിരെയുള്ള മരുന്ന് തെളി: മഹാളി രോഗത്തിനെതിരെ മരുന്ന് തെളി നടത്തുന്നതിലേക്കായി കുമിൾ നാശിനി വാങ്ങിക്കുന്നതിന് ഹെക്ടറൊന്നിന് 400 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നു.

വർഷം	വിസ്തീർണ്ണം	അനുവദിച്ച തുക	അനുവദിച്ച സ്പ്രെയർ	സഹായ ധനം
94-95	40.8 ഹെ	15997 രൂപ	1 എണ്ണം	900
95-96	15.6 ഹെ	6239 രൂപ	-	-
96-97	50 ഹെ	20,000 രൂപ	1	900

പച്ചക്കറി കൃഷി വികസനം: പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി വിത്ത് പാക്കറ്റുകൾ നൽകി വരുന്നു. യു.പി. ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളെയാണ് ഇതിലേക്കായി തിരഞ്ഞെടുക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	വിതരണം ചെയ്ത വിത്തു പാക്കറ്റ്	പങ്കാളിയായ വിദ്യാർത്ഥികൾ	സ്കൂളുകളുടെ എണ്ണം
94-95	735	735	4
95-96	500	500	4

10 സെൻറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി

പദ്ധതി പ്രകാരം 10 സെൻറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ വിത്ത്, രാസവളം, കീടനാശിനി എന്നിവയ്ക്കായി 150 രൂപ വീതം ആനുകൂല്യം നൽകുന്നു.

94-95	2 ഫ്ളോട്ട്	300

പയർ കൃഷി വികസനം: പയർ കൃഷി വികസന പദ്ധതി

പ്രകാരം വിത്ത്, കീടനാശിനി എന്നിവയ്ക്ക് ഹെക്ടറിന് 400 രൂപ പ്രകാരം ആനുകൂല്യം നൽകി വരുന്നു.

94-95	8 ഹെ	3800 രൂപ
95-96	10 ഹെ	4000 രൂപ

പയർ മിനികിറ്റ്: പദ്ധതിയനുസരിച്ച് 4 കി.തുക്കം വരുന്ന പയർ വിത്ത് മിനികിറ്റുകൾ കർഷകർക്ക് കിറ്റ് ഒന്നിന് ഒരു രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

			നോമിനൽ ചാർജ്ജ്
94-95	5 മിനികിറ്	20 കി.	5 രൂപ
95-96	5 എണ്ണം	20 കി.	5 രൂപ

പട്ടികജാതി-പട്ടിക വർഗ്ഗ വികസനം: പട്ടികജാതി, പട്ടിക വർഗ്ഗത്തിൽ പെട്ട കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിലേക്ക് ചുവടെ ചേർത്ത ആനുകൂല്യങ്ങൾ 100% സബ് സിഡിയിൽ വിതരണം ചെയ്തു വരുന്നു.

94-95	കമുകിൻ തൈ വിതരണം	300 എണ്ണം	1500 രൂപ
	റോക്കർ സ്പ്രെയർ	2 എണ്ണം	
95-96	തെങ്ങിൻ തൈകൾ	237 എണ്ണം	3555 രൂപ
	കശുമാവ് ക്രാഫ്റ്റ്	830 ,,	12450
	പമ്പ് സെറ്റ്	3 ,,	26436 ,,
	വെറ്റിലകൃഷി	2 യൂനിറ്റ്	6000 രൂപ

ജൈവ വള വികസന പദ്ധതി: പദ്ധതി പ്രകാരം ജൈവവളം ഉൽപാദിപ്പിക്കുന്നതിനായി കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് കുഴിയൊന്നിന് 25 രൂപ നിരക്കിൽ സഹായം നൽകി വരുന്നു. കൂടാതെ പച്ചില വളച്ചെടി വിത്തുകൾ കിലോവിന് 3 രൂപ നിരക്കിൽ സബ് സിഡി അനുവദിച്ചു കൊണ്ട് വിതരണം ചെയ്യുന്നു. കർഷക തലത്തിൽ പരിശീലനപരിപാടികളും നടപ്പിലാക്കി വരുന്നു.

വർഷം	കമ്പോസ്റ്റ് കുഴി	പച്ചില വള വിത്ത് വിതരണം	ജീവാണു വളം വിതരണം	പരിശീലന പരിപാടി	ചെലവായ തുക
94-95	225	450 കി.	1 കർഷകൻ	10 എണ്ണം	9475
95-96	85	150	-	5 ,,	3275

ബയോഗ്യാസ് വികസന പദ്ധതി(ജൈവവാതകം)

പദ്ധതി പ്രകാരം ജൈവ വാതക പ്ലാൻറുകൾ ഉണ്ടാക്കുന്നതിന് പ്ലാൻറ് ഒന്നിന്($3M^3$) 2000/- രൂപ വെച്ച് നൽകി വരുന്നു.

94-95	-	
95-96	2 പ്ലാൻറ്	4000 രൂപ
96-97	1 പ്ലാൻറ്	4000 രൂപ

പഴ വർഗ്ഗ വികസനം: പദ്ധതി പ്രകാരം ഫലവൃക്ഷത്തിന്റെ അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കളും സൗജന്യ നിരക്കിൽ നൽകി വരുന്നു.

ഒരു ലക്ഷം ജുവനജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി:

അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പിൽ കൂടി സർക്കാർ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണിത്. 20 വയസ്സിനും 35 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതിയുവാക്കൾക്ക് ഇതിൽ അംഗങ്ങളാകാം. പട്ടികജാതി-പട്ടിക വർഗത്തിൽ പെടുന്ന യുവാക്കൾക്ക് 40 വയസ്സു വരെ അംഗങ്ങളാകാം. പദ്ധതിയിൽ അംഗമാകുന്ന ഒരാൾ രജിസ്ട്രേഷൻ ഫീസായി 100 രൂപയും പദ്ധതി വിഹിതമായി 1000 രൂപയും അടക്കേണ്ടതാണ്. പട്ടിക ജാതിയിൽ പെട്ട കർഷകരുടെ പദ്ധതി വിഹിതം സർക്കാർ തന്നെ അടക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസായ 100 രൂപ മാത്രം ഈ വിഭാഗത്തിൽ പെട്ടവർ അടച്ചാൽ മതി. അംഗങ്ങളായവർക്ക് കാർഷിക അനുബന്ധ മേഖലകളിൽ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ആവശ്യമായ ധന സഹായങ്ങൾ നൽകി അവരവരുടെ മേഖലയിൽ ഉൽപാദനം വർധിപ്പിച്ച് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനുള്ളതാണിത്. വിവിധ മേഖലകളിൽ പ്രത്യേകം പരിശീലനം ആവശ്യമുള്ള അംഗങ്ങൾക്ക് പരിശീലനം നൽകുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം പഞ്ചായത്തിലെ 106 യുവകർഷകരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. പദ്ധതി പ്രകാരം 95-96 വർഷത്തിൽ അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ചഘടകങ്ങൾ	എണ്ണം	സബ്സിഡി
1995-96	മിനി നേഴ്സറി ഉണ്ടാക്കുന്നതിന് ാലസേചന		
	സൗകര്യത്തിനായി കിണർ, പമ്പ് സെറ്റ് വിതരണം	2	10,000 രൂപ
	പട്ടിക ജാതിയിൽ പെട്ട പട്ട യുവ കർഷകർക്ക് വെറ്റില കൃഷി	2	6000
	കീടനാശിനി തളിക്കുന്നതിന് സ്പ്രെയർ	1	2500
	പശു വളർത്തുന്നവർക്ക് ആല നിർമ്മാണത്തിന്	1 യൂനിറ്റ്	1250
	പാൽ പാത്രം വാങ്ങിക്കുന്നതിന്	4 യൂനിറ്റ്	2500
	ആട് വളർത്താൻ	1 യൂനിറ്റ്	2000
	മിനറൽ മിക്സ്ചർ	6 ,,	816

വിള ഇൻഷൂറൻസ് പദ്ധതി:

പ്രകൃതി ക്ഷോഭം മൂലം കൃഷി നാശത്തിന് ഒരു പരിധി വരെയെങ്കിലും നഷ്ടപരിഹാരം നൽകുന്നതിലേക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര കാർഷിക വിള ഇൻഷുറൻസ് പദ്ധതി. പദ്ധതി പ്രകാരം 25 വിളകൾ ഇൻഷുറൻസിന്റെ പദ്ധതിയിൽ കൊണ്ടു വന്നിരിക്കുന്നു. പ്രീമിയം അടച്ച് ഇൻഷൂർ ചെയ്യുന്ന കർഷകർക്ക് പ്രകൃതി ക്ഷോഭം മൂലം നഷ്ടം നേരിടുന്ന അവസരത്തിൽ നഷ്ടപരിഹാരം നിശ്ചിത തോതിൽ ലഭിക്കാനർഹതയുണ്ട്. പദ്ധതിയിൽ 76 കർഷകരെ അംഗങ്ങളായി ചേർത്ത് കൊണ്ട് പ്രീമിയമായി സർക്കാരിലേക്ക് 11661 രൂപ അടച്ചിട്ടുണ്ട്.

മണ്ണ് പരിശോധന

അശാസ്ത്രീയമായ വള പ്രയോഗം ഒഴിവാക്കുന്നതിലേക്കായി കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവരുടെ കൃഷി ഭൂമിയിലുള്ള മണ്ണ് കാലാകാലങ്ങളിൽ പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.പാടശേഖരാടിസ്ഥാനത്തിലും കർഷകരുടെ ഭൂമിയിൽ നിന്ന് മണ്ണ് സാമ്പിളുകളെടുത്ത് പരിശോധനയ്ക്കയക്കാനുള്ള സൗകര്യങ്ങളും കൃഷി ഭവനുകളിലുണ്ട്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

മിക്കവാറും വർഷങ്ങളിൽ പഞ്ചായത്തിൽ പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിക്കാറുണ്ട്. പ്രധാനമായും വെള്ളപ്പൊക്കം മൂലവും ചുഴലിക്കാറ്റ് മൂലവുമാണ് സംഭവിക്കാറ്. പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ വിതരണം ചെയ്ത സാമ്പത്തീക സഹായം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

വർഷം	പ്രകൃതി ക്ഷോഭ സഹായ ധനം വിതരണം ചെയ്തത്
94-95	41664.00 രൂപ
95-96	30959.00 രൂപ
96.77	12926.00 രൂപ

കൃഷി ഭവൻ

കടന്നപ്പള്ളി-പാണപ്പുഴ കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് കടന്നപ്പള്ളി വില്ലേജിൽ ചന്തപ്പുര എന്ന സ്ഥലത്താണ്. മൊത്തം 53.75 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള 5000-ൽ കൂടുതൽ കർഷക കുടുംബങ്ങളും 80%ത്തിൽ കൂടുതൽ ജനങ്ങൾ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ കൃഷി ഭവനിൽ ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റന്റുമാണുള്ളത്. മിക്കവാറും എല്ലാ പദ്ധതികളിലും നടപ്പിലാക്കുന്ന കൃഷി ഭവനിലെ ജീവനക്കാരുടെ എണ്ണം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണ്.

പാടശേഖര സമിതികൾ

കൃഷിഭവന്റെ പരിധിയിൽ 7 പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. നെൽ കൃഷി ഉൽപാദനച്ചിലവ് കുറക്കുന്നതിന് നാല് പാടശേഖരങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. കൃഷി ഭവൻ മുഖാന്തിരം ലഭിക്കുന്ന ഉൽപാദന പ്രോത്സാഹന ധനസഹായം വിതരണം, ജൈവ വള ഉൽപാദനം എന്നിവയ്ക്ക് പാടശേഖരങ്ങൾ നേതൃത്വം നൽകുന്നു. ഇവയ്ക്കെല്ലാം ത

ന്നെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് റജിസ്ട്രഷനുണ്ട്. പാടശേഖര സമിതികളുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. പാണപ്പുഴ ചാൽ പാടശേഖരം
2. ചെറുവിച്ചേരി പാടശേഖരം
3. ചെങ്ങളം പാടശേഖരം
4. എടച്ചേരി തിടിൽ-കൊക്കോട്ടു വയൽ പാടശേഖരം.
5. കുറ്റ്യാട്ടും താഴെ പാടശേഖരം.
6. വള്ളി വളപ്പിൻമൂല പാടശേഖരം.
7. ചിറ്റന്നൂർ പാടശേഖരം

കുരുമുളക് സമിതികൾ

കൃഷി ഭവൻ പരിധിയിൽ മൊത്തം ആറ് കുരുമുളക് സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നു. കുരുമുളക് ദ്രുതവാട്ട രോഗ നിയന്ത്രണം, കുരുമുളക് പുനരുദ്ധാരണം മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൃഷി ഭവനോടൊപ്പം സമിതികളും നേതൃത്വം നൽകുന്നു.

കേര സമിതി

പഞ്ചായത്തിന്റെ പരിധിയിൽ ഒരു കേര സമിതി നിലവിലുണ്ട്. കേര കൃഷിക്കുള്ള പദ്ധതികളെയെല്ലാം നടപ്പിലാക്കാൻ നേതൃത്വം നൽകുന്നത് കേര സമിതിയാണ്.

രാസവളം കീടനാശിനി വിതരണം.

പഞ്ചായത്തിൽ സഹകരണ മേഖലയിൽ രണ്ട് രാസവള വിൽപന ഡിപ്പോകൾ നിലവിലുണ്ട്. കീടനാശിനി വിൽപനശാലകൾ കൃഷി ഭവൻ പരിധിയിലില്ല. കീടനാശിനികൾക്ക് പ്രധാനമായും പയ്യന്നൂർ, മാതമംഗലം എന്നിവിടങ്ങളിലുള്ള ഡിപ്പോകളാണ് ആശ്രയം. ചെറിയ തോതിൽ കൃഷിഭവനിൽ നിന്നും കീടനാശിനി വിതരണം ചെയ്തു വരുന്നു.

കൃഷി ഭവനിൽ നിന്ന് വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം

	തെങ്ങ്	കശുമാവ്	കുരുമുളക്	കവുങ്ങ്	ഗ്രാമ്പു	ഒട്ടുമാവ്
94-95	735	1700	5000	300	100	-
95-96	2087	4270	4400	620	40	100
96-976	880	4800	9000	1000	300	-

ജാതി	ഒട്ടുപ്ലാവ്	ആമിനിപ്ലാവ്	പേര	ഒട്ട് പ്ലാവ്	സപ്പോട്ട	കറുവപ്പട്ട
230	-	-	-	-	-	-
325	-	40	25	-	44	100
115	75	-	5	75	-	125

മണ്ണ് സംരക്ഷണം

ഭൂപ്രകൃതി കൊണ്ട് തന്നെ മണ്ണൊലിപ്പിന് വളരെയധികം സാധ്യതയുള്ളതാണ് ഈ പ്രദേശം. കാര്യമായ തോതിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളൊന്നും നടത്താത്തതുകൊണ്ട് തന്നെ വൻതോതിൽ മണ്ണൊലിപ്പ് ഉണ്ടാകുകയും നീർചാലുകളും ജലാശയങ്ങളും നികത്തപ്പെടുകയും ചെയ്യുന്നു. ഇവയുടെ ജല സംഭരണ ശേഷി ഗണ്യമായി കുറയുകയും തന്മൂലം വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്ന ഒരു സ്ഥിതി വിശേഷമാണ് ഇന്ന് നിലവിലുള്ളത്. നീർമറി അടിസ്ഥാനത്തിൽ മണ്ണ്, ജല സംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നത് ഈ പ്രദേശത്തെ കാർഷിക വിളകളെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്.

ജലസേചനം

കിഴക്ക് നിന്ന് പടിഞ്ഞാറോട്ടു ചരിഞ്ഞ് കിടക്കുന്ന ഭൂപ്രകൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ പരിമിതമായ ജല സേചന സൗകര്യങ്ങൾ മാത്രമേ നിലവിലുള്ളൂ. പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണ് നടപ്പിലുള്ളത്. ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലായി ലഭിക്കുന്ന മഴയാണ് ജല ലഭ്യതയുടെ ആധാരം. കഴിഞ്ഞ 2 വർഷത്തെ ജല ലഭ്യതയുടെ വിവര സൂചികയാണ് താഴെ.

വർഷം	ജനു.	ഫെബ്രു	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്ത്	സപ്തംബർ	ഒക്ടോ.	നവം.	ഡിസം.	ആകെ
1994	0.0 മിമി.	0.0മിമി	9.2 മിമി	154.5	106.2	1445.5	1609.7	793.2	139.9	469.7	73.6	0.0	4801.5
1995	0.0 മി.മി	0.0 മിമി.	0.0 മിമി	32.2	150.0	907.2	1172.8	543.9	202.1	174.8	68.7	0.0	3251.7

പാണപ്പുഴ പുഴയിൽ പതിക്കുന്ന 19ഓളം തോടുകളും കൈത്തോടുകളും ചേർന്നതാണ് പഞ്ചായത്തിലെ പ്രധാന നീരൊഴുക്ക്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും മണ്ണ് ജല സംരക്ഷണത്തിന്റെ അജ്ഞതമൂലം പെയ്തിറങ്ങുന്ന മഴവെള്ളം മുഴുവൻ പുഴയിലൂടെ ഒഴുകി നഷ്ടപ്പെടുന്നു. തോടുകളിലാകെയായി 13 ചീർപ്പുകൾ നിലവിലുണ്ട്. അവ പൂർണ്ണമായും കൃഷിക്കാർക്ക് പ്രയോജന പ്രദമല്ല. നിലവിലുള്ള ചീർപ്പുകളുടെ വിവരപ്പട്ടിക ചുവടെ ചേർക്കുന്നു.

ജലസേചന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

പ്രവൃത്തിയുടെ പേര്	പൂർത്തിയായ വർഷം	ലക്ഷ്യമിട്ട ആയകെട്ട് ഹെക്ടർ
1. രാമൻ പാലം തോട് ക്രോസ്ബാർ	1973	41.77
2. ചെറുവിച്ചേരി വയൽ തോട് ക്രോസ് ബാർ	1968	13.68
3. ചിറ്റന്നൂർ വയൽ തോട് ക്രോസ് ബാർ	1966	12.72
4. ചിറ്റന്നൂർ തോടിൽ കോട്ടത്തിൽ താഴെ ക്രോസ് ബാർ	1979	6.64
5. ചെറുവിച്ചേരി വയൽ തോടിനും കണ്ണൻ തോട്ട് വയൽ തോടിനും കുറുകെ രണ്ട് ക്രോസ് ബാർ	1991	9.00
6. ഇടത്തും താഴെ തോട് ക്രോസ് ബാർ	1991	9.00
7. കുറ്റിയാട്ടും താഴെ ക്രോസ് ബാർ	1983	6.44
8. കരുവാതോടി തോട് ക്രോസ് ബാർ	-	-
9. വണ്ണത്താം താഴെ തോട് ക്രോസ് ബാർ	1979	10.04
10. കെക്കോട്ട് വയൽ ക്രോസ് ബാർ	1975	12.24
11. അമ്മാടൻ മുല തോട് ക്രോസ് ബാർ	-	-

ഇതിനു പുറമെ ജലസേചനത്തിനായ് രണ്ടു കുളങ്ങളും, ഉപ്പുവെള്ളം കയറി കൃഷി നാശം തടയുന്നതിനും അശുദ്ധ ജലം ലഭ്യമാക്കുന്നതിനുമായി മീൻകുഴി എന്ന സ്ഥലത്ത് ഒരു അണക്കെട്ട് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ചീർപ്പുകളുടെ അരികുകൾ കെട്ടാതെ ക്രോസ്ബാർ നിർമ്മിച്ചതും വേണ്ടത്ര ഫൗണ്ടേഷൻ ഇല്ലാത്തതും സ്ഥല നിർണയത്തിന്റെ അപാകതയും ചീർപ്പുകളിൽ നിന്ന് ശാസ്ത്രീയമായി നിർഗമന കനാലുകൾ നിർമ്മിക്കാത്തതും ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതിനെ ബാധിച്ചിട്ടുണ്ട്. മിക്ക ചീർപ്പുകളും അടക്കാനും തുറക്കാനും ഉള്ള സംവിധാനം താറുമാറായ നിലയിലാണുള്ളത്. ജല സേചനത്തിനായി നിർമ്മിക്കപ്പെട്ട കുളങ്ങളിൽ നിന്ന് വെള്ളം വയലുകളിലെത്തിക്കുന്നതിന് ആവശ്യമായ നിർഗമനകനാലുകൾ ഇല്ലാത്തതിനാൽ ഈ കുളങ്ങൾ കൃഷിക്ക് വേണ്ടത്ര ഉപയോഗപ്രദമല്ല.

1957 ലെ മന്ത്രിസഭയിലെ ജലസേചന മന്ത്രിയായ വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ഉൾനാടൻ ജലാശയങ്ങളെ സംബന്ധിച്ച് ജലസേചന സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തന്നെ തയ്യാറാക്കുകയുണ്ടായി. അതിന്റെ ഭാഗമായി കടന്നപ്പള്ളി കൊക്കോട്ടുവയൽ ചെങ്ങളം വയൽ കാനായിവയൽ എന്നീ വയലുകളിൽ ഒരിപ്പു ഇരുപ്പു ആക്കുന്നതിനും ആവിഷ്കരിച്ചതാണ് മീൻകുഴി പദ്ധതി. പദ്ധതി പണി കഴിഞ്ഞ് വർഷങ്ങൾ പലത് കഴിഞ്ഞെങ്കിലും ഉപ്പുവെള്ളം തടഞ്ഞു നിർത്താനും തൽഫലമായി മീൻകുഴി മുതൽ പാണപ്പുഴ വരെയുള്ള പുഴയോരങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മാത്രമേ ഈ പദ്ധതി ഉപകരിച്ചുള്ളു. ലക്ഷ്യമിട്ട നെല്ലുല്പാദന വർദ്ധനവിന് ഈ പദ്ധതി ഇന്നത്തെ നിലയിൽ ഉപകരിക്കുന്നില്ല കാരണം വെള്ളം കെട്ടി നില്ക്കുന്ന തലങ്ങളിൽ നിന്ന് വയലുകൾ ഏറെ ഉയർന്നതാണ്. മീൻകുഴിയിൽ തടഞ്ഞു നിർത്തുന്ന ജലം ആഴംകൂടിയ കനാൽ വഴി വയൽ മദ്ധ്യത്തുകൂടി ഒഴുക്കി പമ്പ് ചെയ്താൽ നെൽകൃഷിയും

പച്ചക്കറി കൃഷിയും കാര്യക്ഷമമായി നടത്താൻ കഴിയും പാടിവയൽകുളം ഇടച്ചേരികുളം നിച്ചിലാംകുളം എന്നിവ ആഴവും വീതിയും കൂട്ടി പമ്പ് സൗകര്യം ഏർപ്പെടുത്തിയാൽ ഈ വയലുകളിൽ ഇരുവിള എടുക്കുന്നതിന് സാധിക്കും.

പുഴ

70% കൃഷിക്കാരുടെയും ജലസേചനാവശ്യം നിറവേറ്റപ്പെടുന്നത് നമ്മുടെ പഞ്ചായത്തിലെ 1,2,3,4,5,10 എന്നീ വാർഡുകളിലൂടെ ഒഴുകുന്ന പുഴയെ ആശ്രയിച്ചാണ്. മുൻകാലങ്ങളിൽ ഏത് അറ്റ വേനലിലും ജലം സുലഭമായി ലഭിച്ചിരുന്നു. അന്ന് മണ്ണിന്റെ ജലസംഭരണ ശേഷി ഉയർന്നതായിരുന്നു. കുടിയേറ്റത്തിന്റെ അതിപ്രസരവും അശാസ്ത്രീയ കൃഷിരീതികളും പച്ചപ്പിന്റെ വ്യാപകമായ നശീകരണവും മണ്ണൊലിപ്പിന്റെ ആക്കം കൂട്ടി. തൽഫലമായി മഴക്കാലങ്ങളിൽ മലയോരങ്ങളിൽ പെയ്തിറങ്ങുന്ന മഴവെള്ളത്തോടൊപ്പം മേൽമണ്ണ് ഒഴുകിയെത്തി പുഴയുടെ കുഴികൾ നികത്തുകയും സംഭരണ ശേഷി നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നു. വർഷകാലങ്ങളിൽ വെള്ളപ്പൊക്കവും കൃഷിനാശവും വ്യാപകമായി സംഭവിക്കുന്നു. വേനൽക്കാലത്താകട്ടെ കടുത്ത വരൾച്ചയും അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ ജീവജലത്തിന്റെ പ്രധാന സ്രോതസ്സായി ഈ പുഴയെ സംരക്ഷിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പുഴയോരങ്ങളിലും പുറമ്പോക്കുകളിലും ഉള്ള സസ്യങ്ങൾ സംരക്ഷിക്കുകയും കരയിടിച്ചിലിന് അടിയന്തിരമായും പരിഹാരങ്ങൾ കണ്ടത്തേണ്ടതുമുണ്ട്.

തോടുകൾ

നമ്മുടെ പഞ്ചായത്തിൽ പതിനെട്ടോളം തോടുകളുണ്ട്. ജലസമ്പത്തിന്റെ മുഖ്യസ്രോതസുകളാണ് ഇവ. വേനൽക്കാലങ്ങളിൽ വറ്റാതെ കുടിവെള്ളം പ്രദാനം ചെയ്യുന്ന തോടുകളും ഇക്കൂട്ടത്തിൽപ്പെടുന്നു. അവ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. വിശാലമായ കൃഷി പ്രദേശത്തെ സസ്യജാലങ്ങൾ സംരക്ഷിച്ച് നിർത്തുന്നതിനാവശ്യമായ നടപടികൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

നീരുറവകൾ

ഏത് അറ്റ വേനലിലും വറ്റാത്തതും പ്രാദേശിക ജലദൗർലഭ്യത പരിഹരിക്കുന്നതിനും നിരവധി കടുംബങ്ങൾ ആശ്രയിച്ചു പോരുന്നതുമായ നീരുറവകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. രാജഗിരി, കാനത്തറ, കുലുക്കി, കുവച്ചാൽ, ചിറക്കാൽ വെള്ളരിയാനം എന്നിവ പ്രധാനപ്പെട്ട നീരുറവകളാണ് ഈ നീരുറവകളെല്ലാം തന്നെ അടുത്തകാലത്തായി നിലനില്പിന്റെ ഭീഷണി നേരിട്ടിരുന്നു. ഇവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തി അതാതു പ്രദേശത്തുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ജലസ്രോതസ്സുകൾ

പേര്	നീളം കി.മീ.	ജലം ലഭിക്കുന്ന കാലം
1 പാണപ്പുഴ പുഴ	20	ജൂൺ-ഫിബ്രുവരി
2 കണാരംവയൽതോട്	3 1/2	"
3 ചീത്തത്തോട്	1 1/2	ജൂൺ-ജനുവരി
4 മാണിക്കമംഗലം	തോട്	0.8 "
5 ചക്കക്കാനം തോട്	1 3/4	"
6 എണാടൻ വളപ്പ്തോട്	0.4	ജൂൺ-ഡിസംബർ
7 മുണ്ടാംകാട് തോട്	1	"
8 കരിമ്പിലോട് തോട്	1 1/4	ജൂൺ-ജനുവരി
9 ആരപ്പത്തോട്	0.8	ജൂൺ-ഡിസംബർ
10 കണ്ണിലാതോട്	3	ജൂൺ-ഏപ്രിൽ
11 അതിർക്കോട് തോട്	2	ജൂൺ-മാർച്ച്
12 ആനയറ്റിത്തോട്	0.3	ജൂൺ-ഡിസംബർ
13 കാനത്തറതോട്	1 1/2	ജൂൺ-ജനുവരി
14 ചെറക്കൽ തോട്	1 1/2	ജൂൺ-ജനുവരി
15 പാണപ്പുഴചാൽതോട്	4	മാർച്ച്
16 ചെറുവിച്ചേരിതോട്	1 1/2	ജൂൺഡിസംബർ
17 പാടിതോട്	-	
18 കടന്നപ്പള്ളിതോട്		

സാധ്യതകൾ

1. ക്രോസ്ബാറുകൾ അറ്റകുറ്റപ്പണികൾ നടത്തി കൃഷിക്ക് ജലം ലഭ്യമാക്കണം.
2. നിലവിലുള്ള ക്രോസ് ബാറുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ നിർഗമന കനാലുകൾ (ആണി) നിർമ്മിക്കണം
3. സാധ്യതയുള്ള സ്ഥലങ്ങളിൽ കുളം നിർമ്മിക്കുക.

നിലവിലുള്ളവയുടെഉപയോഗം വർദ്ധിപ്പിക്കാനാവശ്യമായ ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

4 പമ്പ്സെറ്റുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

5. അനാവശ്യവും ആശാസ്ത്രീയവുമായ പമ്പിങ്ങ് നിർത്തലാക്കുക.

6. തോടുകളുടെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

7. ജനകീയ പങ്കാളിത്തത്തോടുകൂടി ശാസ്ത്രീയ ജലസേചന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

8. ചീർപ്പുകൾ അടക്കുവാനാവശ്യമായ പലകകൾ സംരക്ഷിക്കാൻ പാടശേഖര സമിതിയുമായി സഹകരിച്ച് കർമ്മസമിതികൾ രൂപീകരിക്കുക.

9. ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ്ബാറുകൾ നിർമ്മിക്കുക.

10. സ്വകാര്യകുളങ്ങളുടെ ആഴവും വീതിയും കൂട്ടി കൃഷിക്കാർക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കുക.

11. പാണപ്പുഴ പുഴയിൽ പറവൂർ, ആലക്കാട് ഏര്യം എന്നീ സ്ഥലങ്ങളിൽ ചെക്ക്ഡാം നിർമ്മിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തണം. കുടിവെള്ളക്ഷാമം പരിഹരിക്കണം.

12. നീരുറവകൾ സംരക്ഷിച്ച് ജലസേചനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കുക.

ജനപങ്കാളിത്തത്തോടുകൂടി അടിയന്തിരമായി കൈക്കൊള്ളാവുന്നത്

ഡിസംബർ മാസത്തോടെ അതാത് പ്രദേശങ്ങളിൽ പുഴയിൽ ഓരോ കീലോമീറ്റർ ഇടവിട്ട് ബണ്ട് (ചിറ) നിർമ്മിക്കുക.

പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പൊതു പ്രശ്നം.

1. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും മണ്ണൊലിപ്പ് ഭീഷണി നേരിടുന്നു.

2. കൂലിക്കുറവ് കാരണം കാർഷിക മേഖലയിൽ ജോലി ചെയ്യാൻ തൊഴിലാളികൾ ലഭ്യമല്ല.

3. ആവശ്യാനുസരണം ജൈവവളം ലഭ്യമല്ലാത്തതുമൂലം മണ്ണിന്റെ ഫലപുഷ്ടികുറഞ്ഞു വരുന്നു.

4. ഭൂമിയുടെ തുണ്ടവല്ക്കരണം ഉല്പാദനക്കുറവിനും കാർഷികച്ചെലവ് വർദ്ധിക്കുന്നതിനും ഇടയാകുന്നു.

5. രാസവളം, കീടനാശിനി എന്നിവയുടെ വില വർദ്ധനവും ലഭ്യതക്കുറവും കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നു.

6. കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും ശാസ്ത്രീയ വളപ്രയോഗത്തിനെക്കുറിച്ചും കൃഷിക്കാർ വേണ്ടത്ര ബോധവാന്മാരല്ല.

7. കൃഷിഭവനിൽനിന്നുള്ള ആനുകൂല്യങ്ങൾ എല്ലാകർഷകർക്കും ആനുപാതികമായി എത്തുന്നില്ല.

8. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ വിത്തുകൾ എന്നിവ യഥാസമയം ലഭിക്കുന്നില്ല.

9. ഏഴുംവയലിൽ നിന്ന് മണ്ണ് കുഴിച്ചെടുക്കുന്നത് താഴ്വരകളിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

10 പാടശേഖര സമിതികളുടെയും കുടുംബശ്രീ, കേരസമിതികളുടെയും പ്രവർത്തനം കാര്യക്ഷമമല്ല.

11. പഞ്ചായത്ത് പ്രദേശത്ത് രാസവള കീടനാശിനി എന്നിവ ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ കർഷകർ വിഷമമനുഭവിക്കുന്നു.

12. കാർഷിക ഉല്പന്നങ്ങൾ ന്യായമായ വിലക്ക് സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഇല്ലാത്തതിനാൽ ഉല്പന്നത്തിന് ന്യായമായ വില ലഭിക്കുന്നില്ല.

13. നെൽവയലുകൾ വൻതോതിൽ നികത്തപ്പെടുകയും നാണ്യവിളകൃഷിക്കായി മാറ്റപ്പെടുകയും ചെയ്യുന്നു.

14. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് മൂലം തെങ്ങിന്റെയും കവുങ്ങിന്റെയും വിളവെടുപ്പ് റബ്ബറിന്റെ ടാപ്പിങ്ങ് എന്നിവയൊക്കെ തടസം നേരിടുന്നു.

15. പാടശേഖരങ്ങളിൽ ജലനിർഗമന ജലസേചന കനാലുകൾ ആവശ്യാനുസരണം ഇല്ലാത്തതിനാൽ ഉല്പാദനത്തിൽ കുറവ് നേരിടുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ചരിഞ്ഞു കിടക്കുന്ന പ്രദേശങ്ങളി

ലെല്ലാം മണ്ണൊലിപ്പ് തടയുന്നതിന് കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കുന്നതിനും, തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും കർഷകരെ ബോധവൽക്കരിക്കുകയും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യുക.

2. കാർഷിക രംഗത്ത് തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും മറ്റുതൊഴിലുകളെ പ്പോലെ തന്നെ കൃഷിപ്പണിയും മാന്യതയുള്ള തൊഴിലാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തുക.

3. മണ്ണിന്റെ ഫലപൂഷ്ടി നിലനിർത്തുന്നതിനും ആവശ്യാനുസരണം ജൈവ വളം ലഭ്യമാക്കുന്നതിനും പച്ചില വളച്ചെടികൾ കൃഷി ചെയ്യുന്നതിനും കമ്പോസ്റ്റ് ഉല്പാദനം ഗണ്യമായി വർദ്ദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

4. ഭൂമിയുടെ തുണ്ടവൽക്കരണം മൂലം കർഷകർക്ക് നെൽകൃഷിയോടുള്ള വൈമുഖ്യം കുറക്കുന്നതിന് പാടശേഖരാടിസ്ഥാനങ്ങൾ കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനും ഒരു പരിധിവരെ കാർഷികച്ചെലവ് കുറക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

5. നെൽവയലുകൾ തരിശിടുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും, നെല്ലിന്റെ വിളവെടുപ്പിന്ന് ശേഷം പച്ചക്കറി കൃഷി ചെയ്യുന്നതിന്നും ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗം മൂലം മണ്ണിന്റെ ഫലപുഷ്ടിയെപ്രതികൂലമായി ബാധിക്കുന്നു. ഇത് തടയുന്നതിൻ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

7. അത്യുല്പാദന ശേഷിയുള്ള നടീൻ വസ്തുക്കൾ വിത്തുകൾ എന്നിവ യഥാസമയം കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

8. കൃഷി ഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്നതിന് കൃഷിഭവൻ തലത്തിൽ രൂപീകരിച്ച സമിതികൾ സജീവമാക്കേണ്ടതുണ്ട്. വാർഡുകൾ തോറും കൂടുതൽ ജനസമ്പർക്കമുള്ള പ്രദേശങ്ങളിൽ കൃഷി ഭവൻ വാർത്താ ബോർഡുകൾ സ്ഥാപിച്ച് വിവരങ്ങൾ കർഷകരിൽ യഥാസമയം എത്തിക്കുന്നതിന്നു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.


9. പഞ്ചായത്ത് പ്രദേശത്ത് രാസവളം കീടനാശിനി എന്നിവയഥേഷ്ടം ലഭ്യമാക്കുന്നതിന് കടന്നപ്പള്ളി പാണപ്പുഴ എന്നീ പ്രദേശങ്ങളിൽ രാസവള കീടനാശിനി ഡിപ്പോകൾ തുറക്കുക.

10. പദ്ധതി നടത്തിപ്പിന് കൃഷി ഭവൻ ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണ് ആയത് വർദ്ധിപ്പിച്ച് കർഷക സമ്പർക്ക പരിപാടി വിപുലീകരിക്കേണ്ടതുണ്ട്.

11. കാർഷീക വിളകളുടെ സംഭരണം വിപണനം എന്നിവ ഉറപ്പുവരുത്തി കർഷകർക്ക് ന്യായ വില ലഭ്യമാക്കുക.

12. പാടശേഖരങ്ങളിലെ ജലസേചന ജല നിർഗ്ഗമന സൗകര്യം മെച്ചപ്പെടുത്തുന്ന ഒന്നായി ചെറു കനാലുകൾ നിർമ്മിക്കുക.

മൃഗസംരക്ഷണം
മത്സ്യബന്ധനം



മൃഗ പരിപാലനത്തിന് നമ്മുടെ പഞ്ചായത്തിന് ദശാബ്ദങ്ങളുടെ ചരിത്രമുണ്ട്. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്ന ഇവിടുത്തെ ജനവിഭാഗങ്ങൾ പണ്ടു മുതൽക്കു തന്നെ കന്നുകാലി വളർത്തലിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്ന വൻകിട ഭൂവുടമകൾക്ക് നൂറുകണക്കിന് പശുക്കൾ സമ്പാദ്യമായുണ്ടായിരുന്നു. പശുവിനെ പാട്ടത്തിന് കൊടുത്ത് പ്രതിഫലമായി നെയ്യ് വാങ്ങിച്ചു വരുന്ന ഒട്ടേറെ ഭൂവുടമകളും അന്ന് നിലവിലുണ്ടായിരുന്നു. കുന്നിൻ ചെരിവുകളിലെ സമൃദ്ധമായ പുൽപ്പരപ്പുകളിൽ കൂട്ടത്തോടെ മേയുന്ന എരുമകളും പശുക്കളും അന്നത്തെയൊരു സ്ഥിരം കാഴ്ചയാണ്. വിവിധ ദേവസ്വങ്ങൾക്കും മുസ്ലിം ഭൂവുടമകൾക്കും ഉണ്ടായിരുന്ന 'കാലിക്കൂട്ടങ്ങൾ' അന്നത്തെയൊരു പ്രത്യേകതയാണ്. വയലുകളിൽ 'കരക്ക' കെട്ടിയുള്ള അന്നത്തെ പരിപാലന രീതി എടുത്തു പറയേണ്ടതാണ്. മിക്കവാറും നെൽകൃഷിക്കാരുടെ വീടുകളിൽ സ്വന്തമായി പൂട്ടുകാളകളുണ്ടായിരുന്നു. ഇവയ്ക്കും കറവ പശുക്കൾക്കും പ്രത്യേക പരിചരണമായിരുന്നു അന്നു നൽകിയുന്നത്. പരിപാലനത്തിലെ കൂട്ടായ്മ അന്നത്തെ പ്രത്യേകതകളിലൊന്നാണ്. പിന്നീട് കൃഷിഭൂമികളുടെ തുണ്ട വൽക്കരണവും കൈമാറ്റങ്ങളുമൊക്കെ കൊണ്ട് പരിപാലന രീതികളിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായി. വളങ്ങൾക്കും നിലമൊരുക്കുന്നതിനും ഭാരം വലിക്കുന്നതിനും വേണ്ടി ഉപയോഗിച്ചതിനേക്കാളേറെ കുടുംബത്തിന്റെ ഐശ്വര്യമാണ് കന്നുകാലികൾ എന്നു കരുതിയിരുന്നവരാണ് നമ്മുടെ പൂർവികന്മാർ.

മൃഗ സംരക്ഷണ മേഖലയിലൂടെ നമുക്ക് ലഭ്യമാകുന്നത് പോഷക പ്രദാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ്, ഔഷധ വ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ തുടങ്ങിവയാണ്. നമ്മുടെ പഞ്ചായത്തിന്റെ സാധ്യതക്കനുസരിച്ച് മൃഗപരിപാലന മേഖല ഇനിയും പോഷിപ്പിക്കേണ്ടതായിട്ടുണ്ട്.

ഈ പഞ്ചായത്തിലെ 50% ജനങ്ങളും വളർത്തു മൃഗങ്ങളെ സംരക്ഷിക്കുന്നുണ്ട്. എന്നാൽ തൊഴിലെന്ന നിലയിൽ കേവലം 5%ൽ കുറവ് മാത്രമെ ഈ രംഗത്ത് കാണുന്നുള്ളു. പശു, എരുമ, കാള, ആട്, കോഴി, പന്നി, മുയൽ, നായ എന്നിവയാണ് പ്രധാനമായും വീടുകളിൽ വളർത്തുന്നത്.

പട്ടിക 1

പശു				കാള		എരുമ		പോത്ത്	ആട്	പന്നി	കോഴി	താറാവ്
സങ്കരയിനം കറവയില്ലാത്തത്	നാടൻ കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	സങ്കരയിനം	നാടൻ	കറവയില്ലാത്തത്	കറവയുള്ളത്					
296	391	724	1449	214	830	35	52	13	586	4	9638	13

പഞ്ചായത്തിൽ 2 സബ് സെൻററുകളാണുള്ളത്, കടന്നപ്പള്ളിയിലും, കണ്ടോന്താറിലും. പ്രധാനമായും ബീജ സങ്കലന സൗകര്യമാണ് ഇവിടെ നിന്ന് ലഭ്യമാകുന്നത്. പരിമിത സൗകര്യങ്ങൾ മാത്രമെ ഇവിടങ്ങളിലുള്ളു.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	2860	310	6
കിടാരി	1274	120	4
എരുമ	87	35	2

ക്ഷീര വിപണന രംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടുണ്ടെന്ന് പറയാൻ കഴിയില്ല. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ മുഴുവൻ ഉപയുക്തമായിട്ടില്ല. നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ദിനം പ്രതി 375 ലിറ്റർ പാൽ മാത്രമാണ് ഇപ്പോൾ ശേഖരിക്കുന്നത്. മൊത്തം ഉല്പാദനത്തിന്റെ 10% മാത്രമെ സൊസൈറ്റികളിലെത്തുന്നുള്ളു. കാലിതീറ്റകൾ സൊസൈറ്റികൾ മുഖേന വിതരണം നടത്തുന്നുണ്ട്. ഇറച്ചിക്കോഴി വളർത്തൽ പരിമിതമായ തോതിൽ മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. കേവലം 2 യൂനിറ്റുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. മുട്ടക്കോഴി വളർത്തൽ യൂനിറ്റ് പഞ്ചായത്തിലില്ലെങ്കിലും വീടുകളിൽ വളർത്തുന്ന നാടൻ കോഴികൾ ധാരാളമുണ്ട്. ഇവയിൽ അത്യുല്പാദനശേഷിയുള്ളവയുടെ എണ്ണം വളരെ ചുരുക്കമാണ്. ഒട്ടനവധി വീടുകളിൽ ആടിനെ വളർത്തുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായ പരിപാലനരീതിയുടെ അപര്യാപ്തത നില നിൽക്കുന്നുണ്ട്.

പഞ്ചായത്തിൽ പേപ്പട്ടി ശല്യം കുറവാണെങ്കിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികൾ ധാരാളമുണ്ട്. വീടുകളിൽ വളർത്തുന്ന 60 പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ അമിതമായ വില വർധനവ്.
2. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.
3. സമ്പൂർണ്ണ കാലിസമ്പത്തിനെ സംരക്ഷിക്കാനുള്ള ഇൻഷ്വറൻസ് അഭാവം.
4. ക്ഷീരവിപണന രംഗത്ത് സംഭരണ ഡിപ്പോയുടെയും പാൽ സൊസൈറ്റികളുടെയും അപര്യാപ്തത.
5. മൃഗാശുപത്രിയുടെ അഭാവം.

പട്ടിക 3

രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പൂച്ച	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	മറ്റുള്ളവ
1	2	3	4	5	7	8	9	10	11	
1	ദഹന സംബന്ധമായവ Digestive disorders	2	240	14	70	-	4	-	-	-
2	ശ്വാസകോശ സംബന്ധം Resipiratory diseases	-	220	-	10	-	-	300	-	-
3	ഉപാപചയ സംബന്ധം Metabolic diseases	-	40	6	-	-	-	-	-	1
4	ത്വക്രോഗങ്ങൾ Skin diseases	-	120	-	-	-	4	-	-	-
5	ധാതു ലവണങ്ങളുടെ അഭാവം Deficiency diseases	-	-	-	-	-	-	-	-	-
6	പരാദരോഗങ്ങൾ Parasitic diseases	-	160	-	40	-	10	120	-	-
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gymacological disorders	80 -	10	-	-	-	-	-	-	
8	വന്ധ്യത- Infertility	-	-	-	-	-	-	-	-	
9	അകിടുവീക്കം Mastitis	-	60	-	4	1	-	-	-	-
10	മുടന്തൻ പനി Ephemeral fever	-	260	-	2	-	-	-	-	-
11	പകർച്ചവ്യാധികൾ Contagran diseases	-	-	--	-	-	--	-	-	-

6. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യവും വികാസവും.
7. പശു വളർത്തൽ ഒരു ഉപതൊഴിലായി മാത്രം നടത്തുമ്പോഴുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ.
8. നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ലാത്തതിനാൽ ആടുവളർത്തൽ മേഖലയിൽപുരോഗതിയില്ല.
9. അലഞ്ഞു തിരിയുന്ന പട്ടികളുടെ ശല്യം.
10. മാംസ സംസ്കരണത്തിനും വിപണനത്തിനും സൗകര്യങ്ങളില്ല.
11. ശാസ്ത്രീയമായ അറവുശാലയില്ല.
12. ഉദാര വ്യവസ്ഥയിൽ കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായമില്ല

സാധ്യതകൾ

1. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് കുറഞ്ഞ ചെലവിൽ സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റയും കോഴിത്തീറ്റയും നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.
2. കോഴിവളർത്തൽ വിപണന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
3. പാൽ സൊസൈറ്റികൾക്ക് സാധ്യതയുള്ള

സ്ഥലങ്ങളിൽ രൂപീകരിക്കുക.

4. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു പരിഗണിച്ച് മൃഗാശുപത്രിയോ സബ്സെന്ററുകളോ അനുവദിക്കുക.

5. നിലവിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും സൗകര്യവും ഉണ്ടാകണം.

6. മിനി ഡയറി യൂനിറ്റുകൾ രൂപീകരിക്കുക, ഇവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്ററുകൾ തുടങ്ങാവുന്നതാണ്.

7. ആടുവളർത്തൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

8. തീറ്റപുൽ വിത്തുകൾ കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക.

9. ആധുനിക സജ്ജീകരണത്തോടുകൂടിയ അറവുശാല സ്ഥാപിക്കാവുന്നതാണ്.

10. പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിഷ നിർമ്മാർജ്ജന പദ്ധതിയിലുൾപ്പെടുത്തുകയും അലഞ്ഞുതിരിയുന്നവയെ നശിപ്പിക്കുകയും വേണം.

മത്സ്യബന്ധനം

2 വില്ലേജുകളിലൂടെയായി ഒഴുകുന്ന 20കിലോമീറ്റർ ദൈർഘ്യമുള്ള പുഴയും തോടുകളും കൈത്തോടുകളും കുളങ്ങളുമുള്ള കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിന് മത്സ്യബന്ധനത്തിൽ ഏറെയൊന്നും പാരമ്പര്യം അവകാശപ്പെടാനില്ല. എങ്കിലും മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയിരുന്ന ചില കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. മത്സ്യ വിപണന രംഗത്ത് ജോലി ചെയ്തു ജീവിക്കുന്ന 25ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ ഭൂരിപക്ഷവും തലചുമടായോ, സൈക്കിളിലോ വിപണനം നടത്തുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. മത്സ്യവിൽപനക്കായി ഒരു പൊതു മാർക്കറ്റ് പഞ്ചായത്തിലില്ല.

പ്രശ്നങ്ങൾ

1. വണ്ണാത്തിപുഴയിൽ ധാരാളം മത്സ്യസമ്പത്ത് ഉണ്ടെങ്കിലും തോട്ടയിടൽ നഞ്ചുകലക്കൽ തുടങ്ങിയവയിലൂടെ മത്സ്യകുഞ്ഞുങ്ങളുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

2. കുളങ്ങളിലും തോടുകളിലും മത്സ്യകൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

3. ശാസ്ത്രീയ രീതിയിൽ മത്സ്യം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണമോ മറ്റ് സംവിധാനങ്ങളോ നിലവിലില്ല.

4. നിലവിൽ പൊതു മാർക്കറ്റില്ല.

5. കാർഷിക രംഗത്ത് അമിതമായ കീടനാശിനി ഉപയോഗം കുളങ്ങളിലും തോടുകളിലും പുഴകളിലുമുള്ള മത്സ്യങ്ങൾക്ക് രോഗമുണ്ടാക്കുന്നുണ്ട്.

സാധ്യതകൾ


1. പഞ്ചായത്തിലെ എല്ലാ ജലാശയങ്ങളും ഉൾപ്പെടുത്തി സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുക.

2. തോട്ടയിടലും നഞ്ചു കലക്കുന്ന സമ്പ്രദായവും കർശനമായി നിയന്ത്രിക്കണം.

3. മത്സ്യം വളർത്താൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ശാസ്ത്രീയമായ കൃഷിരിതി പരിശീലിപ്പിക്കുകയും ചെയ്യണം.

4. പൊതു മാർക്കറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

വിദ്യാഭ്യാസം



വേദപണ്ഡിതന്മാരായിരുന്ന മഹാ ബ്രാഹ്മണർ, നാട്ടെഴുത്തച്ഛന്മാർ, ജ്യോതിഷികൾ, വിഷവൈദ്യന്മാർ, പുരക്കളി പണിക്കന്മാർ എന്നിവരുടെ നിസ്വാർത്ഥമായ സേവനത്തിന്റെ ഉന്നതമായ പാരമ്പര്യമുണ്ട് കടന്നപ്പള്ളി കൈത്രപ്രം, ഐരൃം തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക്. അന്ധവിശ്വാസങ്ങളിൽ നിന്നും, അനാചാരങ്ങളിൽ നിന്നു മുക്തമാകാത്ത പഴകാല ഗ്രാമീണ ജനതയെ ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടേയും കൂടെ അണി നിരത്താൻ ഒറ്റപ്പെട്ട ശ്രമങ്ങൾ നടത്തിയ മൺമറഞ്ഞ മഹത് വ്യക്തികൾ ഏറെയാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പട്ടാമ്പി പുന്നശ്ശേരി നമ്പിയുടെ കീഴിൽ സംസ്കൃത പാണ്ഡിത്യം നേടിയ കൈതപ്രം സ്വദേശിയായി ഒരു ബ്രാഹ്മണ ശ്രേഷ്ഠൻ (കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വലിയച്ഛൻ) വിദ്യാഭ്യാസ രംഗത്തെ ആദ്യവിപ്ലവത്തിന് തിരികൊളുത്തി. ഈ ജ്യോതിസ്സ് വാണിയൻ കൃഷ്ണൻ മാഷിലൂടെ ഇന്നത്തെ ഇടമന സ്കൂളിൽ എത്തി നിൽക്കുകയാണ്. അന്ന് ചിറക്കൽബാലകൃഷ്ണൻ നായരുടെ ഒത്താശയോടെ, സ്കൂളിന്റെ നഷ്ടപ്പെട്ടുപോയ താക്കോൽ ഇടമന ഇല്ലത്ത് വച്ച് കണ്ടെടുക്കുകയും, ഇടമന ഇല്ലക്കാരുടെ ശ്രമഫലമായി ഇന്നത്തെ രീതിയിലുള്ള വിദ്യാലയം രൂപപ്പെടുകയുമാണ് ചെയ്തത്. ഈ വിദ്യാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം.

സ്വാതന്ത്ര്യ സമരസേനാനി എ.വി. ശ്രീകണ്ഠ പൊതുവാൾ. യശ:ശരീരനായ ശിപായി രാമപൊതുവാൾ എന്നിവരുടെ പ്രവർത്തനങ്ങളും മദ്യവർജ്ജനം, ഭൂദാനം, സർവോദയം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രചരണവും ഈ പ്രദേശത്തെ വിദ്യാഭ്യാസ രംഗത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്.

ഇതേ കാലഘട്ടത്തിൽ പനയന്തട്ട രയരോത്ത് കോരൻ നമ്പ്യാർ, ചിരക്കര കോമൻ നമ്പ്യാർ തുടങ്ങിയ നാട്ടെഴുത്തച്ഛന്മാർ അവരുടെ കുടിപ്പള്ളിക്കൂടങ്ങളിലൂടെ കടന്നപ്പള്ളി പ്രദേശത്ത് വിദ്യാദീപങ്ങൾ കൊളുത്തിവെച്ചിരുന്നു. അത്ഭുത സിദ്ധികളുള്ള ഒരു വിഷവൈദ്യൻ ഇരയാങ്കോട്ട് വീട്ടിൽ ജീവിച്ചിരുന്നുവെന്നും മരിക്കുന്നതിനു മുമ്പ് തന്റെ കാലടികൾ പിന്തുടരാൻ ശ്രേഷ്ഠയശരായ ആളുകൾ ഇല്ലാത്തതുകൊണ്ട് വിലപിടിപ്പുള്ള വൈദ്യഗ്രന്ഥങ്ങൾ മുച്ചിലോട്ട് കാവിലെ കിണറ്റിൽ നിക്ഷേപിച്ചു എന്നു പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ചെറുവിച്ചേരിപ്രദേശത്ത്. ഇന്നത്തെ ചന്തപ്പുര മുസ്ലിം പള്ളിയുടെ സമീപം ഒരു വിദ്യാലയം സ്ഥാപിച്ചത് ഇരയാങ്കോട്ട് രാമൻ നമ്പ്യാർ ആയിരുന്നു. തുടർന്ന് കൃഷ്ണൻ നമ്പ്യാർ അതിന്റെ ചുമതല ഏറ്റെടുത്തുവെങ്കിലും കുട്ടികൾ കുറവു വന്നതു കാരണം നിർത്തേണ്ടി വന്നു. ഇദ്ദേഹത്തിന്റെ ശ്രമഫലമായി 1936ൽ പടിഞ്ഞാറേക്കരയിൽ ഒരു ലോവർ പ്രൈമറി വിദ്യാലയം തുടങ്ങി. ഇതിനു മുമ്പ് പടിഞ്ഞാറേക്കരയിൽ പെരിയാട്ട് വീട്ടിൽ ശങ്കരൻ നമ്പ്യാർ നേതൃത്വം കൊടുത്ത ഒരു കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. തർക്കശാസ്ത്രം സംസ്കൃതംഎന്നിവയിൽ വൈദഗദ്ധ്യം നേടിയ പുരക്കളി പണിക്കന്മാർ കുറ്റിയാട്ട് പുലയൂർ കാളിക്ഷേത്രത്തിലെ മറത്തുകളിയിലൂടെ പാണ്ഡിത്യത്തിന്റെ മികവ് കാട്ടിയിരുന്നു. അതുപോലെതന്നെ മുച്ചിലോട്ട് കാവിലെ ആചാരക്കാരും പുരാണേതിഹാസങ്ങളിലും സംസ്കൃതത്തിലും പാണ്ഡിത്യം നേടാൻ ശ്രമിച്ചിരുന്നു. ഇത്തരം ക്ഷേത്രങ്ങൾ പുരാണാദി

വിഷയങ്ങളെ കുറിച്ചുള്ള ചർച്ചകളുടെ വേദിയായി മാറാറുണ്ടായിരുന്നു.

1955ൽ ഏര്യം വിദ്യാമിത്രം യു.,പി. സ്കൂൾ സ്ഥാപിതമായതോടുകൂടിയാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പാണപ്പുഴ വില്ലേജിൽ നിയതമായ രൂപം കൈവന്നത്. സംസ്കൃത പണ്ഡിതന്മാരുടേയും, വേദശാസ്ത്ര പ്രവീണരുടെയും ഒരു ഭൂതകാലം പാണപ്പുഴക്കുണ്ട്. 1990-ലെ സാക്ഷരതാ പ്രവർത്തനം ഈ വില്ലേജിൽ വലിയ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട് എന്നത് വിസ്മരിക്കാനാവാത്ത വസ്തുതയാണ്.

വിദ്യാഭ്യാസ ബില്ലും, ഭൂപരിഷ്ക്കരണ നിയമവും കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെന്ന പോലെ നമ്മുടെ ഗ്രാമത്തിനേയും വിദ്യാഭ്യാസരംഗത്ത് ചലങ്ങളുണ്ടാക്കിയിട്ടുണ്ട്. കൈത്രപം വായനശാല, പടിഞ്ഞാറേക്കര ദേശോദ്ധാരണ വായനശാല, വിവിധ നാടക സംഘങ്ങൾ, കർഷക പ്രസ്ഥാനം എന്നിവ പ്രത്യക്ഷമായും, പരോക്ഷമായും നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ട്.

1990-ലെ ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനം കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. സാക്ഷരതാ പ്രവർത്തകരുടേയും, പഠിതാക്കളുടേയും അനുഭവങ്ങൾ ആവേശം പകരുന്നവയായിരുന്നു. തുടർ സാക്ഷരതാ പ്രവർത്തനം നടത്തി സാക്ഷരത നിലനിർത്താനുള്ള ബാധ്യത ഇന്നത്തെ സമൂഹം നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.

1993-94 വർഷത്തിൽ നടന്ന 'അക്ഷരപ്പുലരി' പ്രവർത്തനം നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ ചെറിയ ചലനങ്ങൾ ഉണ്ടാക്കി. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം സജീവമാക്കി, 'ഗുരുകുലം' പദ്ധതി കാര്യക്ഷമമാക്കിയാലേ വലിയ മുന്നേറ്റം വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാൻ കഴിയു. വിദ്യാഭ്യാസ പ്രവർത്തകർ നിലവിലുള്ള ആലസ്യം മാറ്റി, സമൂഹത്തിന്റെ ഉൾത്തുടിപ്പുകൾ മനസ്സിലാക്കി, വിദ്യാഭ്യാസ പ്രക്രിയയെ ജനകീയ ഇടപെടലുകളിലൂടെ ക്രിയാത്മകമാക്കണം.

വിദ്യാഭ്യാസ രംഗത്തെ വിലയിരുത്തുമ്പോൾ പ്രീ-പ്രൈമറി. പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും എന്നിങ്ങനെ നാല് മേഖലകളിലാക്കി വിശകലനം ചെയ്യുന്നതായിരിക്കും നല്ലത്.

1 പ്രീ-പ്രൈമറി വിദ്യാഭ്യാസം

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ ഇപ്പോൾ 17 അങ്കണവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 9 എണ്ണം-പാണപ്പുഴ വില്ലേജിലും 8 എണ്ണം കടന്നപ്പള്ളി വില്ലേജിലുമാണ്. പഞ്ചായത്തിൽ ഒരു നഴ്സറി വിദ്യാലയം പ്രവർത്തിക്കുന്നത് കൈത്രപ്രം കൈരളി വായനശാല കേന്ദ്രീകരിച്ച് മാത്രമാണ്. പഞ്ചായത്തിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഇല്ല. അങ്കണവാടികളുടെ എണ്ണംതന്നെ വർധിപ്പിക്കേണ്ടിരിയിരിക്കുന്നു.

കണ്ടെത്തലുകൾ: 1) വികസന ബ്ലോക്കുകളുടെ നിയന്ത്രണത്തിലാണ് അങ്കണവാടികൾ പ്രവർത്തിക്കുന്നത്. 2) കുട്ടികൾക്ക് കഴിക്കാൻ ആവശ്യമായ പോഷകാഹാരങ്ങൾ എല്ലാ കേന്ദ്രത്തിലും ലഭിക്കുന്നുണ്ട്. 3) ശരിയായ പഠനത്തിത്തിന്റേയോ ആവശ്യങ്ങളുടേയോ അടിസ്ഥാനത്തിലല്ല ഈ കേന്ദ്രങ്ങൾ ആരംഭിച്ചത്. 4) നിലവിലുള്ള അങ്കണവാടികളിൽ ഒന്നിനുപോലും സ്വന്തമായി കെട്ടിടങ്ങളോ, മറ്റ് ഭൗതിക സാഹചര്യങ്ങളോ കളിപ്പാട്ടങ്ങളോ ഇല്ല. 5)ആവശ്യമായത്രയും പരിശീലനം നേടിയ അദ്ധ്യാപകരെ കിട്ടുന്നല്ല. 6)പഞ്ചായത്തിൽ അങ്കണവാടികളല്ലാതെ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ: 1) സമഗ്രമായ കുടുംബ സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ കുട്ടികളേയും കണ്ടെത്തി അവർക്ക് എത്തിച്ചേരാൻ പറ്റുന്ന സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ ആരംഭിക്കുക. 2)കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ, കെട്ടിടങ്ങൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ പഞ്ചായത്തിന്റെ സഹായത്തോടെയും, സന്നദ്ധ സംഘടനകൾ, രക്ഷാകർത്തൃ സമിതികൾ, എന്നിവയുടെ സഹകരണത്തോടെയും കണ്ടെത്തുക. 3) അധ്യാപകന്മാർക്ക് ശരിയായ പരിശീലനവും സേവനകാല പരിശീലനവും നൽകുക. 4) മുഴുവൻ കുട്ടികളും എല്ലാ ദിവസവും കേന്ദ്രത്തിലെത്തുന്നുണ്ട് എന്ന് അങ്കണവാടി സമിതികൾ ഉറപ്പുവരുത്തുക. 5) ഇംഗ്ലീഷ് ഭാഷാപഠനം അടക്കമുള്ള അനഭിലഷണീയമായ കാര്യങ്ങൾ നടക്കുന്നത് നിരുത്സാഹപ്പെടുത്തുക. 6) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ, പ്രത്യേകിച്ച് അമ്മമാരെ ബോധവൽകരിക്കുക. 7) എല്ലാ വാർഡിലും ഒരു അങ്കണവാടിയെങ്കിലും മാതൃകാ പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാനമാക്കി മാറ്റാൻ ആവശ്യമായ പ്രവർത്തനം നടത്തുക സാധ്യമാണെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങളോടൊന്നിച്ച് ആരംഭിക്കുക.

II പൊതുവിദ്യാഭ്യാസം

(A)പൊതുസ്ഥിതി

പട്ടിക - 1

പട്ടിക 1 വിദ്യാലയങ്ങൾ

നമ്പർ	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത		വിഭാഗം		
			സർക്കാർ	സ്വകാര്യ-അംഗീകൃതം	എൽ.പി.	യു.പി.	ഹൈസ്കൂൾ.
1.	ഗവ: എൽ.പി.സ്കൂൾ, കാരയാട്	II	✓		✓		
2.	ഗവ: എൽ.പി.സ്കൂൾ പാണപ്പുഴ	IV	✓		✓		
3.	ഗവ: എൽ.പി.സ്കൂൾ, ചെറുവിച്ചേരി	VI	✓		✓		
4.	ഗവ:എൽ.പി.സ്കൂൾ തെക്കേക്കര	IX	✓	✓			
5.	ക്രൈസ്റ്റ് നഗർ, എൽ.പി.എസ്.എടക്കോം	I		✓	✓		
6.	എ.എൽ.പി.എസ്.	III		✓	✓		
7.	കടന്നപ്പള്ളി ഈസ്റ്റ് എൽ.പി.എസ്	VIII		✓	✓		
8	വിളയാങ്കോട് എൽ.പി.സ്കൂൾ	IX		✓	✓		
9	ഏര്യം വിദ്യാമിത്രം യു.പി.സ്കൂൾ	II		✓		✓	
10.	ഇടമന യു.പി. സ്കൂൾ. കണ്ടോന്താർ	V		✓		✓	
11.	കടന്നപ്പള്ളി യു.പി.എസ്. X			✓		✓	
12.	ഗവ:ഹൈസ്കൂൾ കടന്നപ്പള്ളി	VII	✓				✓

പഞ്ചായത്തിൽ ആകെ 12 വിദ്യാലയങ്ങൾ ഉണ്ട്. ഇവിയിൽ 5 എണ്ണം പാണപ്പുഴ വില്ലേജിലും 7 എണ്ണം കടന്നപ്പള്ളി വില്ലേജിലുമാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിൽ 8 ലോവർ പ്രൈമറി സ്കൂളുകളും 3 അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നു. ഇവയിൽ 4 എൽ.പി.സ്കൂളുകളും, 3 യു.പി. സ്കൂളുകളും സർക്കാർ അംഗീകൃത സ്വകാര്യ വിദ്യാലയങ്ങളാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ കടന്നപ്പള്ളി വില്ലേജിലെ 7ാം വാർഡിൽ സർക്കാർ ഉടമസ്ഥതയിൽ 1980-ൽ സ്ഥാപിക്കപ്പെട്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ നോക്കിയാൽ 8-ാംവാർഡിൽ ഒഴികെ മറ്റെല്ലാ വാർഡുകളിലും വിദ്യാലയങ്ങളുണ്ട്.

കണ്ടെത്തലുകൾ: 1)പഞ്ചായത്തിലെ മുഴുവൻ കുട്ടി

കൾക്കും നിശ്ചിത ദൂരപരിധിക്കകത്തുതന്നെ ലോവർ പ്രൈമറി വിദ്യാലയങ്ങളുണ്ട്. കടന്നപ്പള്ളി വില്ലേജിലെ മുഴുവൻ കുട്ടികൾക്കും എത്തിച്ചേരാൻ പറ്റുന്ന തരത്തിൽ പ്രൈമറി സ്കൂളുകളും, ഹൈസ്കൂളും ഉണ്ടെങ്കിലും പാണപ്പുഴ വില്ലേജിൽ ഇത്തരം സ്ഥാപനങ്ങൾ പരിമിതമാണ്. സ്വകാര്യവിദ്യാലയങ്ങൾ കൂടുതലായതുകൊണ്ട് അധ്യാപകക്ഷാമം ഉണ്ടാകാൻ സാധ്യത ഇല്ല. പാണപ്പുഴ വില്ലേജിൽ ഹൈസ്കൂളില്ല.

നിർദ്ദേശങ്ങൾ: 1)പാണപ്പുഴ വില്ലേജിലെ കുട്ടികൾ തുടർ വിദ്യാഭ്യാസത്തിന് ഉതകുന്ന രീതിയിൽ ആവശ്യമായ സ്ഥലത്ത് ഒരു യു.പി.സ്കൂളും ഒരു ഹൈസ്കൂളും സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കുകയോ, നിലവിലുള്ള ഏതെങ്കിലും വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുക. ഈ ആവശ്യത്തിന് പഞ്ചായത്തും നാട്ടുകാരും ചേർന്ന് വിഭവങ്ങൾ കണ്ടെത്തുകയും സർക്കാറിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക. കടന്നപ്പള്ളി വില്ലേജിലെ 6-ാം വാർഡിൽ നിലവിലുള്ള ഗവ:.എൽ.പി സ്കൂൾ അപ്പർ പ്രൈമറി ആക്കി ഉയർത്തുക. തെക്കേക്കര ഗവ:എൽ.പി. സ്കൂളിലേക്ക് പോകുന്ന കുട്ടികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുക.

ക്രമ

(B) ഭൗതിക സൗകര്യങ്ങൾ

പട്ടിക-2

ന മ്പ ർ	വിദ്യാലയത്തിന്റെ പേര്	സ്ഥല വിസ്തീർണ്ണം	കെട്ടിടങ്ങൾ			ലാബ്		ലൈബ്രറി		മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ		പാചകപ്പുര	
			സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1.	ഗവ:എൽ.പി.എസ്.																				
	കാരയാട്	1 ഏക്കർ	1	-	-	-	✓		✓		✓		✓		✓	✓		✓		✓	
2.	ഗവ:എൽ.പി.[illegible] പാണപ്പുഴ	1 ഏക്കർ	1	-	-		✓		✓		✓	✓			✓		✓	✓			✓
3.	ഗവ:എൽ.പി.																				
	[illegible]	.71 ഏക്കർ	1	1	-	✓		✓	✓	✓		✓			✓	✓		✓			✓
5.	[illegible] എൽ.പി.എസ്																				
	[illegible]	.04 ഏക്കർ	1	-	-		✓		✓		✓		✓		✓		✓		✓		✓
6	എ.എൽ.പി.എസ്.പറുർ	.5 ഏക്കർ	1	1	-		✓		✓	✓		✓			✓	✓		✓		✓	
7.	ഈസ്റ്റ് എൽ.പി.എസ്.																				
	കടന്നപ്പള്ളി	.56 ഏക്കർ	2	-	-	✓		✓			✓		✓	✓		✓		✓			✓
8.	എൽ.പി.സ്കൂൾ,																				
	വിളയാങ്കോട്	3720 ച.അടി	10	-	-	✓		✓		✓		✓		✓		✓		✓		✓	
9	വിദ്യാമിത്രം യു.പി.എസ്, ഏര്യ	1 ഏക്കർ	3	7	-	✓			✓		✓	✓		✓		✓		✓		✓	
10	ഇടമന യു.പി.,എസ്.																				
	കണ്ടോന്താർ	1 ഏക്കർ	5	5	-	✓		✓		✓		✓		✓		✓		✓			✓
11	യു.പി. സ്കൂൾ കടന്നപ്പള്ളി	.83 ഏക്കർ	4	1	-	✓		✓		✓		✓		✓		✓		✓		✓	
12	ഗവ: ഹൈസ്കൂൾ, കടന്നപ്പള്ളി	3 ഏക്കർ	1	1	3		✓		✓		✓		✓		✓		✓	✓			

ഭൗതിക സാഹചര്യങ്ങൾ

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലസൗകര്യം, കളിസ്ഥലം, കെട്ടിടം ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, കിണർ, വൈദ്യുതി, പാചകമുറി എന്നിവയാണ് ഈ വിഭാഗത്തിൽ വിലയിരുത്തുന്നത്.

സ്ഥലത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം എല്ലാ വിദ്യാലയങ്ങൾക്കുമുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുവാനുള്ള സ്ഥലം കഴിച്ച് കുട്ടികൾക്ക് കുളിക്കാൻ ആവശ്യമുള്ളത്രയും സ്ഥലസൗകര്യങ്ങളില്ലാത്ത 3 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. 31 സ്ഥിരം കെട്ടിടങ്ങളും 17 അസ്ഥിര കെട്ടിടങ്ങളും 3 താല്കാലിക കെട്ടിടങ്ങളുമാണ് ആകെ ഉള്ളത്. പ്രീ-കെ.ഇ.ആർ എന്ന നിലയിൽ തുടരുന്ന വിദ്യാലയങ്ങളുടെ ക്ലാസു മുറികളും വളരെ ഇടുങ്ങിയതായിരിക്കും. ഓടിക്കളിച്ചു നടക്കേണ്ടുന്ന കുട്ടികൾ അനങ്ങാൻ പറ്റാതെ വീർപ്പുമുട്ടി കഴിയേണ്ട അവസ്ഥയാണ് ഭൂരിപക്ഷം വിദ്യാലയങ്ങളിലും. കെ.ഇ.ആർ. പ്രകാരം നിശ്ചിത അളവോടുകൂടിയ എത്ര ക്ലാസ്സുമുറികളുണ്ട്, എന്നും കെട്ടിടങ്ങളിൽ എത്ര എണ്ണം വേർത്തിരിവുള്ള ക്ലാസ്സുമുറികളോടുകൂടിയതാണ് എന്നും പരിശോധിക്കേണ്ടതാണ്. ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്ത വിദ്യാലയങ്ങളും പഞ്ചായത്തിലുണ്ട്. ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ് ഗവ:എൽ.പി.തെക്കേക്കരയും, ഗവ: ഹൈസ്കൂൾ കടന്നപ്പള്ളിയും.

6 വിദ്യാലയങ്ങളിൽ ലാബ് സൗകര്യവും 5 വിദ്യാലയങ്ങളിൽ ലൈബ്രറി സൗകര്യങ്ങളും ഉണ്ട്. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത 5 വിദ്യാലയവും, കളിസ്ഥലമില്ലാത്ത 4 വിദ്യാലയവും, കിണർ ഇല്ലാത്ത ഒരു വിദ്യാലയവും, വൈദ്യുതീകരിക്കാത്ത 7 വിദ്യാലയവും, പാചകമുറി ഇല്ലാത്ത 6 വിദ്യാലയവും ഉണ്ട്.

പട്ടികയിൽ രേഖപ്പെടുത്തിയ ഭൗതിക സാഹചര്യങ്ങൾഒന്നും ഇല്ലാത്ത വിദ്യാലയമാണ് ഗവ:എൽ.പി. തെക്കേക്കര. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കടന്നള്ളി ഗവ: ഹൈസ്കൂളിൽ ലൈബ്രറി സൗകര്യങ്ങളോ ലാബ് സൗകര്യങ്ങളോ തീരെ ഇല്ലാ. ഗവ:.എൽ.പി.എസ് പാണപ്പുഴ ഗവ. എൽ.പി.എസ് കാരയാട് എന്നീ വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്.

കണ്ടെത്തലുകൾ:- രണ്ടു വിദ്യാലയമൊഴികെ മറ്റെല്ലാ കെട്ടിടത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യമുള്ളതാണ്. 17 അർധസ്ഥിര കെട്ടിടങ്ങളും, 3 താൽക്കാലിക കെട്ടിടങ്ങളും സ്ഥിരം കെട്ടിടങ്ങൾ ആക്കി മാറ്റണം. കെട്ടിടങ്ങൾ ഉള്ളിടത്തുതന്നെ ക്ലാസ്സ് മുറിക്ക് അത്യാവശ്യമായ വിസ്തീർണ്ണമുള്ളവ കുറവാണ്. ഓഫീസ് മുറി, സ്റ്റാഫ് മുറി തുടങ്ങയവക്ക് സൗകര്യം പല സ്ഥലത്തും ഇല്ല. ക്ലാസ്സുകൾക്ക് താൽക്കാലിക വേർതിരിവേ പല വിദ്യാലയങ്ങളിലുമുള്ളൂ. 6 വിദ്യാലയങ്ങളിൽ ലാബ് ഉണ്ടെങ്കിലും വേരതിരിച്ച മുറിയോ, ഉപകരണങ്ങളോ, അവശ്യ വസ്തുക്കളോ ഇല്ലാത്തതും ഉപയോഗിക്കാനുള്ള മനോഭാവം അധ്യാപകരിൽ ഇല്ലാത്തതും പ്രധാന പ്രശ്നമാണ്. 7 വിദ്യാലയങ്ങളിൽ ലൈബ്രറി ഉണ്ടെങ്കിലും പ്രത്യേകം മുറിയോ, പുസ്തകം സൂക്ഷിക്കാൻ അലമാരിയോ ഇല്ലാത്തതും വിതരണം നടത്താനുള്ള വിമുഖതയും ന്യൂനതയായി കണക്കാക്കാം. മൂത്രപ്പുര, കക്കൂസ് എന്നിവ പകുതി വിദ്യാലയങ്ങളിൽ ഉണ്ടെങ്കിലും അധ്യാപകർ, ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിങ്ങനെ വേർതിരിച്ചുള്ള സൗകര്യം കുറവാണ്. 4 വിദ്യാലയങ്ങൾക്കു കളിസ്ഥലമില്ലാത്തത് കുട്ടികളുടെ കായിക പരിശീലനത്തിന് ദോഷം ചെയ്യും, വൈദ്യുതി സൗകര്യം എല്ലാ വിദ്യാലയത്തിലും ഇല്ല. അതു ഉണ്ടാകണം.



നിർദ്ദേശങ്ങൾ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും മിനിമം സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം. സർക്കാർ വിദ്യാലയങ്ങളിലെ ഭൗതിക സഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കിട്ടാവുന്ന കേന്ദ്രങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും പി.ടി.എ. മാതൃ സംഘം, വിദ്യാലയ സമിതി എന്നിവയെ ഉപയോഗപ്പെടുത്തുകയും ചെയ്യണം. കെട്ടിട സൗകര്യം തീരെ ഇല്ലാത്ത വിദ്യാലയങ്ങൾക്ക് അവ ഉണ്ടാക്കാൻ പഞ്ചായത്ത് അടിയന്തരമായും ഇടപെടണം. സ്വകാര്യ മാനേജ്മെൻറിന് സമ്മർദ്ദം ചെലുത്തി അവരെക്കൊണ്ട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടത്താൻ കഴിയണം. കെട്ടിടങ്ങൾക്ക് ക്ലാസ്സ് മുറികളുടെ വേർതിരിവിന് സംവിധാനം ഉണ്ടാകണം. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കളിസ്ഥലങ്ങൾ സ്ഥാപിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

(C) കുട്ടികളുടെ പ്രവേശനവും എണ്ണവും

(i)ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം:-

പട്ടിക -3

ഒന്നാം തരത്തിലെ കുട്ടികൾ

നമ്പർ	വിദ്യാലയത്തിന്റെ പേര്	അധ്യയന വർഷം		
		94-95	95-96	96-97
1	ഗവ. എൽപി. എസ് കാരയാട്	25	23	31
2	ഗവ.എൽ.പി.എസ് പാണപ്പുഴ	38	35	19
3	ഗവ.എൽപി.എസ്. ചെറുവിച്ചേരി	23	29	27
4	ഗവ.എൽപി.എസ്. തെക്കേക്കര	21	16	17
5	ക്രൈസ്റ്റ് നഗർ എൽപി. എസ്. എടക്കോം	64	59	58
6	എ.എൽപി.എസ്. പറവൂർ	35	28	22
7	ഈസ്റ്റ് എൽ.പി.എസ് കടന്നപ്പള്ളി	25	26	16
8	എൽപി.സ്കൂൾ വിളയാംകോട്	110	116	100
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം	66	64	54
10	ഇടമന യു.പി.എസ്. കണ്ടോന്താർ	62	34	54
11	യുപി. സ്കൂൾ കടന്നപ്പള്ളി	48	48	56
	ആകെ	517	478	454

1994-95, 95-96, 96-97 എന്നീ അധ്യയന വർഷങ്ങളിൽ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണമാണ് പട്ടികയിലുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കുട്ടികളുടെ എണ്ണം പകുതിയായി കുറഞ്ഞ ഒരു വിദ്യാലയവും, ഗണ്യമായി കുറഞ്ഞ രണ്ട് വിദ്യാലയവും പഞ്ചായത്തിലുണ്ട്. നാമമാത്രമായി കുറവ് വന്നവിദ്യാലയങ്ങളാണ് ഭൂരിപക്ഷവും. കുട്ടികളുടെ എണ്ണത്തിൽ വളരെയധികം വർധനവോ, കുറവോ വിദ്യാലയങ്ങളിൽ പൊതുവെ കാണുന്നില്ല. മൂന്നുവർഷത്തിനിടയിൽ മൊത്തം കുട്ടികളുടെ എണ്ണത്തിൽ7 ശതമാനത്തിനും 5 ശതമാനത്തിനും ഇടയിൽ കുറവ് കാണുന്നു.

കണ്ടെത്തലുകൾ:- മൂന്നുവിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശന നിരക്ക് കുറഞ്ഞുവരുന്നത് വിദ്യാലയങ്ങളുടെ നിലനിൽപിനെ ബാധിക്കുന്നു. എണ്ണത്തിൽ വരുന്ന കുറവ് നികത്താൻ 5 വയസ്സിനുതാഴെപ്രായമുള്ള കുട്ടികളെപ്പോലും വിദ്യാലയത്തിൽ ചേർക്കാൻ വിദ്യാലയാധികൃതർ പ്രേരിപ്പിക്കുന്നു. ഇത് വിദ്യാഭ്യാസത്തിനന്റെ ഗുണനിലാരത്തേയും, കുട്ടികളുടെ പഠനശേഷിയേയേയും ബാധിക്കുന്നു. വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറയുന്നത് വ്യക്തിപരമായ ശ്രദ്ധ നൽകുന്നതിനും അതുവഴി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്നും സഹായകമാണ്. എന്നാൽ സാമൂഹ്യ വൽക്കരണം എന്ന വിദ്യാഭ്യാസ ലക്ഷ്യം നേടാൻ കഴിയാതെ വരികയും ചെയ്യുന്നു. സ്വകാര്യ വിദ്യാലയങ്ങളിൽ ഗ്രാൻറ്നൽകുന്നത് കുട്ടികളുടെ എണ്ണമനുസരിച്ച് ആയതിനാൽ ഇത് കുറച്ചു മാത്രം കിട്ടുകയും, അറ്റകുറ്റപണികൾക്ക് മതിയാകാതെ വരികയും ചെയ്യുന്നു. ഉച്ചകഞ്ഞി പോലുള്ള ക്ഷേമ പരിപാടികളുടെ ചിലവും വിദ്യാഭ്യാസത്തിന്റെ ചിലവും കണക്കില്ലാതെ വർധിക്കുകയും, വിദ്യാഭ്യാസത്തിന്റെ ആളോഹരി വിഹിതം കുടുകയും ചെയ്യുന്നു. വിവിധ ഭാഗങ്ങളിൽ നിന്ന് കുട്ടികൾ സമീപ പഞ്ചായത്തുകളിലുള്ള വിദ്യാലയങ്ങളിലേക്ക് പോകുന്നു എന്ന് ഗ്രാമസഭാറിപ്പോർട്ട് സൂചിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ:- പഞ്ചായത്തിലെ സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളെപ്പറ്റിയും വ്യക്തമായ ധാരണ ഉണ്ടാക്കാൻ പഞ്ചായത്തു തല വിദ്യാഭ്യാസ സർവ്വേ മുഴുവുൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി അതാതു വാർഡുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തണം. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും അടുത്തുള്ള സ്കൂളിൽ തന്നെ എത്തിക്കാനുള്ള ബോധവൽക്കരണം നടത്തണം. കുട്ടികളുടെ എണ്ണം കുറഞ്ഞാലും മിനിമം പരിധി നിശ്ചയിച്ച് ഗ്രാൻറ്

നൽകാൻ നടപടികൾ സ്വീകരിക്കണം. വിദ്യാലയ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഉച്ചക്കഞ്ഞി വിതരണത്തിനും, ബഹുജനങ്ങൾ, പി.ടി.എ., മാതൃസംഘം എന്നിവയുടെ സഹകരണം കൂടുതൽ മെച്ചപ്പെടുത്തണം.

(ii) മൊത്തംകുട്ടികളുടെ എണ്ണം

പട്ടിക-4

	വിദ്യാലയത്തിന്റെ പേര്	എൽ.പി.വിഭാഗം				യു.പി.വിഭാഗം				ഹൈസ്കൂൾ വിഭാഗം			
		ആൺ	പെൺ	ആകെ	പെ. കു. ശതമാനം	ആൺ	പെൺ	ആകെ	പെ. കു. ശതമാനം	ആൺ	പെൺ	ആകെ	പെ. കു. ശതമാനം
1	ഗവ:എൽ.പി.എസ്. കാരയാട്	52	50	102	-	-	-	-	-	-	-	-	-
2	എൽ.പി.എസ്.പാണപ്പുഴ	54	55	119		-	-	-	-	-	-	-	-
3	എൽ.പി.എസ്. ചെറുവച്ചേരി	50	52	102		-	-	-	-	-	-	-	- -
4	എൽ.പി. എസ്. തെക്കേക്കര	44	32	76	-	-	-	-	-	-	-	-	-
5	ക്രൈസ്റ്റ് നഗർ എൽ.പി. എസ്. എടക്കോം	119	124	243	-	-	-	-	-	-	-	-	-
6	എ.എൽ.പി.എസ്. പറുർ	59	54	113	-	18	14	32	-	-	-	-	- -
7	ഈസ്റ്റ് എൽ.പി.എസ്. കടന്നപ്പള്ളി	53	43	96	17	22	39						
8	എ.എൽ.പി.എസ്. വിളയാങ്കോട്	237	191	428	-	-	-	-	-	-	-	-	-
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം	138	116	254	-	140	156	296	-	-	-	-	-
10	ഇടമന യു.പി.എസ്. കണ്ടോന്താർ	101	106	207	159	146	305	-	-	-	-	-	
11	യു.പി. സ്കൂൾ കടന്നപ്പള്ളി	105	98	203	189	181	370	-	-	-	-	-	
12	ഗവ: ഹൈസ്കൂൾ കടന്നപ്പള്ളി	-	-	305	309	614	50%						
	ആകെ	1012	931	1943	48%	523	519	1042	50%	305	309	614	50%

1996-97 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ 12 വിദ്യാലയങ്ങളിലായി 3599 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 1840 ആൺകുട്ടികളും 1759 പെൺകുട്ടികളുമാണ്. മൊത്തം കുട്ടികളുടെ 49% പെൺകുട്ടികളാണ്. ലോവർ പ്രൈമറി വിഭാഗത്തിൽ 1943ഉം അപ്പർ പ്രൈമറി വിഭാഗത്തിൽ 1042ഉം ഹൈസ്കൂൾ വിഭാഗത്തിൽ 614 ഉം കുട്ടികളാണ് പഠിക്കുന്നത്.

കണ്ടെത്തലുകൾ:- 1. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്ന് എൽ.പി. വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തു വരുന്ന കുട്ടികളിൽ 54 ശതമാനവും, യു.പി. വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരുന്നവരിൽ 59 ശതമാനവും മാത്രമേ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ തുടർവിദ്യാഭ്യാസം നടത്തുന്നുള്ളു. ബാക്കി വരുന്ന കുട്ടികൾ പഞ്ചായത്തിനു പുറത്തേക്കോ, പൊതുവിദ്യാഭ്യാസ രംഗത്തുനിന്ന് പുറത്തേക്കോ പോകുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

നിർദ്ദേശങ്ങൾ:- പഞ്ചായത്തിലെ മുഴുവൻ വീടുകളേയും ഉൾപ്പെടുത്തി സമഗ്രമായ ഒരു വിദ്യാഭ്യാസ സർവ്വേ നടത്തുകയും ഓരോ കുട്ടിയും എന്തുചെയ്യുന്നു എന്ന് കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യണം. പഞ്ചായത്തിനു പുറത്തേക്ക് പോകുന്നവരുടെയും, പഠനം നിർത്തുന്നവരുടേയും എണ്ണം ലഭിക്കാൻ ഇതുവഴി സാധിക്കും. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പഞ്ചായത്തിനകത്തു തന്നെ തുടർവിദ്യാഭ്യാസം ലഭിക്കാനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് നടപടികൾ ഉണ്ടാകണം. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണ ഫലങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ പഞ്ചായത്ത്, വാർഡ് വിദ്യാഭ്യാസ സമിതികൾ മുൻകൈ എടുക്കണം.

പട്ടിക -5

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികളുടെ എണ്ണം-1996-97

നമ്പർ	വിദ്യാലയത്തിന്റെ പേര്	എൽ.പി. വിഭാഗം			യു.പി.വിഭാഗം.			ഹൈസ്കൂൾ വിഭാഗം.		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ: എൽ.പി.എസ്. കാരയാട്	2	1	3	-	-	-	-	-	- -
2	ഗവ:എൽ.പി.എസ്. പാണപ്പുഴ	-	-	-	-	--	-	-	-	-
3.	ഗവ: എൽ.പി.എസ്. ചെറുവച്ചേരി	-	2	2	-	-	-	-	-	-
4	ഗവ: എൽ.പി.എസ്. തെക്കേകര	2	4	6		-	-	--	-	-
5	ക്രൈസ്റ്റ് നഗർ എൽ.പി.എസ്. എടക്കോം	8	3	11	-	-	-	-	-	-
6	എൽ.പി.എസ്. പറൂർ	2	3	5	-	1	1	-	-	- -
7	ഈസ്റ്റ് എൽ.പി.എസ്. കടന്നപ്പള്ളി	2	4	6	3	3	6	-	-	-
8	എ.എൽ.പി.എസ്. വിളയാങ്കോട്	20	14	34	-	-	-	-	-	-
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം	2	3	65	16	4	10	-	-	-
10	ഇടമന യു.പി.എസ്.കണ്ടോന്താർ	10	8	18	7	15	22	-	-	- -
11	യു.പി.സ്കൂൾ കടന്നപ്പള്ളി	1	-	1	6	9	15	-	-	-
12	ഗവ: ഹൈസ്കൂൾ കടന്നപ്പള്ളി	-	-	-	-	-	-	10	14	24
	ആകെ	49	42	91	22	32	54	10	14	24

(iii) പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർഥികൾ

1996-97 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 169 പട്ടികജാതി വിദ്യാർഥികളാണ് ഉള്ളത്. ഇത് ആകെ വിദ്യാർഥികളുടെ എണ്ണത്തിന്റെ 5 ശതമാനം മാത്രമാണ് ഉള്ളത്. ഇവരിൽ പകുതിയോളം പെൺകുട്ടികളാണ്. പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായി വിദ്യാർഥികൾ സ്കൂളുകളിൽ എത്തുന്നില്ല.

കണ്ടെത്തലുകൾ:- പഞ്ചായത്തിലെ 9 വാർഡുകളിൽ പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്നുണ്ട്. ഒരു വിദ്യാലയത്തിലൊഴികെ ബാക്കി 11 വിദ്യാലയങ്ങളിലും പട്ടികജാതി വിദ്യാർഥികൾ പഠിക്കുന്നുണ്ട്. കടന്നപ്പള്ളി വില്ലേജിലെ ഇടമന. യു.പി.സ്കൂൾ, വിളയാങ്കോട് എൽ.പി. സ്കൂൾ എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ പഠിക്കുന്നത്. പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗക്കാർ താരതമ്യേന കീടുതലുള്ള 7, 9 വാർഡുകളിലെ കുട്ടികളിൽ അധികവും സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. യാത്രാ സൗകര്യമാണ് ഇതിനുള്ള പ്രധാനകാരണായി ചൂണ്ടിക്കാണിക്കുന്നത്.

നിർദ്ദേശങ്ങൾ:- വിദ്യാഭ്യാസ സർവേയിലൂടെ മുഴുവൻ പട്ടികജാതി കുട്ടികളേയും വിദ്യാലയങ്ങളിൽ എത്തിക്കണം. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുട്ടികളേയും പഞ്ചായത്തിലേതന്നെ വിദ്യാലയങ്ങളിലെത്തിക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം. രക്ഷിതാക്കളെ ആവശ്യമായ രീതിയിൽ ബോധവൽക്കരിക്കണം.

പട്ടിക -6

പഠനം നിർത്തിയവരുടെ എണ്ണം 1995-96

നമ്പർ	വിദ്യാലയത്തിന്റെ പേര്	എൽ.പി. വിഭാഗം			യു.പി.വിഭാഗം.			ഹൈസ്കൂൾ വിഭാഗം.		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ: എൽ.പി.എസ്. കാരയാട്	-	-	-	-	-	-	-	-	-
2	ഗവ:എൽ.പി.എസ്. പാണപ്പുഴ	-	-	-	-	--	-	-	-	-
3.	ഗവ: എൽ.പി.എസ്. ചെറുവച്ചേരി	-	-	-	-	-	-	-	-	-
4	ഗവ: എൽ.പി.എസ്. തെക്കേകര	1	2	3		-	-	--	-	-
5	ക്രൈസ്റ്റ് നഗർ എൽ.പി.എസ്. എടക്കോം	-	1	1	-	-	-	-	-	-
6	എൽ.പി.എസ്. പറൂർ	-	-		-				-	-
7	ഈസ്റ്റ് എൽ.പി.എസ്. കടന്നപ്പള്ളി	-	-	-	1		1	-	-	-
8	എ.എൽ.പി.എസ്. വിളയാങ്കോട്	-	-		-	-	-	-	-	-
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം	-	-	-	1	1	2	-	-	-
10	ഇടമന യു.പി.എസ്.കണ്ടോന്താർ	3	3	6	5	-	5		-	-
11	യു.പി.സ്കൂൾ കടന്നപ്പള്ളി	9	-	9	3	1	4	-	-	-
12	ഗവ: ഹൈസ്കൂൾ കടന്നപ്പള്ളി	-	-	-	-	-	-	12	8	20
	ആകെ	13	6	19	10	2	12	12	8	20



പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കഴിഞ്ഞ അധ്യയന വർഷം പഠനം നിർത്തിയവരുടേയും, സ്കൂളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയവരുടേയും കണക്കാണ് പട്ടികയിലുള്ളത്. ഇവരിൽ എത്രപേർ പഠനം നിർത്തി എന്നതിന് വ്യക്തമായ കണക്കില്ല. ആകെ കൊഴിഞ്ഞുപോയ 51 പേരിൽ 34 പേർ ആൺകുട്ടികളും ബാക്കി പെൺകുട്ടികളുമാണ്. കൊഴിഞ്ഞുപോക്ക് തീരെ ഇല്ലാത്ത 5 വിദ്യാലയങ്ങളും, കൂടുതലുള്ള 3 വിദ്യാലയങ്ങളും ഉണ്ട്. യു.പി.വിഭാഗത്തെ അപേക്ഷിച്ച് എൽ.പി, ഹൈസ്കൂൾ വിഭാഗങ്ങളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതൽ കാണപ്പെടുതന്നത്.

കണ്ടെത്തലുകൾ:- കൊഴിഞ്ഞുപോക്ക് പഞ്ചായത്ത് തലത്തിൽ താരതമ്യേന കുടുതലാണ്. കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയാൻ പഞ്ചായത്തിലെ 5 വിദ്യാലയങ്ങൾക്കു കഴിഞ്ഞു.

നിർദ്ദേശങ്ങൾ

കൊഴിഞ്ഞുപോക്ക് തടയുന്നതിൽ വിജയിച്ച വിദ്യാലയങ്ങളിലെ സ്വീകാര്യമായ നടപടികൾ മറ്റുവിദ്യാലയങ്ങളും സ്വീകരിക്കുക. കൊഴിഞ്ഞു പോക്കിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി അവരെ പുനഃപ്രവേശിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ യഥാവസരം നടത്തുക. കുട്ടികളുടെ അഭിരുചിക്ക് ഇണങ്ങിയ വിധത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കണം. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് പഠന പ്രവർത്തനത്തോടൊപ്പം പ്രാധാന്യം നൽകണം. തൊഴിൽ പരിചയത്തിന് സ്കൂളിൽ തന്നെ അവസരം നൽകാൻ സംവിധാനം ഉണ്ടാക്കണം. ക്ലാസ്മുറികളും ആകർഷകമാക്കാൻ പി.ടി.എ.യുടെ സഹായത്തോടെ സാധിക്കണം.

(D) അക്കാദമിക് നിലവാരം

എൽ.പി., യു.പി., ഹൈസ്കൂൾ തലത്തിൽ 95-96 അധ്യയന വർഷം വാർഷിക പരീക്ഷക്ക് ലഭിച്ചമാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ എൽ. പി.വിഭാഗത്തിൽ 60 ശതമാനത്തിൽ കുടുതൽ മാർക്ക് നേടിയവർ 50 ശതമനാവും, യു.പി. വിഭാഗത്തിൽ 21 ശതമാനവും, ഹൈസ്കൂൾ വിഭാഗത്തിൽ 16 ശതമാനവും ആണ്. 40 ശതമാനത്തിൽ താഴെ മാർക്കുനേടിയവർ എൽ.പി. വിഭാഗത്തിൽ 17 ശതമാനവും, യു.പി. വിഭാഗത്തിൽ 45 ശതമാനവും, ഹൈസ്കൂൾ വിഭാഗത്തിൽ 53 ശതമാനവും ആണ്.


പട്ടിക 7

അക്കാദമിക് നിലവാരം-1995-96

നമ്പർ	വിഭാഗം	എൽ.പി.		യു.പി.		ഹൈസ്കൂൾ	
		എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം
1	30%ൽ താഴെ	115	6	121	12	137	23
2	30-40	218	11	343	33	182	30
3	40-50	342	18	225	22	118	19
4	50-60	284	15	122	12	71	12
5	60നു മുകളിൽ	940	50	220	21	96	16
	ആകെ	1899		1031		604	

പട്ടികയുമായി ബന്ധപ്പെട്ട ഒരു ഗ്രാഫാണ് ചുവടെ കൊടുത്തിട്ടുള്ളത്.

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത്



സ്കൂളുകൾ

1. ക്രൈസ്റ്റ് നഗർ എൽ.പി. സ്കൂൾ, എടക്കോം.
2. വിദ്യാമിത്രം യു.പി.സ്കൂൾ, ഏര്യം.
3. ഗവ.എൽ.പി. സ്കൂൾ, കാരയാട്.
4. എ.എൽ.പി.സ്കൂൾ, പറവൂർ.
5. ഗവ.എൽ.പി. സ്കൂൾ, പാണപ്പുഴ.
6. ഇടമന യു.പി.സ്കൂൾ, കണ്ടോന്താർ.
7. ഗവ. എൽ.പി. സ്കൂൾ, ചെറുവിച്ചേരി.
8. ഗവ. ഹൈസ്കൂൾ, കടന്നപ്പള്ളി
9. ഈസ്റ്റ് എൽ.പി. സ്കൂൾ, കടന്നപ്പള്ളി
10. എൽ.പി. സ്കൂൾ, വിളയാങ്കോട്.
11. കടന്നപ്പള്ളി യു.പി. സ്കൂൾ, പടിഞ്ഞാറെക്കര.
12. ഗവ. എൽപി. സ്കൂൾ, തെക്കേക്കര.


● പഞ്ചായത്ത് ആസ്ഥാനം

പഞ്ചായത്ത് അതിർത്തി

— — വാർഡ് അതിർത്തി

ഗ്രാഫ് I

അക്കാദമിക നിലവാരം 95-96



പട്ടിക 8

1987 മുതൽ '96 വരെയുള്ള എസ്.എസ്.എൽ.സി വിജയം

കടന്നപ്പള്ളി ഗവ: ഹൈസ്കൂൾ

വർഷം	ആകെ വിദ്യാർഥികൾ						വിജയിച്ചകുട്ടികൾ						
				ആകെ കുട്ടികൾ				പട്ടിക ജാതി			മുസ്ലിം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ശതമാനം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1987	32	21	53	31	18	49	92%	-	2	2	1	-	1
88	38	24	62	34	21	55	89%	-	1	1	4	1	5
89	60	51	111	57	36	93	84%	2	2	4	5	1	6
90	51	52	103	49	43	92	81%	-	1	1	4	6	10
91	63	53	116	60	23	83	72%	2	4	6	5	2	7
92	66	72	138	65	65	130	94%	4	-	4	8	5	13
93	95	71	166	81	49	130	78%	3	2	5	4	4	8
94	69	96	165	52	79	131	79%	2	1	3	6	-	6
95	78	94	172	58	45	103	60%	1	1	2	7	3	10
96	66	102	168	44	68	112	67%	2	1	3	4	7	11

എസ്.എസ്.എൽ.സി. വിജയശതമാനം.

കഴിഞ്ഞ പത്തുവർഷക്കാലത്തെ കന്നപ്പള്ളി ഗവ: ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം മറ്റ് സമീപ പഞ്ചായത്തുകളിലെ ഹൈസ്കൂൾ വിജയശതമാനത്തേക്കാൾ വളരെ മെച്ചപ്പെട്ടതാണ്.ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെ ഒട്ടേറെ പരിമിതികൾ മറികടന്നുകൊണ്ടാണ് മേൽപറഞ്ഞവിജയം ഈ വിദ്യാലയം നേടിയെടുത്തത് എന്നത് അഭിനന്ദനാർഹമാണ്. പത്തുവർഷം തുടർച്ചയായി ഈ വിദ്യാലയത്തിലെ വിജയശതമാനം 60 ശതമാനത്തിൽ കൂടുതൽ നിലനിർത്താനും, അതിൽ തന്നെ 6 വർഷം 80 ശതമാനത്തിൽ കൂടുതൽ നേടാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഈ വിദ്യാലയത്തിൽ നിന്ന് 77 മുസ്ലിം വിദ്യാർഥികളും 31 പട്ടികജാതി വിദ്യാർഥികളും എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ചിട്ടുണ്ട്. ഇതിൽ തന്നെ ഒരു വർഷം വിദ്യാലയത്തിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്കുനേടി വിജയിച്ചത് പട്ടികജാതിയിൽപെട്ട ഒരു പെൺകുട്ടിയാണ്.


പട്ടികയുമായി ബന്ധപ്പെട്ട ഒരു രേഖാചിത്രമാണ് ചുവടെ:

ഗ്രാഫ് -2

കണ്ടെത്തലുകൾ:- പഠന നിലവാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ചാൽ എൽ.പി.ക്ലാസുകളാണ്, യു.പി. ഹൈസ്കൂൾ ക്ലാസ്സുകളിലേതിനേക്കാൾ നിലവാരത്തിൽ മെച്ചപ്പെട്ടത് എന്ന് കാണാൻകഴിയും. യു.പി. ഹൈസ്കൂൾ ക്ലാസ്സുകളിലെത്തുമ്പോഴേക്കും നിലവാരം പടിപടിയായി കുറഞ്ഞു വരുന്നത് പ്രാവീണ്യമി

ഗ്രാഫ് II

1987 മുതൽ 96 വരെ വർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയശതമാനം



ല്ലായ്മയെയാണ് കാണിക്കുന്നത്. വാർഷികപരീക്ഷയുടെ മാർക്കിനെ അടിസ്ഥാനമാക്കി അക്കാദമിക് നിലവാരം താരതമ്യം ചെയ്യുന്നത് ശരിയല്ല. കാരണം ഇന്നത്തെ പ്രമോഷൻ സമ്പ്രദായത്തിന്റെ ഭാഗമായി 'വെള്ളം ചേർക്കൽ' നടന്നിരിക്കാനാണ് സാധ്യത. കുറച്ചുകൂടി ശാസ്ത്രീയമായി അക്കാര്യത്തിൽ വിവരങ്ങൾ ശേഖരിക്കേണ്ടിരിയിരിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഭൂരിപക്ഷവും ശരാശരി പഠനനിലവാരം ഉള്ളവയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

കടന്നപ്പള്ളി ഗവ:ഹൈസ്കൂളിലെ കഴിഞ്ഞ് പത്തു വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെട്ടതാണ്. പത്തുവർഷത്തിനിടയിൽ 6 വർഷവും 80 ശതമാനത്തിൽ കൂടുതൽ വിജയം നേടി. എങ്കിലും കുട്ടികളുടെ എണ്ണം വർധിക്കുന്നതിന് ആനുപാതികമായി വിജയശതമാനം കുറഞ്ഞു വരുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1992-ലെ വിജയശതമാനം ഒഴിച്ചു നിർത്തിയാൽ കുട്ടികളുടെ എണ്ണം വിജയശതമാനത്തെ ബാധിച്ചു എന്നു കാണാം. ഇത് നല്ല പ്രവണതയല്ല കാണിക്കുന്നത്. പഞ്ചായത്തിലെ ഭൂരിപക്ഷം കുട്ടികളും ഇവിടെയല്ല ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നത്. പാണപ്പുഴ വില്ലേജിലേയും, കടന്നപ്പള്ളി വില്ലേജിലെ ചിലഭാഗങ്ങളിലെയും കുട്ടികൾ പഠിക്കുന്ന ചപ്പാരപ്പടവ് ഹൈസ്കൂൾ, വെള്ളോറ ടാഗോർ മെമ്മോറിയൽ ഹൈസ്കൂൾ, പെരുമ്പടവ് ബി.വി.ജെ.എം. ഹൈസ്കൂൾ, മാതമംഗലം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പരിയാരം കെ.കെ.എൻ.എസ്.ഗവ.വി.എച്ച്.എസ് തുടങ്ങിയ വിദ്യാലയങ്ങളിലെ 1996ലെ വിജയശതമാനം 50 ശതമാനത്തിൽ താഴെമാത്രമാണ്.

എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളിലെ പഞ്ചായത്തിലെ പങ്കാളിത്തവും കുട്ടികളുടെ വിജയവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. എങ്കിലും പഞ്ചായത്തിലെ പല വിദ്യാലയങ്ങളിലും എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പുകൾ നേടിയ ധാരാളം കുട്ടികൾ ഉണ്ട്. ഇത്തരം സ്കോളർഷിപ്പുകൾ തുടർച്ചയായി നേടുന്ന വിദ്യാലയങ്ങളും പഞ്ചായത്തിൽ ഉണ്ട്.

എൽ.പി, യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ അക്കാദമിക് നിലവാരത്തിനുള്ള തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ, അർപ്പിത മനസ്കരായ അധ്യാപകർ, കഴിവുറ്റ നേതൃത്വം, അധ്യാപക-രക്ഷാകർതൃ സമിതികളുടെ ഇടപെടൽ തുടങ്ങിയ ഗുണമേന്മയെ നിയന്ത്രിക്കുന്ന ഏതേതു ഘടങ്ങളിലാണ് വീഴ്ചകൾ ഉള്ളതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പാരാ അക്കാദമിക് പ്രവർത്തനങ്ങളിലും പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും പങ്കെടുക്കാറുണ്ട്. സബ്ജില്ലാ, ജില്ലാ, സംസ്ഥാനതലങ്ങളിൽ കലാ-കായിക രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ പഞ്ചായത്തിലെ പലവിദ്യാലയങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്.

നിർദ്ദേശങ്ങൾ:- പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടണം. ഇക്കാര്യത്തിൽ മികവ് കാട്ടിയ വിദ്യാലയങ്ങളിലെ നല്ല ഘടകങ്ങൾ മനസ്സിലാക്കി സ്വീകരിക്കുകയും, പ്രതികൂലഘടങ്ങളും പ്രശ്നങ്ങളും അധ്യാപകർ, വിദ്യാർഥികൾ, പി.ടി.എ., മാതൃസംഘം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ പരിഹരിക്കുകയും ചെയ്യണം. അധ്യാപകർ, വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കണം. വിദ്യാഭ്യാസ അധികൃതരുടെ സന്ദർശനം, ജനകീയ മോണിറ്ററിംഗ് എന്നിവ ഫലപ്രദമായി നടത്തണം. പഠനം ശിശുകേന്ദ്രീകൃതവും പ്രവർത്തനങ്ങളിൽ ഊന്നിയതും പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ളതും ആകണം. പരീക്ഷയിൽ കുട്ടികളുടെ എല്ലാത്തരം കഴിവുകളും വിലയിരുത്തപ്പെടണം. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം. അധ്യാപകർക്ക് പുന:പരിശീലനം നൽകണം. സമസംഘ പഠനത്തിന് ക്ലാസ്സിൽ അവസരം നൽകണം.

ഹൈസ്കൂളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായകമായ രീതിയിൽ ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഉണ്ടാക്കാൻ പഞ്ചായത്ത് പി.ടി.എ.യുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കണം. വ്യത്യസ്ത വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ അതാത് വിഷയത്തിൽ തന്നെ പ്രാവീണ്യമുള്ളവരായിരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകണം. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് ഓരോ വിഷയവുമായി ബന്ധപ്പെട്ട അധ്യാപകർ വിദ്യാലയങ്ങളിൽ ഉണ്ടാകണം.

കുട്ടികൾക്ക് പഠനത്തോട് താല്പര്യം ഉണ്ടാക്കാനാവശ്യമായ രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കാനും വിജയികൾക്ക് പ്രോത്സാഹനം നൽകാനും ആവശ്യമായ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയത്തിനകത്തും പഞ്ചായത്തു തലത്തിലും നടപ്പിലാക്കാണം. പഠന-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കാനും, അഭിനന്ദിക്കാനും പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാകണം. വിദ്യാലയ പ്രവർത്തനങ്ങളിൽ മികച്ച നേതൃത്വം നൽകുന്ന അധ്യാപകരെ കണ്ടെത്തി അഭിനന്ദിക്കാൻ പഞ്ചായത്തു

തലത്തിൽ സംവിധാനമുണ്ടാകണം. ജോലിയിൽ നിന്നും പിരിഞ്ഞവർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, എന്നിവരുടെ സഹായത്തോടെ കുട്ടികളുടെ നിലവാരം ഉയർത്താനും, അവർക്ക് വീടുകളിലുണ്ടാകുന്ന പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കാനും ആവശ്യമായ പ്രവർത്തനം നടത്താൻ വാർഡ് വിദ്യാഭ്യാസസമിതികൾ നേതൃത്വം നൽകണം. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷാകർത്താക്കൾക്കിടയിൽ ശരിയായ ധാരണ ഉണ്ടാക്കുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

(E)അധ്യാപകരുടെ ലഭ്യതയും മറ്റ് വിവരങ്ങളും

പട്ടിക 9

അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	വിദ്യാലയത്തിന്റെ പേര്	ആവശ്യമുള്ളത്	നിലവിൽ ഉള്ളത്			വിദ്യാഭ്യാസയോഗ്യത		
			പു.	സ്ത്രീ	ആകെ	ബി.എഡ്	ടി.ടി.സി.	മറ്റുള്ളത്
1	ഗവ:എൽ.പി.എസ്. കാരായാട്	4	3	3	2	1		
2	എൽ.പി.എസ്.പാണപ്പുഴ	4	3	1	4	1	3	-
3	എൽ.പി.എസ്. ചെറുവച്ചേരി	4	4	-	4	1	3	-
4	എൽ.പി. എസ്. തെക്കേക്കര	8	2	1	3			
5	ക്രൈസ്റ്റ് നഗർ എൽ.പി. എടക്കോം	8	4	4	8			
6	എ.എൽ.പി.എസ്. പറൂർ	5	2	3	5	-		
7	കടന്നപ്പള്ളി ഈസ്റ്റ് എൽ.പി. സ്കൂൾ	6	3	3	6	1	4	1
8	എ.എൽ.പി.എസ്. വിളയാങ്കോട്	10	2	8	10	2	8	-
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം	21	16	5	21	10	6	8
10	ഇടമന യു.പി.എസ്. കണ്ടോന്താർ	24	8	15	24	7	7	8
11	യു.പി. സ്കൂൾ കടന്നപ്പള്ളി	21	10	13	21	9	7	7
12	ഗവ: ഹൈസ്കൂൾ കടന്നപ്പള്ളി	21	12	9	21	21	-	21

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെ 132 അധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ 130ലും ആളുണ്ട്. ഒഴിവുള്ള രണ്ടും ഗവർമെണ്ട് എൽ.പി.സ്കൂളുകളിലാണ്. ആകെ അധ്യാപകരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ഭൂരിപക്ഷം അധ്യാപകർക്കും അധ്യാപക യോഗ്യത ഉണ്ട്.

കണ്ടെത്തൽ: ഗവർമ്മെണ്ട് സ്കൂളുകളിലാണ് കൃത്യമായി അധ്യാപകരില്ലാത്തത്. ഒഴിവുകൾ നികത്തപ്പെടുന്നത് ഒന്നാം ടേമിന്റെ അവസാന നാളുകളിലും, രണ്ടാം ടേമിലും ആയതിനാൽ വിദ്യാലയ പ്രവർത്തനങ്ങളെ വളരെയധികം വിഷമിപ്പിക്കാറുണ്ട്. പ്രൈമറി സ്കൂളുകളിൽ പാരാ അക്കാദമിക് പ്രവർത്തനങ്ങൾക്ക് അധ്യാപകരില്ലാത്തത് കുട്ടികളുടെ പ്രവർത്തനത്തിൽ തടസ്സം ഉണ്ടാക്കുന്നു.

നിർദ്ദേശങ്ങൾ:- താൽക്കാലിക നിയമനം വഴിയെങ്കിലും ജൂൺ അവസാന വാരത്തോടെ മുഴുവൻ അധ്യാപകരേയും നിയമിക്കുവാനാശ്യമായ പ്രവർത്തനം നടത്തുക. അധ്യാപകർ വേണ്ടത്ര മുന്നൊരുക്കത്തോടെ യഥാസമയം വിദ്യാലയത്തിലും ക്ലാസ്സിലും എത്തുന്നുവെന്നും ക്ലാസ്സിൽ പൂർണ്ണമായും സേവനം നടത്തുന്നുവെന്നും ഉറപ്പുവരുത്തുക. ഇക്കാര്യത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ മേൽനോട്ടം ഉണ്ടാകുക. പാരാ അക്കാ

ദമിക് പ്രവർത്തനങ്ങൾക്ക് ഒന്നോ രണ്ടോ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചെങ്കിലും അധ്യാപകരെ നിയമിക്കുക.

(F)ജനകീയ തലം

സ്കൂൾ കോംപ്ലക്സ്, 'ഗുരുകുലം' പ്രവർത്തനങ്ങളുടെ ഭാഗമായി എല്ല വിദ്യാലയങ്ങളിലും പി.ടി.എ, മാതൃസംഘം എന്നിവയുടെ പ്രവർത്തനം നടക്കുന്നുണ്ട്. പഞ്ചായത്ത്, വാർഡ്, സ്കൂൾതല വിദ്യാഭ്യാസ സമിതികൾ പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മിക്കവാറും വാർഡുകളിൽ അയൽക്കൂട്ടവും രൂപീകരിച്ചിട്ടുണ്ട്. ജനകീയ സമിതികൾ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കാൻ നേരത്തേ തന്നെ സജീവമായി ഇടപെടാറുണ്ട്. കടന്നപ്പള്ളി ഗവ:ഹൈസ്കൂൾ കെട്ടിടങ്ങളും സ്ഥലവും, ഗവ:എൽ.പി.തെക്കേക്കരയുടെ സ്ഥലസൗകര്യങ്ങൾ, ചെറുവിച്ചേരി ഗവ:.എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം എന്നിവ ഇതിന് പ്രത്യക്ഷോദാഹരണമാണ്.

പട്ടിക -10

അധ്യാപക-രക്ഷാകർതൃ സമിതി യോഗങ്ങളുടെ എണ്ണം 95-96

നമ്പർ	വിദ്യാലയത്തിന്റെ പേർ	പി.ടി.എ. ജനറൽ ബോഡി യോഗം	യോഗങ്ങൾ എക്സിക്യൂട്ടീവ്	മാതൃസംഗമം	ആകെ
1	ഗവ:എൽ.പി.എസ്. കാരായാട്				
2	എൽ.പി.എസ്.പാണപ്പുഴ	1	8	3	12
3	എൽ.പി.എസ്. ചെറുവിച്ചേരി	1	4	1	6
4	എൽ.പി. എസ്. തെക്കേക്കര				
5	ക്രൈസ്റ്റ് എൽ.പി.സ്കൂൾ				
6	എ.എൽ.പി.എസ്. പറൂർ				
7	കടന്നപ്പള്ളി ഈസ്റ്റ് എൽ.പി.എസ്.	2	2	4	8
8	എ.എൽ.പി.എസ്. വിളയാങ്കോട്	2	8	3	13
9	വിദ്യാമിത്രം യു.പി.എസ്. ഏര്യം				
10	ഇടമന യു.പി.എസ്. കണ്ടോന്താർ	1	4	1	6
11	യു.പി. സ്കൂൾ കടന്നപ്പള്ളി	1	4	1	6
12	ഗവ: ഹൈസ്കൂൾ കടന്നപ്പള്ളി	1	-	1	2

1995-96 വർഷത്തിൽ വിദ്യാലയങ്ങളിൽ നടന്ന പി.ടി.എ.അനുബന്ധയോഗങ്ങളുടെ കണക്കാണ് പട്ടികയിൽ. പട്ടികയിൽ നിന്നും പി.ടി.എ, യോഗങ്ങളുടെ എണ്ണം മിക്ക വിദ്യാലയങ്ങളിലും വളരെ കുറവാണ് എന്നു കാണാൻ കഴിയും.

കണ്ടെത്തലുകൾ: പി.ടി.എ. മാതൃസംഘം, അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ചെങ്കിലും വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് രക്ഷാകർത്താക്കളേയും, സമൂഹത്തേയും ബോധവൽക്കരിക്കാൻ പൂർണ്ണമായും സാധിച്ചിട്ടില്ല. പിടി.എ., മാതൃസംഘം, എന്നിവയിലെ പങ്കാളിത്തം വേണ്ടത്ര ഉണ്ടാകുന്നില്ല. കുട്ടികളുടെ ഹാജർ, പഠനനിലവാരം, ദൈനം ദിന പ്രവർത്തനങ്ങൾ, സ്കൂൾ സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിൽ പി.ടി ടി.എ.യുടെ ഇടപെടൽ വർധിച്ചിട്ടുണ്ട്. മാതൃസംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമായി ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. അയൽക്കൂട്ടത്തിന്റെ ലക്ഷ്യ

ങ്ങൾ, പ്രവർത്തന സാധ്യതകൾ എന്നിവ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ജനകീയ പ്രവർത്തനത്തിന് നേതൃത്വം നൽകിയവർ കാഴ്ചക്കാരായി മാറുന്ന അവസ്ഥ പലപ്പോഴും ഉണ്ടാകുന്നു.

നിർദ്ദേശങ്ങൾ: പി.ടി.എ,, മാതൃസംഘം എന്നിവയുടെ ലക്ഷ്യം, പ്രവർത്തനം എന്നിവ കൃത്യമായും, വ്യക്തമായും ജനങ്ങളെ ബോധ്യപ്പെടുത്തണം. വർഷത്തിൽ ആദ്യവും, ഓരോ ടേമിൽ ഒന്നുവീതവും പി.ടി.എ. ജനറൽ ബോഡിയും, മാതൃ സംഘവും നിർബന്ധമായും നടക്കണം. മാസത്തിൽ ഒന്ന് എന്ന രീതിയിൽ പി.ടി.എ എക്സിക്യൂട്ടീവ് യോഗവും നടക്കണം. പ്രോഗ്രസ്സ് കാർഡുകൾ ക്ലാസ്സ് തിരിച്ച് അമ്മമാരെ വിളിച്ചു വരുത്തി വിതരണം ചെയ്യുന്ന രീതി വിദ്യാലയങ്ങളിൽ ഉണ്ടാകണം. പഞ്ചായത്ത്, വാർഡ്, വിദ്യാലയ തല വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അയൽക്കൂട്ടങ്ങളെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള താങ്ങായും കുട്ടികളുടെ സർതോന്മുഖമായ വളർച്ചക്കുള്ള അരങ്ങാക്കിയും മാറ്റണം. വിദ്യാഭ്യാസത്തെ സമഗ്രമായി വിലയിരുത്തുവാൻ വിദ്യാഭ്യാസ സമിതികൾ തയ്യാറാകണം. പഞ്ചായത്തിൽ നിന്ന് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികളേയും വിജയിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ വാർഡ് സമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. എല്ലാ സ്കൂളുകളും സാമൂഹ്യസ്ഥാപനമാണെന്ന ബോധം വളർത്തിയെടുക്കാനും അതിലൂടെ സ്വകാര്യ വിദ്യാലയങ്ങൾക്കും ജനകീയ സഹായം ഉണ്ടാക്കാനും ബോധവൽക്കരണത്തിലൂടെ സാധിക്കണം.

III ഉന്നത വിദ്യാഭ്യാസം.

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന സ്ഥാപനങ്ങൾ ഒന്നുതന്നെ ഇല്ല. ഗവ:ആയുർവ്വേദ കോളേജ് കണ്ണൂർ, അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്-പരിയാരം എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ഗവ:ആയുർവ്വേദ കോളേജിന്റെ പ്രവർത്തനം നാലു വർഷങ്ങൾക്കു മുമ്പേ കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുകയാണ്. കോളേജ് കെട്ടിടം പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ ഉയർന്നു കഴിഞ്ഞാൽ പ്രവർത്തനം ഇങ്ങോട്ടു മാറ്റപ്പെടും. ഈ സ്ഥാപനത്തിൽ നടക്കുന്ന കോഴ്സുകളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ കുട്ടികൾക്ക് പ്രത്യക്ഷത്തിൽ ഈ സ്ഥാപനം ഉപകരിക്കില്ലെങ്കിലും, അവയുടെ പ്രവർത്തനവും, ഉപകരണങ്ങളും വിദഗ്ധരായ അധ്യാപകരേയും പ്രൈമറി-ഹൈസ്കൂൾ വിദ്യാർഥികൾക്കുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്.

ഒരു അൺ-എയ്ഡഡ്, സ്വാശ്രയ മെഡിക്കൽ കോളേജ് എന്ന രീതിയിൽ രണ്ടു വർഷമായി പ്രവർത്തിച്ചു വരുന്ന 'അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്' എന്ന സ്ഥാപനവും പഞ്ചായത്തിലെ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തന് ഏറെ പ്രയോജനം ചെയ്യുന്നതല്ല. ഈ സ്ഥാപനത്തേയും സ്കൂൾ വിദ്യാർഥികളുടെ പഠനത്തിന് സഹായകമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയണം. ഈ സ്ഥാപനത്തിൽ ഇന്ന് നടക്കുന്ന കോഴ്സുകളെകുറിച്ചും കുട്ടികളുടെ എണ്ണത്തെ കുറിച്ചും വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ലഭ്യമായ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

മെഡിക്കൽ കോഴ്സ്

ഒന്നാം വർഷംഎം.ബി.ബി.എസ്.: 90 വിദ്യാർഥികൾ

ഒന്നാം വർഷം എം.ബി.ബി.എസ്.: 80 വിദ്യാർഥികൾ

പാരാമെഡിക്കൽ കോഴ്സുകൾ:

നഴ്സിംഗ് അസിസ്റ്റൻറ്	:	80 വിദ്യാർഥികൾ
2. ഇ.സി.ജി.	:	12 വിദ്യാർഥികൾ
3. എം.എൽ.ഡിപ്ലോമ	:	4 വിദ്യാർഥികൾ

ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ കുട്ടികൾ പൂർണ്ണമായും ആശ്രയിക്കുന്നത് സമീപ പഞ്ചായത്തുകളിലെ സ്ഥാപനങ്ങളാണ്. സാങ്കേതിക സ്ഥാപനങ്ങളോ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, പഞ്ചായത്തിൽ ഇല്ല. ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ നിന്ന് പുറത്തുപോയി പഠിക്കുന്നവരുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

കണ്ടെത്തലുകൾ:- ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ ഒറ്റ സ്ഥാപനം പോലും ഇല്ല. 'അക്കാദമി ഓഫ് മെഡിക്കൽ സയൻസ്' എന്ന സ്ഥാപനത്തിൽ 267 ഓളം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും പാരാമെഡിക്കൽ കോഴ്സുകളിൽ മാത്രമാണ് വിരലിലെണ്ണാവുന്ന പഞ്ചായത്തിലെ കുട്ടികൾ പഠിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷാ പാസ്സായ എല്ലാ കുട്ടികളും പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ തുടങ്ങിയ നഗര പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത്. ലഭ്യമായ സൂചനയനുസരിച്ച് ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസമാണ് ഉന്നത വിദ്യാഭ്യാ

സമായി കരുതുന്നത്. ഇതിനാകട്ടെ നല്ലൊരു ശതമാനം സമാന്തര സംവിധാനങ്ങളെ ആശ്രയിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠന പ്രവർത്തനം ഗൗരവപൂർവം വീക്ഷിക്കപ്പെടുന്നില്ലാത്തതുകൊണ്ട് യുവതലമുറ സമൂഹ യാഥാർഥ്യങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു.

നിർദ്ദേശങ്ങൾ

ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന മുഴുവൻ കുട്ടികളുടേയും എണ്ണവും, അവർ ഏതേതെല്ലാം കോഴ്സുകൾക്ക്, ഏതേതെല്ലാം സ്ഥലങ്ങളിൽ പോകുന്നു എന്നതും വിദ്യാഭ്യാസ സർവ്വേയിലൂടെ കണ്ടെത്തണം. ഇതിലൂടെ ഉന്നത വിദ്യാഭ്യാസത്തിന് പോകാതെ പഠനം നിർത്തിയവരെയും കണ്ടെത്താൻ കഴിയണം. ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകാൻ കഴിയണം. അയൽക്കൂട്ട തലത്തിൽ നടക്കുന്ന വികസനോന്മുഖ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസം പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തവും ചുമതലയും നൽകിക്കൊണ്ട് സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക. ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ തന്നെ സ്ഥാപനങ്ങൾ ആരംഭിക്കുക. കടന്നപ്പള്ളി ഗവ.ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി, കമ്പ്യൂട്ടർ കോഴ്സുകളും, പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

IV-അനൗപചാരിക വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തങ്ങളിലൂടെയാണ് പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നിട്ടുള്ളത്. പഞ്ചായത്തിൽ ആദ്യകാലത്ത് ഉണ്ടായിരുന്ന നിശാ പാഠശാലകൾ, കുടിപ്പള്ളികുടങ്ങൾ, ഗുരുകുലങ്ങൾ എന്നിവ ഇതിന് ഉദാഹരണമാണ്. 1980 നു ശേഷം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാൻഫെഡിന്റെ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിച്ചെങ്കിലും പ്രവർത്തനം വേണ്ടത്ര ഗൗരവമായി നടന്നില്ല. 1990ൽ നടന്ന ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ അതിപ്രധാന നാഴികക്കല്ലായിരുന്നു. നല്ല നിലയിൽ നടന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിലെ നല്ലൊരു വിഭാഗത്തെ സാക്ഷരരാക്കാൻ സാധിച്ചിരുന്നു. എന്നാൽ സാക്ഷരരായ ആളുകൾക്ക് തുടർ വിദ്യാഭ്യാസം ലഭിക്കാതെ വന്നതിനാൽ ഇന്നും വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാകാത്ത ആളുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങൾ, വായനശാലകൾ എന്നിവ അനൗപചാരിക വിദ്യാഭാസത്തിന് ധാരാളം അവസരങ്ങൾ നൽകുന്നുണ്ട്.

കണ്ടെത്തലുകൾ

അനൗപചാരിക വിദ്യാഭ്യാസത്തിനും, തുടർ വിദ്യാഭ്യാസത്തിനും ധാരാളം സാധ്യതകൾ ഉണ്ടെങ്കിലും അവ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. അക്ഷരാഭ്യാസം നേടിവയ്വർക്ക് തുടർ വിദ്യാഭ്യാസത്തിന് വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനവും, നാഷണൽ ഓപ്പൺ സ്കൂൾ, നാഷണൽ ഓപ്പൺ സർവ്വകലാശാല എന്നിവയുടെ സാധ്യതകളും ഉണ്ട്. പഞ്ചായത്തിൽ ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നില്ല. തൊഴിലെടുക്കുന്നവർക്ക് സൗകര്യപ്പെടുമാറ് പഞ്ചായത്തിൽ നിശാ പാഠശാലകൾ ആരംഭിക്കാൻ സന്നദ്ധ സംഘടനകളുടെ സഹായം നേടാൻകഴിയും.

നിർദ്ദേശങ്ങൾ:- വിദ്യാഭ്യാസ സർവേയുടെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുക. തുടർ പഠനത്തിന് ഉതകുന്ന രീതിയിൽ പഞ്ചായത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ടി.വി, വി.സി.ആർ, പ്രൊജക്ടറുകൾ എന്നിവ കിട്ടാൻ സൗകര്യമുണ്ടാക്കുക. കലാസംഘടനകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ സഹായം തുടർ വിദ്യാഭ്യാസത്തിന് ലഭ്യമാക്കുക. നാഷണൽ ഓപ്പൺ സ്കൂൾ, നാഷണൽ ഓപ്പൺ സർവ്വകലാശാല എന്നിവയുടെ പ്രവർത്തനങ്ങളുമായി സന്നദ്ധ സംഘടനാ പ്രവർത്തകരെ ബന്ധപ്പെടുത്തുക. പഠന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായമുൾപ്പെടെ വിഭവങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കണ്ടെത്തുക. തുടർ വിദ്യാഭ്യാസം എന്നാൽ അക്ഷരപഠനം മാത്രമല്ല എന്നും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം കൂടിയാണെന്നും ജനങ്ങളെ ബോധ്യപ്പെടുത്തുക. ജനങ്ങളെ ബോധവൽക്കരിക്കാൻ ഉതകുന്ന രീതിയിൽ ഉന്നത ഉദ്യോഗസ്ഥരെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രത്തിൽ എത്തിക്കുകയും അവരുടെ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക. നിത്യജീവിതത്തിലെ പ്രയാസങ്ങൾക്ക് കുട്ടായ ശ്രമത്തിലൂടെ പരിഹാരം കണ്ടെത്താനും, അവ പടിപടിയായി ലഘൂകരിക്കുന്നതിന് പുരോഗതി, വികസനം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കാനും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. അടിസ്ഥാന ജീവിത ആവശ്യങ്ങൾക്ക് മുൻഗണന നൽകണം. ആസൂത്രണത്തെക്കുറിച്ചും, വികസനത്തെക്കുറിച്ചും ശരിയായ കാഴ്ചപ്പാട് ഉണ്ടാക്കാൻ തുടർ വിദ്യാഭ്യാസത്തിന് കഴിയണം.

പഞ്ചായത്തിന്റെ വികസനത്തിന് വിഭവങ്ങൾ കണ്ടെത്താനുള്ള കേന്ദ്രമായി തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളെ മാറ്റാൻ കഴിയണം. സ്ത്രീ വിദ്യാഭ്യാസത്തിനും അവരുടെ വയനാശീലം വർധിപ്പിക്കാനും ഗ്രന്ഥാലയങ്ങൾ, വായന ശാലകൾ എന്നിവയിലൂടെ സാധിക്കണം. അമിതമായി ടി.വി. പരിപാടികൾ കാണുന്നത് നിരുത്സാഹപ്പെടുത്താനും അതുകൊണ്ട് ഉണ്ടാകുന്ന ദോഷഫലങ്ങൾ ബോധ്യപ്പെടുത്താനും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിലൂടെ സാധിക്കണം.

പ്രശ്നങ്ങളും സാധ്യതകളും ഒറ്റനോട്ടത്തിൽ

പ്രശ്നങ്ങൾ

I പ്രീ-പ്രൈമറി

(1) പഞ്ചായത്തിലെ പ്രീ-പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നില്ല.

(2) ലഭ്യമായിടത്തു തന്നെ യാഥാർത്ഥത്തിൽ പ്രൈമറി ക്ലാസ്സുകൾ നടക്കേണ്ടതല്ല നടക്കുന്നത്. അവ അങ്കണവാടികളായിട്ടാണ് നടത്തുന്നത്.

(3) ശരിയായ പരിശീലനം ലഭിച്ച അധ്യാപകരില്ല.

(4) അങ്കണവാടി കേന്ദ്രത്തിന് ആവശ്യമായ കെട്ടിടങ്ങളോ, കളിക്കോപ്പുകളോ, മറ്റ് ഉപകരണങ്ങളോ ഇല്ല.

(5) പ്രീ-പ്രൈമറി കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്നതിന് കുട്ടികളുടെ എണ്ണം കൃത്യമായി അറിയില്ല.

II പൊതുവിദ്യാഭ്യാസം

(1) വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്.

(2) കുട്ടികൾക്ക് സൗകര്യപ്രദമായ ക്ലാസ്സുമുറികളോ, പരിസരമോ ഇല്ല.

(3) പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യ മേഖലയിൽ ആയതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ നാട്ടുകാർ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.

(4) ഭൂരിപക്ഷം വിദ്യാലയങ്ങളിലും വേണ്ടത്ര അക്കാദമിക സൗകര്യങ്ങളില്ല.

(5) പഠനബോധന പ്രവർത്തനങ്ങൾ ശിശുകേന്ദ്രീകൃതമോ, പ്രവർത്തന കേന്ദ്രീകൃതമോ അല്ല.

(6) സിലബസ്, പഠനപ്രവർത്തനങ്ങൾ ഇവ രസപ്രദമോ, താൽപര്യജനകമോ അല്ല.

(7) ഫലപ്രദമായ പരിശോധനയോ, മേൽനോട്ടമോ ഇല്ല.

(8) തൊഴിൽ പരിചയപ്പെടുത്തുന്നില്ല.

(9) പാരാ അക്കാദമിക് പ്രവർത്തനങ്ങൾക്ക് അധ്യാപകരില്ല.

(10) തൊഴിലിനോടും, തൊഴിൽ എടുക്കുന്നവരോടും താൽപര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടക്കുന്നില്ല.

(11) വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം എല്ലാ സ്കൂളിലും ഒരു പോലെ തൃപ്തികരമല്ല.

(12) വിദ്യാഭ്യാസ ആസൂത്രണം കേന്ദ്രീകൃതമാണ്.

(13) കൊഴിഞ്ഞുപോക്കിന്റെ നിരക്ക് പരിശോധിക്കേണ്ടതാണ്.

(14) പഠന നിലവാരത്തിൽ വിദ്യാലയങ്ങൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

(15) ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം മെച്ചപ്പെട്ടതാണെങ്കിലും, പഞ്ചായത്തിലെ മുഴുവൻ കുട്ടികളും പഠിക്കുന്ന മറ്റ് വിദ്യാലയങ്ങളിലെ വിജയ ശതമാനം മെച്ചപ്പെട്ടതല്ല. കടന്നപ്പള്ളി ഹൈസ്കൂളിലെ വിജയശതമാനം കുട്ടികൾ കൂടുന്നതിനനുസരിച്ച് കുറഞ്ഞു വരുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

(16) 'ഇംഗ്ലീഷ്' പോലുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ പ്രത്യേകം അധ്യാപകരില്ലാത്തത് അത്തരം വിഷയങ്ങളുടെ പഠന നിലവാരത്തെ ബാധിക്കുന്നു.

(17) പി.ടി.എ., മാതൃസംഘം, സ്കൂൾതലസമിതി, സാധ്യതകൾ എല്ലായിടത്തും ഒരുപോലെ പ്രയോജനപ്പെടുത്തിയിട്ടില്ല.

(18) വാർഡ് തലസമിതി, അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകൃതമായെങ്കിലും വേണ്ടത്ര നന്നായി പ്രവർത്തിക്കുന്നില്ല.

(19) സർക്കാർ വിദ്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം വൈകുന്നു.

III ഉന്നത വിദ്യാഭ്യാസം

(1) ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ സ്ഥാപനങ്ങൾ ഇല്ല.

(2) ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസത്തെ മാത്രം ഉന്നത വിദ്യാഭ്യാസമായി കാണുന്നു.

(3) പഠന പ്രവർത്തനം ഗൗരവ പൂർവം വീക്ഷിക്കപ്പെടുന്നില്ല.

(4) ഉന്നത വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതലമുറ സമൂഹ യാഥാർഥ്യങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു.

IV അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും

(1) സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായി പ്രവർത്തനം നടന്നില്ല. അക്ഷരബോധം നേടിയവരിൽ നല്ലൊരു ശതമാനവും അത് തുടർന്ന് പ്രയോജനപ്പെടുത്തുന്നില്ല.

(2) പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്.

(3) അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ശരിയായ ഉദ്ദേശ്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുന്നില്ല.

(4) ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ബോധപൂർവ്വം ഉപഭോഗ സംസ്കാരത്തിലേക്ക് ജനങ്ങളുടെ ബോധത്തെ വിലിച്ചിഴക്കുന്നു. ഇത്തരം മാധ്യമങ്ങൾ കുട്ടികളുടെ പഠനത്തെപോലും ബാധിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം നടത്താൻ കഴിയുന്നില്ല.

(5) പഠനം നിർത്തുന്നവർക്ക് തുടർ പഠനത്തിന് സാധ്യതകൾ ഉണ്ടാകുന്നില്ല.

(6) വായനാശീലം വളർത്താൻ ഉപകരിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഗ്രാന്ഥാലയങ്ങൾക്ക് കഴിയുന്നില്ല. പ്രത്യേകിച്ചും സ്ത്രീകളുടെ.

സാധ്യതകൾ

(1) ഓരോ വ്യക്തിയുടേയും പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടുള്ള സമഗ്ര-വിദ്യാഭ്യാസ സർവേ

(2) പഞ്ചായത്ത്-വാർഡ് തലങ്ങളിൽ വികസന സമിതിയുടെ ഭാഗമായി വിദ്യാഭ്യാസ സബ്കമ്മിറ്റി രൂപീകരണം.

(3) അയൽകൂട്ടങ്ങളുടെ നേതൃത്വത്തിൽ മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കൽ. ഇതിനായി വായനശാല/കലാസമിതി/മഹിളാ സമാജം ഇവകണ്ടെത്തുക.

(4) പി.ടി.എ. മാതൃസംഘം, സ്കൂൾ വിദ്യാഭ്യാസ സമിതി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തൽ, സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തൽ.

(5) വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.

(6) ക്ലാസ്മുറി ആകർഷകമാക്കൽ.

(7) പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങളുടെ വിനിയോഗം, പഠനോപകരണ നിർമ്മാണ ശിൽപശാല, കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനുള്ള ശിൽപശാലകൾ, പ്രതിമാസ പരീക്ഷ, പാദവാർഷിക പരീക്ഷക്ക് ശേഷം ഫലം ക്ലാസ്, അടിസ്ഥാനത്തിൽ അമ്മമാരെ വിളിച്ച് ചർച്ചചെയ്യൽ, സമസമൂഹ പഠനം, ക്ലാസ്സിൽ ആനുകാലികങ്ങൾ ലഭ്യമാക്കൽ പുസ്തക ശേഖരം തയ്യാറാക്കലും വായനയും, പ്രവൃത്തി പരിചയം ഫലപ്രദമായി വിനിയോഗിക്കൽ, പരിഹാര ബോധനം, ലൈബ്രറി പ്രയോജനപ്പെടുത്തൽ, പരീക്ഷാ പരിഷ്ക്കരണം, അധ്യാപക സംഗമങ്ങൾ തുടങ്ങിയവ.

(8) സാഹിത്യ സമാജം, അസംബ്ലി, പഠനയാത്ര തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പാക്കൽ.

(9) കലാ-കായിക-പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകാൻ ഒന്നോ രണ്ടോ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ഒരധ്യാപകനെയെങ്കിലും നിയമിക്കൽ.


(10) അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കൽ.

(11) കൊഴിഞ്ഞുപോയവരെ പൊതുപരീക്ഷകൾക്ക് ഹാജരാക്കൽ.

(12) ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളവരെ ഗ്രൂപ്പുകളാക്കി ചുമതല നൽകൽ, ഗ്രൂപ്പ് സ്റ്റഡിക്ക് വിധേയമാക്കൽ, അയൽക്കൂട്ടത്തിൽ ചുമതലകൾ നൽകൽ, പ്രോത്സാഹനം നൽകൽ.

ഇത്തരത്തിൽ വികേന്ദ്രീകൃത ആസൂത്രണം, സൂക്ഷ്മതല ആസൂത്രണം, ജനകീയ പങ്കാളിത്തം എന്നിവ വഴി പഠനത്തിനനുകൂലമായ ഒരന്തരീക്ഷം വിദ്യാലയത്തിലും സമൂഹത്തിലാകെ തന്നെയും വളർത്തിയെടുക്കാൻ സാധിക്കും. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഒറ്റമൂലി സ്വകാര്യവൽക്കരണമോ, വിദേശ ബേങ്കുകളിൽ നിന്ന് കടമെടുക്കലോ അല്ല. മറിച്ച് ഇത്തരത്തിലുള്ള ജനകീയ പ്രസ്ഥാനം വളർത്തിക്കൊണ്ടുവരികയും ജനകീയ ഇടപെടൽ കാര്യക്ഷമമാക്കുകയും ചെയ്യലാണ്.

★



വ്യവസായം

പൊതു മേഖലയിലോ സഹകാര്യമേഖലയിലോ വൻകിട ചെറുകിട വ്യവസായങ്ങളൊന്നും തന്നെകടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലില്ല. എന്നാൽ പരമ്പരാഗതമായ ചില കുടിൽ വ്യവസായങ്ങൾ ചില പ്രദേശങ്ങളിൽ നല്ല നിലയിൽ നടത്തിവരുന്നു. അവയിൽ പലതും തീരെ നിലച്ചുപോയെങ്കിലും ചില ഇനങ്ങൾ പിടിച്ചു നിൽക്കുന്നുണ്ട്.

ചെറുവിച്ചേരി പ്രദേശത്ത് മൺപാത്ര നിർമ്മാണം നല്ല നിലയിൽ വികസിച്ചു വന്ന ഒരു കുടിൽ വ്യവസായമായിരുന്നു. കളി മണ്ണിന്റേയും വിറകിന്റേയും ലഭ്യതക്കുറവും മൺപാത്രങ്ങളോട് ജനങ്ങൾക്കുള്ള താല്പര്യക്കുറവും ഈ മേഖലയുടെ തകർച്ചക്ക് കാരണമായി. അതുപോലെ എണ്ണയാട്ട്, ഓലക്കുട നിർമ്മാണം എന്നിവയും നിലച്ചുപോയ കുടിൽ വ്യവസായങ്ങളാണ്.

പായ, കുട്ട എന്നിവയുടെ നിർമ്മാണം ചെറിയ തോതിൽ നടന്നുവരുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ട ഏതാനും കുടംബങ്ങളാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നത്. അസംസ്കൃത സാധനങ്ങളുടെ കുറവും സാമ്പത്തിക പ്രയാസവും ഇവരെ അലട്ടുന്ന പ്രശ്നങ്ങളാണ്. ഒരു കാലത്ത് ധാരാളം കുടുംബങ്ങളുടെ ആശ്രയമായിരുന്ന തുണി നെയ്തിന്റെ ഏതാനും യൂണിറ്റുകൾ ചെറുവിച്ചേരി, വിളയാങ്കോട് പ്രദേശങ്ങളിൽ നിലനില്ക്കുന്നുണ്ട്. നെയ്ത്ത് ജോലിയിൽ വിദഗ്ദരായ ഏറെ ആളുകൾ കടന്നപ്പള്ളി വില്ലേജിലുണ്ട്. കുമ്മായ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഏതാനും കുടുംബങ്ങൾ ചെങ്ങളം ഭാഗത്തുണ്ട്. കെട്ടിട നിർമ്മാണത്തിനാണ് പ്രധാനമായും കുമ്മായം മുൻകാലങ്ങളിൽ ഉപയോഗിച്ചു വന്നിരുന്നത്. ഈ വ്യവസായവും ഇന്ന് പ്രതിസന്ധിയെനേരിടുന്നു.

കല്ല്കൊത്ത് പഞ്ചായത്ത് പ്രദേശത്താകെ വ്യാപിച്ചിരുന്ന ഒരു തൊഴിൽ മേഖലയായിരുന്നു. എന്നാൽ ഈ മേഖലയിൽ നിന്നും വലിയ തോതിൽ തൊഴിലാളികൾ പുറം തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. കള്ള്ചെത്ത് വ്യവസായത്തിൽ 32 പേർ ജോലിചെയ്യുന്നുണ്ട്. സംഘടിതതൊഴിൽ മേഖല എന്ന നിലയിൽ താരതമ്യേന മെച്ചപ്പെട്ട വേതനം ലഭിച്ചുവരുന്നു.

ഖാദി വ്യവസായ ബോർഡിന്റെ കീഴിൽ വെയ്സ്റ്റ് പേപ്പർ ഉപയോഗപ്പെടുത്തി ഫയൽ ബോഡും മറ്റും നിർമ്മിക്കുന്ന കൈത്രത്തെ ഹാൻറ് മെയ്ഡ് പേപ്പർ യൂണിറ്റ് അടഞ്ഞു കിടക്കുകയാണ്. 50 ഓളം തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിന് ഇവിടെ സാധ്യതയുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സമായി നില്ക്കുന്നത്.

പട്ടിക.1

സഹകാര്യമേഖല

നമ്പർ	ഇനം	ആകെ യൂണിറ്റ്	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	മറ്റു വിവരങ്ങൾ
1	കരിങ്കൽ വ്യവസായം	4	18	50	
2	ഗാർമെൻറ്സ്	2	1	8	
3	റൈസ്,ഫ്ളവർ ഓയിൽ മിൽ	7	10	1	

നമ്പർ	ഇനം	ആകെ യൂണിറ്റ്	തൊഴിലാളികളുടെ എണ്ണം		മറ്റു വിവരങ്ങൾ
			പു	സ്ത്രീ	
4	തടിവ്യവസായം	1			
5	ഫൈബർ ഫോം	1	8		
6	ഓട്ടോമോബൈൽ വർക്ക്ഷോപ്പ	1	10	-	
7	സ്റ്റോൺ ക്രഷർ	1			
8	സോഡ നിർമ്മാണം	1	2		
9	ഗ്രിൽസ്,മെറ്റൽ എൻജിനീയറിങ്ങ്	1	5	-	
10	പപ്പട നിർമ്മാണം	1	5		
11	ബേക്കറി	1			
12	ഡയറി	1	-	10	സ്വയം തൊഴിൽ
13	ഇഷ്ടിക നിർമ്മാണം	1			
ഖാദിമേഖല					
1	നൂൽ നൂൽപ്പ്കേന്ദ്രം	2	-	65	
2	ഹാൻറ് മെയ്ഡ് പേപ്പർ യൂണിറ്റ്	1	-	-	പൂട്ടിക്കിടക്കുന്നു
സഹകരണ മേഖല					
1	കരിങ്കൽ വ്യവസായം	1	2	38	

പട്ടിക.2

നമ്പർ	യൂണിറ്റിന്റെ പേര്	മേഖല	സ്ഥലം	ഉൽപ്പന്നം
1	ദീപ്തി ജില്ലിവർക്സ്	സ്വകാര്യം	കണാരംവയൽ	ജില്ലി
2	ഐശ്വര്യ ജില്ലിവർക്സ്	"	പറവൂർ	"
3	കരിങ്കൽ ക്വാറി	സ്വകാര്യം	കാണാരം വയൽ	ജില്ലി.ബോൾഡർ
4	കരിങ്കൽ ക്വാറി	"	പറവൂർ	"
5	കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണസംഘം.	സഹകണം	ചന്തപ്പുര	ജില്ലി
6	അശ്വതി ഗാർമെൻറസ്	സ്വകാര്യം	ആലക്കാട്	ഗാർമെൻറസ്
7	ഗാർമെൻറസ്	സ്വകാര്യം	വിളങ്കോട്	"
8	ജയശ്രീ ഓയിൽ ആൻറ് ഫ്ളവർ മിൽ	"	ഏര്യം	വെളിച്ചണ്ണ
9	അമീർ റൈസ് ആൻറ്	ഫ്ളവർ മിൽ	"	ചന്തപ്പുര

നമ്പർ	യൂണിറ്റിന്റെ പേര്	മേഖല	സ്ഥലം	ഉൽപ്പന്നം
10	ബാബുറൈസ്, ഫ്ളവർ &ഓയിൽ മിൽ	"	"	
11	അറഫാ ഓയിൽ മിൽ	"	ചന്തപ്പുര	വെളിച്ചണ്ണ
12	ജലജ റൈസ്മിൽ	"	കടന്നപ്പള്ളി	
13	പാർവതി റൈസ് മിൽ	"	കിഴക്കേക്കര	
14	ശ്രീറാം മാതാവുഡ് ഇൻഡസ്ട്രീസ്	"	പുത്തൂർകുന്ന്	തടിഉൽപ്പന്നങ്ങൾ
15	ഫൈബർ ഫോം	"	വിളിയാങ്കോട്	ഫൈബർ ഫോം
16	ഒട്ടോമോബൈൽ വർക്ക്ഷോപ്പ്	"	"	സർവീസിങ്ങ്
17	ഇന്ത്യനാറോക്ക് പ്രോഡക്ട്സ്	"	പിടിക്കപ്പാറ	ജില്ലി
~~18~~	~~സോഡക്കമ്പിനി~~	~~"~~	~~ചന്തപ്പുര~~	~~സോഡ~~
19	വി.ടി. ഇൻഡസ്ട്രീസ്	"	ചന്തപ്പുര	ഗ്രിൽസ്
20	ശബരി പപ്പടം പപ്പട നിർമ്മാണ യൂണിറ്റ്	"	"	പാണപ്പുഴ
21	നേഷനൽ ബേക്കറി	"	കണ്ടോന്താർ	ബേക്കറി ഉൽപ്പന്നങ്ങൾ
22	പ്രിയ ദർശിനി ഡയറിയൂണിറ്റ്	സ്വകാര്യം	"	പാൽ
23	ഖാദിനൂൽ നൂൽപ്പകേന്ദ്രം	കേരള ഖാദി ബോർഡ്	ഫറവൂർ	ഖാദിനൂൽ
24	ഖാദി നൂൽപ്പ് കേന്ദ്രം	"	തെക്കേക്കര	"
25	സിമൻറ് ഇഷ്ടിക നിർമ്മാണം	സ്വകാര്യം	പുത്തൂർ കുന്ന്	ഇഷ്ടിക

പ്രശ്നങ്ങൾ

1 സംരഭകരുടെ സാങ്കേതിക പരിജ്ഞാനക്കുറവ്

2. വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം

3. (വൈദ്യുതിയുടെ) അഭാവം

4. വോൾട്ടേജ് കുറവ്

4. കണക്ഷൻ ലഭിക്കാനുള്ള കാലതാമസം

5. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം

6. വലിയ തോതിലുള്ള സെക്യൂരിറ്റി ആവശ്യപ്പെടൽ

7. ഗതാഗതത്തിന്റെ പരിമിതികൾ

9. സ്റ്റോൺ ക്രഷറിൽ നിന്നുമുള്ള മലിനീകരണം.

സാധ്യതകൾ

1. കടന്നപ്പള്ളി-പാണപ്പുഴ വില്ലേജുകളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനാവശ്യമായ സ്ഥലം ഏറ്റെടുക്കുക. ഇതിനാവശ്യമായ സ്ഥലം സർക്കാർ ഉടമയിൽ തന്നെ നില നില്ക്കുന്നുണ്ട്.

2. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന വ്യക്തികളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ ലിസ്റ്റ് തയ്യാറാക്കുകയും താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ജില്ലാതലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

3. പുതുതായി വ്യവസായ സംരംഭകരുടെ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക്

വന്നുപെടാവുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നതിനും വ്യവസായ വകുപ്പിന്റേയും ധനകാര്യ സ്ഥാപനങ്ങളുടേയും പ്രതിനിധികളും സാങ്കേതിക വിദഗ്ദരും അടങ്ങുന്ന ഒരു ദ്രുത കർമ്മസേന ബ്ലോക്ക് തലത്തിൽ പ്രവർത്തിപ്പിക്കുക.

4 ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക

5 റബ്ബർ കൃഷി വികസിച്ചു വരുന്ന ഈ മേഘലയിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സാധ്യതകൂടുതലാണ്. റബ്ബർ ബാൻറ്, ബലൂൺ, ഗ്ലൗസ് ക്രംബ് റബ്ബർ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഫാക്ടറി സ്ഥാപിക്കുക.

6. ചകിരി ഇപ്പോൾ ഇന്ധനമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. പച്ചത്തൊണ്ടിൽ നിന്ന് ചകിരി നാര് നിർമ്മിക്കുന്നതിനാവശ്യമായ ഫാക്ടറി സ്ഥാപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

7. റബ്ബർ തടി സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

8. റബ്ബർ പാൽ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

9. പശു എരുമ എന്നിവയുടെ പാൽ ഉപയോഗിച്ച് പാലുൽപന്ന പുല്ലുൽപ്പന്ന നിർമ്മാണകേന്ദ്രം സ്ഥാപിക്കുക. വെണ്ണ, പീസ്, സാന്ദ്രീകരിച്ച പാൽ, ഐസ് ക്രീം പ്ലോവർഡ് മിൽക്ക് തൈര് നാടൻവെണ്ണ, നെയ്യ്, മധുര പലഹാരങ്ങൾ

10. ഖാദിബോർഡിന്റെ കീഴിലുള്ള രണ്ട് നൂൽ നൂല്പ് കേന്ദ്രങ്ങളോടനുബന്ധിച്ച് നെയ്ത്ത് ശാലകൾ സ്ഥാപിക്കുക.

11. തെങ്ങ്തടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണയൂണിൻറ്.

12. അച്ചാർ കറിപൗഡർ നിർമ്മാണ യൂണിറ്റ്.

13. ഖാദി മേഖല യിലുള്ള പുട്ടിക്കിടക്കുന്ന ഹേൻറ് മെയ്ഡ് പേപ്പർ യൂണിറ്റ് തുറന്ന് പ്രവർത്തനമാരംഭിക്കുക.

14 മനുഷ്യപ്രയത്നം കൊണ്ടും കല്ല് കൊത്തിയെടുക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ യന്ത്രവൽക്കരണം നടത്തുക.

15. സെറികൾച്ചറൽ സൊസൈറ്റി രൂപീകരിക്കുക.

16. മാങ്ങ, ചക്ക, വാഴപ്പഴം എന്നിവ ഉപയോഗിച്ചുള്ള ജാമുകൾ,സ്കാഷുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ

17. കയറ്റുമതി സാധ്യതയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്.



കുടിവെള്ളം പൊതുജനാരോഗ്യം പരിസര ശുചിത്വം

കുടിവെള്ളം

ഏതൊരു ജനതയുടേയും ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഘടകമാണ് ശുദ്ധമായ കുടിവെള്ളം. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാനുള്ള നമ്മുടെ പ്രവർത്തനത്തിന്റെ അടിത്തറ തന്നെ ശുദ്ധ ജലത്തിൽ നിന്നും തുടങ്ങേണ്ടിയിരിക്കുന്നു. ഇന്നു കാണപ്പെടുന്ന പല പകർച്ച വ്യാധികളും മോശമായ കുടിവെള്ളത്തിൽ കൂടി പകരുന്നവയാണ്. സുലഭമായിരുന്ന പല ജലസമ്പത്തുകളും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. തന്മൂലം ജലത്തിന്റെ ദൗർലഭ്യം ഓരോ വർഷവും കൂടി ക്കൂടി വരികയാണ്. ഈ പ്രതിഭാസത്തിൽ നിന്നും കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിനും മാറി നിൽക്കാൻ കഴിയില്ല. ഈ ഗുരുതരമായ സ്ഥിതി മുന്നിൽ കണ്ടു കൊണ്ടു പ്രാദേശിക ഭരണകൂടം പഞ്ചായത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ അടിയന്തിരമായും ഏറ്റെടുത്തു നടത്തേണ്ടിയിരിക്കുന്നു.

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിന്റെ കുടിനീരിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിൽ 88% കുടുംബങ്ങളും കുടിനീരിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആകെയുള്ള 3904 വീടുകളിൽ 2818 വീടുകൾക്ക് മാത്രമേ സ്വന്തമായി കിണറുകൾ ഉള്ളു.(അതായത് 72% ആളുകൾക്ക്) ബാക്കിയുള്ളവർ ടാപ്പുകളേയും പൊതു കിണറുകളേയും മറ്റു വീടുകളിലെ കിണറുകളെയും ആശ്രയിച്ചാണ് കഴിയുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ പകുതി ഭാഗവും മാർച്ചു മാസത്തിനു ശേഷം രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്നവയാണ്. പഞ്ചായത്തിലെ 1-ാം വാർഡ്, 2-ാം വാർഡിന്റെ പോസ്റ്റാഫീസ് പ്രദേശം, 5-ാം വാർഡിന്റെ ചെങ്ങളം ഭാഗം, 6-ാം വാർഡിന്റെ കരിങ്കൽ ചാൽ ഭാഗം, 6,8,9,10 എന്നീ വാർഡുകളിലെ മുഴുവൻ ഭാഗവും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

ശുദ്ധ ജല സ്രോതസ്സുകൾ

പട്ടിക.1

കിണറുകൾ

പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ		കുഴൽ കിണർ	മൊത്തം
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		

1995-96 വർഷത്തിൽ മാത്രം 1308 ജല ജനരോഗങ്ങൾ ഉണ്ടായതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കുടിവെള്ളം ശേഖരിക്കുന്നതിനായി ഒരു കിലോമീറ്റർ മുതൽ 3 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്ന കുടുംബങ്ങളും പഞ്ചായത്തിൽ ധാരാളമായിട്ടുണ്ട്.

പ്രശ്നങ്ങൾ

കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അഭിമുഖീകരിക്കുന്ന പ്രദേശങ്ങൾ

1-ാം വാർഡ് ഞണ്ടമ്പലം ഭാഗം, എടക്കോം തട്ട്, ഏര്യം തെന്നം, കണാരം വയൽ അംഗൻവാടി പ്രദേശം, ഏര്യം അംഗൻവാടി പരിസരം, മാവുർ കുന്ന്. ഇവിടെ ഏപ്രിൽ മാസാദ്യം കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു.

2-ാം വാർഡ്	മുണ്ടോൻ വയൽ പ്രദേശം
3-ാം വാർഡ്	കോയിപ്രയിൽ അനട്ടി പ്രദേശം, കാരക്കുണ്ട് പ്രദേശം, മുടേങ്ങ, കുണ്ടയാട്.
4-ാം വാർഡ്	പാണപ്പുഴ പുതിയ പോസ്റ്റാഫീസ് പ്രദേശം, പഴയ പോസ്റ്റാഫീസ് പ്രദേശം, വെള്ളരിയാനം
5-ാം വാർഡ്	ചെങ്ങളം ഭാഗം, ചെങ്ങളം മണിയറ ഭാഗം
6-ാം വാർഡ്	ഭൂദാനം കോളനി, കൊളമ്പ-കമ്പിപ്പാലം പ്രദേശം, ചെറുവച്ചേരി സ്കൂൾ പ്രദേശം, കാനങ്കോട് ഈ പ്രദേശങ്ങളിൽ മാർച്ചു മാസത്തിൽ ജലക്ഷാമം ഉണ്ടാകുന്നു.
7-ാം വാർഡ്	പെരുവളങ്ങ, കടന്നപ്പള്ളി കിഴക്കേക്കര പ്രദേശം, ചന്തപ്പുര ലക്ഷം വീട് കോളനി, കിഴക്കേക്കര ലക്ഷം വീടു കോളനി, മുട്ടുങ്ങാ ചാൽ, ചന്തപ്പുര കോറ ഭാഗം, തുടങ്ങി വാർഡിന്റെ 75% ത്തോളം ഭാഗങ്ങളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
8-ാം വാർഡ്	കരിങ്കൽ കാവി അയ്യഞ്ചാൽ, പുത്തൂർ കുന്ന്, കടന്നപ്പള്ളി പള്ളി പ്രദേശം, കടന്നപ്പള്ളി തെക്കേക്കര, കോട്ടത്തുംചാൽ, വെള്ളാലത്തമ്പലം, കടന്നപ്പള്ളി കിഴക്കേക്കര തുടങ്ങി വാർഡിന്റെ 80% പ്രദേശങ്ങളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
9-ാം വാർഡ്	തെക്കേക്കര സ്കൂൾ പരിസരം, തെക്കേക്കര കിഴക്ക് ഭാഗം, തെക്കേക്കര പടിഞ്ഞാറു ഭാഗം, ചിറ്റന്നൂർ കിഴക്ക് ഭാഗം, വിളയാങ്കോട് കേന്ദ്രഭാഗം, പത്തായക്കുണ്ട്, വിളയാങ്കോട്, അലക്യം ഭാഗം, കോട്ടത്തുംചാൽ, പുത്തൂർ കുന്നു, ചിറ്റന്നൂർ പടിഞ്ഞാറു ഭാഗം, ക്രിസ്ത്യൻ കോളനി തുടങ്ങി വാർഡിന്റെ മുഴുവൻ ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
10-ാം വാർഡ്	കടന്നപ്പള്ളി പടിഞ്ഞാറേക്കര,, കടന്നപ്പള്ളി പടിഞ്ഞാറേക്കര ലക്ഷം വീട് കോളനി, കടന്നപ്പള്ളി.

7,8.,9,10 വാർഡുകളിൽ മാർച്ചു മുതൽ കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.

2. മടവീണ ചാൽ, മവ്വൂർ കുന്ന് എന്നീ പ്രദേശങ്ങളിലെ കിണറിന്റെ അടിയിൽ ഒരു പ്രത്യേക തരം ചെളി നിറഞ്ഞു ഉപയോഗ ശൂന്യമാകുന്നു.
3. ഭൂദാനം കോളനിയിലെ കുഴൽ കിണറിലെ ജലം ഉപയോഗ ശൂന്യമാണ്.
4. പഞ്ചായത്തിന്റെ ഭൂരിഭാഗ പ്രദേശങ്ങളും കുന്നിൻ പുറങ്ങൾ ആണ്.
5. വേനൽ കാലത്ത് ജനങ്ങൾ(6,7,8,9,10 എന്നീ വാർഡുകളിൽ) 1.5 കിലോമീറ്റർ മുതൽ 3 കിലോമീറ്റർ വരെ ശുദ്ധ ജലത്തിനായി പോകേണ്ടി വരുന്നു. മറ്റു സ്ഥലങ്ങളിലും $^1/_2$ കിലോമീറ്റർ മുതൽ 1 കിലോമീറ്റർ വരെ ശുദ്ധ ജലത്തിനായി പോകേണ്ടി വരുന്നു.
6. കിണറുകളിലെ ജലം പതിവായി ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.

സാധ്യതകൾ

1. കണാരം വയൽ പ്രദേശത്ത് കുളങ്ങരക്കുന്ന്, കരിപ്പാൽ ചുണ്ട എന്നീ പ്രദേശങ്ങളിൽ രണ്ടു സ്വകാര്യ വ്യക്തികളുടെ പറമ്പിൽ പാറ ഇടുക്കിൽ നിന്നും വരുന്ന ശുദ്ധ ജല നീരുറവകൾ ഉണ്ട്. ഇത് ചില വ്യക്തികൾ മാത്രം ഉപയോഗപ്പെടുത്തുന്നു. ഈ നീരൊഴുക്കിനെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ കണാരം വയൽ അംഗൻവാടി പ്രദേശത്തടക്കമുള്ള ജനങ്ങൾക്ക് ഒരു പരിധി വരെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
2. പാണപ്പുഴ, എര്യം സ്ഥലങ്ങളിൽ അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കാൻ പാണപ്പുഴ പുഴയുടെ ചില ഭാഗങ്ങളിൽ 'തടയണ' കെട്ടിയാൽ മതിയാകും. പാറയും ചതുപ്പും ഉള്ള സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചു ജലക്ഷാമത്തിനു പരിഹാരം കാണണം.
3. ഇന്നു നിലവിലുള്ള പഞ്ചായത്തിലെ പൊതു കിണറുകളിൽ മാർച്ച് ഏപ്രിൽ മാസം ആകുമ്പോഴേക്ക് ജലക്ഷാമം അനുഭവപ്പെടുന്നു. ഇതിനു പരിഹാരം കാണാൻ പൊതു കിണറിന്റെ ആഴം കൂട്ടുകയും ചെളിയും മണ്ണും നീക്കം ചെയ്യുകയും ചെയ്യുക.
4. ഗ്രാമപഞ്ചായത്തിലെ ഉപയോഗ ശൂന്യമായ കുഴൽ കിണർ മാറ്റി പുതിയ കുഴൽ കിണർ സ്ഥാപിക്കണം.
5. കടന്നപ്പള്ളി വിളയാങ്കോട് പ്രദേശത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുഴൽ കിണറുകളോ പൊതു കിണറുകളോ സ്ഥാപിച്ചു പ്രശ്നപരിഹാരം കാണണം.

6. പകർച്ച വ്യാധികൾ ഉണ്ടാകുന്ന സമയങ്ങളിൽ ചുറ്റുപാടും ഉള്ള കിണറുകളിൽ ക്ലോറിനേറ്റ് ചെയ്യുന്ന പ്രവർത്തനം മെച്ചപ്പെടുത്തണം.

7. ജലക്ഷാമം അതിരൂക്ഷമായി റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥലത്തിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് അടിയന്തിരമായി കുഴൽ കിണറുകളോ പൊതു കിണറുകളോ നിർമ്മിക്കണം.

8. ഗ്രാമ പഞ്ചായത്തിലെ 'ആൾമറ' ഇല്ലാത്ത എല്ലാ കിണറുകളിലും ആൾമറ കെട്ടി മലിന ജലം കിണറിലേക്ക് ഒഴുകി കുടിവെള്ളം മലിനപ്പെടുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കുകയും ജനങ്ങൾക്ക് ഇത് സംബന്ധിച്ച് ബോധവൽക്കരണം നൽകുകയും ചെയ്യാൻ സംവിധാനം ഉണ്ടാക്കണം.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനതക്ക് മാത്രമേ ആരോഗ്യമുള്ള ഒരു രാഷ്ട്രത്തെ രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. ജനങ്ങളുടെ ആരോഗ്യം എന്നു പറയുന്നത് ജനങ്ങളുടെ കൈകളിൽത്തന്നെയാണ്. കേരളം ആരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 2000-ാമാണ്ടിൽ കേരളം കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ ഇപ്പോൾ തന്നെ നാം നേടിക്കഴിഞ്ഞു. സ്ത്രീകളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും, ഭൂപരിഷ്കരണ നിയമത്തിലൂടെ ജന്മിത്വം അവസാനിപ്പിച്ച് ഗ്രാമീണരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയതും, മെച്ചപ്പെട്ട പൊതു വിതരണ സമ്പ്രദായവും, ദുർബല ജനവിഭാഗങ്ങളുടെ ഉയർന്ന അവകാശ ബോധവും, ഇവിടെ നിലനിൽക്കുന്ന സാർവത്രികവും സൗജന്യവുമായ പൊതു ജനാരോഗ്യ സംവിധാനവും കേരളത്തെ ഒരു മാതൃകാ സംസ്ഥാനമാക്കി മാറ്റി.

എന്നാൽ ആരോഗ്യ രംഗത്ത് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്ന് കരുതരുത്. മറ്റു പലതിലും എന്ന പോലെ മാതൃകാ സംസ്ഥാനമായ നമുക്ക് പല പോരായ്മകളും ഈ രംഗത്ത് കണ്ടെത്താൻ കഴിയും. ജനക്ഷേമത്തിനായി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ നോക്കുകുത്തികളായി മാറുകയും ആരോഗ്യ സംരക്ഷണത്തിന്റെ ചെലവ് കൂടി വരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനവും പഞ്ചായത്തും ബഹു ജനങ്ങളും ഒന്നായി നിന്നു പ്രവർത്തിക്കുന്ന ഒരു ജനകീയാരോഗ്യ പരിപാടിക്ക് രൂപം കൊടുക്കാൻ ഇന്നത്തെ സാഹചര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് കഴിയും. ഈ നിലയിൽ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് ഒന്നു പരിശോധിക്കാം.

നാടൻ വൈദ്യത്തിനും പാരമ്പര്യ ചികിത്സക്കും ഈ പ്രദേശം വളരെ മുമ്പേ പ്രസിദ്ധമായിരുന്നു. രാമപെരുവണ്ണാൻ, ചിണ്ട പെരുവണ്ണാൻ, അസ്സിനാർ വൈദ്യർ, കൃഷ്ണൻ വൈദ്യർ തുടങ്ങിയ ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഉഴിച്ചിൽ, തടവൽ, വിഷ ചികിത്സ, മർമ്മ ചികിത്സ തുടങ്ങി എല്ലാ ചികിത്സാ രീതികളും ഈ പ്രദേശത്ത് ലഭിച്ചിരുന്നു. എന്നാൽ അലോപ്പതി മരുന്നിന്റെ വരവോടെ ഇത്തരത്തിലുള്ള ചികിത്സയുടെ പ്രാധാന്യം കുറഞ്ഞു വന്നു. കൂടാതെ പച്ച മരുന്നുകളുടെ ലഭ്യതക്കുറവും പാരമ്പര്യ ചികിത്സ കുറഞ്ഞു വരുന്നതിനു കാരണമായി.

1952-ൽ പരിയാരത്ത് സ്ഥാപിച്ച ക്ഷയരോഗ ചികിത്സാ കേന്ദ്രം ആണ് ഈ പഞ്ചായത്തിലെ അലോപ്പതി ചികിത്സാ രംഗത്തെ ആദ്യകാൽവെപ്പ്. നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു പോലും ആളുകൾ ചികിത്സ തേടിയെത്തിയിരുന്നു. 350 രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുമായിരുന്ന ഈ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആ സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളുമുള്ള; ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ ഉള്ള ഒരു മെഡിക്കൽ കോളജാണ് ഇന്നു പ്രവർത്തിക്കുന്നത്. കൂടാതെ ആയുർവേദ മെഡിക്കൽ കോളേജും ഈ സ്ഥലത്ത് അനുവദിച്ചു കിട്ടിയിട്ടുണ്ട്. അതിന്റെ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നു. ഇതു കൂടാതെ ഈ പഞ്ചായത്തിൽ 2 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അതിന്റെ കീഴിൽ 4 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ഇവക്കു പുറമെ സ്വകാര്യ മേഖലയിൽ ഒരു യുനാനി ചികിത്സാ കേന്ദ്രവും ഒരു ഹോമിയോ ക്ലീനിക്കും 2 ആയുർവേദ ക്ലീനിക്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ഈ സ്ഥാപനങ്ങളൊക്കെ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതി മെച്ചമാണെന്ന് പറയാൻ കഴിയില്ല. പഴയ കാലത്ത് ഉന്മൂലനം ചെയ്ത പല രോഗങ്ങളും ഇപ്പോൾ വീണ്ടും വർദ്ധിച്ചു വരുന്നതായി കാണാം. 1994-95 വർഷത്തിൽ 1270 ജല ജന്യരോഗങ്ങളും 147 വായു ജന്യരോഗങ്ങളും 24 പ്രാണി ജന്യരോഗങ്ങളും 17873 മറ്റു രോഗങ്ങളും, 1995-96 വർഷത്തിൽ 1308 ജലജന്യരോഗങ്ങളും 131 വായു ജന്യരോഗങ്ങളും 27 പ്രാണി ജന്യ രോഗങ്ങളും 20766 മറ്റു രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ശരാശരി കുടുംബവലിപ്പം 6 മാത്രമാണ്. ഈ പഞ്ചാ

യത്തിൽ കിടത്തി ചികിത്സിക്കാൻ പറ്റുന്ന ഒരാശുപത്രി മാത്രമാണ് ഉള്ളത്. അത് പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സമഗ്രമായ ഒരു ജനകീയ ആരോഗ്യ പരിപാടി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാരുടെ എണ്ണം	സ്ഥാപിച്ച വർഷം	കെട്ടിടം	
					വാടക	സ്വന്തം
1.	പ്രാഥമികാരോഗ്യ കേന്ദ്രം(ആലക്കാട്)	2	9	1988	സ്വന്തം	
2	കുടുംബ ക്ഷേമ കേന്ദ്രം	4	1			സ്വന്തം
3.	പ്രാഥമികാരോഗ്യ കേന്ദ്രം(കടന്നപ്പള്ളി)	5	14	1979		സ്വന്തം
4	കുടുംബക്ഷേമ ഉപകേന്ദ്രം	6	1			സ്വന്തം
5	കുടുംബ ക്ഷേമ ഉപകേന്ദ്രം(ചെറുവിച്ചേരി)	8	1		സ്വന്തം	
6	കുടുംബക്ഷേമ ഉപകേന്ദ്രം(ഏര്യം)	1	1	1990	സ്വന്തം	

കഴിഞ്ഞ രണ്ടു വർഷമായി പി.എച്ച്.സിയിൽ ചികിത്സ നേടിയവർ

വർഷം	ആൺ	പെൺ	കുട്ടികൾ	ആകെ
1994-95	6972	8032	2869	17,873
1995-96	7901	9252	3613	0766

പി.എച്ച്.സിയിൽ ഡോക്ടറുടെ സേവനം പലപ്പോഴും വേണ്ട വിധം ലഭിക്കുന്നില്ല. ഡോക്ടറുടെ സേവനം കൃത്യമായി പി.എച്ച്.സിയിൽ ലഭ്യമായാൽ ഇത്തരം സ്ഥാപനങ്ങളിൽ വരുന്ന രോഗികളുടെ എണ്ണം ഇനിയും കൂടും. പി.എച്ച്.സിയിൽ വരുന്ന രോഗികളിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ ആണ് കൂടുതൽ. കുട്ടികളുടെ ചികിത്സക്കും പ്രതിരോധ കുത്തിവെപ്പിനുമായി വരുന്നവരുടെ എണ്ണവും കൂടി വരുന്നുണ്ട്. പണ്ടു കാലങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ സേവനം വളരെയേറെ മെച്ചപ്പെട്ടതായിരുന്നു. ജോലിയോടുള്ള ആത്മാർത്ഥതയും സേവന സന്നദ്ധതയും ഉള്ള പഴയകാല ആരോഗ്യ പ്രവർത്തകരുടെ നിരന്തരമായപ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഒരു കാലത്ത് ലോകത്തെ കീഴടക്കിയ രോഗങ്ങളിൽ നിന്നും ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തിയെടുത്തത്. ആരോഗ്യ കാര്യത്തിൽ മരുന്നുകളേക്കാൾ പ്രാധാന്യംബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ് നൽകേണ്ടത്. രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുക എന്നതാണ്. ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ സേവനം ശരിയായ രീതിയിൽ നിർവഹിക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്താൻ ഓരോ വാർഡുകളിലും ജനകീയ ആരോഗ്യ കമ്മറ്റികൾ രൂപീകരിക്കുകയും പ്രവർത്തനം ഓരോ മാസവും വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

പി.എച്ച്.സിയിലെ രേഖകൾ പ്രകാരം പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് 8.5ഉം(സംസ്ഥാനം 17) ശരാശരി മരണ നിരക്ക് 2.2 ഉം(സംസ്ഥാന ശരാശരി 5.9) ആണ്. പഞ്ചായത്തിൽ ആകെയുള്ള 249 ഒരു വയസ്സിനു താഴെയുള്ള കുട്ടികളിൽ 249 കുട്ടികൾക്കും വിവിധ പ്രതിരോധ കുത്തിവെപ്പുകൾ എടുത്തവരാണ്. ആലക്കാട് പി.എച്ച്.സിയിൽ മാസത്തിൽ ഒരു പ്രാവശ്യവും കടന്നപ്പള്ളി പി.എച്ച്.സിയിൽ എല്ലാ ബുധനാഴ്ച കളിലും ഈ കുത്തിവെപ്പ് നടത്തുന്നുണ്ട്. എല്ലാ കുഞ്ഞുങ്ങൾക്കും അതു പ്രയോജനപ്പെടുത്തുന്നുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഈ പഞ്ചായത്തിലെ മൊത്തം ജന സംഖ്യ 23514 ആണ്. അതിൽ 9897 പുരുഷന്മാരും 10154 സ്ത്രീകളും 3463 കുട്ടികളും ആണ്. മൊത്തം പുരുഷന്മാരേക്കാൾ 257 സ്ത്രീകൾ കൂടുതൽ ആണ്.

പഞ്ചായത്തിലെ ആംഗ വൈകല്യമുള്ളവരുടെ എണ്ണം

അന്ധർ	ബധിരർ	മൂകർ	ബധിര-മൂകർ	ചലന വൈകല്യം
37	11	10	16	70

പഞ്ചായത്തിലെ സ്ഥായിയായ രോഗ ബാധിതരുടെ എണ്ണം

രക്ത സമ്മർദ്ദം	പ്രമേഹം	ക്യാൻസർ	കുഷ്ഠം	ക്ഷയം	ഹൃദ്രോഗം
108	62	2	1	12	11

ഏതെങ്കിലും രീതിയിലുള്ള കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച സ്ത്രീകൾ

അമ്മമാരുടെ എണ്ണം	മാർഗ്ഗംസ്വീകരിച്ചവരുടെ എണ്ണം	
1 കുട്ടി മാത്രമുള്ളവർ	529	150
2 കുട്ടികൾ ഉള്ളവർ	1685	1205
2-ൽ കൂടുതൽ കുട്ടികൾ ഉള്ളവർ	1182	926

പഞ്ചായത്തിൽ 1995-96 വർഷത്തിൽ ആകെ 165 ഗർഭിണികൾ ഉണ്ട്. എല്ലാ ഗർഭിണികൾക്കും പ്രതിരോധ കുത്തിവെപ്പും വിളർച്ചാരോഗം തടയുന്നതിന് അയേൺ ഫോളിക് ആസിഡ് ഗുളികകളും നൽകി വരുന്നു. എങ്കിലും നമ്മുടെ പ്രദേശത്ത് ധാരാളം വിളർച്ചാ രോഗമുള്ള അമ്മമാരേയും കുഞ്ഞുങ്ങളേയും കണ്ടു വരുന്നു. ഇത് തടയാൻ എല്ലാവർക്കും അയൺ ഗുളികകൾ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. അതു കൂടാതെ എല്ലാ കുട്ടികൾക്കും (10 മാസം മുതൽ 3 വയസ്സു വരെ) അന്ധതാ നിവാരണത്തിനുള്ള വിറ്റാമിൻ 'എ' തുടങ്ങിയ മരുന്നും കൊടുക്കണം. എല്ലാ കുട്ടികൾക്കും കിട്ടി എന്നു ഉറപ്പു വരുത്താൻ ആരോഗ്യ പ്രവർത്തകർ പ്രത്യേക നിർദ്ദേശം നൽകണം.

ആലക്കാട് പി.എച്ച്.സിയോടനുബന്ധിച്ചു പത്ത് കിടക്കയുള്ള വാർഡിന്റെ പണി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 96-97 വർഷത്തോടെ വാർഡിന്റെ പണി പൂത്തിയാക്കി പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതു കൂടാതെ ഡോക്ടറുടെതാമസത്തിനായി ഒരു ക്വാർട്ടേഴ്സിന്റെ പണിയും ആരംഭിച്ചിട്ടുണ്ട്. ഈ ക്വാർട്ടേഴ്സിന്റെ പണിയും ഈ വർഷം തന്നെ പൂർത്തിയാകും.

ഈ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ ആരോഗ്യ പരിപാടി ഈ വർഷം നടത്തിയിരുന്നു. എല്ലാ കുട്ടികളേയും പരിശോധിച്ചു രോഗ നിർണയം നടത്തുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.സിയിലെ ആരോഗ്യപ്രവർത്തകരും ഗ്രാമ പഞ്ചായത്തും ചേർന്നു ഇതൊരു തുടർനടപടിയായി കൊണ്ടു പോകേണ്ടത് അത്യാവശ്യമാണ്.

1995 ഡിസംബർ 1996 ജനുവരി എന്നീ മാസങ്ങളിൽ നടത്തിയ ദേശീയ പോളിയോ നിർമാർജ്ജന പരിപാടിയിൽ ഈ ഗ്രാമ പഞ്ചായത്തിലെ 3 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ മരുന്നു നൽകാൻ കഴിഞ്ഞിട്ടിണ്ട്.

പഞ്ചായത്തിലെ ആരോഗ്യ രംഗത്തും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ പ്രശ്നങ്ങൾ	വിലയിരുത്തൽ
1	ഒരു സബ് സെൻറർ	യുനാനി ക്ലീനിക്-1 വിഷചികിത്സാ കേന്ദ്രം-1	വയറിളക്കം വിരശല്യം	വാർഡിൽ ആകെയുള്ള ഒരു സബ് സെൻററിൽ നിന്നും അത്യാവശ്യ മരുന്നുകൾ പോലും ലഭിക്കുന്നില്ല. ആരോഗ്യ പ്രവർത്തകർ വാർഡിൽ ക്ലോറിനേഷൻ നടത്താറില്ല. ആലക്കാട് പി.എച്ച്.സിയിലെ ഡോക്ടർ എല്ലാ ദിവസവും കൃത്യമായി ജോലിക്കെത്തി കൃത്യസമയം വരെ ഇരിക്കാറില്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല.	കുടുംബ കേന്ദ്രത്തിൽ നിന്നും അത്യാവശ്യം വേണ്ട മരുന്നുകളും ഫസ്റ്റ് എയ്ഡ് സൗകര്യവും ലഭ്യമാക്കാൻ നടപടികൾ എടുക്കുക. ആരോഗ്യ പ്രവർത്തകർ കൃത്യമായി ജോലി ചെയ്യുന്നു എന്നു ഉറപ്പു വരുത്താൻ വാർഡ് ലെവൽ ആരോഗ്യ കമ്മിറ്റി രൂപീകരിക്കുക. ആലക്കാട് പി.എച്ച്.സിയോടനുബന്ധിച്ചു ഡോക്ടർക്കും സ്റ്റാഫിനും താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുക. ആലക്കാട് തുടങ്ങാൻ പോകുന്ന കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രി കെട്ടിടം എത്രയും വേഗം പണിതു പ്രവർത്തനം തുടങ്ങുക.

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ പ്രശ്നങ്ങൾ	വിലയിരുത്തൽ
2	ഒരു പ്രൈമറി ഹെൽത്ത് സെൻറർ	മർമ്മ ചികിത്സാ കേന്ദ്രം		പി.എച്ച്.സി.യിലെ ഡോക്ടറുടെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. ആവശ്യത്തിനു മരുന്നു ലഭിക്കാറില്ല. പി.എച്ച്.സിയിൽ വച്ചു കുട്ടികൾക്കുള്ള കുത്തിവെപ്പ് എല്ലാ ആഴ്ചകളിലും നടത്താറില്ല. ബോധവൽക്കരണ ക്ലാസുകൾ ശരിയായി നടത്താറില്ല.	പി.എച്ച്.സിയിൽ മരുന്നു വാങ്ങാനാവശ്യമായ സാമ്പത്തിക സഹായം നൽകുക. കുത്തിവെപ്പിനാവശ്യമായ മരുന്നുകൾ സൂക്ഷിക്കാൻ വൈദ്യുതി ആവശ്യമാണ്. അടിയന്തിരമായി പി.എച്ച്.സിയിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3	ആരോഗ്യ കേന്ദ്രങ്ങൾ ഒന്നും ഇല്ല	സ്വകാര്യ മേഖലയിലും ഇല്ല.	വയറിളക്കം, വിരശല്യം, ചെങ്കണ്ണ്.	ആരോഗ്യ പ്രവർത്തകരുടെ ഭവന സന്ദർശനം വേണ്ട രീതിയിൽ നടക്കാറില്ല. ബോധവൽക്കരണ ക്ലാസ് നടക്കാറില്ല. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. കുത്തിവെപ്പ് നടക്കാറുണ്ട്.	വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കണം. വാർഡിൽ ബോധവൽക്കരണ ക്ലാസുകൾ കൃത്യമായി നടത്തണം.
4	ഒരു സബ് സെൻറർ ഉണ്ട്.	ഒന്നും ഇല്ല		കുട്ടികൾക്കുള്ള കുത്തിവെപ്പുകൾ നൽകാറുണ്ട്. ബോധവൽക്കരണ ക്ലാസുകൾ കൃത്യമായി നടത്താറില്ല. മരുന്നുകൾ ലഭിക്കാറില്ല.	കുടുംബ ക്ഷേമ കേന്ദ്രത്തിൽ അത്യാവശ്യം മരുന്നുകൾ എത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളുക. കുടുംബ ക്ഷേമ കേന്ദ്രത്തിൽ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി എടുക്കുക. ആവശ്യമായ ഫർണിച്ചർ നൽകുക. വാർഡിൽ പുകവലി, മദ്യം, എയിഡ്സ് തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുക.
5	ഒരു പ്രൈമറി ഹെൽ ത്ത് സെൻറർ ഉണ്ട്	ഒന്നും ഇല്ല	പോഷകാഹാരക്കുറവ് ചെങ്കണ്ണും വിരശല്യം	പി.എച്ച്. സിയുടെ പ്രവർത്തനം തൃപ്തികരമല്ല. ഡോക്ടർ കൃത്യമായി ഉണ്ടാകാറില്ല. ആവശ്യമായ മരുന്നുകൾ ലഭിക്കാറില്ല. ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം തൃപ്തികരമല്ല. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥാപനങ്ങൾ ഇല്ല.	കടന്നപ്പള്ളി പി.എച്ച്.സിയുടെ കെട്ടിടം വിപുലപ്പെടുത്തി കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥാപനമാക്കി മാറ്റുക. ഡോക്ടർക്കും സ്റ്റാഫിനും താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുക. മരുന്നുകൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന ചെങ്ങളം ഭാഗത്തെ എല്ലാ അമ്മമാർക്കും കുട്ടികൾക്കും അയേൺ ഗുളിക നൽകുകയും അംഗനവാടിയിൽ കൂടി പോഷകാഹാരം വിതരണം ചെയ്യുകയുംചെയ്യുക.

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ പ്രശ്നങ്ങൾ	വിലയിരുത്തൽ
6	ഒരു സബ് സെൻറർ	ഒരു ഹോമിയോ ക്ലീനിക് 2 ആയുർവേദ ക്ലീനിക്കുകൾ	വയറിളക്കം വിരശല്യം	കുടുംബക്ഷേമ ഉപ കേന്ദ്രത്തിൽ അത്യാവശ്യം മരുന്നുകൾ ഉണ്ടാകാറില്ല.വാർഡിൻെറ വിവിധ ഭാഗങ്ങളിൽ കുത്തിവെപ്പു ക്യാമ്പുകൾ നടത്താറില്ല. ആരോഗ്യ ക്ലാസുകൾ കൃത്യമായി നടത്താറില്ല. കടന്നപ്പള്ളി പി.എച്ച്.സിയിൽ നിന്നും ആവശ്യത്തിനു മരുന്നുകൾ കിട്ടാറില്ല.	കടന്നപ്പള്ളി പി.ച്ച്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ചെറുവാച്ചേരി വായനശാലയിൽ വെച്ചു കുത്തിവെപ്പു നടത്തണം. ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. സബ് സെൻററിൽ അത്യാവശ്യ മരുന്നുകൾ ഉണ്ടാകാനുള്ള നടപടികൾ കൈക്കൊള്ളണം.
7	ഒന്നും ഇല്ല	ഒന്നും ഇല്ല		ചന്തപ്പുര സബ് സെൻററിൽ അത്യാവശ്യ മരുന്നുകൾ ഉണ്ടാകാറില്ല ആഴ്ചയിൽ ഒരിക്കലെങ്കിലും (ഉച്ചയ്ക്ക് ശേഷം) ഡോക്ടർ സബ് സെൻറർ സന്ദർശിക്കണം. പി.എച്ച്.സിയിലും കൃത്യമായി ഡോക്ടർ ഉണ്ടാകാറില്ല. പ്രതിരോധ കുത്തിവെപ്പു വാർഡിൽ വെച്ചു നടത്താറില്ല. പോഷകാഹാര ക്കുറവുള്ളവർ വാർഡിൽ ഉണ്ട്. ബോധവൽക്കരണ ക്ലാസ് നടത്താറുണ്ട്.	വാർഡിൽ ഒരു സബ് സെൻറർ അനുവദിക്കണം. ഡോക്ടർ എല്ലാ ദിവസങ്ങളിലും പി.എച്ച്.സിയിൽ ഉണ്ടാവുകയും(രാവിലെ) ഉച്ചക്ക് കുടുംബക്ഷേമ കേന്ദ്രങ്ങൾ(സബ് സെൻറർ) സന്ദർശിക്കാനുള്ള നടപടികളും കൈക്കൊള്ളുക. അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി പോഷകാഹാരം വിതരണം ചെയ്യാനുള്ള നടപടി എടുക്കുക. പി.എച്ച്.സിയിൽ മരുന്നു ലഭ്യമാക്കുക.
8	ഒരു സബ് സെൻറർ	ഒന്നും ഇല്ല		സബ് സെൻററിൽ മരുന്നു ലഭ്യമല്ല. ഡോക്ടർ L.H.I എന്നിവർ ആഴ്ചയിൽ സബ് സെൻറർ സന്ദർശിക്കാറില്ല. കുത്തിവെപ്പു നടത്താറുണ്ട്.	സബ് സെൻററിൽ മരുന്നുകൾ എത്തിക്കണം. എയിഡ്സ്, കുഷ്ഠം, ക്ഷയം ഇവയെ കുറിച്ചു ബോധവൽക്കരണം നടത്തണം. പി.എച്ച്.സിയിലെ സൂപ്പർ വൈസർ സ്റ്റാഫിൻെറയും പുരുഷ ആരോഗ്യ പ്രവർത്തകരുടേയും പ്രവർത്തനം മെച്ചപ്പെടുത്തണം. ഇതിനായി വാർഡ് ലെവൽ ജനകീയ ആരോഗ്യ കമ്മിറ്റികൾ രൂപീകരികരിക്കണം. ഈ വാർഡിൽ അംഗൻ വാടി സ്ഥാപിക്കുക.

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ പ്രശ്നങ്ങൾ	വിലയിരുത്തൽ
9	ഒന്നും ഇല്ല	ഒരു മെഡിക്കൽ കോളേജുണ്ട്		ഈ വാർഡിൽ വിളർച്ചാ രോഗം കണ്ടു വരുന്നു. ഈ വാർഡിൽ വെച്ചു കുത്തിവെപ്പു നടത്താറില്ല. പോഷകാഹാഹരക്കുറവും ജനങ്ങളിൽ കാണുന്നു	ഒരു സബ്സെൻറർ വാർഡിൽ സ്ഥാപിക്കണം. ചിറ്റന്നൂർ വിളയാങ്കോട് പ്രദേശത്ത് വെച്ചു കുത്തിവെപ്പു ക്യാമ്പുകൾ നടത്തണം. അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി പോഷകാഹാരം വിതരണം ചെയ്യാനുള്ള നടപടി എടുക്കണം. വാർഡിൽ ആരോഗ്യ ജനകീയ കമ്മിറ്റി രൂപീകരിക്കണം.
10	ഒന്നും ഇല്ല	ഒന്നും ഇല്ല		ആരോഗ്യ ക്ലാസ് നടത്താറില്ല. ക്ലോറിനേഷൻ എല്ലാ വീടുകളിലും നടത്താറില്ല. പി.എച്ച്.സിയിൽ ഡോക്ടർ കൃത്യമായി ഉണ്ടാകാറില്ല.	ഒരു സബ് സെൻറർ വാർഡിൽ സ്ഥാപിക്കണം. അംഗൻ വാടിയിൽ കൂടി പോഷകാഹാരവും ഫസ്റ്റ് എയിഡും നൽകാൻ വേണ്ട കൂടുതൽ സഹായം നൽകണം. അടുത്തുള്ള പി.എച്ച്.സിയിലെ പ്രവർത്തനം മെച്ചപ്പെടുത്തണം.

പൊതു നിർദ്ദേശങ്ങൾ

1. ഈ ഗ്രാമ പഞ്ചായത്തിൽ നിലവിൽ രണ്ട് പി.എച്ച്.സികൾ ഉണ്ടെങ്കിലും നിലവിൽ ഡോക്ടറും അത്യാവശ്യ മരുന്നുകളും ഉള്ളപ്പോഴും വലിയൊരു വിഭാഗം ജനങ്ങൾ ഇത് ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ പ്രവണത മാറ്റിയെടുക്കാൻ ആശുപത്രികളുടെ (PHC) സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ആരോഗ്യ പ്രവർത്തകരേയും പൊതു ജനങ്ങളേയും സംഘടിപ്പിച്ചു ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്യണം.
2. നിലവിൽ ആരോഗ്യ സ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകളിൽ ഒരു കുടുംബ ക്ഷേമ ഉപകേന്ദ്രം എങ്കിലും സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.
3. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ രണ്ട് ആയുർവേദ ഡിസ്പെൻസറികളും ഒരു യോഗ ചികിത്സാ കേന്ദ്രവും ആരംഭിക്കുക.
4. പഞ്ചായത്തിലെ എല്ലാ ആളുകൾക്കും ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കുകയും ചെയ്യുക.
5. ജലജന്യരോഗങ്ങളുടെ എണ്ണം കൂടുതൽ ആയതു കൊണ്ട് അത് തടയുന്നതിന് എല്ലാ വീടുകളിലും കക്കൂസ് ഉണ്ടെന്നു ഉറപ്പു വരുത്തുക. ഇതിനായി സഹായം ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുക.
6. പേവിഷബാധ തടയുന്നതിന് അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കളെ കുത്തിവെപ്പിക്കാൻ നിയമ നടപടി കൈക്കൊള്ളുകയും ചെയ്യുക.
7. പി.എച്ച്.സികളിലെ പ്രവൃത്തി സമയം രാവിലെ 8 മുതൽ 11.30 വരെയും 2 മുതൽ 4 വരെയും ആക്കി ജനങ്ങൾക്ക് ഉപകാരപ്രദം ആക്കുക.(ഡോക്ടറുടേയും പാരാ മെഡിക്കൽ സ്റ്റാഫിൻേറയും)
8. 100 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ അംഗൻ വാടികൾ എല്ലാ വാർഡുകളിലും സ്ഥാപിച്ചു പോഷക വൈകല്യമുള്ളവരെ കണ്ടു പിടിച്ചു പോഷകാഹാരം നൽകാനുള്ള സംവിധാനം ഉറപ്പാക്കുക.



പരിസര ശുചിത്വം

ഏതൊരു ജനതയുടേയും ആരോഗ്യ കാര്യത്തിൽ കുടിവെള്ളം കഴിഞ്ഞാൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഘടകമാണ് പരിസര ശുചിത്വം. നഗരവൽക്കരണത്തിന്റേയും വ്യവസായവൽക്കരണത്തിന്റേയും ഫലമായി അന്തരീക്ഷ മലിനീകരണം കൂടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ പഞ്ചായത്തിൽ ഇത് ഒരു പരിധി വരെ കുറവാണെങ്കിലും പല ഘടകങ്ങളും പരിസര ശുചിത്വത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പരിസര ശുചിത്വം പാലിക്കാൻ ആവശ്യമായ ഒരു ഘടകമാണ് കക്കൂസ്. പൊതു സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നത് കാരണം കിണറുകളിലേയും കുളങ്ങളിലേയും ജലം മലിനപ്പെടുന്നതു കൂടാതെ പരിസര വാസികൾക്കും ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് തടയേണ്ടത് ആരോഗ്യ പരിപാലനത്തിൽ ഏറ്റവും അത്യാവശ്യമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 3991 വീടുകൾ ഉള്ളതിൽ 42% വീടുകളിലും കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം, വയറിളക്കം, ഛർദ്ദി, മഞ്ഞപ്പിത്തം, വയറുകടി തുടങ്ങിയ ജലജന്യരോഗങ്ങൾ കൂടുതലായി കണ്ടു വരുന്നു. 1995-96-ലെ ആരോഗ്യ സർവേ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1308 ജലജന്യരോഗങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമസഭയിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ

കക്കൂസ് നിർമാണത്തിന് വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
1. സാമ്പത്തിക പരാധീനത	1. സി.ആർ.എസ്.പി പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനു നൽകുന്ന സഹായം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുറപ്പു വരുത്തുക.
	2. സന്നദ്ധ സംഘടനകളേയും കൂട്ടി യോജിപ്പിച്ചു പാവപ്പെട്ടവർക്ക് ഇ.എസ്.പി.മോഡലിലുള്ള കക്കൂസ് ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുക.
	3. കു[illegible]ത പലിശ നിരക്കിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കക്കൂസ് നിർമിക്കാൻ ധനസഹായം നൽകുക.
2. ബോധവൽക്കരണകുറവ്	1. ആരോഗ്യബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക
	2. സാമൂഹ്യസന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുക.

പ്രശ്നങ്ങൾ

1. നമ്മുടെ പുഴകളിലും തോടുകളിലും(ജനങ്ങൾ കുളിക്കാനും വസ്ത്രം അലക്കാനും ഉപയോഗിക്കുന്ന കടവുകളിൽ)വാഹനങ്ങൾ ഇറക്കികഴുകി ജലം മലിനമാക്കപ്പെടുന്നുണ്ട്.

2. കടവുകളിൽ കന്നുകാലികളെ ഇറക്കി കുളിപ്പിക്കുന്ന പതിവും സ്ഥിരമായി നടന്നുവരുന്നു. തന്മൂലം ടൈറ്റനസ് രോഗം അടക്കം ഈ കടവിൽ കുളിക്കുന്നവർക്ക് പിടിപെടാൻ സാധ്യതയുണ്ട്.

3. പല സ്ഥലങ്ങളിലും റബ്ബർ റോളർ മിഷിനിൽ നിന്നും മലിന ജലം പുഴയിലേക്ക് ഒഴുക്കി വിടുന്നു. ഇത് മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമാണ്.

4. പൊതു ശ്മാശാനങ്ങൾ ഇല്ലാത്തതു കാരണം വലിയ ബുദ്ധിമുട്ടും ഉണ്ടാകുന്നു. പലരും സ്വന്തം

സ്ഥലങ്ങളിൽ തന്നെ ശവസംസ്കാരം നടത്തുന്നു. ഇത് പരിസര മലിനീകരണത്തിന് കാരണമാകുന്നു.

5. ഗ്രാമപഞ്ചായത്തിന്റെ പല സ്ഥലങ്ങളിലും ആടുമാടുകളെ പൊതുസ്ഥലത്തുവെച്ച് അറുക്കുന്നു. അതിനാൽ അറവിനു ശേഷമുള്ള അവശിഷ്ടങ്ങൾ കാക്ക, പട്ടി, കുറുക്കൻ എന്നിവ കൊത്തിവലിച്ചു പരിസര മനലിനീകരണം ഉണ്ടാക്കുന്നു.

6. ഗ്രാമപഞ്ചായത്തിന്റെ പല സ്ഥലങ്ങളിലും റോഡ് സൈഡിൽ വെച്ചു സ്ഥിരമായി മത്സ്യവിൽപ്പന നടത്തിവരുന്നുണ്ട്. ഇത് പരിസര മലിനീകരണത്തിന് ഇടയാക്കുന്നു.

7. ഇപ്പോൾ വ്യാപകമായി കണ്ടു വരുന്ന പോളിത്തീൻ ബാഗുകൾ അവിടവിടെയായി വലിച്ചെറിയുന്നതു കാരണം വ്യാപകമായി അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നു.

നിർദ്ദേശങ്ങൾ

1. വാഹനങ്ങൾ പുഴക്കടവുകളിലും തോടുകളിലും ഇറക്കി കഴുകുന്നതും മൃഗങ്ങളെ പുഴകളിലും തോടുകളിലു ഇറക്കി കുളിപ്പിക്കുന്നതും കർശനമായി നിരോധിക്കുക.


2. റബ്ബർ റോളറിൽ നിന്നു മലിന ജലം പുഴയിലേക്ക് ഒഴുക്കിവിടുന്നത് നിയമപരമായി തടയുക.

   എല്ലാ വാർഡുകളിലും ഓരോ പൊതുശ്മശാനം നിർമ്മിക്കുക.

   മൃഗങ്ങളെ കൂടുതലായി അറുക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതു അറവുശാല ശാസ്ത്രീയമായ രീതിയിൽ സ്ഥാപിക്കുക.

5. മത്സ്യം വിൽപ്പന നടത്തുന്നതിനായി ചെറിയ മത്സ്യ മാർക്കറ്റ് നിർമ്മിക്കുക.

6. ശരിയായ രീതിയിലുള്ള ബോധവൽക്കരണം നടത്തുക.



പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

20ാം നൂറ്റാണ്ടിന്റെ മധ്യഘട്ടം വരെ നമ്മുടെ പഞ്ചായത്തിലെ പാർപ്പിട സൗകര്യം പരിമിതവും ദുരിതപൂർണ്ണവുമായിരുന്നു. ഓലപ്പുരയിലും പുൽകുടിലുകളിലുമായി താമസിച്ചിരുന്ന ജനങ്ങൾക്ക് ജന്മി കുടിയാൻ വ്യവസ്ഥിതിക്കു കീഴിൽ സ്വന്തം താമസ സ്ഥലങ്ങൾക്ക് ഓടുമേയാനോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനോ അനുവാദമോ സാമ്പത്തിക സ്ഥിതിയോ ഉണ്ടായിരുന്നില്ല. ജന്മി ഗൃഹങ്ങൾക്കു പുറമെ കേവലം 2ഓളം വീടുകൾ മാത്രമെ പഞ്ചായത്തിൽ ഓടുമേഞ്ഞതുണ്ടായിരുന്നുള്ളൂ. ഈഘട്ടങ്ങളിൽ അതാത് പ്രദേശത്ത് ലഭ്യമായിരുന്ന പുല്ലും ഓലയും ഉപയോഗിച്ച് സംരക്ഷിച്ചിരുന്ന വീടുകൾക്ക് കൽചുമരുകൾക്ക് പകരം മൺചുമരുകളാണുണ്ടായിരുന്നത്. എന്നാൽ ചില ഭാഗങ്ങളിൽ ഓടയും പരമ്പും ഉപയോഗിച്ച് കെട്ടിമറച്ച വീടുകളും ഉണ്ടായിരുന്നു.

സാമൂഹ്യ രാഷ്ട്രീയ രംഗത്തുണ്ടായ മാറ്റവും കാർഷിക മേഖലയിൽ ഉല്പാദന രംഗത്തുണ്ടായ മാറ്റവും പാർപ്പിട രംഗത്ത് ആശാവഹമായ ഒരു പുരോഗതിയുണ്ടാക്കി. പാണപ്പുഴ വില്ലേജിലെ കിഴക്കൻ ഭാഗങ്ങളിലുണ്ടായ കുടിയേറ്റക്കാരുടെ വരവും വീടുകളുടെ എണ്ണത്തിലും സൗകര്യത്തിലും വർധനവുണ്ടാക്കി. ഈ ഘട്ടത്തിൽ പുൽകുടിലുകളുടെ എണ്ണം കുറയുകയും ഓടിട്ട വീടുകൾക്ക് പ്രചാരം വർധിക്കുകയും ചെയ്തു. 1980ഓടുകൂടി ഗൾഫ് പണത്തിന്റെ സ്വാധീനം കോൺക്രീറ്റ് വീടുകളുടെ നിർമ്മാണത്തിന് വഴിയൊരുക്കി.

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും ഓടിട്ടവയാണെങ്കിലും പുതുതായി കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്ന സ്ഥിയാണുള്ളത്. പുതിയ "കോൺക്രീറ്റ് സംസ്കാര"ത്തിന്റെ ഭാഗമായി ഉല്പാദന രംഗത്ത് വിനിയോഗിക്കേണ്ടിയിരുന്ന ഗൾഫ് പണത്തിന്റെ ഭൂരിഭാഗവും ബഹുനില കോൺക്രീറ്റ് സൗധങ്ങളുടെയും വന്മതിലുകളുടെയും നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന പ്രവണതകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. പി.ഡബ്ല്യു.ഡി. റോഡിനും പഞ്ചായത്ത് റോഡിനും സമീപത്തായിട്ടാണ് പുതിയ വീടുകൾ നിർമ്മിക്കുന്നത്. കടന്നപ്പള്ളി വില്ലേജിൽ വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണതകൾ തടയപ്പെടേണ്ടതാണ്. പഞ്ചായത്തിലെ ആകെ 3991 വീടുകളിൽ 43 കുടിലുകളും 245 ഓലമേഞ്ഞതും 3429 ഓടുമേഞ്ഞതും 274 കോൺക്രീറ്റ് കെട്ടിടങ്ങളുമാണ്. പഞ്ചായത്തിലെ നിലവിലുള്ള കോളനികളിലെ വീടുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും സ്ഥിതി തൃപ്തികരമല്ല. നിലവിലുള്ള കോളനികൾ വികസിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാവുകയും വേണം.

വീടുകളുടെ തരം തിരിച്ചുള്ള പട്ടിക വാർഡ് തലത്തിൽ

വാർഡ്	ആകെ	ഓട്	ഓല	കൂടിൽ	കോൺക്രീറ്റ്
1	500	403	61	15	21
2	537	411	94	3	29
3	382	358	11	3	10
4	379	349	8	5	17
5	482	397	18	-	67
6	324	282	10	-	32
7	343	318	6	3	16
8	222	185	13	2	22
9	454	405	16	8	25
10	368	321	8	4	35
ആകെ	3991	3429	245	43	274

പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന കടന്നപ്പള്ളി -പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്, മാടായി കോ -ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, പഴയങ്ങാടി അർബൻ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ചാണ് ഭൂരിഭാഗം പേരും ഭവന നിർമ്മാണം നടത്തുന്നത്. ഇത്തരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന അമിതമായ പലിശ നിരക്ക് സാധാരണ ജനങ്ങളിൽ ഈ രംഗത്തു പ്രയാസം സൃഷ്ടിക്കുന്നു. ചെങ്കല്ല്, കരിങ്കല്ല് എന്നിവ ഒഴികെയുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, അമിതമായ വിലക്കയറ്റം, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, ഉയർന്ന കൂലി നിരക്ക്, ഭവന നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ് എന്നിവ കെട്ടിട നിർമ്മാണത്തിന് പ്രയാസം സൃഷ്ടിക്കുന്നു.

ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി നിലവിലുണ്ടെങ്കിലും അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് പൂർണ്ണമായും ലഭിച്ചിട്ടില്ല. ഐ.ആർ.ഡി.പി. സർവ്വെ പ്രകാരമുള്ള പട്ടിക താഴെ കൊടുക്കുന്നു.

വാർഡ്	ആകെ എണ്ണം	എണ്ണം വിവിധ പദ്ധതികളിലായി അനുവദിച്ചത്	പൂർത്തീകരിച്ചത്	അനുവദിച്ചതിൽ പൂർത്തീകരിക്കാൻ ബാക്കി	അനുവദിക്കേണ്ടവീടുകൾ
1	15	-	-	-	15
2	35	16	16	-	19
3	30	9	9	-	21
4	35	2	2	-	33
5	25	2	1	1	24
6	20	-	-	-	20
7	35	15	15	-	20
8	20	1	1	-	19
9	25	1	1	-	24
10	30	5	5	-	25
ആകെ	270	51	50	1	220

നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ ഭവന നിർമ്മാണ വായ്പ സഹകരണ സംഘം സ്ഥാപിക്കുക.
2. പാടം നികത്തി കെട്ടിടം പണിയുന്ന പ്രവണത തടയണം.
3. വീടുണ്ടാക്കുന്നതിന് പഞ്ചായത്ത് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് സമ്പ്രദായത്തിൽ വീടുണ്ടാക്കുന്നതിന് സാധിക്കണം.
4. ബിൽഡിംഗ് പ്രവർത്തനത്തിന് ചെലവഴിക്കുന്ന പരമാവധി തുക ക്ലിപ്തപ്പെടുത്തണം.
5. നിലവിലുള്ള കോളനികളുടെ സൗകര്യം മെച്ചപ്പെടുത്തണം.
6. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് പ്രചരണം നൽകണം.
7. ബിൽഡിംഗ് മെറ്റീരിയൽ സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുക.

9. മതിലുകൾക്ക് പകരം ജൈവ വേലി നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ സർക്കാർ ഏജൻസികൾ മുഖാന്തരം ഒട്ടേറെ ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും ഇപ്പോൾ നൽകി വരുന്നുണ്ട്. പ്രധാനമായും ഐ.ആർ.ഡി.പി. സർവ്വെയാണ് ദുർബ്ബല ജനവിഭാഗങ്ങളെ കണ്ടെത്താൻ മാനദണ്ഡമായി സ്വീകരിച്ചുവരുന്നത്. മറ്റൊന്ന് തൊഴിലാളി-തൊഴിലുടമ സഹകരണത്തോടുകൂടിയുള്ള ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമുണ്ട്. ഐ.ആർ.ഡി.പി. സർവ്വെമുഖേനയുള്ള പദ്ധതികളാണ് ചെറിയതോതിൽ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. ക്ഷേമ പദ്ധതികളെകുറിച്ചുള്ള അറിവില്ലായ്മ സഹായങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നതിൽ തടസ്സം നിന്നിട്ടുണ്ട്. ഐ.ആർ.ഡി.പി. സർവ്വെയിൽ ഉൾപ്പെട്ട ആളുകൾക്ക് മാത്രമെ സഹായങ്ങൾ ലഭിക്കുന്നുള്ളു. എന്നാൽ കാലാകാലങ്ങളിൽ സർവ്വെ നടത്താത്തതിനാൽ അർഹതപ്പട്ടവർ പലരും പട്ടികക്ക് പുറത്താണ്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം പഞ്ചായത്തിൽ ആകെ 2078 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തി. വിവിധ കാലയളവിലായി 460 കുടുംബങ്ങൾക്ക് സബ്സിഡിയും വായ്പയും ലഭ്യമായിട്ടുണ്ടെങ്കിലും 1863 കുടുംബങ്ങൾ യാതൊരു ആനുകൂല്യവും ലഭിക്കാതെ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെയാണ് ഇതു സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബം	ഇതിൽ SC/ST	ഇതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം	ഇതിൽ SC/ST	സഹായം ലഭിച്ചത് വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബം	ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബം(സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	283	3	43	3	18	265
2	238	3	36	19	15	223
3	291	3	68	13	31	260
4	283	1	57	7	26	257
5	245	4	51	12	24	221
6	103	-	45	5	21	82
7	151	4	43	22	22	129
8	215	8	37	3	18	197
9	133	2	39	9	21	112
10	136	-	41	3	19	117
ആകെ	2078	28	460	96	215	1863

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ നിധിബോർഡുകളുടെ പ്രവർത്തനം കർഷക തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ എന്നീ മേഖലകളിലാണ് ഉള്ളത്. ഈ വിഭാഗങ്ങളിൽ തന്നെ മുഴുവൻ അർഹരായ തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല. ഇതും സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

വില്ലേജ്	കർഷക തൊഴിലാളി	നിർമ്മാണ തൊഴിലാളി
കടന്നപ്പള്ളി	901	160
പാണപ്പുഴ	756	104
ആകെ	1657	264

പട്ടിക ജാതി വികസന കോർപറേഷൻ, സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടിയുള്ള വനിതാവികസന കോർപ്പ റേഷൻ എന്നിവയുടെ സഹായങ്ങളൊന്നും പഞ്ചായത്തി ലെ ഈ വിഭാഗത്തിൽ പെട്ടവർക്ക് ലഭിച്ചിട്ടില്ല. ഇവയുടെ പ്രവർത്തന രീതിയെകുറിച്ചുള്ള അറിവില്ലായ്മ സഹാ യം ലഭിക്കുന്നതിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ച് സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ് മെൻറ് ഓഫീസിന് കീഴെയുള്ള കടന്നപ്പള്ളി വി.ഇ.ഒ. സർക്കിൾ വഴിയാണ്. പഞ്ചായത്തിൽ ഒരു വി.ഇ.ഒ. സർ ക്കിൾ മാത്രമേ ഉള്ളു. എന്നതുകൊണ്ട് വിവിധ പ്രദേശത്തുള്ള ഗുണഭോക്താക്കൾക്ക് നിരന്തരം ഓഫീ സുമായി ബന്ധപ്പെടുവാനോ പദ്ധതികൾ മനസ്സിലാക്കു വാനോ പ്രയാസം നേരിടുന്നു. വി.ഇ.ഒ. മുഖാന്തരം നൽ കിയ ഐ.ആർ.ഡി.പി. വായ്പകൾക്ക് താഴെ കൊടു ക്കുന്നു.

വർഷം	ആകെ കുടുംബം	ഇതിൽ പട്ടിക ജാതി കുടുംബം	ലോൺ പട്ടിക ജാതി	ലോൺ മറ്റു വിഭാഗം	സബ്സിഡി പട്ടികജാതി	സബ്സിഡി മറ്റു വിഭാഗം
1990-91	42	22	43300	122370	43300	81330
91-92	45	23	38900	155703	38900	89630
92-93	61	33	86823	229723	80526	154276
94-95	47	15	140956	485270	51348	163529
95-96	15	8	100990	242134	30010	58010

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി സ്ത്രീകൾ നേതൃത്വം നൽകുന്ന തൊഴിൽ സം രംഭമാണ് DWCRA പഞ്ചായത്തിൽ 4 DWCRA യൂനിറ്റു കളിലായി 32 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാലു വാർഡുകളിൽ മാത്രമായി ഈ പദ്ധതിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. ഓരോ വാർഡിലും അനുയോജ്യ രായ തൊഴിൽ സംരംഭകരെ കണ്ടെത്തി DWCRA യുടെ യൂണിറ്റുകൾ ഉണ്ടാക്കാൻ സാധിക്കണം. ഇതിൻെറ മേൽ നോട്ടത്തിനായി സന്നദ്ധ സംഘടന പ്രവർത്തകരടങ്ങുന്ന കമ്മറ്റി രൂപീകരിക്കേണ്ടതാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴി ക്കാനുള്ള സംവിധാനവും ഉണ്ടാക്കാൻ കഴിയണം. ഇതു സംബന്ധിച്ച് രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ പട്ടി കയും DWCRA സഹായ ലഭ്യത കണക്കുംതാഴെ കൊടു ക്കുന്നു.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരം ഭവും സഹായങ്ങളും

വാർഡ്	തൊഴിൽ സംരംഭങ്ങളുടെ പേര്	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	വായ്പ	സബ്സിഡി
1	ദീപ്തി കരിങ്കൽ തൊഴിലാളി യൂനിറ്റ് -കണാരംവയൽ	1990-91	10	40,000	20,000
2	റെഡിമെയ്ഡ് തയ്യൽ കേന്ദ്രം ആലക്കാട്	1992-93	4	60,000	30,000
3	ഐശ്വര്യ കരിങ്കൽ തൊഴിലാളി യൂനിറ്റ് പറവൂർ	1994-95	8	40,000	20,000
5	പ്രിയദർശിനി ഡയറി യൂനിറ്റ് കണ്ടോന്താർ	1991-92	10	70,000	30,000

ട്രൈസം

18 മുതൽ 35വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഈ പദ്ധതി പ്രകാരം കടന്നപ്പള്ളി VEO സർക്കിളിൽ ആകെ 28 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് ഇതുവഴി പരിശീലനം ലഭിച്ചവരിൽ 26 പേരും സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ചുരുക്കം ചിലർക്ക് മാത്രമെ പരിശീലനം നൽകാൻ കഴിയുന്നുള്ളു. കൂടുതൽ പേർക്ക് പരിശീലനം നൽകുകയും ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കുവാൻ സാധിക്കുകയും വേണം. ഈ കാര്യത്തിന് സന്നദ്ധസംഘടനയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

വാർഡ്	പരിശീലനം വിഷയത്തിന്റെ പേര	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പിട്ടിരിക്കുന്നവർ
1	കരിങ്കൽ തൊഴിലാളി കേന്ദ്രം	10	10	-
2	തയ്യൽ	9	8	1
5	അച്ചടി കേന്ദ്രം, ടി.വി., റേഡിയോ റിപ്പേർ കേന്ദ്രം	3	3	-
7	അച്ചടികേന്ദ്രം, ടി.വി. റേഡിയോ റിപ്പേർ കേന്ദ്രം	3	2	1
8	അച്ചടികേന്ദ്രം	2	2	-
9	അച്ചടികേന്ദ്രം	1	1	-

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ നൽകി വരുന്ന പദ്ധതി പ്രകാരം 62 എണ്ണത്തിൽ 1,01,310 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ഈ പദ്ധതി പ്രകാരം ആവശ്യക്കാർക്ക് തൊഴിലുപകരണങ്ങൾ കിട്ടുന്നില്ല എന്ന പരാതി നില നിൽക്കുന്നുണ്ട്. ഈ പദ്ധതിയെ കുറിച്ച് ഗുണഭോക്താക്കൾ അജ്ഞരാണ്.

ഗ്രാമീണ കൈതൊഴിലുകൾക്ക ഉപകരണം വിതരണം ചെയ്തതിന്റെ എണ്ണവും സംഖ്യയും

വർഷം	എണ്ണം	സംഖ്യ
1993-94	47	64570
1994-95	11	18810
1995-96	4	17930

ഗ്രാമീണ കൈ തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച പട്ടിക ഐ.ആർ.ഡി.പി.

വാർഡ്	IRDP പ്രകാരം കൈതൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	സഹായം കിട്ടാൻ ബാക്കിയുള്ളവർ
1	8	1	7
2	6	-	6
3	6	4	2
4	12	7	5
5	20	15	5
6	15	10	6
7	12	8	4
8	15	10	5
9	8	5	3
10	5	3	2
ആകെ	107	63	44

സി.ആർ.എസ്.പി.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. 1992 മുതൽ 1995-96 കാലയളവിൽ പഞ്ചായത്തിൽ 1,06,000 രൂപ ധനസഹായം അനുവദിച്ച് 53 കക്കൂസുകളാണ് നിർമ്മിച്ചത്. എല്ലാ വർഷവും വളരെ ചുരുക്കം പേർക്കു മാത്രമെ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസ് ലഭ്യമാക്കു

കയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

പട്ടിക താഴെ കൊടുക്കുന്നു

സി.ആർ.എസ്.പി. പ്രകാരമുള്ള കക്കൂസുകളുടെ വിവരം.

ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് പ്രധാനമായും ലഭിക്കുന്ന സഹായങ്ങൾ റവന്യൂ വകുപ്പുവഴി നൽകുന്ന പെൻഷനു

വാർഡ്	കക്കൂസില്ലാത്ത വീടുകൾ	വിവിധ പദ്ധതികളിൽ അനുവദിച്ചത്	പൂർത്തികരിച്ചവയുടെ എണ്ണം	പൂർത്തികരിക്കാൻ ബാക്കിയുള്ളവ
1	250	1	1	249
2	222	5	5	217
3	278	9	9	269
4	296	2	2	294
5	177	6	6	171
6	77	4	4	73
7	127	10	9	118
8	188	6	6	182
9	105	8	8	97
10	107	2	2	105
ആകെ	1827	53	52	1775

കളും നിർദ്ദനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ്. വിവിധ പെൻഷൻ പദ്ധതികളിലായി 1425 ആൾക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ അർഹരായ ആളുകൾക്ക് കിട്ടാത്തതും അനർഹരായ ചിലർ ആനുകൂല്യം കൈപ്പറ്റുന്നുണ്ട് എന്നതും ഇതിന്റെ പോരായ്മയാണ്. ജനക്ഷേമകരമായ ഇത്തരം പെൻഷൻ പദ്ധതികൾ അർഹരായ മുഴുവൻ ആളുകൾക്കും കൃത്യസമയത്ത് ലഭിക്കുന്നില്ല എന്ന പോരായ്മ നിലനിൽക്കുകയാണ്. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിച്ച് ഇതിന്റെ ചുമതലയും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് എത്രയും പെട്ടെന്ന് നൽകേണ്ടതുമാണ്. ഇത്തരം പെൻഷൻ പദ്ധതികളുടെ അപേക്ഷാഫോറം പഞ്ചായത്തുകളിൽ സ്വീകരിക്കാത്ത സ്ഥിതിമാറ്റിയെടുക്കേണ്ടതാണ്. അഗതി, വിധവ, വികലാംഗ, വാർധക്യ, അവശ കലാ-സാഹിത്യകാര, കർഷകതൊഴിലാളി, തൊഴിലില്ലായ്മാ വേതനം എന്നീ പെൻഷനുകളാണ് പഞ്ചായത്തിൽ നൽകിവരുന്നത്. വികാലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒട്ടേറെ പ്രയാസങ്ങളുണ്ട്. ജില്ലാ ആശുപത്രിയിൽ വികലാംഗർക്ക് എത്തിപ്പെടാനുള്ള വിഷമമുണ്ട്. ദൂരയാത്ര ഒഴിവാക്കുന്നതിനു വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ വികലാഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കണം. ഐ.ആർ.ഡി.പി. പ്രകാരം 90-91 വർഷം മുതൽ 95--96 വർഷം വരെ വികലാംഗരായ 5 പേർക്ക് ആകെ 50,000 രൂപ ഈ വകയിൽ സഹായ ധനം നൽകിയിട്ടുണ്ട്. കർഷകതൊഴിലാളി പെൻഷൻ അർഹരായവരെ കണ്ടെത്തുന്നതിന് വാർഡ് തലത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. അതുപോലെ പ്രായപൂർത്തിയായ ആൺമക്കളുള്ളത് കൊണ്ട് വിധവാ പെൻഷൻ ലഭിക്കാത്ത സ്ഥിതിയുണ്ട്. ഇതിന് മാറ്റം വരുത്തി വ്യക്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാനുള്ള നടപടി ഉണ്ടാക്കണം.

തൊഴിലില്ലായ്മ വേതനം

രണ്ട് വില്ലേജുകളിലായി 470 ആളുകൾ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്. അനർഹരായ ചുരുക്കം പേരെങ്കിലും തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന സ്ഥിതിയാണുള്ളത്. ഇതു സംബന്ധിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

വില്ലേജ്	അഗതി പെൻഷൻ	വിധവ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ	അവശ കലാകാര പെൻഷൻ	ക്ഷയരോഗ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
കടന്നപ്പള്ളി	-	59	41	18	2	-	272	253
പാണപ്പുഴ	43	65	46	12	-	-	397	217
ആകെ	43	124	87	30	2	-	669	470

അംഗൻവാടി

നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 17 അംഗൻവാടികൾ പ്രവർത്തിക്കുന്നു. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമോ കുട്ടികൾക്ക് കളിക്കാനാവശ്യമായ

കളിപ്പാട്ടങ്ങളോ, ഫർണിച്ചറുകളോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ ഇല്ലാത്തത് അംഗൻവാടിയുടെ സുഖകരമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. ഇതിൽ 2 അംഗൻവാടിക്ക് മാത്രമെ സ്വന്തമായി സ്ഥലം ഉള്ളൂ. പുത്തൻ വിദ്യാഭ്യാസത്തിന്റെ കടന്നുകയറ്റം നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. 106-ാം നമ്പർ അംഗൻവാടി ഇതിനൊരുദാഹരണം മാത്രമാണ്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയെന്ന ഐ.സി.ഡി.എസ്.ന്റെ ലക്ഷ്യം നമ്മുടെ പഞ്ചായത്തിലും പ്രാവർത്തികമാക്കാൻകഴിഞ്ഞില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അംഗൻ വാടിയിലെ ജീവനക്കാരുടെ സ്ഥിതിയും പരിതാപകരമാണ്. പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥ പരിഹരിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ബക്കളം, ഏഴും വയൽ, കാരക്കുണ്ട്, വെള്ളരിയാനം, ഭൂതാനം കോളനി, 8ാം വാർഡിലെ ആലിമുക്ക് പരിസരം എന്നിവിടങ്ങളിൽ പുതുതായി അംഗൻവാടി വരേണ്ടതുണ്ട്.

വാർഡ്	അംഗൻ വാടി നമ്പർ	എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	പരിധിയിൽ വരുന്ന കുട്ടികൾ 2-5 വരെ	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1	98,99	2	ഇല്ല	2	-	2	130	-
2	100,101	2	-	2	-	2	135	-
3	102,103	2	-	2	1	11	91	1
4	104,105	2	-	2	-	2	96	-
5	106,107	2	-	2	-	2	-	102
6	108,109	2	-	2	-	1	96	
7	111	1	3	1	-	2	-	-
8	-	-	-	-	-	-	-	
9	112,113,269	3	-	3	1	2	108	11
10	268	1	-	1	-	1	53	-


പൊതു വിതരണം

പഞ്ചായത്തിലാകെ 9 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ആകെ 3201 കാർഡുകളാണുള്ളത്. റേഷൻഷാപ്പുകളുടെ പ്രവർത്തനം പൊതുവെ മെച്ചപ്പെട്ടതാണ്. എല്ലാ അവശ്യസാധനങ്ങളും റേഷൻ വഴി വിതരണം ചെയ്യാനുള്ള സംവിധാനവുമുണ്ടാക്കാൻ കഴിയണം. 5-ാം വാർഡിലെ കണ്ടോന്താറിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. എന്നാൽ പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഇത് ഉപയോഗപ്രദമാണെന്ന് പറയാൻ കഴിയില്ല. പാണപ്പുഴ വില്ലേജിൽ ഒരു മാവേലിസ്റ്റോർ ആവശ്യമുണ്ട്.

നിർദ്ദേശങ്ങൾ

1. ഐ.ആർ.ഡി.പി. സർവ്വെ ഓരോ വർഷവും പുനർനിർണയം ചെയ്യണം.
2. ക്ഷേമ പദ്ധതികളെകുറിച്ച് ജനകീയ ബോധവൽക്കരണം നടത്തണം.
3. പെൻഷൻ അർഹത നിർണയിക്കുന്നത് കുടുംബ വരുമാനത്തിൽ നിന്ന് വ്യക്തി വരുമാനമാക്കണം. വരുമാന പരിധി വർധിപ്പിക്കണം.
4. സി.ആർ.എസ്.പി. സ്കീം നൽകപ്പെടുന്ന കക്കുസുകളുടെ സഹായധനം അർഹതപ്പെട്ട മുഴുവനാളുകൾക്കും നൽകണം.
5. ഓരോ വാർഡിനകത്തും D.W.C.R.A യൂനിറ്റുകളാരംഭിക്കുവാൻ സാധിക്കണം.
6. ട്രൈസം പദ്ധതി പ്രകാരംകൂടുതൽ പേർക്ക് സ്വയം തൊഴിൽപരിശീലനം നൽകണം.
7. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിന് വാർഡ് തലത്തിൽ ജനകീയ കമ്മറ്റി രൂപീകരിക്കണം.
8. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ രൂപീകരിക്കണം.
9. അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കണം.
10. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക.
11. പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കണം.
12. പാണപ്പുഴ വില്ലേജിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

ഗതാഗതം ഊർജ്ജം മാർക്കറ്റ്



വികസനമെന്ന വാക്കു കേൾക്കുമ്പോൾ തന്നെ മനുഷ്യമനസ്സിലേക്ക് ആദ്യം കടന്നുവരുന്നത് റോഡുകളും പാലങ്ങളുമാണ്. ആധുനിക മനുഷ്യസമൂഹത്തിന്റെ പുരോഗതിക്ക് ഏറെ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഘടകങ്ങളിൽ ഒന്ന് ഗതാഗത സൗകര്യം തന്നെയാണ്. മുമ്പുകാലത്ത് വന നിബിഢമായിരുന്ന ഈ പ്രദേശങ്ങളിൽ ഗ്രമീണർ ഊടുവഴികളെയാണ് ആശ്രയിച്ചത്. ജന സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ പറമ്പുകൾ ഉറപ്പിക്കുന്നതിന് നിർമ്മിക്കപ്പെട്ട കയ്യാലകളുടെ ഇടവഴികളും സഞ്ചാരത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു. 1940 ന് മുമ്പ് പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് തടയിടാനും, വേങ്ങയിൽ നായനാരുടെ ചിറ്റാരികളിലെത്തിച്ചേരാനുമായി ബ്രിട്ടീഷുകാർ നിർമ്മിച്ച ചുടലകച്ചേരക്കടവ് റോഡാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ റോഡ്. അക്കാലത്തെ പ്രധാന വാഹനം കാളവണ്ടികളായിരുന്നു. ഇവയ്ക്ക് സഞ്ചരിക്കാനായി പൊന്നുരുക്കി മുതൽ പരിയാരം, കടന്നപ്പള്ളി, പാണപ്പുഴ, ചപ്പാരപ്പടവ് പഞ്ചായത്തിലൂടെ നിർമ്മിച്ച ഒരു റോഡും ബ്രിട്ടീഷുകാരുടെ സംഭാവനയാണ്. പഞ്ചായത്തിന്റെ തെക്കേ അതിരായ നാഷനൽ ഹൈവേയുടെ ആദ്യരൂപവും ബ്രിട്ടീഷുകാരുടേതു തന്നെ. അക്കാലത്ത് തന്നെയാണ് ഇവിടുത്തുകാർക്ക് പഴയങ്ങാടിയും മാതമംഗലവുമായി ബന്ധപ്പെടാൻ ഉപയുക്തമായ ചെറുതാഴം-കുറ്റൂർ റോഡിന്റെ നിർമ്മാണവും നടന്നത്. മീങ്കുഴി പ്രദേശത്തു നിന്ന് പെരുമ്പയിലേക്ക് ബോട്ട് സർവ്വീസ് അക്കാലത്ത് നിലവിലുണ്ടായിരുന്നു. വർഷകാലത്ത് വണ്ണാത്തിക്കടവിലെ കടത്തു വഞ്ചി മാതമംഗലവുമായി ബന്ധപ്പെടാനുള്ള യാത്രാ മാർഗ്ഗമായിരുന്നു. ജനസാന്ദ്രതകൂടിയതും കൂടുതൽ പറമ്പുകൾ ഉറപ്പിക്കപ്പെട്ടതിനാലും ജനങ്ങളെ നിലവിലുള്ള പരിമിതമായ സൗകര്യങ്ങളിൽ നിന്ന്, അല്പംകൂടി സൗകര്യം വേണമെന്ന ചിന്തയിലേക്ക് നയിക്കുകയും, ഇടവഴികളും, നീർച്ചാലുകളും മെച്ചപ്പെട്ട പൊതു വഴികളാക്കാൻ മനുഷ്യന്റെ കൂട്ടായ പ്രയത്നംനടക്കുകയുണ്ടായി. 1954 ൽ കടന്നപ്പള്ളി, പാണപ്പുഴ എന്നീ പഞ്ചായത്തുകൾ രൂപികരിക്കപ്പെട്ടുവെങ്കിലും ഗാതഗതസൗകര്യം വികസിപ്പിക്കാൻ ഫണ്ടിന്റെ അപര്യാപ്തത ഒരു തടസ്സമായി തന്നെ നിന്നു.എങ്കിലും ബഹുജന പങ്കാളിത്തത്തോടെ ഓട്ടേറെ റോഡുകൾ നിർമ്മിക്കാൻ ഇക്കാലത്ത് കഴിഞ്ഞിട്ടുണ്ട്. തെക്കേക്കര-കോരച്ചാൽ-വലിയപാലം റോഡ്, നരീക്കാം വള്ളി-പടിഞ്ഞാറെക്കര യുപി. സ്കൂൾ റോഡ്, ചന്ദപ്പുറ-കിഴക്കേക്കരസ്കൂൾ റോഡ് എന്നിവ ഇങ്ങനെ നിർമ്മിക്കപ്പെട്ടവയാണ്. ഇക്കാലത്ത് തന്നെ പാണപ്പുഴയുടെ ഹൃദയഭാഗത്തുകൂടി ഒരു റോഡുണ്ടാക്കാനുള്ള ശ്രമം നടന്നെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ല. 1963 ൽ സംയുക്ത പഞ്ചായത്ത് രൂപികരിച്ചതിനുശേഷം പഞ്ചായത്ത് മുൻകൈയ്യെടുത്തുകൊണ്ട് ബഹുജന പങ്കാളിത്തത്തോടെ നിരവധി റോഡുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. പൂർണ്ണ ഗതാഗതയോഗ്യമല്ലെങ്കിലും പഞ്ചായത്തിന്റെ ഏത് പ്രദേശത്തും എത്തിച്ചേരനാവശ്യമായ റോഡ് സൗകര്യം ഇന്ന് നിലവിലുണ്ട്. ആയവ വിപുലീകരിക്കുകയും, ടാർചെയ്ത് കൂടുതൽ ഗതാഗതയോഗ്യമാക്കുകയും ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് അവശേഷിക്കുന്നത്. 1980 ൽ പാണപ്പുഴ കണാരം വയൽ റോഡ് ഏറ്റെടുക്കുകയും വികസിപ്പിച്ച് ടാറിംഗ് പൂർത്തീകരിച്ച് വാഹന ഗാതാഗതം നടത്തിവരികയും ചെയ്യുന്നുണ്ട്. എങ്കിലും ഏര്യം-കച്ചേരിക്കടവ് പുഴക്ക് പാലങ്ങൾ നിർമ്മിച്ചിട്ടില്ല എന്നുള്ളത് ഗതാഗതത്തിൽ വലിയ പ്രതിസന്ധിയായി നിലനിൽക്കുന്നു.

53.75 കി.മീ. വിസ്തീർണ്ണമുള്ള കടന്നപ്പള്ളി-പാണപ്പുഴ

പഞ്ചായത്തിലെ ജനസംഖ്യ 23514 ആണ്. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന 3 $^{1}/_{2}$ കി.മീ. നാഷണൽ ഹൈവേ ഉൾപ്പെടെ 103.493 കി.മീ. റോഡാണ് നമുക്കുള്ളത്.

നിലവിലുള്ള റോഡുകൾ

പഞ്ചായത്തിൽ ആകെയുള്ള മൊത്തം റോഡുകളുടെ നീളം 103.493 കി.മീ. ആണ്. 3 $^{1}/_{2}$ കി.മീ നീളം വരുന്ന നാഷണൽ ഹൈവേയുടെ ഭാഗമായ ഒരു റോഡും 20.800 കി.മീ. നീളം വരുന്ന 3 പി.ഡബ്ല്യു.ഡി. റോഡുകളും ഉൾപ്പെടെയുള്ള റോഡുകളുടെ സ്ഥിതിവിവര പട്ടിക താഴെ കൊടുക്കുന്നു.

നമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർചെയ്ത നീളം കി.മീ	ടാർചെയ്യാത്ത നീളം കി.മീ.	ആകെ നീളം കി.മീ.
1	പഞ്ചായത്ത്	46	8.100	71.093	79.193
2.	പി.ഡബ്ല്യു.ഡി	3	20.800	-	20.800
3.	ദേശീയ പാത	1	3.500	-	3.500
	ആകെ	50	32.400	71.093	103.493

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ പി.ഡബ്ല്യു.ഡി. യുടെ ഉടമസ്തയിലുള്ള നരീക്കാംവള്ളി പുനിയൻകോട് 4 കി.മീറ്ററും, കച്ചേരിക്കടവ്-എടക്കോം റോഡ് 12.800 കി.മീറ്ററും, ചുടല അമ്മാനപ്പാറ-കച്ചേരിക്കടവ് 4 കി.മീ.ഉം, ചന്തപ്പുര-സാനറ്റോറിയം 6. 500 കി.മീ. ഉം, ചന്തപ്പുര-വിളയാങ്കോട് റോഡ് 1.350 കി.മീ.ഉം, മാത്തുവയൽ പാലം-പാണപ്പുഴ പി.ഡബ്ല്യു.ഡി. റോഡ് 250 മീറ്ററുമാണ്.

പഞ്ചായത്തിൽ വണ്ണാത്തിക്കടവ്, കൊക്കൊട്ടുവയൽ, മാത്തുവയൽ,പൊയ്യക്കുണ്ട് എന്നീപാലങ്ങളും. ചിറക്കാൽ നടപ്പാലവും, നിരവധി കൾവർട്ടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ വണ്ണാത്തിക്കടവു പാലവും കൊക്കൊട്ടുവയൽ പാലവും പി.ഡബ്ല്യു.ഡി. നിർമ്മിച്ചതാണ്.

പട്ടിക 2

പഞ്ചായത്തിൽ നിലവിലുള്ള റോഡ് പട്ടിക

ന:	റോഡിന്റെ പേര്- വാർഡ്	നീളം	വീതി	തരം
1	ചന്തപ്പുര-കച്ചേരിക്കടവ്	3.800	5മീ	
2	ചെറുവിച്ചേരി-കണ്ടോന്താർ	1.200	5മീ	
3	ഭൂദാനംകോളനി-ചിറക്കാൽ പാണപ്പുഴ	1.250	3മീ.	
4	ചന്തപ്പുര-പൊള്ളാളം	2.100	8മീ.	
5.	പൊള്ളാളം-ചെറുവിച്ചേരി	1.850	7മീ.	
6	കൈതപ്രം വായനാശാല-കരുവാങ്കുണ്ട്-ചെറുവിച്ചേരി	980	4	
7	ചന്തപ്പുര-കിരിങ്കൽക്വാറ	950	3 $^{1}/_{2}$	പക്ക
8	ചന്തപ്പുര-വിളയാങ്കോട്	3	8	പക്ക
9	ചന്തപ്പുര-വിളയാങ്കോട്	1.350	8	താർ
10	ചന്തപ്പുര-സാനറ്റോറിയം	6.500	8	താർ
11	കുറ്റ്യാട്ടുംതാഴെ-ആലിമുക്ക്	1.100	6മീ.	
12.	കുറ്റ്യാട്ടുംതാഴെ-അലക്യം പാലം	3.100	5 മീ.	
13.	കുറ്റ്യാട്ടുംതാഴെ-അലക്യം പാലം	3.100	5	
13	കറ്റ്യാട്ടറ-ആലക്യം പാലം	2	6	
14	കോട്ടത്തും ചാൽ-തുമ്പോട്ട	1.200	4	
15	വെടിക്കോട്ട-തങ്കേക്കല്ല്	563	4	
16	പുത്തൂർകുന്നു-ഹരിജൻകോളനി	800	4	
17	കടന്നപ്പള്ളി ബസ്റ്റോപ്പ്-വിളയാങ്കോട്	4കി.മീ.	7	പക്ക
18	നരീക്കാംവള്ളി-കടന്നപ്പള്ളികുഴൽകിണർ	600	6	
19	കുഴൽകിണർ-പടിക്കപ്പാറ	800	4 $^{1}/_{2}$	
20	കടന്നപ്പള്ളി-കക്കരക്കടവ്	850	3 $^{1}/_{2}$	
21	വണ്ണാത്തികടവ്-ചെറുവിച്ചേരി വയൽ	700	3 $^{1}/_{2}$	
22	വണ്ണാത്തികടവ്പാലം-കോണത്തുമുല	460	3 $^{1}/_{2}$	
23	കണ്ടോന്താർ-ചെങ്ങളം-മണിയറ	1.200	7	
24	കൈതപ്രം-തൃക്കുറ്റ്യേരി-മണിയറ	1.300	5	

25	കൈതപ്രം-കാലിക്കടവ് കമ്പിപാലം	650	7
26	വിളയാങ്കോട്-ആനപടിൻചാൽ	500	5
27	കരിങ്കച്ചാൽ-ഭൂദാനംകോളനി	1.250	6
28	പാണപ്പുഴ-കോയിപ്ര	6	8
29	പാണപ്പുഴചാൽ-ഏണ്ടി	600	3
30	പാണപ്പുഴചാൽ-ചരൽപള്ള	400	5
31	പാണപ്പുഴ-എൽ.പി.എസ് റോഡ്	105	4 1/2
32	പാണപ്പുഴചാൽ-പുതിയപോസ്റ്റാഫീസ്	1.350	4
33	കോയിപ്ര-പറവൂർ	2.900	6
34	പൊയ്യക്കുണ്ട്-കാരക്കുണ്ട്	1.300	6
35	കാരക്കുണ്ട്-അവുങ്ങുപോയിൽ	3.600	
36	കാരയാട്-പാലുവള്ളി	3	4
37	ആലക്കാട്-മുണ്ടോംപോയിൽ	570 മീ.	3
38	ആലക്കാട് ആശുപത്രി-ഏഴുംവയൽ ഹരിജൻകോളനി	1.815	6
39	ഏര്യം-ഉന്നമുരിക്ക്	1.700	6
40	കണ്ണങ്കൈ-മഠംതട്ട്	2.25൦	8
41	ഏര്യം-മാവുള്ളപൊയിൽ	1.100	6
42	ഏര്യം-തെന്നം	1.350	8 പക്ക
43	ഒടയര-ഏഴുംവയൽ	1	6
44	ആലക്കാട്-ചൊവ്വേരിക്കുന്ന്	1	6
45	കാരയാട്-പൊന്നച്ചേരി	1.400	6
46	കൊളങ്ങോട്-തിരുകുളം	3.700	

റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതു സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

പട്ടിക.3

വാ: നമ്പർ	ക്രമ നമ്പർ	റോഡിന്റെ പേര്
1	1	കണ്ണങ്കൈ-മടന്തട്ട്റോഡ്
	2	ഏര്യം-തെന്നം റോഡ്
2	1	പെന്നുരുക്കിപ്പാലം-എടക്കോം മടന്തട്ട്
3	1	കോയിപ്ര റോഡ്
	2	കാരക്കുണ്ട് റോഡ്.
4	1	പാണപ്പുഴ ചാൽ-വെള്ളരിയാനം
5	1	ചെങ്ങളം-മണിയററോഡ്
6	1	ചന്തപ്പുര-കച്ചേരിക്കടവ്റോഡ്
7	1	ചന്തപ്പുര-ജുമുഅത്ത് പള്ളി ആലിമുക്ക്
8	1	ചന്തപ്പുര-വിളയാങ്കോട് റോഡ്
9	1	കടന്നപ്പള്ളി ബസ്റ്റോപ്പ്-വിളയാങ്കോട്
	2	കറ്റ്യാട്ടുംതാഴെ-പുത്തൂർകുന്ന് റോഡ്
10	1	കടന്നപ്പള്ളി ബസ്സ്റ്റോപ്പ്-വിളയങ്കോട്

പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ പൊതു സ്ഥിതി ശോചനീയമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണിനടത്താതിരിക്കുകയും. ഓവുചാലുകൾ ഇല്ലാതാവുകയും ചെയ്യുന്നത് റോഡിന്റെ നിലനില്പിനെ ദോഷകരമായി ബാധിക്കുന്നു. കുന്നുപ്രദേശങ്ങളിൽ മഴക്കാലത്ത് ശക്തിയായി വെള്ളം കുത്തിയൊലിച്ച് പോകുന്നതിനാൽ,റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമല്ലാതാവുന്ന സ്തിഥിയാണുള്ളത്. പലറോഡുകൾക്കും ആവശ്യമായ വീതി ഇല്ലാത്തത് ഗതാഗതസൗകര്യത്തെ സാരമായി ബാധിക്കുന്നു. റോഡുകളുടെ സംരക്ഷണത്തിന് പര്യാപ്തമായ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്നില്ല എന്നുമാത്രമല്ല, ചിലവഴിക്കുന്നതിന്റെ സിംഹഭാഗവും ചിലവഴിക്കപ്പെടാതെ മധ്യവർത്തികളിലേക്കാണ് പോകുന്നത് എന്നതും റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥക്ക് കാരണമാണ്.

നിർദ്ദേശങ്ങളും സാധ്യതകളും

1. പാണപ്പുഴ-കണാരംവയൽ റോഡിന് സമാന്തരമായി പോകുന്നപുഴക്ക് കുറുകെ കാൽനടയാത്രക്കാരുടെ സൗകര്യത്തിന് നടപ്പാലങ്ങൾ പണിത് നിലവിലുള്ള പ്രയാസം പരിഹരിക്കണം.

2. പാണപ്പുഴ ചാലിൽ നിന്ന് ചെറുവിച്ചേരി, ചന്തപ്പുര വഴി വിളയാങ്കോട് നാഷനൽ ഹൈവേയുമായി ബന്ധപ്പെടുന്ന റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്ത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ, മലയോരമേഖയലിലേ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ദേശീയപാതയുമായി ബന്ധപ്പെടാനും, പഞ്ചായത്തിന്റെ ആസ്ഥാനമായ ചന്തപ്പുരയിലെത്തിച്ചേരാനും വളരെ സൗകര്യമായിരിക്കും. ഈ റോഡിന്റെ നിർമ്മാണത്തിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്.

3. വയലിൽ കുടി നിർമ്മിക്കുന്ന നടപ്പാതകളും, ചെറുതോടുകൾക്ക് കുറുകെ നിർമ്മിക്കുന്ന ക്രോസ്ബാറുകളും അല്പം കൂടി വിപുലപ്പെടുത്തിയാൽ പലപ്രദേശങ്ങളെയും പരസ്പരം ബന്ധപ്പെടുത്താനും അത്യാവശ്യമായ യാത്രാ സൗകര്യം ഉറപ്പുവരുത്താനും കഴിയും.

4. റോഡിന്റെ സുരക്ഷയെ അപകടപ്പെടുത്തുന്ന വിധത്തിൽ ഓവുചാലുകൾ വ്യക്തികളുടെ താൽപര്യങ്ങൾക്കായി ഇല്ലാതാക്കുന്നത് തടയാൻ അധികൃതരുടെ ഭാഗത്തുനിന്നും ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടാവുകയും, റോഡുകൾക്ക് കുറുകെ പന്തലിച്ചുനിൽക്കുന്ന വൃക്ഷശാഖകൾ യഥാവസരം വെട്ടിമാറ്റാനും സാധിച്ചാൽ റോഡുകളുടെ സുരക്ഷ ഒരു പരിധിവരെ ഉറപ്പുവരുത്തുവാൻ കഴിയുന്നതുമാണ്.

5. റോഡുകളുടെ വികസനത്തിനും, നിർമ്മാണത്തിനും വിനിയോഗിക്കുന്ന ഫണ്ടുകൾ യഥാവിധി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താനും, പ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ കായികാധ്വാനം കൂടി പ്രയോജനപ്പെടുത്തി, കരാറുകാരെ ഒഴിവാക്കിക്കൊണ്ട് ജനകീയ കമ്മറ്റികൾ മുഖാന്തിരം പ്രവർത്തികൾ ഏറ്റെടുക്കുന്നത് ഗുണകരമായിരിക്കും.

ഊർജ്ജം

രാജ്യത്തിന്റെ വികസനത്തിനും, പുരോഗതിക്കും പ്രധാനപ്പെട്ട ഘടകമാണ് ഊർജ്ജം. ആധുനിക സമൂഹത്തിൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും ഊർജ്ജം ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ പുതിയ ഊർജ്ജസ്രോതസ്സുകൾ അടിയന്തരമായും കണ്ടെത്തേണ്ടിയിരിക്കുന്നു. രൂക്ഷമായ ഊർജ്ജക്ഷാമം അഭിമുഖീകരിക്കുന്ന സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ച് കേരളത്തിലെ വടക്കൻ ജില്ലകളിലെ സ്ഥിതി ശോചനീയമാണ്. ഊർജ്ജഉപായോഗത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന താണ് വൈദ്യുതോർജ്ജം. വ്യാവസായിക-കാർഷിക-ഗാർഹിക മേഖലകളിൽ സാർവ്വത്രികമായ വൈദ്യുതോർജ്ജമാണ് ഉപയോഗിക്കുന്നത്.

കടന്നപ്പള്ളി-പാണപ്പുഴ പാഞ്ചായത്തിൽ 5 പതിറ്റാണ്ടിന് മുമ്പുതന്നെ വൈദ്യുതി എത്തിയിരുന്നുവെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും ഇന്നും വൈദ്യുതി ലഭ്യമാകാത്ത അവസ്ഥയാണുള്ളത്. പഞ്ചായത്തിന്റെ 3-ാം വാർഡിൽ ഇന്നും വൈദ്യുതി അന്യമാണ്. പഞ്ചായത്തിൽ ആകെയുള്ള 4000 ഓളം വീടുകളിൽ കേവലം 1083 വീടുകളിൽ മാത്രമാണ് വൈദ്യുതി ലഭ്യമായിട്ടുള്ളത്. 53.75 ച: കി.മീ. വിസ്തീർണ്ണവും 23514 ജനസംഖ്യയുമുള്ള പഞ്ചായത്തിലെ വൈദ്യുതി വിതരണം ത്വരിതപ്പെടുത്തണം. വൈദ്യുതി ബോർഡ് പ്രവർത്തനം 4 സെക്ഷൻ അപ്പീസുകളിലായാണ് പ്രവർത്തിക്കുന്നത് പഴയങ്ങാടി, മാതമംഗലം, കരിമ്പം, തളിപ്പറമ്പ് എന്നിവയാണിവ. മാങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കാങ്കോൽ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ ഭൂരിപക്ഷം പ്രദേശത്തും വൈദ്യുതി എത്താത്തതും, വോൾട്ടേജ് ക്ഷാമവും ഉൾപ്പെടെ നിരവധി പ്രയാസങ്ങൾ ഇന്ന് നിലനിൽക്കുന്നു.

വൈദ്യുതിക്ക് പുറമെ നാമമാത്രമായ സ്ഥലങ്ങളിൽ സൗരോർജ്ജസ്രോതസ്സ് ഉപയോഗിച്ചു വരുന്നുണ്ട്. സാധാരണക്കാർക്ക് താങ്ങാനാവാത്തതാണ് അതിനാവശ്യമായിവരുന്ന മുടക്കുമുതൽ എന്നതുകൊണ്ടുതന്നെ കൂടുതൽ ജനങ്ങൾക്ക് ഈ സ്രോതസ്സ് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ന്യായമായ സബ്സിഡി നൽകുകയും അനെർട്ടിന്റെ പ്രവർത്തന മേഖലയെ നമ്മുടെ പഞ്ചായത്തിലേക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്താൽ കറേയേറെ

ആളുകൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പാചകാവശ്യത്തിന് പഴഞ്ചൻ ശൈലിയിലുള്ള വിറക് അടുപ്പുകളാണ് ബഹുഭൂരിപക്ഷം വീടുകളിലും ഉപയോഗിക്കുന്നത് അല്പം ചില വീടുകളിൽ മണ്ണെണ്ണ സ്റ്റൗവും നാമമാത്രമായ സ്ഥലങ്ങളിൽ ഗ്യാസും ഉപയോഗിച്ചു വരുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 3-ാം വാർഡിൽ ഇതുവരെയായി ഒരു സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിലെ 4000 ഓളം വീടുകളിൽ 1083 ഓളം വീടുകൾക്ക് മാത്രമെ വൈദ്യുതി ലഭിച്ചിട്ടുള്ളു.
3. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
4. സൗരോർജ്ജപാനലുകൾ ആവശ്യക്കാർക്ക് കിട്ടാത്ത സിഥിതിയുണ്ട്.

സാധ്യതകൾ/നിർദ്ദേശങ്ങൾ

1. പുളിമ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷന്റെയും മാടായിപ്പാറ 110 കെ.വി. സബ്സ്റ്റേഷന്റെയും പണി പൂർത്തീകരിച്ചാൽ വോൾട്ടേജ് ക്ഷാമത്തിന് അലപ്പം പരിഹാരമാകും.
2. വൈദ്യുതിയെത്താത്ത പഞ്ചായത്തിലെ പ്രദേശങ്ങളിൽ വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന പറവൂർക്കര എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയും ആലക്കാട്കര, പാണപ്പുഴചാൽ എന്നീ വർക്കുകൾ എത്രയും പെട്ടെന്ന് ടെൻഡർ ചെയ്യുകയും വേണം.
3. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ അനുവദിക്കണം.
4. പഞ്ചായത്തിന് മാത്രമായ സെക്ഷൻ ആപ്പീസ് അനുവദിച്ചാൽ വൈദ്യുതി വിവതരണം ,ത്വരിതപ്പെടുത്താൻ സഹായകമായിരിക്കും
5. ഇന്ദന ക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക.
6. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന ആധുനിക ഉപകരണങ്ങൾ പ്രചരിപ്പിച്ചാൽ വൈദ്യുതി ഉപയോഗം കുറച്ചുകൊണ്ടുവരാൻ സാധിക്കും,
7. വൈദ്യുതി ഉപയോഗം നിയന്ത്രിക്കാൻ ഇലക്ട്രോണിക് ചോക്ക് പരമാവധി സബ്സിഡി നൽകി വ്യപകമായി പ്രചരിപ്പിക്കാവുന്നതാണ്.
8. പഞ്ചായത്തിലെ ഭൂദാനപ്പാറയിൽ ഡീസൽ നിലയം പണിതാൽ പഞ്ചായത്തിലെ വൈദ്യുതി പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

കടന്നപ്പള്ളി-പണിപ്പുഴ പഞ്ചായത്തിൽ നലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം

പട്ടിക.1

1. കടന്നപ്പള്ളി	63 KVA
2. ചന്തപ്പുര	100 KVA
3. കണ്ടേന്താർ	100 KVA
4. കൈതപ്രം (1)	100 KVA
5. കൈതപ്രം (2)	100 KVA
6. ഏര്യം	63 KVA

കടന്നപ്പള്ളി കിഴക്കേക്കര, കണാരംവയൽ. എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ പുതതായി 100 KVA ന്റെ ഓരോ ട്രാൻസ്ഫോർമർ അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടേയും,കാർഡുടമയുടേയും വിവരങ്ങൾ


പട്ടിക.2

റേഷൻ ഷോപ്പ് നമ്പർ	വൈദ്യുതികരിച്ച വീടുകൾ	വൈദ്യുതികരി ക്കാത്ത വീടുകൾ	മണ്ണെണ്ണ-പ്രതിവർഷവിതരണം.		
			പെർമിറ്റുകളു ടെ എണ്ണം	പെർമിറ്റ്വഴി വിതരണം ചെയ്യുന്നത്	കാർഡ് വഴി വിതരണം ചെയ്തത് (ലി)
ARD. 234	166	297	21	1830 ലി	18468 ലിറ്റർ
,, 268	27	333	3	350 ലി	15650 ,,
,, 205	89	141	33	3588 ലി	10596 ,,
,,	287	278	28	3480 ലി	27464 ,,
,, 233	01	300	-	- ലി	17714 ,,
,, 238	137	209	41	5340 ലി	15828 ,,
,,	211	339	57	13463 ലി	41794 ,,
,,	117	201	18	2364 ലി	14126 ,,
,,	48	321	4	912 ലി	20292 ,,
ആകെ	1083	2419		21,327	1,81,932 ലി

മാർക്കറ്റ്

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിന്റെ ആസ്ഥാനമായ ചന്തപ്പുരയ്ക്ക്, ആപേരുസമ്മാനിച്ച ഒരു ചരിത്രോത്സവത്തിന്റെ പൂർവ്വകാലമുണ്ട്. മലബാർ ഡിസ്ട്രിക്ക് ബോർഡിനു മുമ്പുതന്നെ ആരംഭിച്ച വണ്ണാത്തിക്കടവ് ചന്ത സമീപപ്രദേശങ്ങളിലെ കർഷകരുടെ കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാനും അവശ്യസാധനങ്ങൾ വാങ്ങാനുമുള്ള ഒരു പ്രധാന കേന്ദ്രമായിരുന്നു. കാനായി മണിയറ, എരമം, കുറ്റൂർ, പാണപ്പുഴ, മാതമംഗലം എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏറെ ഉപകാര പ്രദമായിട്ടുണ്ട് ഈ തിങ്കളാഴ്ച ചന്ത. ചീനയിൽ കൊണ്ടുവരുന്ന മാട്ടുൽ വെള്ളരി, മൺപാത്രങ്ങൾ തുണിത്തരങ്ങൾ, കളിപ്പാട്ടങ്ങൾ പരമ്പരാഗത വ്യാവസായോല്പന്നങ്ങൾ ഉണക്കമത്സ്യങ്ങൾ എന്നുവേണ്ട മൊട്ടുസൂചിവരെ ഈ ചന്തയിലൂടെ വിറ്റഴിക്കപ്പെട്ടിരുന്നു. ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ വിശേഷിച്ചും കുപ്പം, പെരുമ്പപാലം പണികഴിക്കപ്പെട്ടപ്പോൾ കർഷകർ പയ്യന്നൂർ, തളിപ്പറമ്പ്പോലുള്ള വലിയ വിപണികൾ തേടിപ്പോയി. ക്രമേണ ചന്തയിലെ വറ്റുവരവ് കുറഞ്ഞു. 1954 ൽ പഞ്ചായത്ത് നിലവിൽ വന്നപ്പോൾ ചന്തയേറ്റെടുത്ത് ഓരോ വർഷത്തേക്കായി ലേലം ചെയ്തുപോന്നു. അക്കാലത്ത് പഞ്ചായത്തിന്റെ ഏറ്റവും വലിയ വരുമാനമാർഗ്ഗ മാണീ ചന്ത. എന്നാൽ നമ്മുടെ സാംസ്കാരിക ചിഹ്നമായി ഏറെക്കാലം നിലനിന്നിരുന്ന ഇന്ന് അത് ഓർമ്മകളിൽ പോലും ഇല്ലാതായികൊണ്ടിരിക്കുന്നു. ഒരു കാലത്ത് ജനകീയോത്സവമായി നടത്തപ്പെട്ടിരുന്ന ഈ ചന്തപുതിയ കാലാവസ്ഥയിൽ പുതുക്കപ്പെടേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു സഹകരണസംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ച് ഈ പഴയമഹോത്സവത്തിന് പുത്തൻ ജീവൻ നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

സഹകരണം



ചരിത്രം

1900-ത്തിന്റെ ആദ്യം തന്നെ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തുവെങ്കിലും കേരള സംസ്ഥാന രൂപീകരണത്തിനു തൊട്ടുമുമ്പാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനമായ പാണപ്പുഴ വിവിധോദ്ദേശ ഐക്യനാണയ സംഘം റജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിക്കുന്നത്. 1949 മദ്രാസ് സഹകരണ നിയമപ്രകാരം 26.7.54ന് റജിസ്റ്റർ ചെയ്യുകയും 29.9.54ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഈ സംഘത്തിന്റെ പ്രസിഡണ്ട് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ആയിരുന്നു. സംഘത്തിന് പ്രത്യേകമായി ഓഫീസ് ഉണ്ടായിരുന്നില്ല. പ്രസിഡണ്ടിന്റെ വീട്ടിലായിരുന്നു ഓഫീസ് പ്രവർത്തിച്ചിരുന്നത്. ആദ്യഘട്ടത്തിൽ വളരെ ചെറിയ തോതിലുള്ള ആശ്വാസങ്ങൾ നൽകാൻ മാത്രമെ സംഘത്തിനു കഴിഞ്ഞുള്ളൂ. 50000 രൂപയുടെ ഇടപാടു പോലും ഈ ഘട്ടത്തിൽ ഒരു വർഷം, നടത്താൻ കഴിഞ്ഞിരുന്നില്ല. 1965ൽ ഐക്യനാണയ സംഘം പാണപ്പുഴ സർവ്വീസു സഹകരണ സംഘമായി മാറി.

1954 കാലഘട്ടത്തിൽ തന്നെയാണ് കടന്നപ്പള്ളി വില്ലേജിലെ കടന്നപ്പള്ളി വിവിധോദ്ദേശ ഐക്യനാണയ സംഘം രൂപീകൃതമാകുന്നത്. കെ.പി. കുഞ്ഞിരാമൻ പൊതുവാൾ പ്രസിഡണ്ടായി രൂപീകരിക്കപ്പെട്ട ഈ സഹകരണ സംഘത്തിന്റെ അംഗങ്ങൾക്ക് വലിയ ആശ്വാസമൊന്നും നല്കാൻ കഴിഞ്ഞിരുന്നില്ല. പരമാവധി 50 രൂപ വരെ കടം കൊടുക്കുക എന്ന പ്രവൃത്തിയാണ് മുഖ്യമായും ഈ സംഘവും നടത്തിയത്. കണ്ടോന്താറിലും, ചന്തപ്പുരയിലുമായി പ്രവർത്തിച്ച ഈ സ്ഥാപനം പിന്നീട് ലികുിഡേറ്റ് ചെയ്യപ്പെടുകയാണുണ്ടായത്. ഇതേ തുടർന്നാണ് 1969ലെ കേരള സഹകരണ നിയമപ്രകാരം 13-11-71 റജിസ്റ്റർ ചെയ്യുകയും 21-11-71ന് പ്രവർത്തനമാരംഭിക്കുകയും ചെയ്ത കടന്നപ്പള്ളി സർവ്വീസ് സഹകരണ സംഘം വന്നത്. തുടക്കത്തിൽ 518 അംഗങ്ങളും 12810 രൂപ ഓഹരി മൂലധനവുമായാണ് ഈ സംഘം പ്രവർത്തനമാരംഭിച്ചത്.

കടന്നപ്പള്ളി വില്ലേജ് പ്രവർത്തന പരിധിയുള്ള കടന്നപ്പള്ളി സർവ്വീസ് സഹകരണ സംഘവും പാണപ്പുഴ വില്ലേജ് പ്രവർത്തന പരിധിയായുള്ള പാണപ്പുഴ സർവ്വീസ് സഹകരണ സംഘവും കൂട്ടി യോജിപ്പിച്ചുകൊണ്ടാണ് 29-11-77ന് കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്ക് ലി. നമ്പർ. സി 818 റജിസ്റ്റർ ചെയ്ത് 14.12.77ന് പ്രവർത്തനമാരംഭിച്ചത്.

നമ്മുടെ പഞ്ചായത്തിലെ ആദ്യകാല സഹകരണ സംരംഭങ്ങളിലൊന്നാണ് 1955-ൽ പ്രവർത്തനം ആരംഭിച്ച കടന്നപ്പള്ളി-പാണപ്പുഴ ചക്കര ഉല്പാദക സഹകരണ സംഘം. മദ്യനിരോധന നയം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനാണ് ചക്കര സംഘങ്ങൾ രൂപീകരിച്ചത്.

കള്ളിൽ നിന്നും ചക്കരയുണ്ടാക്കി വില്ക്കുന്ന ഈ സംഘത്തിന്റെ പ്രസിഡണ്ട് കെ.പി. രാമൻ പണിക്കർ ആയിരുന്നു. മദ്യനിരോധനം പിൻവലിച്ചതോടെ ഈ സംഘം ലികുിഡേറ്റ് ചെയ്യപ്പെടുകയാണുണ്ടായത്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

വിരലിലെണ്ണാവുന്ന സഹകരണ സംഘങ്ങൾ മാത്രമെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിന്റെ സമ്പദ്ഘടനയുടെ ആണിക്കല്ലായി പ്രവർത്തിക്കുന്നത് കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്കാണ്. ജനങ്ങളുടെ മുഖ്യമായ ആവശ്യങ്ങൾ നിറവേറ്റാൻ സഹകരണ സംഘങ്ങൾ കൊണ്ട് കഴിഞ്ഞിട്ടില്ല.

ജനങ്ങൾക്കു ആശ്വാസം നൽകേണ്ട കൺസ്യൂമർ, മാർക്കറിങ്ങ് വിഭാഗങ്ങളിൽ ഈ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ കാര്യമായി പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിലെ പ്രവർത്തിക്കുന്നതായ സംഘങ്ങളുടെ പേരും വിവരങ്ങളും(പട്ടിക 1)പ്രവർത്തിക്കാത്ത സംഘങ്ങളുടെ പേരും വിവരങ്ങളും(പട്ടിക 2) താഴെ കൊടുക്കുന്നു.

പട്ടിക -ഒന്ന്

പ്രവർത്തിക്കുന്ന സംഘങ്ങൾ

നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച തീയ്യതി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം (രൂപ)	ജീവനക്കാരുടെ എണ്ണം	ലാഭം/നഷ്ടം	റിമാർക്സ്
1	കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്ക്	14-12-77	8117	2,44,3533	20	ലാഭം	പാർട്ട് ടൈം.
2	കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് വനിതാ സഹകരണ സംഘം 5-9-92	221	20825	1	-	-	
3	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻറ് അഡ്വാൻസ് മെഡിക്കൽ സർവ്വീസസ്	27-3-94	832	1,013,07000	189	-	
4	കടന്നപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം	19-7-75	244	3800	1	-	
5	തെക്കേക്കര ക്ഷീരോല്പാദക സഹകരണ സംഘം	-	218	5100	3	നഷ്ടം	-
6	കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം	22-7-88	76	70800	42	ലാഭം	40 തൊഴിലാളികളിൽ 2 ജീവനക്കാർ
7	വിളയാങ്കോട് സഹകരണ കൺസ്യൂമർ സ്റ്റോർ	3-9-92	2.95	22300	1	നഷ്ടം	-
8	കണ്ണൂർ റീജിനൽ ഹോട്ടൽ ആൻറ് റസ്റ്റോറൻറ് കോ-ഓപ്പറേറ്റീവ്	2-9-92	70	37075	37●	ലാഭം	35 തൊഴിലാളികൾ 2 ജീവനക്കാർ
9	കണ്ടോന്താർ ഇടമന യു.പി. സ്കൂൾ ഗ്രൂപ്പ് സഹകരണ സംഘം	16-1-96					
10	ഏര്യം വിദ്യാമിത്രം യു.പി., സ്കൂൾ ഗ്രൂപ്പ് സഹകരണ സംഘം	28-12-89					

പട്ടിക -രണ്ട്

പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങൾ

നമ്പർ	സംഘത്തിന്റെ പേര്	റജിസ്റ്റർ ചെയ്ത തീയ്യതി	മറ്റു വിവരങ്ങൾ
1	കണാരം വയൽ സഹകരണ കൺസ്യൂമർ സ്റ്റോർസ്	2-9-92	-
2	ആലക്കാട്ട് സഹകരണ കൺസ്യൂമർ സ്റ്റോർസ്	15-9-92	-
3	കണ്ടോന്താർ ഉപഭോക്ത് സഹകരണ കാൻറീൻ സൊസൈറ്റി	5-9-92	-
4	കൈതപ്രം ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിസ് സഹകരണ സംഘം	-	(ലഭ്യമല്ല)
5	കണാരം വയൽ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം (റബ്ബർ ബാൻഡ് നിർമ്മാണ യൂനിറ്റ്)	15-9-92	

ഇവ കൂടാതെ ജില്ലയിൽ ക്രെഡിറ്റ് മേഖലയിലെ പ്രമുഖരായ സഹകരണ ബേങ്കുകളിലൊന്നായ മാടായി സഹകരണ റൂറൽ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ പെടുന്ന പ്രദേശമാണ് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത്. പഴയങ്ങാടി സഹകരണ അർബ്ബൻ ബേങ്കിന്റെ പ്രവർത്തന പരിധിയിലും ഈ പഞ്ചായത്തു വരുന്നുണ്ട്. ദീർഘകാല കാർഷിക വായ്പാ വിതരണത്തിന് കണ്ണൂർ പ്രാഥമിക കാർഷിക സഹകരണ വികസന ബേങ്കും പ്രവർത്തന പരിധിയിൽ നിലവിലുണ്ട്.

പഞ്ചായത്തിലെ പ്രമുഖമായ മറ്റൊരു സഹകരണ സ്ഥാപനമാണ് പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടു റജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ച കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻറ് അഡ്വാൻസ് മെഡിക്കൽ സർവ്വീസ്.

വായ്പാ മേഖല

കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ്

കടന്നപ്പള്ളി സർവീസ് സഹകരണ സംഘവും, പാണപ്പുഴ സർവ്വീസ് സഹകരണ സംഘവും കൂട്ടി യോജിപ്പിച്ചുകൊണ്ട് 14-12-77ന് കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തു പ്രവർത്തന പരിധിയായി ആരംഭിച്ച സഹകരണ ബേങ്ക് വഴിയാണ് പഞ്ചായത്തിന്റെ കാർഷിക-കാർഷികേതര വായ്പാ സാധ്യതകൾ ഭൂരിഭാഗവും വിനിയോഗിക്കപ്പെടുന്നത്. പഞ്ചായത്തിലെ 3991 കുടുംബങ്ങളിലായി 8117 മെമ്പർമാർ ബേങ്കിലുണ്ട് എന്നുള്ളതു തന്നെ ഈ ബേങ്കിന്റെ വളർച്ച കാണിക്കുന്നു. എന്നിരുന്നാൽ തന്നെ ബേങ്ക് പ്രവർത്തന പരിധിയിലെ മുഴുവൻ കർഷക കുടുംബങ്ങളും മെമ്പർഷിപ്പിന്റെ പരിധിയിൽ വരുന്നില്ല. പ്രധാനമായും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനാണ് പ്രാഥമിക കാർഷിക വായ്പാ സംഘം എന്ന നിലയിൽ ബേങ്ക് പ്രവർത്തിക്കുന്നത്. 5000രൂപ ഹ്യസ്വകാല കാർഷിക വായ്പ, 15000 രൂപ മധ്യകാല കാർഷിക വായ്പ(5 വർഷം വരെ), ദീർഘകാല കാർഷിക വായ്പ എന്നിങ്ങനെ വ്യത്യസ്ത സ്കീമുകളിലായി വായ്പാ സൗകര്യങ്ങൾ ബാങ്കിൽ നിലവിലുണ്ട്. സ്കീമുകൾ പലതും ശരിയായ രീതിയിൽ വായ്പാ വിനിയോഗം നടത്തുന്ന കർഷകർക്ക് അപര്യാപ്തമാണെങ്കിലും, ഉള്ള സൗകര്യങ്ങൾ തന്നെ കർഷകർ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല. ഒരു ഹെക്ടർ കശുമാവ് കൃഷിക്ക് 15000 രൂപയും, തെങ്ങ് കൃഷിക്ക് 25000 രൂപയും റബ്ബർ കൃഷിക്ക് 40000രൂപയും കടം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിലും പൂർണ്ണമായ ഉപയോഗപ്പെടുത്തുന്നില്ല. കാർഷികേതര വായ്പകളും ബാങ്ക് നല്കി വരുന്നുണ്ട്. വ്യക്തിഗത ജാമ്യത്തിന് ഹ്യസ്വകാല കടം-10000 രൂപ സ്വർണ്ണ പണയം-50000രൂപ വരെ, മധ്യകാല കടം-50000രൂപ പരിധിയില്ലാതെ സ്കീമനുസരിച്ച് ദീർഘകാല കടം എന്നിവയും നല്കി വരുന്നു.

1995-96ൽ ബേങ്ക് ആകെ കൊടുത്ത കടം 4,50,4,7646.00 രൂപയാണെങ്കിൽ അതിൽ കാർഷിക കടം 76,96,183.00

രൂപമാത്രമാണ്. നല്കിയിട്ടുള്ള കടങ്ങളിൽ തന്നെ കൃത്യമായ വിനിയോഗം നടക്കുന്നില്ല. പഞ്ചായത്തിന്റെ മൊത്തം കാർഷികാവശ്യത്തിനുള്ള വായ്പകളുടെ ഭൂരിഭാഗവും നല്കാൻ ബേങ്കിന് കഴിയുമെങ്കിലും അതു പൂർണ്ണമായും നിറവേറ്റപ്പെട്ടിട്ടില്ല. അംഗങ്ങളുടെ അടിന്തരാവശ്യങ്ങൾക്കുള്ള കാർഷികേതര വായ്പകൾ നല്കാൻ ബേങ്കിന് കഴിയുന്നുണ്ട്. 30.6.96 നത്തെ വായ്പാ കുടിശ്ശിക ശതമാനം 10 ആണ്. വായ്പ തിരിച്ചടുക്കുന്നതിൽ കുറെകൂടി ശ്രദ്ധിക്കാനുള്ള മെമ്പർമാർ കാണിക്കേണ്ടതുണ്ട്.

ബേങ്കിന് നിലവിൽ ചന്തപ്പുരയിൽ ഹെഡ്ഓഫീസും, ബ്രാഞ്ച് എന്നിവ കൂടാതെ വിളയാങ്കാടു ഏര്യം, പാണപ്പുഴ എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുണ്ട്. പരിമിതികൾക്കകത്തു നിന്നുകൊണ്ട് മെമ്പർമാരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു കൊടുക്കുന്നതിന് ബേങ്കിന് കഴിഞ്ഞിട്ടുണ്ട്. ബാങ്കിന്റെ അന്ത്യവർഷത്തെ വളർച്ചാ നിരക്കിന്റെ പട്ടിക(പട്ടിക-3) കൊടുത്തിട്ടുണ്ട്

പട്ടിക -മൂന്ന്

കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്ക്-വളർച്ചാ നിരക്ക്-രൂപയിൽ-

കൊല്ലം	ഓഹരി മൂലധനം	നിക്ഷേപങ്ങൾ	വായ്പകൾ	പ്രവർത്തന മൂലധനം	എസ്റ്റാബ്ലിഷ് മെന്റ് ചാർജ്	ലാഭം	നഷ്ടം
1992	124656	11210406	13835406	18481816	391165	257767	-
1993	1389288	14700894	18704978	21558137	564318	125594	-
1994	1695583	18266760	24234238	26115678	617100	474137	-
1995	1988756	23621757	29411525	34623534	688168	422630	-
1996	2443533	32752546	39526646	45311632	973279	381060	

മാടായി സഹകരണ റൂറൽ ബേങ്ക്

പി.സി.സി. സൊസൈറ്റിയായി പ്രവർത്തനമാരംഭിച്ച് റൂറൽ ബേങ്കായി മാറിയ ഈ സ്ഥാപനം നമ്മുടെ പഞ്ചായതിന്റെ കാർഷികേതര വായ്പാ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് മുഖ്യപങ്ക് വഹിക്കുന്നണ്ട്. റൂറൽ ബേങ്കിലെ മെമ്പർമാരിൽ 4500 പേർ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളവരാണ്. 1995-96 വർഷം കാർഷിക കടം ഒന്നും തന്നെ കൊടുത്തിട്ടില്ല എന്നുള്ളത് പുനർ വിചിന്തനം ചെയ്യേണ്ടുന്നതാണ്. കാർഷികേതര വായ്പയായി 1995-96ൽ 1,15,46,000.00 രൂപ പഞ്ചായത്തിൽ നല്കിയിട്ടുണ്ട്. കാർഷിക കടം ഇനത്തിൽ 7, 53, 120 രൂപയും കാർഷികേതര കടം ഇനത്തിൽ 1,90,11,800 രൂപയും ബാക്കി നില്പുണ്ട്.

കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്ത് വനിതാ സഹകരണ സംഘം

വനിതകളുടെ ക്ഷേമം മുൻ നിർത്തി കണാരം വയൽ ആസ്ഥാനമായി റജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനമാണെങ്കിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ദൈനംദിന നിക്ഷേപം തുടങ്ങിയവ പിരിച്ചെടുത്ത് ചെറിയ തോതിൽ കടം നല്കി വരുന്നുണ്ട്. വിവിധ മേഖലകളിലേക്കു കടന്നു ചെന്ന് പ്രവർത്തനം വൈവിധ്യ വല്ക്കരിക്കേണ്ടതുണ്ട്.

വായ്പേതര മേഖല

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻറ് അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ്.

പഞ്ചായത്തിലെ പഴയ ടി.ബി. സാനിറ്റോറിയം ഫോർ ചെസ്റ്റ് ഡിസീസസ് എന്ന സ്ഥാപനം നില നിന്നിരുന്ന സ്ഥലത്ത് 27.3.94 ന് പ്രവർത്തനം ആരംഭിച്ച ഈ ഹോസ്പിറ്റൽ വളർന്നു വരുന്ന ഒന്നാണ്. പരിയാരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 160 കോടി രൂപ ചെലവിൽ 1000 കിടക്കുകളോടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആണ് മാനേജ്മെൻറ് വിഭാവനം ചെയ്തിട്ടുള്ളത്. 14.5 കോടി രൂപ ഇപ്പോൾ ഫിക്സഡ് അസറ്റിൽ നിക്ഷേപിച്ചു കഴിഞ്ഞു. പിരിച്ചെടുത്ത ഓഹരി മൂലധനം 10.1307 കോടി രൂപയാണ് ഇപ്പോൾ 300 കിടക്കക

ളോടെയുള്ള ആശുപത്രിയാണ് നിലവിലുള്ളത്. വിവിധ ഡിപ്പാർട്ടുമെൻറുകാർ പ്രവർത്തിക്കുകയും, അൾട്രാ സൗണ്ട് സ്കാൻ, ഗ്യാസ്ട്രോസ്കോപി, ബ്രോങ്കോ സ്കോപി, ഐ.സി.സി. യുനിറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷീരസഹകരണ സംഘങ്ങൾ

1)കടന്നപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം

പഞ്ചായത്തിലെ 1,7, 8 വാർഡുകൾ ഒഴികെയുള്ള പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന ഈ ക്ഷീരോല്പാദക സഹകരണ സംഘത്തിലെ പ്രതിദിന പാൽ ഉല്പാദനം 100-110 ലിറ്റർ മാത്രമാണ്. ക്ഷീരോല്പാദനം ഉപജീവനമാക്കിയിട്ടുള്ള 10ൽ താഴെ ക്ഷീര കർഷകർ മാത്രമെ ഉള്ളൂ. ആകെ ലഭിക്കുന്ന പാലിൻെറ 75%വും പുറത്തു വില്ക്കേണ്ട സ്ഥിതിയാണ്. കർഷകരുടെ മുഴുവൻ പാലും സംഭരിച്ചു വില്പന നടത്താൻ സാധിക്കുന്നില്ല. മാർക്കറ്റിങ്ങ് പ്രശ്നം, കാലിതീറ്റയുടെ ക്രമാതീതമായ വിലവർധനവ്, തീറ്റ പുൽകൃഷിയുടെ അഭാവം എന്നിവ ഉല്പാദന മാന്ദ്യത്തിന് ഇടവരുത്തുന്നുണ്ട്. പ്രവർത്തന പരിധിയിലെ മുഴുവൻ ക്ഷീരോല്പാദകർക്കും ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

തെക്കേക്കര ക്ഷീരോല്പാദക സഹകരണ സംഘം

പഞ്ചായത്തിലെ 6, 7, 8, 10 വാർഡുകളുടെ പ്രവർത്തന പരിധിയായി തെക്കേക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 218 മെമ്പർമാർ ഉള്ളതിൽ 45 പേർ മാത്രമേ പാൽ അളക്കുന്നുള്ളു. 150 ലിറ്റർ പ്രതിദിന ഉല്പാദനത്തിൽ 40 ലിറ്റർ പ്രദേശികമായി വില്പന നടത്തികഴിഞ്ഞാൽ ബാക്കി പുറത്തു വില്പന നടത്തേണ്ടിവരുന്നു. ക്ഷീരോല്പാദനം ഉപജീവനമായി സ്വീകരിച്ച അഞ്ചു പേർ മാത്രമെ സംഘത്തിലുള്ളു. ആശുപത്രി സൗകര്യം ലഭ്യമല്ലാത്തതിനാൽ കന്നുകാലികളുടെ ചികിത്സക്ക് പ്രയാസം നേരിടുന്നുണ്ട്. ക്ഷീരോല്പാദന ചെലവിൻെറ വർദ്ധനവു കാരണം ഉല്പാദനം ലാഭകരമായി കൊണ്ടുപോകാൻ കഴിയുന്നില്ല.

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തു കരിങ്കൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം

40 തൊഴിലാളികൾ ജോലിചെയ്യുന്ന വ്യവസായയുനിറ്റാണിത്. കൂടുതൽ തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്ന് വരാത്തത് ഒരു പ്രധാന പ്രശ്നമായി നിലനില്ക്കുകയും ചെയ്യുന്നു. ഇപ്പോൾ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്നു.

കൺസ്യൂമർ സ്റ്റോറുകൾ

1992-ൽ പ്രവർത്തനമാരംഭിച്ച വിളയാങ്കോടു കൺസ്യൂമർ സഹകരണ സ്റ്റോർസ് ഇന്നു വളരെ ശോചനീയമായ അവസ്ഥയിലാണ്. പിരിച്ചെടുത്ത ഓഹരി മൂലധനം കൂടാതെ 50,000 രൂപ ഗവൺമെൻറ് ഷെയറും, 50,000 രൂപ ജില്ലാ ബാങ്ക് കടവുമുണ്ട്. ഇപ്പോഴുള്ള ആസ്തി പിരിച്ചെടുത്ത ഓഹരി മൂലധനത്തേക്കാളുംകുറവാണ്. ഇപ്പോൾ നാമമാത്രമായ വില്പന മാത്രമെ ഉള്ളൂ.

കണാരംവയൽ, ആലക്കാട് എന്നീ സ്ഥലങ്ങളിലുള്ള സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. ന്യായമായ വിലക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഇന്ന് പഞ്ചായത്തിലില്ല എന്നുള്ളതു നഗ്നസത്യമായി നിലനിൽക്കുന്നു.

ഹോട്ടൽ ആൻറ് കാൻറീൻ സൊസൈറ്റികൾ

കണ്ണൂർ തളിപ്പറമ്പ് താലൂക്ക് പ്രവർത്തന പരിധിയായുള്ള കണ്ണൂർ റീജിനൽ ഹോട്ടൽ ആൻറ് റസ്റ്റോറൻറു കോ-ഓപ്പറേറ്റീവ് പരിയാരം മെഡിക്കൽ കോളേജ് ആസ്ഥാനമായി പ്രവർത്തിക്കുന്നു. ആശുപത്രിയുമായി ബന്ധപെട്ടു വ്യാപാരം നടത്തുന്ന ഈ സംഘത്തിൽ മാസം 3 ലക്ഷം രൂപയുടെ വിറ്റു വരവുണ്ട്.

കാണ്ടോന്താർ ആസ്ഥാനമായി റജിസ്റ്റർ ചെയ്ത കാൻറീൻ സൊസൈറ്റി പ്രവർത്തിക്കുന്നില്ല

കൈതപ്രം ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണം സംഘം

കൈതപ്രത്തു ഗവർമെൻറിൻെറ വലിയ ധനസഹായത്തോടെ പ്രവർത്തിച്ചിരുന്ന ഈ സംഘം ഇപ്പോൾ പൂട്ടികിടക്കുയാണ്. പുനരുജ്ജീവിപ്പിച്ചാൽ നല്ല തൊഴിൽ സാധ്യതയുള്ള സഹകരണ സ്ഥാപനമാണിത്.

സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ രണ്ടു സ്കൂൾ സഹകരണ സംഘങ്ങൾ കുട്ടികൾക്ക് അത്യാവശ്യമായ ടെസ്റ്റ് ട്യൂബുകളും മറ്റും വിതരണം ചെയ്യുന്നു. മറ്റു പ്രവർത്തികൾ ഒന്നും ഏറ്റെടുക്കുന്നില്ല.

പ്രശ്നങ്ങൾ

വായ്പാമേഖല

1 കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കൊടുക്കാൻ കഴിയുന്നില്ല. ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ഇല്ല. ഉള്ള സ്കീമുകൾ കർഷകർ പ്രയോജനപ്പെടുത്തുന്നുമില്ല.

2. വായ്പകളുടെ ശരിയായ പ്രയോഗം നടക്കുന്നില്ല അതു പരിശോധിക്കാൻ സംവിധാനമില്ല.

3 കർഷകന് കൈവശമുള്ള ഭൂമിക്കനുസരിച്ച് വായ്പകൾ കൊടുക്കാൻ കഴിയുന്നില്ല.

4. കടം തിരിച്ചടവ് -ശരിയായ വായ്പാ വിനിയോഗം ഇല്ലാത്തതിനാൽ വൈകുന്നു. ഇതു ബേങ്ക് പ്രവർത്തനത്തെ ബാധിക്കുന്നു.

9 വായ്പാ നിബന്ധനകൾ, നടപടി ക്രമങ്ങൾ ലളിതമാണ്.

5 ഹൃസ്വകാല കാർഷിക വായ്പ തുക ചെറിയ തോതിലുള്ളതാണ്.

6 കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബേങ്കിനെ കാർഷിക കടം മൊത്തം കടത്തിന്റെ ചെറിയ ശതമാനമാണ്. മാടായി സഹകരണ റൂറൽ ബേങ്കിൽ കാർഷിക കടം കൊടുക്കുന്നില്ല.

7 നിലവിലുള്ള വനിതാ സംഘത്തിന്റെ പ്രവർത്തനം ചെറിയ പ്രദേശത്തു മാത്രമെ ലഭിക്കുന്നുള്ളു. വിപുലീകരിച്ച പ്രവർത്തനം നടക്കുന്നില്ല.

വായ്പേതരമേഖല

1 ക്ഷീരോല്പാദനം ഒരു ജീവിതോപാധിയാക്കി മാറ്റാൻ ക്ഷീരകർഷകർ തയ്യാറാകുന്നില്ല.

2 ക്ഷീരസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽ പ്രാദേശികമായി വില്പന നടത്താൻ കഴിയുന്നില്ല. മാർക്കറ്റിങ്ങ് പ്രയാസകരമാണ്.

3 കാലിതീറ്റ, വൈക്കോൽ എന്നിവയുടെ വിലവർധനവ് ഉല്പാദന ചെലവു ക്രമാതീതമായി വർധിപ്പിക്കുന്നു.

4 ചികിത്സാ സൗകര്യം എല്ലാ സ്ഥലത്തും ലഭ്യമാകുന്നില്ല ചികിത്സാ ചെലവു വർധിച്ചതാകുന്നു.

5 പാണപ്പുഴ വില്ലേജിലെ പാലുല്പാദകർക്ക് പാൽ വില്പനക്ക് യാതൊരു സൗകര്യവുമില്ല. എടക്കോം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ(10ം വാർഡ് ഉൾക്കൊള്ളുന്ന സംഘം)പ്രവർത്തനം തൃപ്തികരമല്ല.

6 പൊതു ജനങ്ങൾക്കു ന്യായ വിലക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനം പഞ്ചായത്തിലില്ല. നിലവിലുള്ള കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം തൃപ്തികരമല്ല. രണ്ടെണ്ണം പ്രവർത്തിക്കുന്നേ ഇല്ല.

7 കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലക്ക് വിൽക്കുവാൻ സൗകര്യങ്ങളില്ല. ഇടത്തട്ടുകാരുടെ ചൂഷണം വർധിച്ച് വരുന്ന സാഹചര്യത്തിൽ ഒരു മാർക്കറ്റിങ്ങ് സഹകരണ സംഘത്തിന്റെ അഭാവമുണ്ട്.

നിർദ്ദേശങ്ങൾ

വായ്പാമേഖല

1 മൊത്തം വായ്പയിൽ കാർഷിക വായ്പാ ശതമാനം വർധിപ്പിച്ചു കൃഷിയുടെ ഉല്പാദനം വർധിപ്പിക്കാൻ സഹായിക്കണം. പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് കർഷകർക്ക് ഉപകാരപ്രദമാക്കണം.

2 വായ്പാ പദ്ധതികളെ കുറിച്ചു അറിവ് നല്കാൻ പ്രചാരണം നടത്തണം.

3 വായ്പകളുടെ വിനിയോഗം പരിശോധിക്കാൻ സംവിധാനമുണ്ടാക്കണം.

4 കുടിശ്ശിക കടം പിരിച്ചെടുക്കാൻ യഥാസമയം നടപടികൾ സ്വീകരിക്കണം.

5 വായ്പാ നിബന്ധനകളും നടപടി ക്രമങ്ങളും ഉദാരമാക്കണം-സ്ത്രീലോൺ പ്രത്യേകിച്ചും.

6 ഹൃസ്വകാല കാർഷിക വായ്പ തുക 25000 രൂപയായി വർധിപ്പിക്കണം.

7 മെമ്പർഷിപ്പു സാർവ്വത്രികമാക്കണം-മുഴുവൻ കുടുംബങ്ങളെയും മെമ്പർഷിപ്പിൽ കൊണ്ടുവരണം.

8 സഹകരണ ബേങ്കുകളിലെ വായ്പാ പലിശ കുറവു ചെയ്തു ഏകീകരിക്കണം.

9 പാവപ്പട്ടവർക്കായി കുറഞ്ഞ പലിശക്ക് വിവാഹ ലോൺ അനുവദിക്കണം.

10 സഹകരണ ബേങ്കിൽ ലോൺ പലിശയടച്ച് പുതുക്കുന്ന ഏർപ്പാട് വേണം.

11 മാടായി സഹകരണ റൂറൽ ബേങ്കിൽ കാർഷിക കടംകൊടുക്കാൻ നടപടിയുണ്ടാകണം.

12 പഴയങ്ങാടി സഹകരണ അർബൻ ബേങ്കിന്റെ

പ്രവർത്തനം പഞ്ചായത്തിൽ കുറച്ചു കൂടി വിപുല പ്പെടുത്തണം.

13 പ്രാഥമിക വായ്പാ സംഘങ്ങൾ സേവന മുറകളിൽ കടക്കണം. ബേങ്കിന്റെ പ്രവർത്തനത്തിൽ വൈവി ധ്യവല്ക്കരണം ഉണ്ടാക്കണം.

14 കുടുതൽ വനിതാ സഹകരണ സംഘങ്ങൾ രൂപീ കരിച്ച് വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം. ഗാർമെൻറ് റെഡിമെയ്ഡ് ബു ക്ക് കീപ്പിംഗിന്റെ തുടങ്ങിയ മേഖലകളിൽ കടന്നു ചെല്ലാൻ കഴിയണം. അതേ വഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയും.

വായ്പേതര മേഖല

1 സഹകരണ ആശുപത്രി സമുച്ചയത്തിലെ ഒരു നി ശ്ചിത ശതമാനം തസ്തികകൾ പഞ്ചായത്തിലെ താമസക്കാർക്ക് സംവരണം ചെയ്യണം. പഞ്ചായത്തി ലുള്ളവർക്ക് കുറഞ്ഞ ചെലവിൽ ചികിത്സ തര പ്പെടുത്തണം.

2 ഒരു സമ്പൂർണ്ണ പോഷകാഹാരം എന്ന നിലയിൽ പാൽ ഉപയോഗിക്കേണ്ടതിന്റെ ആവശ്യത്തെക്കുറി ച്ചു ബോധവൽക്കരണം നടത്തണം. ക്ഷീരസം ഘങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽ അതുവഴി പഞ്ചാ യത്തിൽ തന്നെ വിതരണം നടത്താൻ കഴിയും.

3 പാലുൽപന്ന യൂണിറ്റുകൾ തുടങ്ങി പാൽ വിപണന സാധ്യത വർധിപ്പിച്ചിരിക്കണം.

4. കാലിതീറ്റ ഉല്പാദിപ്പിക്കുന്നതിന് കണ്ണൂർ ജില്ലയിൽ സഹകരണ മേഖലയിൽ ഒരു ഫാക്ടറി ഉണ്ടായാൽ കുറഞ്ഞ് വിലക്ക് തീറ്റ നൽകാൻ കഴിയും.

5. തീറ്റപുൽ കൃഷി ഉല്പാദനത്തിന് വെള്ളത്തിന്റെ ദൗർലഭ്യവും പരിഹരിക്കുന്നതിന് നടപടി കളുണ്ടാകണം.

6. കന്നുകാലികളുടെ ചികിത്സാ സൗകര്യം എല്ലാ പ്ര ദേശത്തും ലഭ്യമാക്കണം. സർക്കാർ തലത്തിൽ വാ ഹനം ഉണ്ടായാൽ നന്ന്.

7. പാണപ്പുഴ വില്ലേജിൽ ഒരു ക്ഷീരോൽപാദക സഹകരണ സംഘം രൂപകരിക്കുന്നതോടൊപ്പം കൂ ടുതൽ കലക്ഷൻ സെന്ററുകൾ എല്ലാ സംഘങ്ങൾ ക്കുംവാർഡടിസ്ഥാനത്തിൽ ഉണ്ടാകണം.

8 കടന്നപ്പള്ളി-പാണപ്പുഴ സർവ്വീസു സഹകരണ ബേ ങ്കിന്റെ കീഴിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ കൺസ്യൂമർ ഡിപ്പോ തുറക്കണം.

9 നിലവിലുള്ള കൺസ്യൂമർ സ്റ്റോറുകൾ പുനരു ജ്ജീവിപ്പിക്കുകയോ അല്ലെങ്കിൽ പുതിയവ രജി സ്റ്റർ ചെയ്തു പൊതു ജനങ്ങൾക്കു മിതമായ നി രക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ നടപ ടികൾ സ്വീകരിക്കണം. പുട്ടികിടക്കുന്ന കൈത്ര ത്തെ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിസു സഹകരണം സംഘം പുനരുജ്ജീവിപ്പിക്കേണ്ടതാ ണ്.

11 നിലവിലുള്ള സ്കൂൾ സഹകരണ സംഘങ്ങൾ വഴി കുട്ടികൾക്കാവശ്യമായ ടെക്സ്റ്റ് ബുക്കുകൾ നോട്ടു ബുക്കുകൾ, യൂനിഫോം മുതലായവ മിതമായ വി ലക്കു നല്കാൻ സംവിധാനമുണ്ടാക്കണം.

പൊതു നിർദ്ദേശങ്ങൾ

1 സർവ്വീസ് സഹകരണ ബേങ്ക് വഴിയോ, ഭവന നിർ മ്മാണ സഹകരണ സംഘം രൂപീകരിച്ചോ ദുർബ്ബലവി ഭാഗക്കാർക്ക് ഭവന നിർമ്മാണവായ്പ ലഭ്യമാക്കണം

2 കർഷകരുടെ കാർഷികോല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സഹകരണ സംഘങ്ങൾ പഞ്ചാ യത്തിലില്ലില്ല. ഒരു മാർക്കറ്റിംഗ് സംഘം(പച്ചക്കറി ഉൾ പ്പെടെ)രൂപീകരിച്ച് അതിനുള്ള സാധ്യത ഉണ്ടാ ക്കണം.

3 കാർപെൻററി, ബ്ലാക്ക് സ്മിത്ത് രംഗത്തുള്ള നിരവധി തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. അവരെ ഉൾ പ്പെടുത്തികൊണ്ട് ആ മേഖലയിൽ ഒരു സഹകരണ സംഘം രൂപികരിച്ചാൽ നിരവധി തൊഴിവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

4 ചന്തപ്പുര ക്രേന്ദീകരിച്ചു നെയ്ത്തു സഹകരണ സം ഘം രൂപികരിച്ച് അനേകം പേർക്ക് തൊഴിൽ നല്കു ന്നതിനുള്ള സധ്യതയുണ്ടാക്കണം.

5 നിർമ്മാണ വികസന പ്രവർത്തനം ഏറ്റെടു ക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമത്തിനും ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം പഞ്ചാ യത്തു തലത്തിൽ രൂപീരിക്കാൻ കഴിയുന്നതാണ്.

6 കർഷകതൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ക്കായി ഒരു സഹകരണ സംഘം രൂപീകരിച്ചു പ്രവർ ത്തിപ്പിക്കാൻ കഴിയും





വനിതാ ക്ഷേമം

സ്ത്രീപുരുഷസമത്വമെന്ന ആശയത്തിന് നീണ്ടകാലത്തെ ദൈർഘ്യമുണ്ട്. ഇതിനുവേണ്ടിയുള്ള സംഘബോധ പ്രചരണം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന ഈസമയത്തും ഇവർ ചൂഷണത്തിന്റെയും പീഡനത്തിന്റെയും നിലയില്ലാകയങ്ങളിൽ മുങ്ങിപൊങ്ങുക തന്നെയാണ്. കമ്പോളവൽക്കരണത്തിന്റെ ഈ വർത്തമാനത്തിൽ കച്ചവടകണ്ണുള്ള മുതലാളിത്തം സ്ത്രീത്വത്തെ. സ്ത്രീ സൗന്ദര്യത്തെ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള കേവലോപാധികളായി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ ഭയപ്പെടുത്തുന്ന ഒരു ഭാവിയിലേക്കാണ് വിരൽചൂണ്ടുന്നത്. പെൺവാണിഭവും നീല ചിത്രനിർമ്മാണവും ഇന്ന് സർവ്വ സാധാരണമായ ഒരു വിഷയമായിമാറിക്കൊണ്ടിരിക്കുന്നു. ഇതിനായി മോഹന വാഗ്ദാനങ്ങളിലൂടെ പ്രലോഭനത്തിന്റെ വായാടിത്തത്തിലൂടെ പെൺകുട്ടികളെ നോട്ടുകെട്ടുകളെ സ്വാധീനത്തിലാക്കി തെരുവുകളിലേക്ക് വലിച്ചെറിയപ്പെടുന്ന ഈ ദശാസന്ധിയിലും സ്ത്രീസമൂഹം സാമൂഹ്യ മാറ്റത്തിനും അംഗീകാരത്തിനും വേണ്ടി യുള്ള കഠിന പ്രയത്നം തുടർന്നുകൊണ്ടിരിക്കുന്നു. മരീചിക പോലെ. അകന്നകന്നു പോകുന്ന ഈലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടാൻ. സ്ത്രീത്വത്തിന് പവിത്രമായ സ്ഥാനം കല്പിച്ചിരുന്ന ഒരു സംസ്ക്കാരത്തിന്റെ പിന്മുറക്കാരായ നാം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സ്ത്രീത്വം അടിച്ചമർത്തപ്പെടുമ്പോൾ ഉയരുന്ന നിലവിളികളും തേങ്ങലുകളും ഈസമൂഹത്തിന്റെ ഇടനാഴികളിൽ പ്രകമ്പനം കൊള്ളിച്ച് തിരിച്ചുവരുമ്പോൾ കാത് പൊത്തിപ്പിടിച്ച് നിസ്സംഗത പ്രകടിപ്പിക്കുന്നവർ ഈ നെറികെട്ട സംസ്ക്കാരത്തിന്റെ പ്രേതങ്ങൾനമ്മുടെ വീടിനുചുറ്റും അലഞ്ഞു തിരിയുന്നുണ്ടെന്നോർക്കുക.

സംഘടനാബോധത്തിലും സാമൂഹ്യസംസ്ക്കാരികോന്നമനത്തിലും ഏറെ മുന്നിൽ നിൽക്കുന്ന കണ്ണൂർ ജില്ലയിലെ നമ്മുടെ പഞ്ചായത്തിലെ വനിതകൾക്കും സ്വാതന്ത്ര്യപോരാട്ടത്തിനും. പോരാളികളെ സംരക്ഷിക്കുന്നതിലും തനേറടം കാണിച്ചൊരു ഭൂതകാലമുണ്ട്. പ്രാകൃത ആചാരങ്ങൾ കൊടികുത്തിവാണിരുന്ന കാലത്ത് നാട്ടുരാജാക്കന്മാരുടെ ഇംഗിതത്തിനു വഴങ്ങാത്ത. ജീവനേക്കാൾ വലുത് മാനമാണെന്ന് തിരിച്ചറിഞ്ഞ് ചെറുത്തുനിന്നധീരവനിതകളും കുറവല്ല.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നിലാണ്. പ്രാഥമിക വിദ്യഭ്യാസമെങ്കിലും നേടാൻ കഴിയാത്തവരായി പുതിയ തലമുറയിൽ ആരുമില്ല. ബിരുദവും ബിരുദാനന്തരബിരുദവും നേടുന്ന കാര്യത്തിലും പഞ്ചായത്തിലെ സ്ത്രീകൾ മുന്നിലാണെങ്കിലും മുസ്ലീം ജനവിഭാഗങ്ങളിലെ പെൺകുട്ടികൾ ഈ രംഗത്ത് നാമമാത്രമാണ്. തൊഴിൽ നേടാനും സ്വാശ്രയത്വം കൈവരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ അഭാവം സ്ത്രീകളുടെ സാമൂഹ്യനിലവാരം ഉയർത്തുന്നതിന് വിഘാതമായിട്ടുണ്ട്.

സാമൂഹ്യരംഗത്തേക്ക് സ്വയം സന്നദ്ധരായി വരുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. മാറുന്ന സാമൂഹ്യ ചുറ്റുപാടുകൾക്കനുസരിച്ച് സാധ്യതകളുപയോഗപ്പെടുത്തി നേതൃസ്ഥാനങ്ങളിലേക്ക് വരുന്നതിന് ഇവർ മടികാണിക്കുന്നു. സമൂഹത്തിന്റെ വിലക്കുകൾ ഇതിനൊരു പ്രധാനഘടകമാണ്. സ്ത്രീധനം അതേപേരിൽ വ്യാപകമായി നിലനിൽക്കുന്നില്ലെങ്കിലും അത് പുതിയ ഭാവത്തിലൂടെ ഒരു നിഴൽ പോലെ ഇപ്പോഴും വിടാതെ പിടികൂടുന്നുണ്ട്. കുടംബാസൂത്രണരംഗത്ത് ഇവർ പൂർണ്ണമായും ബോധവൽക്കരിക്കപ്പെട്ടുവെന്ന് പറയാൻ പറ്റില്ല.

ആരോഗ്യരംഗത്ത് വനിതകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. തൊഴിലുകൾക്ക് പുറമെയുള്ള കാണാപ്പണികൾ ഇവരുടെ ആരോഗ്യനിലവാരത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്ന ഒരു പ്രധാന ഘടകമാണ്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ മുന്നിലാണെങ്കിലും തൊഴിൽ മേഖലകളിൽ ഇവരുടെ പങ്കാളിത്തം വളരെ കുറവാണ്. കൃഷി മറ്റുപരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്ന് ഇടത്തരം വരുമാനമുള്ള കുടംബങ്ങളിലെ സ്ത്രീകളിൽ പലരും അടുത്ത കാലത്തായി പിന്നോട്ടു പോകുന്നത് ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. സ്ഥിര വരുമാനമുള്ള തൊഴിൽ മേഖലകളിലെസ്ത്രീകളുടെ എണ്ണവും പരിമിതമാണ്. വേതന നിരക്കിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ആനുപാതിക വേതന വ്യവസ്ഥ നടപ്പിലാക്കണം.

	പുരുഷൻ	സ്ത്രീ
കൃഷിപ്പണി	75-80 രൂപ	35-40 രൂപ
നിർമ്മാണ തൊഴിൽ	125 രൂപ	45 രൂപ

കേരള സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിലെ വനിതകളുടെ പങ്കാളിത്തവും പഞ്ചായത്ത്-ബ്ലോക്ക് കലാകായികമേഖലകളിലെ ഇവരുടെ താല്പര്യവും പഞ്ചായത്ത് തലത്തിൽ നടന്ന അംഗൻവാടി കലോൽസവത്തിലെ അഭൂതപൂർവ്വമായ വനിതകളുടെ പങ്കളിത്തവും പൊതുരംഗത്തെ പുത്തൻ സാധ്യതകളിലേക്ക് വെളിച്ചം വിശുന്നവയാണ്. എന്നാൽ പഞ്ചായത്തിന്റെ നിലവിലുള്ള കലാസാംസ്ക്കാരിക സംഘടനകളിലെയും വായനശാലകളിലേയും വനിതകളുടെ അംഗസംഖ്യവളരെ കുറവാണ്.

സാംസ്ക്കാരിക സ്ഥാപനം	പുരുഷൻ	സ്ത്രീ	ആകെ അംഗങ്ങൾ
ഏര്യം ജ്ഞാനോദയം വായനശാല	150	13	163
സഫ്ദർഹാശ്മി കലാ സമിതി-പറവൂർ	54	16	70
അഴിക്കോടൻ വായന ശാല പറവൂർ	124	12	136
സാംസ്ക്കാരികനിലയം ചന്തപ്പുര	142	3	145
പൊതുജന വായനശാല വിളയാങ്കോട്	130	4	134
പഞ്ചായത്ത് വായന ശാല പടിഞ്ഞാറെക്കര	42	12	54

സ്ത്രീപുരുഷ അനുപാതം ആയിരത്തിന്

കേരളം	1000	1036
കണ്ണൂർ	1000	1101
കടന്നപ്പള്ളി-പാണപ്പുഴ	1000	1020

വിവിധ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം

കരിങ്കൽ വ്യവസായം	-	88
12 സ്കൂൾ	-	65
സർവ്വീസ് സഹകരണബേങ്ക്	-	2
ഖാദി വില്ലേജ് ഇൻഡസ്ട്രീസ്	-	80
ഗാർമെൻസ്	-	8
ഡയറി യൂണിറ്റ്	-	10
ബേക്കറി	-	2

പ്രശ്നങ്ങൾ

1. നല്ലൊരുഭാഗം കുടുംബത്തിന്റെ ഉത്തരവാദിത്തം സ്ത്രീകളിലായതിനാൽ പൊതു പ്രവർത്തനത്തിന് സമയം കുറവുണ്ട്.
2. സ്ഥിര തൊഴിലവസരങ്ങളില്ലായ്മ, തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനം, കൂലി


കളിലെ വ്യത്യാസം.

3. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം, അഭ്യസ്തവിദ്യരായ സ്ത്രീകൾ പൊതുരംഗത്തു കാണിക്കുന്നവിമുഖത.
4. ആഡംബരവും അന്ധമായ ഫേഷൻഭ്രമവും
5. വായനശാലകളിലെയും ഗ്രന്ഥശാലകളിലെയും സ്ത്രീകളുടെ പങ്കാളിത്തകുറവ്.
6. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത
7. കുടുംബത്തിലെ മദ്യപാനം
8. നേടിയ അറിവ് ശരിയായി വിനിയോഗിക്കുന്നില്ല
9. ടിവി.യുടെ അമിത സ്വാധീനത്താലുള്ള നിഷ്ക്രിയത.
10. സ്ത്രീധനസമ്പ്രദായം. പ്രായമെത്താതെയുള്ള വിവാഹം.

സാധ്യതകൾ

1. തുല്യജോലിക്ക് തുല്യവേതനമെന്ന തത്വം പ്രാവർത്തികമാക്കേണ്ടതുണ്ട്.
2. പ്രാദേശികസാധ്യതകളുള്ളതും വിപണന സൗകര്യമുള്ളതുമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
3. നിലവിലുള്ള മഹിളാ സമാജങ്ങൾക്കു പുറമെ അംഗൻവാടികൾ കേന്ദ്രീകരിച്ച് എല്ലാവാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുക.
4. മദർ പി.ടി.എ സജീവമാക്കുക
5. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി പ്രത്യേക സഹായ പദ്ധതികളാവിഷ്ക്കരിക്കുക
6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തയ്യൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളെ കൂട്ടിയോജിപ്പിച്ച് പുതിയ സംരംഭങ്ങളുണ്ടാക്കുക.
7. കോഴിവളർത്തൽ, പശുപരിപാലനം എന്നിരംഗങ്ങളിൽ പുതിയ ഫാമുകളുണ്ടാക്കുക കുട്ടായ തൊഴിൽ സംരംഭങ്ങളുണ്ടാക്കുക.
8. പ്രധാന ബസ്സ്റ്റോപ്പുകളിലും പൊതു വിതരണ കേന്ദ്രങ്ങളുടെ സമീപത്തും പ്രാഥമിക സൗകര്യങ്ങളുണ്ടാക്കുക.
9. സ്ത്രീകൾക്ക് പ്രത്യേകമായി ചെയ്യാവുന്ന കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
10. എല്ലാവ്യവസായസ്ഥാപനങ്ങളിലും സ്ത്രീകൾക്ക് തൊഴിൽ സംവരണം ഉറപ്പുവരുത്തുക.
11. സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
12. മാതൃശിശുസംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുക.
13. ഇന്ധനത്തിന്റെ ദുർവ്യയം തടയാനുള്ള ബോധവൽക്കരണം നടത്തുക.

പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം



സവർണ്ണ മേധാവിത്വങ്ങളാൽ ചവിട്ടിമെതിക്കപ്പെട്ട പട്ടിക ജാതി വിഭാഗങ്ങൾക്ക് താമസിക്കാൻ സ്വന്തമായി വീടോ, സ്വത്തോ ഇല്ലാത്ത ഒരു പൂർവ്വകാലമുണ്ടായിരുന്നു. ക്ഷേത്ര നടത്തിപ്പുകാരും ഭൂവുടമകളും കനിഞ്ഞു നൽകിയ തുണ്ടുഭൂമിയിൽ കുടിൽ കെട്ടി താമസിച്ച ഇവർ മേലാളന്മാരുടെ നിന്ദയ്ക്കും ശകാരത്തിനും പലപ്പോഴും പാത്രമായിത്തീർന്നിട്ടുണ്ട്. നീച ജാതിക്കാരുടെ പട്ടികയിലാണ് ഇവർക്ക് പൊതുജനം സ്ഥാനം നൽകിയിരുന്നത്. ആഘോഷ ചടങ്ങുകളിൽ ഒരുമിച്ചിരുന്ന് പന്തിഭോജനം നടത്തുന്നത് പോലും വിലക്കിയിരുന്ന ഇവർക്ക്, സഞ്ചാര സ്വാതന്ത്ര്യത്തിനും വസ്ത്രധാരണത്തിൽപോലും അരിരുകൾ നിശ്ചയിച്ച് ദൂരെ നിർത്തപ്പെട്ടിരുന്നു.

തെയ്യം കെട്ട് കലയിൽ പ്രാവീണ്യം നേടിയ സാക്ഷരരായ ഈ വിഭാഗത്തിലെ ആൾക്കാർ മിത്തുകളെയും പുരാണങ്ങളെയും തോറ്റത്തിന്റെ രൂപത്തിൽ പഠിക്കുകയും പാടുകയും ചെയ്തിരുന്നു. ബഹു ഭൂരിപക്ഷം വിഭാഗവും അവരവരുടെ പരമ്പരാഗത തൊഴിലിലേർപ്പെട്ടുവന്നവരായിരുന്നു. പുരുഷന്മാർ തെയ്യം കെട്ട്, വൈദ്യം, മന്ത്രവാദം, മത്സ്യംപിടിക്കൽ, ചെരിപ്പ് നിർമ്മാണം, വനവിഭവശേഖരണം മുതലായവയും, സ്ത്രീകൾ സ്തുതികാ കർമ്മം, അലക്ക്, കുട്ടനിർമ്മാണം, പായ മടയൽ, കുമ്മായ നിർമ്മാണം, കരി നിർമ്മാണം മുതലായ തൊഴിൽ ചെയ്യുന്നവരുമായിരുന്നു.

വണ്ണാൻ, മലയൻ, വേലൻ, വള്ളുവൻ, പുലയൻ, ചിങ്കത്താൻ, ചെരുപ്പുകുത്തി തുടങ്ങിയ സമുദായങ്ങളാണ് ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാർ. അംഗീകരിച്ച രണ്ട് പട്ടികജാതി കോളനികളാണ് നിലവിലുള്ളത്. കൂടാതെ 4ഓളം കോളനികളിലും മറ്റു വിവിധ പ്രദേശങ്ങളിലുമായാണ് ഇവർ താമസിച്ചു വരുന്നത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3 ശതമാനം മാത്രമുള്ള ഇവരിൽ 75 ശതമാനം ആൾക്കാരും ദാരിദ്ര്യ രേഖയ്ക്കു താഴെ കിടക്കുന്നവരാണ്.

പട്ടിക 1

1991 സെൻസസ് റിപ്പോർട്ട്				1996ലെ ഗ്രാമസഭാ റിപ്പോർട്ട്			
കുടുംബങ്ങളുടെ എണ്ണം	പുരുഷൻ	സ്ത്രീ	ആകെ	കുടുംബങ്ങളുടെ എണ്ണം	പുരുഷൻ	സ്ത്രീ	ആകെ
120 വീടുകൾ	298	284	582	148 വീടുകൾ	334	352	686

വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമാക്കിയതു മുതലാണ് കുട്ടികളെ സ്കൂളുകളിലയച്ച് പഠിപ്പിക്കുന്ന പ്രവണതയുണ്ടായത്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇവരിപ്പോഴും പിന്നിൽ തന്നെയാണ്. എന്നാൽ ഇന്ന് ഗവൺമെൻറ് ആനുകൂല്യങ്ങളുടെ ബലത്തിൽ പഠന കാര്യത്തിൽ പുരോഗതി നേടിയിട്ടുണ്ട്.

ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	ലംപ്സംഗ്രാൻറ് വാങ്ങുന്നവർ
81	88	169	169

ഇവരിൽ പലരും കുലത്തൊഴിൽ തന്നെ ചെയ്യുന്നുണ്ടെങ്കിലും ചിലർ ഈ തൊഴിൽ ഉപേക്ഷിച്ച് കൃഷി, നിർമ്മാണജോലി എന്നീ രംഗത്തേക്ക് ചേക്കേറിയിട്ടുണ്ട്. കുലത്തൊഴിലിലെ തുച്ഛ വരുമാനവും, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും, വിപണികളുടെ അഭാവവും ഈ തൊഴിൽ മേഖലയിൽ നിന്ന് പിന്നോട്ടു പോകാൻ ഇവിരെ പ്രേരിപ്പിച്ചിട്ടുണ്ട്. 25ഓളം ഗവൺമെൻറ് ജീവനക്കാരാണ് ഈ വിഭാഗത്തിലുള്ളത്.

സാമൂഹ്യ പദവിയിൽ ഇവർ ഇന്നും മറ്റുള്ള ജനതയോടൊപ്പം നിൽക്കുന്നു എന്ന് പറയാൻ കഴിയില്ല. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്ത് ഇവരുടെ പ്രാതിനിധ്യം ആനുപാതികമായി കുറവാണ്. ജാതിപരമായ ഉച്ച നീചത്വങ്ങൾ സ്ഥലഭേദമനുസരിച്ച് കുറഞ്ഞ അളവിൽ ഇന്നു നിലനിൽക്കുന്നുണ്ട്.

ഈ വിഭാഗക്കാർക്ക് വേണ്ടി പല പദ്ധതികളും ഗവൺമെൻറ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഇതുവരെ 22 കുടുംബങ്ങളിലെ 96പേർ സഹായം കൈപ്പറ്റിയിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതി പ്രകാരം 5ഓളം ആളുകൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. 1994-95 കോളനികളിൽ ഭവന നിർമ്മാണം, കക്കൂസ്, കിണർ, വീട് റിപ്പയർ എന്നീ ആവശ്യങ്ങൾക്ക് 100 ശതമാനം ഗ്രാൻറായി തുക ലഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും 2 ലക്ഷത്തോളം രൂപ സ്വയംതൊഴിൽ പദ്ധതികൾക്കായി വായ്പയായി ലഭിച്ചിട്ടുണ്ട്. കൃഷിഭവൻ മുഖാന്തരം സൗജന്യമായി നടീൽ വസ്തുക്കൾ, വളം, കാർഷികോപകരണങ്ങൾ എന്നിവയും കാർഷികാവശ്യത്തിനായി പമ്പ്സെറ്റ്, കിണർ, സ്പ്രെയർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിരവധി പദ്ധതികൾ, പട്ടികജാതി ക്ഷേമത്തിനായി ഗവൺമെൻറിൻെറ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്നുണ്ട്.

മേൽപറഞ്ഞ പദ്ധതികൾ ഇവർ വേണ്ടവിധം ഉപയോഗപ്പെടുത്താറില്ല എന്നുള്ളതും മറ്റു ചിലർ അവ വഴിമാറി ചെലവാക്കുന്നു എന്നതും ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. പദ്ധതികൾ യഥാസമയം അറിയുന്നില്ല എന്നതും നിയമ വ്യവസ്ഥകളുടെ കാർക്കശ്യവും ഇത് ഉപയോഗപ്പെടുത്തുന്നതിൽ നിന്നും ഇവരെ പിന്തിരിപ്പിക്കുന്ന വസ്തുതകളാണ്. ഗ്രാൻറ് നല്കിയാൽ അതിൻെറ വിനിയോഗം യഥാവിധി നടക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട രണ്ട് കോളനികളിലെയും പ്രാഥമിക സൗകര്യം മെച്ചപ്പെട്ടതല്ല. രണ്ട് കോളനികളിൽ ഏഴും വയൽ കോളനി വൈദ്യുതീകരിച്ചിട്ടില്ല. കോളനികളിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ കുടി വെള്ളത്തിന് വളരെയധികം പ്രയാസം നേരിടുന്നുണ്ട്.

പു.	സ്ത്രീ	ആകെ	കോളനികളുടെ എണ്ണം	വയസ്സ് തിരിച്ച്			
				0-17	18-60	60ന് മേൽ	ആകെ
54	43	97	2	13	73	11	97


വീട്							വിദ്യാഭ്യാസം				
ഓട്	ആകെ	ആവശ്യമുള്ള വീട്	കക്കൂസ്	ആവശ്യമുള്ള കക്കൂസ്	ആവശ്യമുള്ള കുളിമുറി	ആകെ	10ന് താഴെ	10ന് മേൽ	പ്രീഡിഗ്രി	ഐ.ടി.ഐ	പോളിടെക്നിക്ക്
13	13	2	10	3	13	13	51	10	2	1	3

പ്രശ്നങ്ങൾ

1. കുലത്തൊഴിലിന് ആവശ്യമായ അംഗീകാരവും പ്രോത്സാഹനവും വേതനവും ലഭിക്കുന്നില്ല.
2. താമസ സ്ഥലം സ്വന്തമായുണ്ടെങ്കിലും അസൗകര്യങ്ങളും പര്യാപ്തതകളും നിലനിൽക്കുന്നു.
3. ഭവന നിർമ്മാണ വായ്പ ആവശ്യമായ രീതിയിൽ വിതരണം നടക്കുന്നില്ല.
4. ആരോഗ്യ സംരക്ഷണ സംവിധാനം കുറവാണ്.
5. ഗതാഗതം, വാർത്താ വിനിമയ സൗകര്യം ഇവ ആവശ്യത്തിന് ഇല്ല.
6. കോളനി പ്രദേശത്തെ തോടിനും പുഴയ്ക്കും പാലം വേണം.
7. സ്ഥലവും വീടുമില്ലാത്തവർ ഈ വിഭാഗത്തിലുണ്ട്.
8. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം അറിയുന്നില്ല.
9. ക്ഷേമ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ വായ്പ തിരിച്ചടക്കാനുള്ള കാലാവധി ദീർഘകാലമാക്കണം.
10. കോളനികളിൽ വീടിനനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ പല വീടുകളും കൃത്യസമയത്ത് പൂർത്തിയാക്കാൻ സാധിക്കുന്നില്ല.
11. ഭൂമിയുടെ അപര്യാപ്തത മൂലം വീർപ്പുമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളുണ്ട്.
12. കോളനികൾക്ക് പുറത്തുള്ള ആളുകൾക്ക് ആവശ്യമായ സഹായം ലഭിക്കുന്നില്ല.
13. ഗാർഹികാന്തരീക്ഷം കുട്ടികളുടെ പഠനത്തെ വികസിപ്പിക്കുന്നതിന് പര്യാപ്തമില്ല.
14. അഭ്യസ്ത വിദ്യരായവർക്ക് നൽകുന്ന സ്വയം തൊഴിൽ ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
15. മൂന്നും, നാലും വാർഡുകളിൽ ഒരു കോളനി ആവശ്യമാണ്.
16. നിർധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം അപര്യാപ്തമാണ്. അവ പെട്ടെന്ന് ലഭിക്കാറില്ല.

സാധ്യതകൾ

1. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രധാന കേന്ദ്രങ്ങളിൽ പൈപ്പ് സംവിധാനം ഏർപ്പെടുത്താം.
2. വീടുകൾ സർക്കാർ ചിലവിൽ വൈദ്യുതികരിച്ച് നൽകണം.
3. പട്ടികജാതി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാം.
4. കോളനികളിലെ ശുചിത്വമില്ലായ്മ പരിഹരിക്കാൻ നടപടിയെടുക്കണം.
5. കന്നുകാലികളെ വിതരണം ചെയ്ത്, പാൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കാം.
6. വനിതാക്ഷേമത്തിനായി ടൈലറിംഗ് യൂനിറ്റ് സ്ഥാപിക്കാം.
7. പാരമ്പര്യ തൊഴിലെടുക്കുന്നവർക്ക് ധനസഹായ പദ്ധതികൾ ഏർപ്പെടുത്താം.
8. കുലത്തൊഴിൽ ചെയ്ത് അവശരായ കലാകാരന്മാരെ സംരക്ഷിക്കാൻ പെൻഷൻ ഏർപ്പെടുത്താം.
9. ക്ഷേമ പദ്ധതികൾ വിശദീകരിക്കാനായി വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഈ വിഭാഗങ്ങളെ വിളിച്ചു ചേർക്കണം.
10. കക്കൂസ് നിർമ്മിക്കാനാവശ്യമായ സഹായം ലഭ്യമാക്കണം.
11. അഭ്യസ്ഥ വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും പ്രയോജനപ്പെടുത്താനാവുന്നതാണ്.
12. ധനസഹായത്തിനുള്ള കടുത്ത നിയമ വ്യവസ്ഥകളിൽ കാര്യമായ അയവ് വരുത്തേണ്ടതാണ്.
13. ഉന്നത കലാകാരന്മാരായ വരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആദരിക്കുകയും സംരക്ഷിക്കുകയും വേണം.
14. കോളനികളിൽ നിലവിലുള്ള [illegible] അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടത്തേണ്ടതാണ്.



സംസ്ക്കാരം

കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിന് തനതായൊരു സാംസ്ക്കാരിക പൈതൃകമുണ്ട്. മത സൗഹാർദ്ദത്തിന്റെയും മാനവിക സ്നേഹത്തിന്റെയും ഉദാത്തമാതൃക സമ്മാനിച്ച ഒരു ഭൂതകാലത്തിൽ നിന്നും ഇന്നിന്റെ വർത്തമാനത്തിൽ എത്തി നിൽക്കുന്നനാം നാളത്തെ ഭാവിയിലേക്ക് കുതിക്കുമ്പോൾ നമുക്കുള്ള പിൻബലം ഈ ഇന്നലെകളുടെ സംസ്ക്കാരസമ്പന്നതയാണ്. ജന്മിത്വത്തിന്റെ ഉച്ചനിചത്വങ്ങളും, തൊട്ടുകൂടായ്മയും സുദൃഢമായ ഒരു ചരിത്രം നമ്മുടെ ഈ പ്രദേശത്തിനുണ്ട്. ഈ സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെ പുരോഗമനേച്ഛുക്കളായ സാംസ്ക്കാരിക നായകന്മാർ നടത്തിയ നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്തവയാണ് നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ സാംസ്ക്കാരിക സ്വാതന്ത്ര്യം.

ക്ഷേത്രങ്ങളുടെയും, മുസ്ലിം-ക്രൈസ്തവൻ പള്ളികളുടെയും സമഭാവനകൊണ്ട് അനുഗ്രഹിക്കപ്പെടതാണ് ഈ പ്രകൃതി. മുൻകാലത്ത് സാംസ്ക്കാരിക കേന്ദ്രങ്ങളായി പ്രവർത്തിച്ച ക്ഷേത്രങ്ങളിലെ ഉത്സവദിവസം മഖാമിൽ ചന്ദനത്തിരികത്തിക്കുന്ന പതിവ് മതസൗഹാർദ്ദത്തിന്റെ ഉത്തമ നിദർശനങ്ങളാണ്. ക്ഷേത്ര കലകളിലെ വൈവിദ്ധ്യം തുളുമ്പുന്ന ശില്പ ഭംഗികൾ ആകർഷകങ്ങളും ആലോചനാമൃതങ്ങളുമാണ്. ദക്ഷയാഗം, പാർവതീസ്വയംവരം, പാലാഴിമഥനം, ദാരികവധം എന്നിവ കഥാരൂപേണകൊത്തിവെച്ച പാണപ്പുഴയിലെ സോമേശ്വരി ക്ഷേത്രവും, അപൂർവ്വങ്ങളായ ദാരുശില്പങ്ങൾകൊണ്ട് ചാരുതയാർന്നവെള്ളറാലത്ത് ശിവക്ഷേത്രവും പുരാവസ്തു ഗവേഷകരുടെ ശ്രദ്ധപതിയേണ്ടുന്ന സാംസ്ക്കാരിക കേന്ദ്രങ്ങളാണ്. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള കുളത്തിന്റെ കല്പടവുകളിലെ തിരിച്ചറിയാൻ കഴിയാത്ത ലിഖിതങ്ങൾ, ഇവയൊക്കെ ജ്യോതിർ ലിംഗ പ്രതിഷ്ഠയുള്ള ഭാരതത്തിലെ 18 ശിവക്ഷേത്രങ്ങളിലൊന്നായ വെള്ളാലത്ത് ശിവക്ഷേത്രത്തിന്റെ പ്രത്യേകതകളാണ്.

ഭൂമിയുടെ ഉടമസ്ഥാവകാശം ക്ഷേത്രങ്ങൾക്കായിരുന്ന കാലത്ത് അവ ഭരണാധികാരകേന്ദ്രങ്ങളുമായിരുന്നു. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, കളിയാട്ടങ്ങൾ മറ്റ് ആഘോഷങ്ങൾ തുടങ്ങിയവ ഗ്രാമീണ സമുദായത്തിലെ കൂട്ടായ്മകളുടെയും അഭിലാഷങ്ങളുടെയും പ്രതീകങ്ങൾകൂടിയായിരുന്നു. ജാതിഭേദമന്യെ എല്ലാ വിഭാഗം ജനങ്ങളും ഈ ആഘോഷങ്ങൾനാടിന്റെ ഉത്സവങ്ങളായാണ് കൊണ്ടാടിയിരുന്നത്. ഓരോ ക്ഷേത്രങ്ങളും വിവിധ സമുദായക്കാർക്ക് ചില പ്രത്യേക സ്ഥാനങ്ങളും അവകാശങ്ങളും കല്പിച്ചു കൊടുത്തതിലൂടെ നമ്മുടെ പൂർവ്വികന്മാർ ലക്ഷ്യമിട്ടിരുന്നത് സർവ്വ സമുദായ സാഹോദര്യം തന്നെയായിരിക്കാം.

ഏര്യം, കണ്ണങ്കൈ, ആലക്കാട്, ചന്തപ്പുര, കടന്നപ്പള്ളി എന്നി പ്രദേശങ്ങളിൽ മുസ്ലീം ജനവിഭാഗത്തിന്റെ ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്നു. മതപരമായ വിശേഷദിവസങ്ങളിൽ നടത്തുന്ന ആഘോഷങ്ങൾ സാംസ്ക്കാരിക പ്രവർത്തനങ്ങൾ കൂടിയായി മാറുന്നുണ്ട്. നബിദിനനാളിൽ സംഘടിപ്പിക്കാറുള്ള വർണ്ണശബളമായ ഘോഷയാത്രകൾ എല്ലാവിഭാഗം ജനങ്ങളെയും ആകർഷിക്കുന്നവയാണ്.

എടക്കോം, കാരക്കുണ്ട്, കണാരം വയൽ, കടന്നപ്പള്ളിയുടെ തെക്കുകിഴക്കുഭാഗം എന്നിവിടങ്ങളിൽ ക്രിസ്തീയ ജനവിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്. എടക്കോത്തുള്ള ഒരു പള്ളിയാണ് പഞ്ചായത്തിലെ ഏക ക്രിസ്തീയ ദേവാലയം ക്രിസ്തുമസ് പള്ളിത്തിരുനാൾ തുടങ്ങിയ ആഘോഷങ്ങൾ നടത്തിവരാറുണ്ട്.

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ആരാധനാലയങ്ങൾ

1. പുതിയ ഭഗവതി ക്ഷേത്രം - കണാരംവയൽ
2. ഐവർക്ഷേത്രം - പൊയിൽ
3. ഏര്യം വേട്ടക്കൊരുമകൻ കോട്ടം
4. പുലിയൂർ കാളിക്ഷേത്രം - ഏര്യം
5. മഹാവിഷ്ണു ക്ഷേത്രം - ഏര്യം
6. കണ്ണങ്കാട്ട് ഭഗവതിക്ഷേത്രം - ആലക്കാട്
7. കരുവന്തോട്ട് ഭഗവതിക്ഷേത്രം ആലക്കാട്.
8. പുലിയൂർ കാളിക്ഷേത്രം പറവൂർ
9. ശ്രീകൃഷ്ണ ക്ഷേത്രം പറവൂർ
10. ചോന്നമ്മക്ഷേത്രം പറവൂർ
11. പറവൂർ മഠം - മൂടേങ്ങ
12. സോമേശ്വരിക്ഷേത്രം - പാണപ്പുഴ
13. പാലാട്ട് ശ്രീ കൃഷ്ണക്ഷേത്രം - പാണപ്പുഴ
14. വയലിച്ചേരികാവ് - പാണപ്പുഴ
15. മുണ്ടപ്രം കാവ് - പാണപ്പുഴ
16. ഒറവങ്കര ഭഗവതി ക്ഷേത്രം - പാണപ്പുഴ
17. തൊണ്ടച്ചൻ ക്ഷേത്രം -പാണപ്പുഴ
18 തൃക്കുറ്റേരി കൈലാസനാഥക്ഷേത്രം-കൈതപ്രം
19. വിഷ്ണുക്ഷേത്രം - കൈതപ്രം
20. ശ്രീകൃഷ്ണൻ മതിലകം - കൈതപ്രം
21 വാസുദേവപുരം ക്ഷേത്രം - കൈതപ്രം
22. പുതിയഭഗവതിക്ഷേത്രം - ചെറുവിച്ചേരി
23. വേട്ടക്കൊരുമകൻക്ഷേത്രം - ചെറുവിച്ചേരി
24. നെല്ലിയോട് കക്കരഭഗവതിക്ഷേത്രം - ചെറുവിച്ചേരി
25. ചുഴലി ഭഗവതിക്ഷേത്രം - ചെറുവിച്ചേരി
26. കൊക്കോട്ട് ശ്രീകൃഷ്ണക്ഷേത്രം - കടന്നപ്പള്ളി
27. മംഗലശ്ശേരി ശ്രീധർമ്മശാസ്താക്ഷേത്രം
28. കാനഞ്ചേരി ഭഗവതിക്ഷേത്രം-കടന്നപ്പള്ളി
29. കുറ്റ്യാട്ട്പുലിയൂർ കാളീക്ഷേത്രം - കടന്നപ്പള്ളി
30. മുച്ചിലോട്ട് ഭഗവതി ക്ഷേത്രം - കടന്നപ്പള്ളി
31. കേളോത്തറ ദേവീക്ഷേത്രം - കടന്നപ്പള്ളി
32 പണയങ്കാട്ട് ഭഗവതി ക്ഷേത്രം - കടന്നപ്പള്ളി
33. കരിഞ്ചാമുണ്ഡി ക്ഷേത്രം - കടന്നപ്പള്ളി
34. ഇളംകരുമകൻ കോട്ടം - കടന്നപ്പള്ളി
35. എടവലത്ത് കണ്ണിക്കരുമൻകോട്ടം - കടന്നപ്പള്ളി
36. തൊണ്ടച്ചൻക്ഷേത്രം - കടന്നപ്പള്ളി
37. വെള്ളാലത്ത് ശിവക്ഷേത്രം - കടന്നപ്പള്ളി
38. മേലേടം ചുഴലി ഭഗവതിക്ഷേത്രം - കടന്നപ്പള്ളി
39. ചിറ്റന്നൂർ ശ്രീകൃഷ്ണൻ മതിലകം.
40. ചിറ്റന്നൂർ ശിവിക്ഷേത്രം.
41. സുബ്രഹ്മണ്യസ്വാമികോവിൽ
42. കടക്കും കടവത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം
43. കടക്കുംകടവത്ത് സോമേശ്വരീക്ഷേത്രം
44. കക്കരഭഗവതി ക്ഷേത്രം
45. കളരിപെരിയാട്ടുചാമുണ്ഡിക്ഷേത്രം
46. ക്രൈസ്റ്റ് നഗർ ദേവാലയം - എടക്കോം
47. റഹ്മാനിയ്യ ജുമാമസ്ജിദ്-കണ്ണങ്കൈ
48. ആലക്കാട് ജുമാഅത്ത് പള്ളി
49. കുപ്പേരി നിസ്ക്കാര പള്ളി
50. ആലക്കാട് നിസ്ക്കാരപള്ളഅളി
51. ഏഴും വയൽ നിസ്ക്കാര പള്ളി
52. പാണപ്പുഴ നിസ്കക്കാര പള്ളി
53 ചെറുവിച്ചേരി ജുമുഅത്ത് പള്ളി - ചന്തപ്പുര
54 കടന്നപ്പള്ളി പടിഞ്ഞാറെക്കര നിസ്ക്കാരപള്ളി
55 കടന്നപ്പള്ളി ജുമുഅത്ത് പള്ളി
56. കടന്നപ്പള്ളി കിഴക്കേക്കര നിസ്ക്കാരപള്ളി
57. കടന്നപ്പള്ളി മൊട്ടക്കുന്നു മഖാം.

പഞ്ചായത്തതിർത്തിയിലെ ജാതി മത ഘടന പരിശോധിച്ചാൽ ബഹുഭൂരിപക്ഷവും ഹിന്ദുമതക്കാരാണ്. ഹുന്ദുക്കൾ കഴിഞ്ഞാൽ മുസ്ലിം ജന വിഭാഗങ്ങളാണ് കൂടുതലുള്ളത്. ക്രൈസ്തവ വിഭാഗത്തിൽ പെട്ടവരും ചില പ്രദേശങ്ങളിലുണ്ട്. വിവിധ ജാതി മതവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണെങ്കിലും തികഞ്ഞ സാഹോദര്യം പണ്ടു മുതലേയുള്ള പ്രത്യേകതയാണ്. അയിത്തം പോലുള്ള സാമൂഹ്യ ദുരാചാരങ്ങൾ വളരെ മുമ്പുതന്നെ ഇവിടെ നിന്ന് തുടച്ചു നീക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ജാതി മത ചിന്തകൾ പുർണ്ണമായും മാറിയെന്ന് പറയാൻ

കഴിയില്ല.

നമ്മുടെ പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാണപ്പുഴ പ്രദേശം പ്രകൃതി ലാവണ്യം കൊണ്ട് അനുഗ്രഹീതമാണ്. സഹ്യന്റെ മടിത്തട്ടിൽ നിന്നുത്ഭവിച്ച് പാണന്റെ ശ്രുതി മധുരമായ ഗാനങ്ങളുടെ സ്മരണകളെ തഴകി കൊണ്ടു പ്രാദേശിക പേരുകളുടെ വൈവിദ്ധ്യങ്ങളിലൂടെ രണ്ടു വില്ലേജുകളെയും തൊട്ടു തലോടി ഒഴുകുന്ന പുഴ, ഈ ഗ്രാമത്തെ ഐശ്വര്യ സമ്പൂർണ്ണമാക്കിതീർക്കുന്നുണ്ട്.

കേതകീപുരമെന്ന കൈതപ്രത്തിന് നമ്മുടെ സാംസ്ക്കാരിക ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ട്. വേദശാസ്ത്രപാരംഗതന്മാരായ ഓട്ടേറെ മഹാപണ്ഡിതൻമാരെയും, പ്രഗത്ഭജ്യോതിഷപണ്ഡിതന്മാരെയും സംഗീതജ്ഞൻമാരെയും, കവികളെയും സംഭാവന ചെയ്യാൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്.

പുരക്കളിയുടെ ആചാര്യന്മാർ വിരാചിച്ചിരുന്ന നാടാണ് നമ്മുടെ പഞ്ചായത്ത്. പ്രശസ്തന്മാരായിരുന്ന, അവരുടെ പാരമ്പര്യം പിന്തുടരുന്നവർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. സാഹിത്യഭംഗി നിറഞ്ഞു തുളുമ്പുന്ന തോറ്റം പാട്ടുകളും കോൽക്കളി പാട്ടുകളും രചിച്ച മഹാ പ്രതിഭാശാലികളായ കവിശ്രേഷ്ഠന്മാരും നമ്മുടെ നാടിനെ അലങ്കരിച്ചിരുന്നു.

പ്രതിഫലേച്ഛ കൂടാതെ ആതുര സേവനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച പാരമ്പര്യവൈദ്യന്മാരുടെ ചരിത്രപശ്ചാത്തലവും നമുക്കുണ്ട്.

പഞ്ചായത്തിൽ പണ്ടു മുതൽക്കുതന്നെ പ്രചാരത്തിലുണ്ടായിരുന്ന രണ്ട് ഗ്രാമീണ കലകളാണ് പൂരക്കളിയും കോൽക്കളിയും പൂരമഹോത്സവത്തോടനുബന്ധിച്ചുള്ള മറത്തുകളി ഇപ്പോഴും നടന്നുവരുന്നുണ്ട്. 101 തരം വിത്തുകളെയും 21 തരം കാലികളെയും കുറിച്ച് സൂചിപ്പിക്കുന്ന പൂരക്കളിപാട്ടുകൾ ഇന്നും നിലവിലുണ്ട്. നാടൻ പാട്ടുകളുടെ അക്ഷയ ഖനിയായിരുന്നു നമ്മുടെ പഴയ തലമുറയിലെ സ്ത്രീമനസ്സ്. തച്ചോളി ഒതേനന്റെയും ആരോമൽ ചേകവരുടെയും ഉണ്ണിയാർച്ചയുടെയും വീരഗാഥകൾ നാട്ടിപാട്ടിലൂടെകേട്ട് പുളകമണിഞ്ഞിരുന്ന വയലോലകൾ ഇന്നത്തെ തലമുറക്ക് ഒരു ഓർമ്മ മാത്രമാണ്.

പ്രേതപിശാചുകളെ അകറ്റിനിർത്താനായി കെട്ടിയാടുന്ന ആടിവേടനും പഴയ യുഗത്തിന്റെ കൈവെള്ളകളിൽ നിറഞ്ഞു നിന്നിരുന്ന ഐശ്വര്യത്തെ ഓർമ്മിപ്പിക്കുന്ന ഓണത്താറും ഇന്നും ഗൃഹ സന്ദർശനം നടത്തുന്ന കലാരൂപങ്ങളാണ്. പാൽകാവടി, കേളിപാത്രം കോതാമൂരി ഇവ അപൂർവ്വമായി കണ്ടുവരുന്നു.

ഒരു കാലത്ത് വളരെയധികം പ്രചാരമുണ്ടായിരുന്ന പുള്ളുവൻപാട്ട്. ഗന്ധർവൻപാട്ട് കളംപാട്ട് പുങ്കൻതുടങ്ങിയവ ഇന്ന് നഷ്ടപ്രായമായിരിക്കുന്നു. കാറ്റിനെ ശമിപ്പിക്കുന്നതിനുവേണ്ടിയെന്ന് പറയപ്പെടുന്ന 'ഏർപ്പൂപ്പൂക്ക്' ഇന്ന് മുടങ്ങാതെ നിൽക്കുന്നു. തെരണ്ടു കല്യാണം. വണ്ണാത്തിമാറ്റ്. ജപിച്ചൂതൽ തുടങ്ങിയവപൂർണ്ണമായും ഇല്ലാതായിട്ടുണ്ട് എന്നുതന്നെപറയാം.

പുല.വാലായ്മ എന്നിവ ആചരിക്കുന്നത് ഇന്ന് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വ്യക്തികൾ മാത്രമാണ്. ബലി, പീണ്ഡമടിയന്തരം തുടങ്ങിയവ ബ്രാഹ്മണരുടെ ഇടയിൽ ഇന്നും പഴയതുപോലെ നടക്കുന്നുണ്ട്. എന്നാൽ മറ്റ് സമുദായങ്ങളുടെ ഇടയിൽ ഇതെല്ലാം കുറഞ്ഞു വരുന്നതായി കാണാം.

ഇന്നത്തെ രൂപത്തിലുള്ള കലാ സാംസ്ക്കാരികസ്ഥാപനങ്ങളുടെ ഘടനയും പ്രവർത്തനവും കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നത് ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭത്തോടൊപ്പം തന്നെയാണ്. ഈ സമയത്ത് പിറവിയെടുത്ത കൈതപ്രം പൊതുജന വായനശാലയാണ് പഞ്ചായത്തിലെ ആദ്യ വായനാശാല. ഇന്നുകാണുന്ന കൈതപ്രം പൊതുജന വായനശാല ആൻറ് ഗ്രന്ഥാലയം സ്ഥാപിതമായത് 1957 ലാണ്. ഇന്ന് 6327 പുസ്തകങ്ങളും 3000 ഓളം റഫറൻസ് ഗ്രന്ഥങ്ങളുമുള്ള ഈ ഗ്രന്ഥാലയം പിന്നിട്ട നാലു പതിറ്റാണ്ടുകൾ ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക ഉണർവിന്റെ ചരിത്രം കൂടിയാണ്. പഞ്ചായത്തിൽ എടുത്തു പറയേണ്ട രണ്ടാമത്തെ സാംസ്ക്കാരിക കേന്ദ്രം 1969 ൽ സ്ഥാപിതമായ ഏഴ്യത്തുള്ള ജ്ഞാനോദയ വായനശാല & ഗ്രന്ഥാലയമാണ്. കടന്നപ്പള്ളി-കിഴക്കെരയിലെ നവകേരളവായനശാല & ഗ്രന്ഥാലയം, വിളയാങ്കോട് പൊതുജന വായനശാല & ഗ്രന്ഥാലയം ചന്തപ്പുരയിലുള്ള പഞ്ചായത്ത് സാംസ്ക്കാരിക നിലയം, കണാരംവയൽ കൃഷ്ണപിള്ള സ്മാരക വായനശാല & ഗ്രന്ഥാലയം, അഴീക്കോടൻ സ്മാരക വായനശാല & ഗ്രന്ഥാലയം പറവൂർ എന്നിവയാണ് മറ്റ് ഗ്രന്ഥശാലകൾ. ഈ സ്ഥാപനങ്ങൾ പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ കൂടിയാണ് പഞ്ചായത്തിൽ 6 ഗ്രന്ഥശാലകളും 14 വായനശാലകളും ഇന്ന് പ്രവൃത്തിപഥത്തിലുണ്ട്. ഗ്രന്ഥശാലകളിൽ 3 എണ്ണവും വായനശാലകളിൽ 3 എണ്ണവും പഞ്ചായത്ത് വകയാണ്.

ഒട്ടേറെ കലാസമിതികളും കായികസ്ഥാപനങ്ങളും പ്രവർത്തിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. മുൻകാലങ്ങളിൽ മുടങ്ങാതെ വാർഷികാഘോഷങ്ങൾ നടത്തി

വരാറുള്ളകലാസമിതികൾക്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം ഇന്നത് തുടർന്നു കൊണ്ടുപോകാൻ കഴിയാത്ത സിഥിതി വന്നുചേർന്നിരിക്കയാണ്. മുൻകാലത്ത് വാർഷികങ്ങളുടെ ഭാഗമായി നാടകങ്ങളവതരിപ്പിക്കാറുണ്ടെങ്കിലും ഇന്നവ കുറഞ്ഞുവരുന്നു. നാടകാഭിനയത്തിനു പുറമെ വിൽകലാമേളകൾ, ദഫ്മുട്ട്, കോൽക്കളി എന്നിവയിൽ പരിശീലനം നൽകുകയും വേദികളിൽ അവതരിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. സ്പോർട്സ് ക്ലബുകളുടെ ആഭിമുഖ്യത്തിൽ വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി ടൂർണ്ണമെൻറ്കളും ചില ഭാഗങ്ങളിൽ കരാട്ടെ പരിശീലനവും നടന്നുവരുന്നുണ്ട്.

കായിക പരിശീലന സൗകര്യങ്ങൾ ഒരു ജനതയുടെ ആരോഗ്യത്തിൻെറ സൂചകങ്ങളാണ്. കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കടന്നപ്പള്ളി ഗവ: ഹൈസ്ക്കൂളിൽ ഇതുവരെയും ഒരു കളിസ്ഥലം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് വിദ്യാലയങ്ങളുടെയും സ്ഥിതി വ്യത്യസ്തമല്ല.

ഈ പരിമിതികൾക്കിടയിലും സംസ്ഥാനതലത്തിൽ തന്നെ മികച്ച പ്രകടനം കാഴ്ചവെച്ച ഒട്ടേറെ കായിക താരങ്ങളെ വളർത്തികൊണ്ടുവരാൻ ഈ വിദ്യാലയങ്ങൾക്കു കഴിഞ്ഞുവെന്നുള്ളത് കളിസ്ഥലങ്ങളുടെ ആവശ്യകതയ്ക്ക് പ്രധാന്യം കൂട്ടുന്നതാണ്.

നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന നാടൻ കളികളാണ് കിളിതട്ട്, തലപ്പന്ത്, കുട്ടിയും കോലും, ഷോഡി, രാമൻകോട്ട, കോട്ടയിൽ കുത്ത്, പൂത്തേറ്, ഡപ്പ, തടുങ്ങിയവ ഈ നാടൻകായിക വിനോദങ്ങളെല്ലാം ഇന്ന് ക്രിക്കറ്റിന് വഴി മാറിയിരിക്കുന്നു. നഷ്ടപ്പെടുന്ന കായികവിനോദങ്ങൾ ഇന്നലത്തെ സംസ്ക്കാരത്തിൻെറ കളിക്കളങ്ങളാണെന്നറിഞ്ഞുകൊണ്ട് അവ വീണ്ടും കൊണ്ടുവരാനുള്ള സന്നദ്ധത കാട്ടേണ്ടിയിരിക്കുന്നു.

നമ്മുടെ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനങ്ങൾ മൊത്തത്തിൽ തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ലക്ഷ്യബോധമുള്ള വായനയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ടി.വി.പോലുള്ള ദൃശ്യ ശ്രവണമാധ്യമങ്ങളിലൂടെ നടത്തപ്പെടുന്ന സാംസ്ക്കാരിക അധിനിവേശം മുൻകാലങ്ങളിൽ നാമുയർത്തിപ്പിടിച്ച സാമൂഹ്യ സാംസ്ക്കാരിക മൂല്യങ്ങളുടെ തായ്വേരുകൾ അറുത്തെറിയാൽ സാധ്യതയുണ്ട്. നാടൻകലാ സങ്കേതങ്ങളിലൂടെ സാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിച്ച് ബോധവൽക്കരണം നടത്തിയിരുന്ന സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പഴയ ശൈലി നമുക്കിന്ന് കൈമോശം വന്നിരിക്കുന്നു. മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള പ്രഫഷണൽ ട്രൂപ്പുകളെ ക്ഷണിച്ചുവരുത്തി സാംസ്ക്കാരിക പ്രവർത്തനം നടത്തുകവഴി നാട്ടുകാരുടെ മുൻകൈപ്രവർത്തനവും കൂട്ടായ്മയും ഇല്ലാതാവുകയാണ് ചെയ്യുന്നത്.

ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ. കേരളകൗമുദി, ചന്ദ്രിക, മാധ്യമം,ദീപിക തുടങ്ങിയ ദിനപത്രങ്ങളും ഏതാനും സായാഹ്ന പത്രങ്ങളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ഇംഗ്ലീഷ് പത്രങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന മിക്കവാറും എല്ലാവാരികകളും മാസികകളും കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽപ്രചരിക്കുന്നുണ്ട്. ഒരു ചെറു പ്രസിദ്ധീകരണമെങ്കിലും വാങ്ങാത്ത വീടുകളുടെ എണ്ണം ഇന്നു വളരെ ചുരുക്കമാണ്. എങ്കിലും ലക്ഷ്യബോധമുള്ള വായന വേണ്ടത്രയുണ്ടെന്ന് പറഞ്ഞുകൂടാ.

സാംസ്ക്കാരികരംഗത്ത് അങ്ങിങ്ങായി സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. നാടിൻെറ നന്മതിന്മകളെ വിവേചിച്ചറിയാനുള്ള സാംസ്ക്കാരിക ബോധം ഉള്ളവരാണ് ഇവടെയുള്ളതെന്ന് പൂർണ്ണമായും പറയാൻ വറ്റില്ല.

കടന്നപ്പള്ളി-പണപ്പുഴ ഗ്രാമപഞ്ചായത്തിലെ കലാകായിക സമിതികളുടെ പേരു വിവരം

1. CYA എടക്കോം
2. റെഡ്സ്റ്റാർ ഏര്യം
3. ലക്കിസ്റ്റാർ ഏര്യം
4. ഏര്യം പുരോഗമനകലാ സമിതി
5. റെഡ്സ്റ്റാർ ആലക്കാട്
6. ജിമ്മി സ്പോർട്സ് ക്ലബ്-ആലക്കാട്
7. പ്രതിഭ-ആലക്കാട്
8. നവോദയ-ആലക്കാട്
9. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്-പറൂർ
10. സഫ്ദർ ഹാശ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്-പറൂർ.
11. പൊയ്യക്കുണ്ട് കബഡി ക്ലബ്
12. കലാ സാംസ്ക്കാരിക സമിതി-പാണപ്പുഴ
13. റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്-പാണപ്പുഴ
14. കൈരളി സ്പോർട് സ് ക്ലബ്-പാണപ്പുഴ
15. ചെങ്ങളം ബ്രദേഴ്സ്

16. ചാപ്പ്സ്റ്റുക്ക്-കണ്ടോന്താർ
17. ചെങ്ങളം യുത്ത് വിംഗ്
18. കൈരളി സ്പോർട്സ് ക്ലബ്-കൈതപ്രം
19. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്-കണ്ടോന്താർ
20. യുവധാര സ്പോർട്സ് ക്ലബ്-ചെറുവിച്ചേരി
21. ജിമ്മിസ്പോർട്സ് ക്ലബ്-ചെറുവിച്ചേരി
22. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്-ചന്തപ്പുര
23. നവധാര തിയറ്റേഴ്സ്-ചന്തപ്പുര
24. ചിന്താ തിയറ്റേഴ്സ്-കടന്നപ്പള്ളി
25. നവകേരള സ്പോർട്സ് ക്ലബ്-കിഴക്കെക്കര
26. കൈരളി സ്പോർട്സ് ക്ലബ്-കടന്നപ്പള്ളി
27. മൈത്രി സ്പോർട്സ് ക്ലബ്-കടന്നപ്പള്ളി
28. പുത്തൂർ കുന്ന് നവജീവൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്
29. കോട്ടത്തിൻ ചാൽ ഗ്രാമീണ കോൽക്കളി സംഘം.
30. വോയ്സ് ഓഫ് കടന്നപ്പള്ളി-തെക്കെക്കര
31. റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ ക്ലബ്-തെക്കെക്കര
32. സി.ആർ. സി. വിളയാങ്കോട്
33. വിളയാങ്കോട് നവോദയ കലാസമിതി
34. രചന ആർട്സ് ക്ലബ് പടിഞ്ഞാറെക്കര.
35. നേതാജി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പടിഞ്ഞാറെക്കര
36. റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പടിഞ്ഞാറെക്കര

പ്രശ്നങ്ങൾ


1. ഗ്രന്ഥശാലകളിലെ അമൂല്യഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്താത്ത അവസ്ഥയുണ്ട്. പൈങ്കിളി കഥകൾ അച്ചടിച്ചുവരുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളിലേക്ക് വായനക്കാരുടെ ശ്രദ്ധ തിരിഞ്ഞു പോകുന്നതു നിമിത്തം ഗൗരവമേറിയ വായന നടക്കുന്നില്ല.
2. കലാ -കായിക വേദികൾക്ക് ലക്ഷ്യബോധം കുറവാണ്.പുത്തൻ കലാ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിൽ താല്പര്യമില്ല
3. ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.
4. വായനയുടെആവശ്യകത ബോധ്യപ്പെടുത്തുന്ന തരത്തിൽ ഗ്രന്ഥശാല പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കാൻ തയ്യാറാകുന്നില്ല.
5. നാടൻ കലകളെയും കായിക വിനോദങ്ങളെയും പ്രോത്സാഹിപ്പിക്കുന്നില്ല.
6. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല.
7. ഇലക് ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായനാശീലം കുറച്ചിട്ടുണ്ട്.
8. പഞ്ചായത്ത് തലത്തിൽ കലാകായിക. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഏകോപനമില്ല.
9. നമ്മുടെ പഞ്ചായത്തിലെ യുവജനങ്ങളിൽ എഴുപത് ശതമാനവും ഏതെങ്കിലും സന്നദ്ധ സംഘടനകളിൽ അംഗത്വമെടുത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും നാടിൻെറ പൊതു വികസന പ്രവർത്തനങ്ങളിൽ ഇവരുടെ കർമ്മശേഷി വിനിയോഗിക്കപ്പെടുന്നില്ല.
10. അനുയോജ്യമായ കളിസ്ഥലങ്ങളുടെ അഭാവവും കായികോപകരണങ്ങളില്ലായ്മയും സ്പോർട്സ് ക്ലബുകൾ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ്.
11. ഗ്രാമങ്ങളിലെ സാംസ്കാരിക കേന്ദ്രങ്ങളായിരുന്ന വായനശാലകൾ നാശോന്മുഖമായ അവസ്ഥയിലാണിന്നുള്ളത്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പ്രധാന കാരണം.
12. കലാ-കായിക രംഗങ്ങളിൽ അനാരോഗ്യകരമായ കിടമത്സരം നടക്കുന്നുണ്ട്.
13. സ്ത്രീകൾക്ക് കായിക വിനോദങ്ങൾക്കുള്ള സൗകര്യങ്ങളില്ല.
14. പുകവലി കുറഞ്ഞുകൊണ്ടു വരുന്നുണ്ടെങ്കിലും മദ്യപാനത്തോടുള്ള ആസക്തി കൂടികൊണ്ടിരിക്കുകയാണ്.
15. അശ്ലീല, ക്രിമിനൽ സിനിമകളുടെ ആധിക്യം യുവതലമുറയെ വഴിതെറ്റിക്കുന്നതിന് ഇടയാകുന്നു.

സാധ്യതകൾ

1. ഗൗരവമേറിയ വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ സ്ക്കൂളുകളും ഗ്രന്ഥശാലകളും സംയുക്തമായി നടത്തണം.
2. ഗ്രാമീണ സാഹിത്യസായാഹ്നങ്ങൾ സംഘടിപ്പിക്കണം.
3. നാടൻ കളികളെ സംരക്ഷിക്കണം.
4. ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കണം.
5. കലാകായിക സമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. ഈ സമിതികൾക്ക് പഞ്ചായത്ത് തല കോ-ഓർഡിനേഷൻ കമ്മറ്റിവേണം.
6. പുതിയ കളിസ്ഥലങ്ങൾ ഉണ്ടാക്കുകയും സ്പോർട്സ് ക്ലബുകൾക്കാവശ്യമായ കായികോപകരണങ്ങൾനൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
7. പഞ്ചായത്ത് തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്ലബുകളെക്കൊണ്ട് ഏറ്റെടുപ്പിച്ച് നടത്തണം.

7. പഞ്ചായത്ത് തതലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്ലബ്ബുകളെക്കൊണ്ട് ഏറ്റെടുപ്പിച്ച് നടത്തണം.

8. വായനശാലകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകണം.
9. ഗ്രാമങ്ങളിലെ കായിക പ്രതിഭകളായ വനിതകളെ കണ്ടെത്തി വളർത്തിയെടുക്കണം. അവർക്കായി പ്രത്യേക കായിക വിനോദകേന്ദ്രങ്ങൾ സ്ഥാപിക്കണം.
10. നാടൻ പാട്ടുകൾ, നാട്ടറിവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
11. എല്ലാ വായനശാലകളെയും ഗ്രന്ഥശാലകളാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ ആരായണം.
12. തെയ്യം. പുരക്കളി, കോൽക്കളി തുടങ്ങിയ ഗ്രാമീണ കലകൾക്ക് ആവശ്യമായ പോത്സാഹനങ്ങൾ നൽകണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന കാലാകാരന്മാരെ ആദരിക്കുകയും സംരക്ഷിക്കുകയും വേണം.



വിഭവ സമാഹരണം

വിഭവങ്ങളുടെ ആസൂത്രിതമായ ചൂഷണമാണ് സാമ്പത്തിക വികസനത്തിന് ആധാരം. നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്കു കാരണവും വിഭവങ്ങളുടെ ആസൂത്രിതമായ സമാഹരണത്തിന്റെയും വിനിയോഗത്തിന്റെയും അഭാവമാണ്.

ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും പുരോഗതിയുടെ സൂചിക അവിടത്തെ വ്യവസായ വികസനവും അതുവഴിയുള്ള തൊഴിൽ ലഭ്യതയുമാണ്. നാമമാത്രമായ വ്യാവസായിക വികസനമേ നമ്മുടെ പഞ്ചായത്തിനകത്ത് നടന്നിട്ടുള്ളൂ. വൻകിട വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്കും വിഭവ ദാരിദ്ര്യത്തിനും വഴിതെളിയിച്ചു എന്ന് കാണാം.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാന സ്രോതസ്സ് കാർഷിക മേഖലയാണ്. ഭക്ഷ്യവിളവുകളിൽ നിന്നും നാണ്യവിളകളിലേക്കുള്ള മാറ്റം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. നെൽ കൃഷി ഒഴികെയുള്ള തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയ രംഗങ്ങളിൽ ശാസ്ത്രീയമായ കൃഷി രീതികൾ സ്വീകരിക്കുക വഴി ഗണ്യമായ സാമ്പത്തിക പുരോഗതിയും സ്വാശ്രയത്വവും കൈവരിക്കാനുള്ളശ്രമങ്ങൾ ഈ മേഖലയിൽ നടക്കുകയാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവമാണ് ഉൽപാദനക്ഷമത ഉയർത്തുന്നതിന് പ്രധാന തടസ്സം.

നമ്മുടെ ഗ്രാമത്തിന്റെ നാലിലൊരു ഭാഗം ഇപ്പോഴും കൃഷിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന തരിശു പ്രദേശമാണ്. ഇരുപത് കിലോമീറ്ററോളം നീളത്തിൽ നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന വണ്ണാത്തിപ്പുഴ സംരക്ഷിക്കുകയാണെങ്കിൽ കാർഷിക മേഖലയിലെ ഉൽപാദനക്ഷമത പതിന്മടങ്ങ് വർദ്ധിപ്പിക്കുവാനും നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വിഭവ സ്രോതസ്സായി അതിനെ മാറ്റുവാനും സാധിക്കും.

കൃഷിയോഗ്യമായ ഭൂമിയുടെ മൊത്തം വിസ്തൃതിയുടെ നാലിലൊന്ന് മറ്റു പഞ്ചായത്തിലെ താമസക്കാരുടെ കൈവശമാണ് എന്നത് നമ്മുടെ പഞ്ചായത്തിലെ ഭൂവുടമാരംഗത്തെ ഒരു സിവിശേഷതയാണ്. ഇത്തരം ഭൂമികൾ കുടുതലും എസ്റ്റേറ്റുകളാണ്. ഇവിടെ നിന്നുള്ള വരുമാനത്തിന്റെ ഒരു ശതമാനം പോലും നാടിന്റെ വികസനത്തിനായി വിനിയോഗിക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ കാർഷിക മേഖല വികസിച്ചുവെന്ന് തോന്നുന്നുവെങ്കിലും അതിനു തക്ക സാമ്പത്തിക വികസനം ഗുണഫലം നമ്മുടെ നാടിന് ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ വരുമാനം കാർഷീക വ്യാവസായിക വളർച്ചക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ മാത്രം പര്യാപ്തമായതല്ല. വ്യാവസായിക കാർഷീക തൊഴിൽ മേഖലകളിലെ ഫലപ്രദമായ ഇടപെടലിലൂടെയും, പരിമിതമായ വിഭവങ്ങളുടെ ആസൂത്രിതമായ. വിനിയോഗത്തിലൂടെയും നമ്മുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ സാധിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ വസ്തു കൈമാറ്റ നികുതി, കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി. പ്രദർശന നികുതി, ലൈസൻസ് ഫീസ്, ഷോപ്പിംഗ് കോംപ്ലക്സ് വാടക തുടങ്ങിയവയാ

ണ്. വരുമാനപ്പട്ടിക താഴെക്കൊടുക്കുന്നു.

പട്ടിക.1

ഇനം	1995-1996
കെട്ടിട നികുതി	1,54,927.0[illegible]
തൊഴിൽ നികുതി	16,6775
വിനോദ നികുതി	33,803.50
പ്രദർശന നികുതി	2026
ലൈസൻസ് ഫീസ്	12,242
വസ്തു കൈമാറ്റ നികുതി	1,86,006
ഷോപ്പിംഗ് കോംപ്ലക്സ്	73562
ജെ.ആർ.വൈ.	2,57,794
അൺ ടൈഡ് ഫണ്ട്	2,99,740
ഗ്രാൻറുകൾ	100000
മറ്റു വരവുകൾ	91.027

കെട്ടിട നികുതി:

കെട്ടിട നികുതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അത് 100 ശതമാനത്തിലേറെ വർദ്ധിച്ചതായി കാണാം. എന്നാൽ നമ്മുടെ സാധ്യതക്കനുസരിച്ച് അത് വർധിച്ചിട്ടില്ല. നികുതി നിശ്ചയിക്കുന്നതിലെ അശാസ്ത്രീയതാണ് ഇതിന് കാരണം. കെട്ടിട നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം തറ വിസ്തീർണം മാത്രമായി സ്വീകരിക്കുന്നത് ഈ രംഗത്തെ നികുതി വർദ്ധനവിന്റെ സാധ്യതയെ ഇല്ലാതാക്കുന്നു. വീടു നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള വില കൂടിയ സാധന സാമഗ്രികളുടെ മൂല്യം കൂടി കണക്കിലെടുത്തു കൊണ്ടായിരിക്കണം നികുതി കണക്കാക്കുന്നത്. ഇത് ഗൃഹ നിർമ്മാണ രംഗത്തെ ധൂർത്ത് ഒഴിവാക്കുന്നതിനും നമ്മുടെ ഈ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സാധിക്കും. വളർന്നു കൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജ് ഈ മേഖലയിൽ വർദ്ധനവിന്റെ ആക്കം കൂട്ടും.

തൊഴിൽ നികുതി

തൊഴിൽ നികുതിയിലും നമ്മുടെ പഞ്ചായത്തിന് മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സാധ്യതയുള്ള എല്ലാ മേഖലകളെയും ഒരു പോലെ സ്പർശിക്കുവാൻ സാധിച്ചിട്ടില്ല. സർക്കാർ സ്ഥാപങ്ങളിലും എയ്ഡഡ് സ്കൂളുകളിലും സർവ്വീസ് ബാങ്കിംഗ് മേഖലകളിലും ജോലി [illegible] നിന്നും മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇതിനു പുറമെ എല്ലാ തരത്തിലുള്ള തൊഴിൽ ചെയ്യുന്നവരിൽ നിന്നും വേതനത്തിന് ആനുപാതികമായി നികുതി ഈടാക്കേണ്ടതുണ്ട്. ക്ഷേമനിധി ഏർ[illegible] ഒരു കൺസ്ട്രക്ഷൻ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാ[illegible]ൾ, മറ്റ് വിദഗ്ധ തൊഴിലാളികൾ, വാഹന ഉടമകൾ ആർട്ടിസാൻ തുടങ്ങിയ മേഖലകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

വിനോദ നികുതി

വിനോദ നികുതി വർദ്ധനവ് ഗണ്യമല്ല. കണ്ടോന്മെന്റിൽ സ്ഥിതി ചെയ്യുന്ന ഏക സിനിമാ തീയറ്ററാണ് ഈ രംഗത്തെ വരുമാന സ്രോതസ്സ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ടിക്കറ്റ് വർദ്ധനവ് നികുതി വർദ്ധനവിൽ പ്രതിഫലിച്ച് കാണുന്നില്ല. ഇത് പരിശോധിക്കുന്നതിന് ഭരണ സമിതി തന്നെ മുൻകൈ എടുക്കണം.

ഈ മേഖലയിലെ പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

മറ്റു വരുമാന മാർഗ്ഗങ്ങൾ:

ഒരു കാലത്ത് ആഴ്ച ചന്ത ഈ ഗ്രാമത്തിന്റെ വരുമാനത്തിലെ കാതലായ ഭാഗമായിരുന്നു. എന്നാൽ ഇന്ന് അത് നാമമാത്രമായി മാറിയിരിക്കുന്നു. അടുത്ത കാലത്തായി ഗ്രാമത്തിലെ വികസന പരമായ ചലനങ്ങളും പച്ചക്കറിയുടെയും മറ്റ് കാർഷീക വിഭവങ്ങളുടെ ഉൽപാദനത്തിൽ നാം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന മുന്നേറ്റവും ഇതിന്റെ സാധ്യതകൾ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ്:

പഞ്ചായത്ത് ആസ്ഥാനത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് നമ്മുടെ വരുമാന രംഗത്തെ ഗണ്യമായ സംഭാവന എന്നു പറയാനാവില്ല. ഈയടുത്ത കാലത്തായി നല്ല മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ സാധ്യതകൾ പൂർണമായും വിനിയോഗിക്കപ്പെട്ടിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സ്	1993-94	1994-95	1995-96
വരുമാനം	9262	10104	73562

പുറമ്പോക്ക് ഭൂമിയിൽ നിന്നുള്ള വരുമാനം:

നമ്മുടെ പഞ്ചായത്തിൽ ആയിരത്തോളം ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്. എന്നാൽ പഞ്ചായത്തിന് ഈ ഇനത്തിൽ ഇന്ന് ലഭിക്കുന്നത് വളരെ തുച്ഛമായ ഒരു തുക മാത്രമാണ്. 95-96-ൽ ഇത് കേവലം 1221 രൂപ മാത്രമായിരുന്നു. അടിയന്തിരമായും സർവ്വേ നടത്തി പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇന്ന് ഈ ഭൂമി മുഴുവനും വ്യക്തികൾ സ്വകാര്യമായി കൈവശം വച്ചിരിക്കുകയാണ്. ഇങ്ങനെ കൈവശം വെച്ച് ഭൂമിയിൽ ലക്ഷക്കണക്കിന് രൂപ വില വരുന്ന മരങ്ങളും ഉണ്ട്. മിക്കയാളുകളും ഈ ഭൂമിയിൽ തെങ്ങ് കവുങ്ങ് റബ്ബർ എന്നിവ കൃഷി ചെയ്യുന്നു. ഇത്തരക്കാരെ കണ്ടുപിടിക്കുകയും മാർക്കറ്റ് വിലയുടെ അമ്പത് ശതമാനമെങ്കിലും ഇവരിൽ നിന്ന് ഈടാക്കിക്കൊണ്ട് ഈ ഭൂമി ഇവർക്ക് തന്നെ നൽകുകയും ചെയ്യാവുന്നതാണ്. ഇങ്ങനെ കൃഷി ചെയ്യാത്ത ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയും ഓരോ വർഷവും ലേലത്തിന് നൽകുകയും ചെയ്യാവുന്നതാണ്.

പഞ്ചായത്തിന്റെ നികുതി വരുമാന വ്യതിയാനപ്പട്ടിക

ഇനം	85-86	91-92	93-94	95-96
കെട്ടിട നികുതി	33062	63575.88	1,36004.66	154927.01
തൊഴിൽ നികുതി		624333	75968	166775
വിനോദ നികുതി		17693.28	8312.79	33803.50

പഞ്ചായത്തിലെ [illegible] നികുതിയിനത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടില്ലെങ്കിലും [illegible] അനുസരിച്ച് ഓരോ മേഖലയിലും നേട്ടമുണ്ടായിട്ടില്ല എന്ന് കാണാൻ സാധിക്കുന്നത്.

ബേങ്കിംഗ്:

നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. നമ്മുടെ സർവ്വീസ് സഹകരണ ബാങ്ക് ജനങ്ങളുടെ പ്രധാന സാമ്പത്തീകാശ്രയ കേന്ദ്രമാണെങ്കിലും കടം കൊടുക്കുക വാങ്ങുക എന്ന മാമൂൽ രീതികൾ വിട്ട് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇതുപോലെ തന്നെ മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട സാമ്പത്തിക ക്രയവിക്രയ സ്ഥാപനമാണ് . ഇതിനടുത്ത ഗ്രാമത്തിലെ വാണിജ്യബാങ്കുകളുടെ പരിധിയിൽ ഈ പ്രദേശം പെടുമെങ്കിലും ഇത്തരം ധനകാര്യസ്ഥാപനങ്ങൾക്കും നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക പ്രത്യുൽപാദന മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോ ഗണ്യമായ സംഭാവനകൾ നൽകുന്നതിനോ സാധിച്ചിട്ടില്ല. സാഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ സ്വകാര്യ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനോ ഉള്ള നിക്ഷങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന വ്യവസായിക അസംസ്കൃത വസ്തുക്കളായ റബ്ബർ, കശുമാങ്ങ, നാളികേരം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളാരംഭിക്കുന്നതിനും അതു വഴി സമ്പത്തും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കുന്നതിനും നമ്മുടെ ബാങ്കിംഗ് മേഖലയിലും പഞ്ചായത്തും സംഘടിതമായ് ശ്രമിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സർവ്വീസ് സഹകരണ ബാങ്കിലെ 1995-ലെ നിക്ഷേപം 3,27,52,546 രൂപയും വായ്പയായി നൽകിയത് 3,95,26,646 രൂപയും ആണ്. ഇത് കാണിക്കുന്നത് ബാങ്കിന്റെ ശേഷി വിനിയോഗത്തിന്റെ 100 ശതമാനവും വായ്പാ രംഗത്ത് വിനിയോഗിക്കുന്നുണ്ട് എന്നാണ്. പക്ഷെ മുമ്പ് സൂചിപ്പിച്ച മാതിരി ഈയൊരു സാഹചര്യത്തിൽ പോലും നമ്മുടെ നാടിന്റെ കാർഷിക വ്യാവസായിക മേഖലകളിൽ മൗലികമായ മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് ബാങ്കും പഞ്ചായത്തും പൊതുജനങ്ങളും ഒരു പുനർവിചിന്തനത്തിന് തയ്യാറാകണം.

ഗൾഫ്

ഗണ്യമായ ഒരു വിഭാഗമല്ലെങ്കിലും ചെറിയൊരു ശതമാനം ആളുകൾ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ വരുമാനത്തിന്റെ തൊണ്ണൂറ് ശതമാനവും നമ്മുടെ പഞ്ചായത്തിന് പുറത്തുള്ള ദേശസാൽകൃത ബാങ്കുകളിലേക്കാണ് പോകുന്നത്. നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് ഇവരുടെ വരുമാനം തിരിച്ചു വിടുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കേണ്ടതിനും നാടിന്റെ പൊതു വികസനത്തിനും ഗൾഫ് പണം എങ്ങനെ ആകർഷിക്കാം എന്നതിനെ സംബന്ധിച്ച് ചർച്ച നടക്കണം. ഗൾഫുകാരുടെ സർവ്വേ നടത്തി പഞ്ചായത്ത് ഒരു ലിസ്റ്റ് തയ്യാറാ

ക്കണം. ഇവരുടെ കൂട്ടായ്മ ഉണ്ടാക്കുകയും, സംഘ്യക്ത സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യണം. ഇവരുടെ പണം നമ്മുടെ സർവ്വീസ് സഹകരണ ബാങ്കിലേക്ക് സ്വരൂപിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കണം.

ചെലവുകൾ

വിഭവ ദാരിദ്ര്യത്തിലുഴലുന്ന നമ്മുടെ പഞ്ചായത്തിന്റെ പരിമിതമായ ഫണ്ടുകൾ ഇക്കാലമത്രയും ചിലവഴിക്കേണ്ടി വന്നത് പ്രത്യുൽപാദന പരമല്ലാത്ത മേഖലകൾക്ക് വേണ്ടിയായിരുന്നു പഞ്ചായത്തിന്റെ തനതു വരുമാനങ്ങളിൽ മുഴുവനായും ഭരണച്ചെലവിന് വിനിയോഗിക്കേണ്ടി വരുന്നു. അതുകൊണ്ട് തന്നെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ ധന സഹായത്തെ മാത്രം ആശ്രയിക്കേണ്ട ഗതികേടും നിലനിൽക്കുന്നു. ഈ അവസ്ഥ നമ്മെ സംബന്ധിച്ചിടത്തോളം ഒട്ടും ആശാസ്യമല്ല. വർദ്ധിച്ചു വരുന്ന ചെലവുകൾക്കനുസൃതമായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള വരുമാന മാർഗ്ഗങ്ങളെ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും സാധിക്കേണ്ടിയിരിക്കുന്നു.

ചെലവ് സംബന്ധിച്ച പട്ടിക.

ഇനം	തുക
ഭരണം	402946
പൊതു മരാമത്ത്	219818
വിദ്യാഭ്യാസം	70641.50
ജല വിതരണം, ഓടകൾ പൊതു ജനാരോഗ്യം	14057
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	12171

മൊത്തം വരുമാനത്തിൽ ഭരണച്ചെലവ്, പൊതു മരാമത്ത്, വിദ്യാഭ്യാസം ജല വിതരണം എന്നീ ക്രമത്തിലാണ് നമ്മുടെ വിനിയോഗം നടന്നിട്ടുള്ളത്.

നിർദ്ദേശങ്ങൾ

1) വസ്തു കൈമാറ്റ രംഗത്തെ വെട്ടിപ്പ് തടയുക. വസ്തു കൈമാറ്റ രംഗത്ത് വൻ നികുതി വെട്ടിപ്പാണിന്ന് നടക്കുന്നത്. യഥാർത്ഥ വിലയുടെ കേവലം 25%വും അതിൽ കുറവും മാത്രമാണ് പ്രമാണങ്ങളിൽ കാണിക്കുന്നത്. ഈ രംഗത്ത് വെട്ടിപ്പ് തടയാൻ സാധിച്ചാൽ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നാനൂറ് മുതൽ അഞ്ഞൂറ് ശതമാനം വരെ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിന്റെ നികുതി വരുമാനങ്ങളിൽ ഇന്ന് ലഭിക്കുന്നതിൽ ഏറ്റവും കൂടുതൽ ഈ ഇനത്തിൽ ആണെന്ന വസ്തുത കൂടി പ്രത്യേകം ശ്രദ്ധേയമാണ്.

വസ്തു കൈമാറ്റ രംഗത്തെ നികുതി വെട്ടിപ്പ് തടയുന്നതിന് പഞ്ചായത്തിനകത്തെ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം അതാതു പഞ്ചായത്ത് ഭരണ സമിതികൾക്കു നൽകുക. ഇതിനുള്ള നിയമ നിർമ്മാണം സംസ്ഥാന തലത്തിൽ തന്നെ നടക്കണം. ആക്ഷേപങ്ങളൊഴിവാക്കുന്നതിനും നീതിപൂർവ്വം വില നിശ്ചയിക്കുന്നതിനും ഗ്രാമസഭകളുടെ അഭിപ്രായം ഈ കാര്യത്തിൽ തേടാവുന്നതുമാണ്.

2. നമ്മുടെ പഞ്ചായത്തിൽ ആയിരത്തോളം ഏക്കർ മിച്ച ഭൂമി നിലവിലുണ്ട്. ഇത് മുഴുവനും പാറ(പുൽമേട്) ആണ്. ഇതിൽ സിംഹഭാഗവും വ്യക്തികൾ കൈവശംവെച്ചിരിക്കുകയാണ്. ഇതിന് നികുതി പോലും അടക്കുന്നില്ല. അടിയന്തിരമായും ഈ ഭൂമി സർവ്വെ നടത്തി കണ്ടുകെട്ടുന്നതിനും മറ്റു സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ഇവിടെ കുടിലു കെട്ടി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും ഉണ്ടാവണം. ഇത്തരം പാറകളിൽ ഉണ്ടാകുന്ന കാലിത്തീറ്റയ്ക്കാവശ്യമായ പുല്ല് പഞ്ചായത്തിനു വെളിയിലേക്ക് കടത്തികൊണ്ടുപോകുന്ന സ്ഥിതിയും നിലവിലുണ്ട്. ഇത് പാട്ടത്തിനോ, ലേലം ചെയ്യുകയോചെയ്താൽ പഞ്ചായത്തിന് മോശമല്ലാത്ത വരുമാനം ലഭിക്കും. ഇവിടെ നിന്ന് പാറപൊട്ടിച്ച് വ്യാപകമായ തോതിൽ ചെങ്കല്ല് കടത്തുന്നുണ്ട്. ഇതിനും പഞ്ചായത്തിന് വരുമാനം കണ്ടെത്താൻ സാധിക്കും.

3. ഭൂ നികുതി പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകുക.

ഭൂമിയിൽ വരുമാനത്തിന്റെ തോതനുസരിച്ച് നികുതി ഈടാക്കുന്നതിന് ഇതു മൂലം സാധിക്കും. എല്ലാ തരത്തിലുള്ള ഭൂമിക്കും ഒരൊറ്റ നികുതിയെന്ന ഇന്നത്തെ രീതി അശാസ്ത്രീയമാണ്. കൃഷി ഭൂമിയിൽ നെൽ വയലുകൾക്ക് ഏറ്റവും കുറഞ്ഞ നികുതിയും, റബ്ബർ, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നീ

ക്രമത്തിൽ നികുതി നിരക്ക് നിശ്ചയിക്കാവുന്നതാണ്. ഭൂനികുതി വില്ലേജ് ഓഫീസുകളിൽ വച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാനുള്ള സംവിധാനം ഉണ്ടാക്കണം.

4. ഒരു ഹെക്ടറിന് മുകളിൽ ഭൂമിയുള്ള കൃഷിക്കാർക്ക് വരുമാനത്തിന്റെ തോതനുസരിച്ച് 'കാർഷികാദായ നികുതി' ചുമത്താവുന്നതാണ്.

5. ഈ പഞ്ചായത്തിനു പുറത്തെ താമസക്കാരും എന്നാൽ ഇവിടെ ഭൂമിയുള്ളവരുമായ ആളുകളിൽ നിന്ന് കാർഷികാദായ നികുതി ഈടാക്കുക.

6. പുഴയിൽ ചെക്കു ഡാമുകൾ നിർമ്മിക്കുന്നതിന് മുതൽ മുടക്ക് നടത്താൻ കൃഷിക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതുപയോഗപ്പെടുത്തണം. ഇത്തരത്തിൽ ജലസേചന സൗകര്യം ഉണ്ടാക്കുകയും ഗുണഭോഗക്താക്കളിൽ നിന്നും നികുതി ഈടാക്കുകയും ചെയ്യാം.

7. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വളർത്തുനായ്ക്കളുടെ സമഗ്ര സർവ്വെ നടത്തുകയും അവയ്ക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക. ഇതിന് വാർഡു തല കമ്മറ്റികൾ ഉണ്ടാക്കുക.

8. പുഴയരോങ്ങളിലെ മറിഞ്ഞ് വീഴുന്നതും ഉണങ്ങിപ്പോകുന്നതുമായ വൃക്ഷങ്ങൾ യഥാസമയം ലേലം ചെയ്യുക.


9. ഭൂ സർവ്വേ നടത്തി പുറമ്പോക്കു ഭൂമി തിട്ടപ്പെടുത്തുക. താൽക്കാലിക കൃഷി നടത്തുന്നവരിൽ നിന്ന് ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയും സ്ഥിരമായി നാണ്യവിളകൾ ചെയ്തു വരുന്നവർക്ക് മാർക്കറ്റ് വിലയുടെ 50 ശതമാനമെങ്കിലും കുറഞ്ഞത് ഈടാക്കിക്കൊണ്ട് ഭൂമി നൽകുക.

മനുഷ്യ വിഭവം

നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തത്തോടു കൂടിയുള്ള പുതിയൊരു മുഖം ജനകീയാസൂത്രണ പ്രസ്ഥാനത്തോടു കൂടി കൈവരികയാണ്. നാടിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഈ ആവേശം ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ പരിമിതമായ വിഭവശേഷിയെ പതിന്മടങ്ങായി വർദ്ധിപ്പിക്കാൻ നമുക്കു സാധിക്കും.



D.T.P Typesetting and Layout by **DATAGRAFICS POOMKAVANAM**, CLT-4 PH:720530



● Printed at: Karthika Printers, Calicut-1 ●